രണ്ടാം പതിപ്പ്

ഡോ. മൈക്കിൾ കാരിമറ്റം

# 101 വാഗ്ദാനങ്ങൾ

മൊഴിമാറ്റം: മാത്യു പനച്ചിപ്പുറം



# 101 വാഗ്ദാനങ്ങൾ

## ഡോ. മൈക്കിൾ കാരിമറ്റം

ബൈബിൾ ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പുസ്തകമാണ്. അവയിൽ പല വാഗ്ദാനങ്ങളും ഇതിനോടകം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു. പലതിന്റെയും പൂർത്തീകരണം വരാനിരിക്കുന്നതേയുള്ളൂ.

അതിൽ നൂറ്റിയൊന്ന് വാഗ്ദാനങ്ങളുടെ ശേഖരം ഈ പുസ്തകത്തിൽ ആവിഷ്കരിക്കുന്നു. ഓരോ ദിവസവും ഈ പുസ്തകത്തിലെ ഏതെങ്കിലും ഒരു വാഗ്ദാനത്തെക്കുറിച്ച് ധ്യാനിച്ചാൽ, ഇതിന്റെ വായനക്കാർക്ക് ഏറ്റവും ഉപയോഗപ്രദമായിരിക്കും. അനുഗ്രഹീത ബൈബിൾ പണ്ഡിതനായ ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ തൂലികയിൽ നിന്നും വീണ്ടും ഒരു അമൂല്യഗ്രന്ഥം



**മൊഴിമാറ്റം മാത്യു പനച്ചിപ്പുറം**

ISBN: 978-93-88909-84-6

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500
E-mail: atmabooks@gmail.com

₹ 180

Available at: amazon.in & atmabooks.com

Scripture

# 101

# വാഗ്ദാനങ്ങൾ

# 101
# വാഗ്ദാനങ്ങൾ

ഫാ. മൈക്കിൾ കാരിമറ്റം

മൊഴിമാറ്റം

ഫാ. മാത്യു പനച്ചിപ്പുറം

mediahousecalicut.com
2016

2016

Malayāḷam

*101 vakdanangal*

(Scripture)

Author: Fr. Michael Karimattam

Translation: Fr. Mathew Panachippuram

Copyright: Author

Layout: M. Sheeja, Media House, Kozhikode
Cover Layout : Jojo, Jiby

First Published - November 2016

ISBN: 978-93-5987-52-6

Printed by EMBER Society, St. Alphonsa Ashram
Parayanchery, Kuthiravattam - P.O., Kozhikode - 673 016
Ph: +91 9746440700

Distribution Outside Kerala

Media House, Delhi
375-A, Pocket 2
Mayur Vihar Phase-I, Delhi-110 091
Phone: 011- 43042096, 09953484415
E-mail: mediahousedelhi@gmail.com
Website: www.mediahouseonline.in

Published by

Media House, Calicut
Noor Complex, Mavoor Rd.
Kozhikode - 673 004
Ph: +91 9746077500, +91 9746440800
E-mail: mediahousecalicut@gmail.com
Website: www.mediahousecalicut.com

# മുഖമൊഴി

ആലേഖനം ചെയ്യപ്പെട്ട ദൈവവചനമാണ് ബൈബിൾ എന്ന പുസ്തകത്തിൽ നിറഞ്ഞുനില്ക്കുന്നത്. അവ ദൈവത്തിന്റെ വെളിപാടുകളാണ്–മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സംവാദമാണ്. ഒരിക്കലും പരാജയപ്പെടാത്തതും ഒരിക്കലും അവസാനിക്കാത്തതുമായ ദൈവസ്നേഹത്തിന്റെ ഭാണ്ഡാഗാരമാണ്. ബൈബിളിൽ പലപ്പോഴും അതിന്റെ ബഹിസ്ഫുരണമാണ് ദൈവത്തിന്റെ വാഗ്ദാനങ്ങൾ. അവ നമുക്ക് പ്രതീക്ഷ നല്കുന്നു. അതോടൊപ്പം നമ്മുടെ ജീവിതത്തെ താങ്ങിനിർത്തുന്നു. ബൈബിൾ ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പുസ്തകമാണ്. അവിടെ ദൈവം വാഗ്ദാനത്തിന്റെ ദൈവമാണ്. പല വാഗ്ദാനങ്ങളും ഇതിനോടകം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞു. പലതിന്റെയും പൂർത്തീകരണം വരാനിരിക്കുന്നതേയുള്ളൂ. ഇതുവരെ നമ്മൾ ജീവിച്ചും അനുഭവിച്ചും തീർത്ത അനുഭവങ്ങളുടെയും സ്ഥലകാലമാനങ്ങളുടെയും ആകെത്തുകയാണ് ഈ വാഗ്ദാനങ്ങൾ. കുറെയധികം വാഗ്ദാനങ്ങളുടെ ശേഖരം ഈ പുസ്തകത്തിൽ ആവിഷ്കരിക്കുന്നു. പക്ഷേ, അതു സമഗ്രമല്ല. ബൈബിളിന്റെ താളുകളിൽ ഇനിയും നിരവധി വാഗ്ദാനങ്ങൾ നിരന്നുകിടപ്പുണ്ട്. ഓരോ ദിവസവും ഈ പുസ്തകത്തിലെ ഏതെങ്കിലും ഒരു വാഗ്ദാനത്തെക്കുറിച്ച് ധ്യാനിച്ചാൽ, ഇതിന്റെ വായനക്കാർക്ക് ഏറ്റം ഉപകാരപ്രദമായിരിക്കും. ധ്യാനിക്കുന്നതിനുമുമ്പ്, ബൈബിളിൽ ആ വാഗ്ദാനം ആവിഷ്കരിച്ചിരിക്കുന്ന സന്ദർഭം മുഴുവൻ വായിച്ചാൽ വളരെ നന്നായിരിക്കും. ഈ പുസ്തകത്തിന്റെ സ്ഥലപരിമിതിമൂലം വാഗ്ദാനത്തിന്റെ തലവാചകവുമായി ബന്ധപ്പെട്ട ഒരു ഭാഗം മാത്രമേ ഉദ്ധരണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

ഈ പുസ്തകത്തിലെ ആശയങ്ങൾ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ വകയായ ഗുഡ്നസ്സ് ടെലിവിഷൻ ചാനലിനുവേണ്ടി സംപ്രേക്ഷണം ചെയ്യാൻ തയ്യാറാക്കിയതാണ്. (Goodness T.V. Channel, Divine Retreat Centre, Muringoor, Kerala, India). ദിവസവും 'ഡേ

ബ്രയിക്ക്' എന്ന പരമ്പരയിൽ അവ പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു. ഈ പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി തയ്യാറാക്കാൻ എന്നെ സഹായിച്ച 'ഗുഡ്നസ്സ്' ചാനലിന്റെ പ്രവർത്തക അംഗങ്ങളോട് എനിക്ക് വളരെയധികം നന്ദിയുണ്ട്. അതുപോലെ വേണ്ട തിരുത്തലുകളും നിർദ്ദേശങ്ങളും തന്ന അറയ്ക്കൽ ഗ്ലോറിസ്റ്റ S.A.B.S സിസ്റ്ററിനോടും ഞാൻ നന്ദിയുള്ളവനാണ്. 'ഗുഡ്നസ്സ്' ചാനലിന്റെ ഡയറക്ടർ ഫാദർ അഗസ്റ്റിൻ വല്ലൂരാൻ V.C. യോടുള്ള എന്റെ കടപ്പാട് ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹമാണ് ഈ വിചിന്തനങ്ങളുടെ പരമ്പര തയ്യാറാക്കാൻ എന്നെ പ്രേരിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തത്. അവയ്ക്ക് അഭിനന്ദനങ്ങൾ തന്ന് അവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ഡോ. മൈക്കിൾ കാരിമറ്റം

# പരിഭാഷാകുറിപ്പ്

മന്വന്തരങ്ങളോളം പഴക്കമുണ്ട്, ദൈവം മനുഷ്യന് കൊടുത്ത വാഗ്ദാനങ്ങൾക്ക്. ആത്മാവും ശരീരവും മനസ്സും നിറഞ്ഞു നിന്ന ദൈവ സ്നേഹത്തെ നിരസിച്ച് ദൈവത്തിനെതിരെ കലഹിച്ച് മനുഷ്യൻ പറുദീസായുടെ പടിയിറങ്ങുമ്പോൾ, പ്രകൃതിയും പ്രപഞ്ചവും അവനെതിരേ തിരിഞ്ഞു. പക്ഷേ, അന്നുമുതൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ മനുഷ്യനോടൊപ്പം ഉണ്ടായിരുന്നു. എല്ലാ മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുമായി ദൈവം ചെയ്ത വിശ്വപ്രാപഞ്ചിക ഉടമ്പടി മുതൽ അബ്രാഹം, ഇസഹാക്ക്, യാക്കോബ് മുതലായ ഗോത്രപിതാക്കന്മാർക്കും സന്തതികൾക്കും ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രതീക്ഷയും പ്രതിരോധന ശക്തിയുമായിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽ അത് വിമോചക ശക്തിയായി. മണലാരണ്യത്തിലൂടെ ലക്ഷങ്ങളെ ആട്ടിൻപറ്റങ്ങളെപ്പോലെ നയിച്ചു. ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ, അവിടുത്തെ പ്രകാശവും സ്വാതന്ത്ര്യവും സകല ആശ്വാസവും കൊടുത്തു. സീനായിലെ മഹാ ഉടമ്പടിയ്ക്ക് സാക്ഷ്യം വഹിച്ചു. അവിടെനിന്ന് വീണ്ടും അന്തർധാരയായി ഒഴുകി. കോട്ടകൊത്തളങ്ങളെ ഇടിച്ചു തകർത്ത് ഇസ്രായേൽ ജനങ്ങൾക്ക് വാസസ്ഥലം ഒരുക്കി. അലഞ്ഞു നടക്കുന്നവർക്ക് സ്വന്തം മണ്ണും, മാനവും, മാനവികതയും ഉണ്ടാക്കി കൊടുത്തു. നടന്നുവന്ന വഴിത്താരകളെയും താങ്ങി നിറുത്തിയ കൈകളേയും വഴിനടത്തിയവരെയും അനുഗ്രഹങ്ങൾ വാരി വിതറിയ ദൈവത്തേയും മറന്നപ്പോൾ അവർ വീണ്ടും അടിമത്തത്തിന്റെ അടിത്തട്ടിൽ അകപ്പെട്ടു. സകലതും നഷ്ടപ്പെട്ടു, വാവിട്ടു കരഞ്ഞു. അപ്പോഴും ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവരെ പിൻതുടർന്നു. പ്രവാചകർ പുത്തൻ പ്രഭാതത്തിലെ പ്രസന്നതയെ പ്രവചിച്ചു. മരുഭൂമിയിൽ രാജവീഥി വെട്ടി. ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവരെ പഴയ പ്രതാപത്തിൽ തിരിച്ചെത്തിച്ചു.

ദൈവം ചരിത്രത്തിൽ ഇടപെട്ടുകൊണ്ടേയിരുന്നു. വീണ്ടും വാഗ്ദാനങ്ങൾ വിതറി ഒരു സമ്പൂർണ്ണ വിമോചകനെ വാഗ്ദാനം ചെയ്തു.

മനുഷ്യർ കാത്തിരുന്നു. രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ മനസ്സിലാക്കാതെ, രാജകൊട്ടാരങ്ങളിലും, അന്തഃപുരങ്ങളിലും അവർ രക്ഷകനെ തിരക്കി. അവർ നിരാശരായി. ആരവങ്ങളിലും, ആർഭാടങ്ങളിലും ദൈവം ജനിക്കുന്നില്ലായെന്ന സത്യം മനസ്സിലാക്കാൻ മനുഷ്യർ ഒത്തിരി വൈകി. വഴിയോരങ്ങളിലും ചെറ്റക്കുടിലുകളിലും പുറമ്പോക്കിലും ആരും അന്വേഷിച്ചില്ല. വാനമേഘങ്ങളിൽ മാലാഖമാർ മംഗളഗാനവും സമാധാനഗീതവും പാടിയപ്പോൾ മുതൽ ദൈവം തന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചു തുടങ്ങി. ബെത്‌ലെഹേമിലെ കാലിത്തൊഴുത്തു മുതൽ നസ്രത്തിലെ പണിശാലയിലും പാലസ്തീനായിലെ പാതകളിലും രക്ഷകന്റെ, സാന്നിധ്യം നിറഞ്ഞു നിന്നു. അവിടെയെല്ലാം പ്രവർത്തനനിരതനായ രക്ഷകൻ തന്റെ ദൗത്യത്തിന്റെ പൂർത്തീകരണത്തിനായി ജറുസലേമിലേക്ക് തീർത്ഥാടനം ചെയ്തു. ഇവയ്ക്കെല്ലാം ഒപ്പം ദൈവത്തിന്റെ വാഗ്ദാനങ്ങൾ സഹയാത്ര ചെയ്തിരുന്നു.

ദൈവത്തിന്റെ വചനങ്ങളാണ് ബൈബിളിൽ കുറിച്ചിരിക്കുന്നത്. അവ ദൈവസ്നേഹത്തിന്റെ വാചാലമായ ബഹിസ്ഫുരണങ്ങളാണ്. അതിന്റെ ഒരു സംക്ഷിപ്തസമാഹാരമായി, വാഗ്ദാനങ്ങൾ വിശ്വാസികൾക്കും അവിശ്വാസികൾക്കും പ്രചോദനം നല്കട്ടെ. മൂലഗ്രന്ഥ രചയിതാവ് ഡോക്ടർ മൈക്കിൾ കാരിമറ്റം ഒരു അനുഗ്രഹീത ബൈബിൾ പണ്ഡിതനാണ്. ഇതു പരിഭാഷപ്പെടുത്താൻ നിമിത്തമായത് ഒരു ദൈവനിയോഗമാണെന്ന് ഞാൻ കരുതുന്നു. അതിൽ ഞാൻ സംതൃപ്തനാണ്. ഈ പുസ്തകം അനേകർക്ക് ഉപകാരപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് സഹായിച്ച കോഴിക്കോട് മീഡിയ ഹൗസിലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഫാദർ മാത്യു പനച്ചിപ്പുറം

# ഉള്ളടക്കം


1 വാരിവിതറിയ വാഗ്ദാനങ്ങൾ പ്രഥമവാഗ്ദാനം .................................. 13
2 ദൈവം ജീവനെ സംരക്ഷിക്കുന്നു .................................................. 14
3 ഞാൻ നശിപ്പിക്കുകയില്ല ................................................................. 16
4 ഭൂമുഖത്തെ വംശങ്ങൾ എല്ലാം നിന്നിലൂടെ അനുഗൃഹീതരാകും ........ 17
5 വാഗ്ദത്തഭൂമി .................................................................................. 19
6 അനേകം സന്തതികൾ ...................................................................... 20
7 ഒരു വാഗ്ദാനവും ഉടമ്പടിയും ...................................................... 22
8 ദൈവം നിന്റെ കഷ്ടതകൾ കണ്ടു 'എൽറോയി' ................................ 23
9 ഞാൻ നശിപ്പിക്കുകയില്ല ................................................................. 25
10 സകല രാജ്യങ്ങളെയും ഞാൻ അനുഗ്രഹിക്കും ............................... 27
11 ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കും നിന്നെ ഞാൻ അനുഗ്രഹിക്കും .. 28
12 ഞാൻ ഒരിക്കലും നിന്നെ ഉപേക്ഷിക്കുകയില്ല ................................. 30
13 ഞാൻ നിങ്ങളെ തേനും പാലുമൊഴുകുന്ന ഒരു നാട്ടിലേക്ക് നയിക്കും .... 32
14 ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും ............................... 33
15 ഒരു മഹാമാരിയും നിങ്ങളെ നശിപ്പിക്കുകയില്ല ............................... 35
16 കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും .................... 36
17 ഞാനാണ് സൗഖ്യം നല്കുന്ന കർത്താവ് .......................................... 38
18 ഞാൻ നിങ്ങൾക്ക് ആകാശത്തുനിന്ന് അപ്പം തരും ............................ 39
19 നിങ്ങൾ ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും .................. 41
20 ഒരു ദൂതനെ നിങ്ങൾക്ക് മുമ്പേ ഞാൻ അയയ്ക്കും .......................... 42
21 കാരുണ്യവാനും കൃപാനിധിയുമായ ദൈവം .................................. 44
22 നിങ്ങൾക്ക് ഭക്ഷണവും സുരക്ഷിതത്വവും ലഭിക്കും .......................... 46
23 കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ . 47
24 നിങ്ങൾ അതിനെ നോക്കിയാൽ രക്ഷപ്പെടും .................................. 50
25 നിന്റെ സകല പ്രവർത്തനങ്ങളിലും ദൈവം നിന്നെ അനുഗ്രഹിക്കും .. 52
26 നിങ്ങൾ ജീവിക്കും ........................................................................ 53
27 ദൈവം നിന്നെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല ...... 55

28 ഞാൻ നിന്നോടൊപ്പം ഉണ്ടായിരിക്കും .......... 56
29 നാളെ നിങ്ങൾ അത്ഭുതങ്ങൾ കാണും .......... 57
30 മതിൽക്കെട്ടുകൾ നിലംപതിക്കും .......... 59
31 സമാധാനത്തോടെ പോകുക, ദൈവം നിന്റെ പ്രാർത്ഥന സാധിച്ചു തരട്ടെ .......... 60
32 ഈ യുദ്ധം കർത്താവിന്റേതാണ് .......... 62
33 ദാവീദുമായി ദൈവത്തിന്റെ ഉടമ്പടി .......... 63
34 കർത്താവാണ് എന്റെ ഇടയൻ എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല .......... 65
35 കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ചു അവരെ രക്ഷിക്കുന്നു .......... 66
36 കർത്താവ് സംരക്ഷണവും മോചനവും രോഗശാന്തിയും നല്കുന്നു .......... 68
37 നിങ്ങൾ മഞ്ഞുപോലെ വെൺമയുള്ളവരായിരക്കും .......... 70
38 ഇനിമേൽ യുദ്ധമില്ല. ഇനിമേൽ ആയുധങ്ങൾ ഉണ്ടാവില്ല .......... 71
39 അവൻ എമ്മാനുവൽ എന്ന് വിളിക്കപ്പെടും .......... 73
40 അനന്തമായ സമാധാനം അവിടെ ഉണ്ടാകും .......... 75
41 എന്റെ വിശുദ്ധ ഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല .......... 77
42 കർത്താവ് സകലരുടെയും കണ്ണീർ തുടച്ചുമാറ്റും .......... 79
43 അങ്ങയുടെ മരിച്ചവർ ജീവിക്കും അവരുടെ ശരീരം ഉയിർത്തെഴുന്നേല്ക്കും .......... 81
44 നിന്റെ കാതുകളിൽ പിന്നിൽനിന്ന് ഒരു സ്വരം കേൾക്കും .......... 82
45 അപ്പോൾ അന്ധൻമാരുടെ കണ്ണുകൾ തുറക്കും! .......... 84
46 ഇടയനെപ്പോലെ അവിടുന്ന് ആട്ടിൻപറ്റത്തെ നയിക്കുന്നു .......... 86
47 തളർന്നവന് കർത്താവ് ബലം നല്കുന്നു .......... 88
48 ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയാണ് .......... 90
49 കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും .......... 91
50 ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട് .......... 92
51 ഇസ്രായേലേ, ഞാൻ നിന്നെ വിസ്മരിക്കയില്ല .......... 94
52 ഞാൻ നിങ്ങളെ വഹിക്കും .......... 95
53 അവർക്ക് വിശക്കുകയോ ദാഹിക്കുകയോ ഇല്ല .......... 98
54 ഒരിക്കലും നിന്നെ ഞാൻ മറക്കുകയില്ല .......... 99
55 എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല .......... 100

56 അവൻ നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവിടുന്ന്
ഉദാരമായി ക്ഷമിക്കും ........................ 103
57 ദരിദ്രർക്ക് സദ്വാർത്ത .................................................. 105
58 പുതിയ ആകാശവും പുതിയ ഭൂമിയും ........................................ 106
59 ഒരമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും ........................... 108
60 നിന്നെ രക്ഷിക്കാൻ നിന്നോടുകൂടെ ഞാനുണ്ട് .............................. 109
61 നിങ്ങളുടെ ക്ഷേമത്തിനുവേണ്ടി എനിക്ക് പദ്ധതികൾ ഉണ്ട് ................ 111
62 നിന്റെ മുറിവുകൾ ഞാൻ സുഖപ്പെടുത്തും ................................... 112
63 അവരുടെ പാപം ഞാൻ മനസ്സിൽ വയ്ക്കുകയില്ല ............................114
64 എന്നെ വിളിക്കുക, ഞാൻ മറുപടി നല്കും .................................... 115
65 കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല ...................117
66 അവർ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും .. 118
67 അവൻ അഗ്നിയാൽ നിങ്ങളെ സ്നാനപ്പെടുത്തും .......................... 120
68 ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും .............................. 121
69 നിങ്ങൾ ദൈവത്തെക്കാണും .........................................................123
70 നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും ....125
71 മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും ........................................... 127
72 ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും ..............................................129
73 കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വരും ........... 131
74 എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും ......132
75 നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും ........................................135
76 ഞാൻ നിങ്ങൾക്ക് ആശ്വാസം തരും ................................................136
77 പ്രതിഫലം സ്വർഗ്ഗത്തിൽ .................................................................138
78 നിങ്ങളുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും .........................................139
79 സ്വർഗ്ഗത്തിലുള്ള നിക്ഷേപം .........................................................141
80 നിങ്ങൾ സ്വർഗ്ഗദൂതന്മാരെപ്പോലെ ആകും ...................................... 142
81 നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക ................. 145
82 വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി
സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ ...... 146
83 യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും ... 148
84 നിങ്ങൾ നൂറുമേനി ഫലം പുറപ്പെടുവിക്കും ................................... 150

85 നിങ്ങൾക്ക് കൂടുതലും ലഭിക്കും ....................................................152
86 സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും ....153
87 ഇവിടെ വച്ചുതന്നെ നൂറിരിട്ടി ലഭിക്കും ..........................................155
88 മലമാറി കടലിൽ നിപതിക്കും ........................................................ 157
89 നിങ്ങളല്ല, പരിശുദ്ധാത്മാവ് നിങ്ങളിലൂടെ സംസാരിക്കും ..................158
90 ദൈവരാജ്യം നിങ്ങളുടേതാണ് ...................................................... 160
91 നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കും ..................162
92 ഭയപ്പെടേണ്ട, അനേകം കുരുവികളെക്കാൾ എത്രയോ
വിലപ്പെട്ടവരാണ്, നിങ്ങൾ ....................... 164
93 അവൻ അവരെ ഭക്ഷണത്തിനിരുത്തി പരിചരിക്കും .........................165
94 പുനരുത്ഥാനത്തിൽ നിനക്ക് പ്രതിഫലം തരും ................................ 167
95 അവർ നിങ്ങളെ നിത്യകൂടാരത്തിൽ സ്വീകരിക്കും ...........................168
96 ദൈവം അവർക്ക് വേഗത്തിൽ നീതി നടത്തിക്കൊടുക്കും ................ 170
97 ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും ................... 172
98 ഉന്നതത്തിൽനിന്ന് നിങ്ങൾ ശക്തി ധരിക്കും .................................... 174
99 ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട്
ഒരിക്കലും ദാഹിക്കുകയില്ല .......................... 175
100 കല്ലറകളിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിച്ച് പുറത്തുവരും .... 178
101 എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല .................. 179

# 1

# വാരിവിതറിയ വാഗ്ദാനങ്ങൾ

## പ്രഥമവാഗ്ദാനം

**(ഉൽപത്തി 3:14–15)**

*“ദൈവമായ കർത്താവ് സർപ്പത്തോടു പറഞ്ഞു: ഇതു ചെയ്തതു കൊണ്ട് നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയും ഇടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവനും നീ പൊടി തിന്നും. നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും, ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേല്പിക്കും.”*

മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കൾ പ്രലോഭനത്തിന് അടിപ്പെട്ടു. തങ്ങളെ സൃഷ്ടിച്ച്, സ്നേഹത്തിൽ ഒന്നിപ്പിച്ച ദൈവ ത്തെക്കാൾ അവർ വിശ്വസിച്ചത് പ്രലോഭനവുമായി വന്ന സർപ്പത്തെ യാണ്. ഇത് ഒരു വലിയ ദുരന്തമായി മനുഷ്യകുലത്തെ ബാധിച്ചു. ദൈവം അവരിൽ നിക്ഷേപിച്ച വിശ്വാസത്തെ ഒറ്റിക്കൊടുത്ത അവരുടെ പാപം എന്തായിരുന്നു? അനുസരണക്കേട്, കലാപം, ദൈവസ്നേഹത്തിന്റെ നിരാസം. ഇതു മനുഷ്യകുലത്തെ മുഴുവനും അവജ്ഞയിലും, അവഹേ ളനത്തിലും, ഭയത്തിലും ആഴ്ത്തിക്കളഞ്ഞു. ആദവും ഹവ്വായും അത്തിയിലകൾ കൂട്ടിത്തുന്നി നാണം മറയ്ക്കാൻ ശ്രമിച്ചുവെങ്കിലും, അവർക്ക് അതിനു കഴിഞ്ഞില്ല. ദൈവത്തിൽ നിന്ന് അവർ ഓടിയൊളിച്ചു. മരങ്ങളുടെ മറവിൽ അവർ മറഞ്ഞിരുന്നു. ഇവിടെ ഈ ദുരന്തത്തിന് പ്രത്യുത്തരവുമായി ദൈവം എത്തുന്നു. ദുഷ്ടശക്തിയെ പ്രതിനിധീകരി ക്കുന്ന സർപ്പത്തിന്റെ നേരെ ദൈവം പ്രതികരിക്കുന്നത് ഒരു ശാപവർഷ മായിട്ടാണ്. ആദത്തെയും ഹവ്വായേയും ശിക്ഷിക്കാതെ വിടുന്നില്ല. പക്ഷേ, ദൈവം അവർക്ക് ഒരു വാഗ്ദാനം കൊടുത്തു. മനുഷ്യകുലത്തെ മുഴുവനും ഒരു സമ്പൂർണ്ണ വിമോചനത്തിലേക്ക് അവിടുന്നു നയിക്കും. ഇതായിരുന്നു ദൈവത്തിന്റെ ആദ്യ വാഗ്ദാനവും അനുഗ്രഹവും. ഇനി

മുന്നോട്ട് മനുഷ്യനും തിന്മയും തമ്മിൽ ഒരു ശത്രുത ഉണ്ടായിരിക്കും. പക്ഷേ, സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർത്തുകളയും. ദൈവത്തിന്റെ ആദ്യ വാഗ്ദാനത്തിന്റെ അനന്തരഫലം. അതു പരാമർശി ക്കുന്നത് ദൈവം അയയ്ക്കുന്ന ഒരു രക്ഷകനെയാണ്. ചരിത്രത്തിന്റെ പരിണാമ പരിസമാപ്തിയിൽ ആ രക്ഷകൻ ദൈവത്തിന്റെ ഏകജാത നായ ദൈവപുത്രനാണെന്ന് ഉരുത്തിരിഞ്ഞുവരുന്നു. ദൈവത്തിന്റെ മനുഷ്യാവതാരം, പാപത്തിന്റെയും കഷ്ടതയുടെയും ആരംഭം മുതൽ മാനവചരിത്രത്തിന്റെ കളങ്കിത ചരിത്രത്തിന്റെ അന്ത്യം കുറിക്കുന്ന ഒരു വാഗ്ദാനമായിരുന്നു. ദൈവത്തിന്റെ അധരങ്ങളിൽനിന്ന് നിർഗ്ഗളിച്ച ആദ്യത്തെ വാഗ്ദാനം, ചരിത്രത്തിൽ ഉടനീളെ അവിടുന്ന് നമ്മോടൊപ്പം ഉണ്ടാകും എന്നാണ്. തിന്മയുടെ ശക്തിക്ക് എതിരായ യുദ്ധത്തിൽ നമ്മൾ തനിച്ചല്ല. എന്തുകൊണ്ടെന്നാൽ ദൈവം അതിൽ ഇടപെട്ടു പക്ഷം ചേർന്നിരിക്കുന്നു. നമ്മുടെ പ്രലോഭനങ്ങളിലും കഷ്ടതകളിലും സമരങ്ങളിലും അവിടുന്ന് നമ്മോടൊപ്പമാണ്: ദൈവം നമ്മെ വിജയ ത്തിലേക്ക് നയിക്കും. ഇന്നേ ദിവസം ദൈവത്തിന്റെ കരുതലിലും സ്നേഹപൂർണ്ണമായ സാന്നിധ്യത്തിലും ആശ്രയിച്ചുകൊണ്ട്, പ്രതീക്ഷ യോടെ തുടങ്ങി നമ്മുടെ ജീവിതം ഒരു അനുഭവമാക്കിതീർക്കാം.

## 2

# ദൈവം ജീവനെ സംരക്ഷിക്കുന്നു

**ഉൽപത്തി 4:11–15**

*"നിന്റെ കയ്യിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാ പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷിചെയ്യുമ്പോൾ, മണ്ണു നിനക്കു ഫലം തരുകയില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിയുന്ന വനായിരിക്കും."* കായേൽ കർത്താവിനോട് പറഞ്ഞു: "എനിക്കു വഹി ക്കാനാവുന്നതിലും വലുതാണ്, ഈ ശിക്ഷ. ഇന്ന് അവിടുന്ന് ഈ സ്ഥലത്തുനിന്നും എന്നെ ആട്ടിപ്പായിച്ചിരിക്കുന്നു. അവിടുത്തെ സന്നിധിയിൽ നിന്ന് ഞാൻ ഒളിച്ചു നടക്കണം. ഞാൻ ഭൂമിയിൽ ഉഴലുന്നവനായിരിക്കും. കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും. കർത്താവു പറഞ്ഞു: ഒരിക്കലുമില്ല. കായേനെ കൊല്ലുന്നവന്റെമേൽ

ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും. ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെ മേൽ ഒരടയാളം പതിച്ചു. കായേൻ കർത്താവിന്റെ സന്നിധിവിട്ട് ഏദനു കിഴക്ക് നോദു ദേശത്തു വാസമുറപ്പിച്ചു."

കായേനിന്റെയും ആബേലിന്റെയും കഥ രണ്ടു സഹോദരങ്ങളുടെ ഒരു വെറും കഥ മാത്രമല്ല. ഇതു മനുഷ്യരാശിയുടെ കഥയാണ്. കായേൻ തന്റെ ഇളയസഹോദരനെ വയലിലേക്ക് വിളിച്ചു കൊണ്ടുപോയി കൊന്നുകളഞ്ഞു. ദൈവം കായേനിനെ മുൻകൂട്ടിതന്നെ താക്കീതു കൊടുത്തിരുന്നു. തന്റെ പടിവാതിക്കൽ പതിയിരിക്കുന്ന തിന്മയെക്കുറിച്ച് മുന്നറിയിപ്പ് കിട്ടിയിട്ടും കായേൻ അതു കണക്കിലെടുത്തില്ല.

ദൈവം ആ രംഗത്തേക്ക് കടന്നു വരുന്നത് ചടുലമായ ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ്. "കായേൻ, നിന്റെ സഹോദരൻ എവിടെ?" കായേനിന്റെ ഉത്തരം അവന്റെ ഉള്ളിലിരുപ്പ് വ്യക്തമാക്കുന്നു. ദൈവത്തോടും തന്നോടും മറ്റുള്ളവരോടും ഉള്ളിൽ ഉറഞ്ഞുകൂടിയ വിദ്വേഷത്തിന്റെ പൊട്ടിത്തെറിയായിരുന്നു അവന്റെ മറുപടി. "എനിക്ക് അറിഞ്ഞു കൂടാ, ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?'' ഉൽപത്തി പുസ്തകത്തിൽ തന്നെ 4-ാം അദ്ധ്യായം 11-ാം വചനത്തിൽ നമ്മൾ വായിക്കുന്നു." "നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു." ഒരുത്തനും തന്റെ സഹോദരനെതിരെ തിന്മ പ്രവർത്തിച്ചിട്ട്, ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടാൻ പാടില്ല. എന്നിട്ടും ഇവിടെ കായേൻ എന്ന കൊലപാതകിയെ കൊന്നുകളയാൻ ദൈവം ഇഷ്ടപ്പെട്ടില്ല. തന്നെയുമല്ല, ഇവിടെ ദൈവം കായേനു കൊടുക്കുന്ന ശാപത്തിന്റെയും ശിക്ഷയുടെയും, ഭാവവും രക്ഷയും ജീവനോടുള്ള തന്റെ കരുതലിനെയും സംരക്ഷണത്തെയും ബലപ്പെടുത്തുന്നു.

ദൈവം കായേന്റെ നെറ്റിയിൽ ഒരു അടയാളം കോറിയിട്ടു-രക്ഷയുടെ അടയാളം. കൊലയാളി, അങ്ങനെ ദൈവത്തിന്റെ സംരക്ഷണ വലയത്തിലായി. ദൈവം പാപികളുടെ മനസ്സാന്തരമാണ് ആഗ്രഹിക്കുന്നത്, നാശമല്ല. ഇതാണ് നമുക്കു പ്രത്യാശക്ക് വക നല്കുന്നത്. നമ്മുടെ സ്ഥിതി എന്തുതന്നെയാണെങ്കിലും എത്രവലിയ പാപികളാണെങ്കിലും നമ്മൾ ജീവനോടെ ഇരിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

# 3

# ഞാൻ നശിപ്പിക്കുകയില്ല

**ഉൽപത്തി 9:11**

*"നോഹയോടും പുത്രന്മാരോടും ദൈവം വീണ്ടും അരുളിച്ചെയ്തു. നിങ്ങളോടും നിങ്ങളുടെ സന്തതികളോടും ഞാനിതാ ഒരുടമ്പടി ചെയ്യുന്നു. അതോടൊപ്പം നിന്റെ കൂടെ പെട്ടകത്തിൽനിന്ന് പുറത്തുവന്ന ജീവനുള്ള സകലതിനോടും - പക്ഷികൾ, കന്നുകാലികൾ, കാട്ടുജന്തുക്കൾ, എന്നിവയോടും-നിങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാൻ ഉറപ്പിക്കുന്നു. ഇനി ഒരിക്കലും വെള്ളപ്പൊക്കംകൊണ്ട് ജീവജാലങ്ങൾ എല്ലാം നശിക്കാൻ ഇടവരുകയില്ല. ഭൂമിയെ നശിപ്പിക്കാൻ ഇനി ഒരു വെള്ളപ്പൊക്കമുണ്ടാവില്ല" (ഉൽപത്തി 9:8-11).*

വരാനിരിക്കുന്ന നാശങ്ങളെക്കുറിച്ച് മനുഷ്യന് എപ്പോഴും ആധിയും ഉൽക്കണ്ഠയുമാണ്. വമ്പിച്ച വരൾച്ച, വലിയ വെള്ളപ്പൊക്കം, തകർക്കുന്ന ഭൂമികുലുക്കം, പടർന്നുപിടിക്കുന്ന കാട്ടുതീ മുതലായ പ്രകൃതി ദുരന്തങ്ങളോടുള്ള ഭയവും ഇതിൽപ്പെടുന്നു. ഭൂമി എന്ന ഗ്രഹത്തിന്റെ നിലനില്പിനെത്തന്നെ ത്വരിതപ്പെടുത്തുന്ന ആഗോള താപനം ഇന്നു മനുഷ്യർ ഭയക്കാൻ തുടങ്ങിക്കഴിഞ്ഞു. അതു മരുഭൂമികളെ വിസ്തൃതമാക്കും. ധ്രുവങ്ങളിലെ മഞ്ഞുപാളികൾ ഉരുകി ഒഴുകും. കടൽത്തീരങ്ങളിൽ സുനാമിത്തിരകൾ അടിച്ചുകേറും. കടലുകൾ ഉയർന്ന് കരസ്ഥലങ്ങളെ മൂടും. ഇതോടൊപ്പം ചില പുത്തൻ ആത്യന്തിക നാശത്തിന്റെ പ്രവാചകന്മാർ, ലോകത്തിന്റെ സമ്പൂർണ്ണ നാശം വെളിപാടിന്റെ ഭാഷയിൽ പ്രവചിക്കുന്നു. മഹാപ്രളയത്തിന്റെ അവസാനം ദൈവം എല്ലാ സ്രൃഷ്ടപ്രപഞ്ചത്തോടുമായി ഒരു വിശ്വപ്രാപഞ്ചിക ഉടമ്പടിയുടെ രൂപത്തിൽ ഒരു വാഗ്ദാനം നടത്തി. ആ ഉടമ്പടിയുടെ അടയാളമായി ആകാശമേഘങ്ങളിൽ മഴവില്ല് രൂപപ്പെട്ടു- പ്രകൃതിയുടെ അടയാളമായി ഋതുഭേദങ്ങൾ തടസ്സപ്പെടാതെ നിരന്തരമായി തുടർന്നുകൊണ്ടേയിരിക്കും. "ഭൂമി ഉള്ളിടത്തോളം കാലം വേനലും മഞ്ഞും മഴയും രാവും പകലും അവസാനിക്കുകയില്ല. നിന്നുപോകുകയില്ല." (8:28). തിന്മയിലേക്ക് ചായാനുള്ള മനുഷ്യന്റെ പ്രവണതയെ ദൈവം അംഗീകരിക്കുന്നു. എങ്കിലും ദൈവം ഒരു വ്യവസ്ഥയും ഇല്ലാത്ത ഉടമ്പടിയാണ് ഉണ്ടാക്കിയത്. മനുഷ്യന്റെ

ബലഹീനതയും അവിശ്വസ്തതയും നേരിൽ കണ്ടുകൊണ്ടുതന്നെ ദൈവം വാഗ്ദാനം ചെയ്യുന്നത് ഒരു സംരക്ഷണമാണ്. ഒരു പക്ഷേ, ഇതിന്റെ ആവശ്യം തന്നെ മനുഷ്യന്റെ ബലഹീനതയും അവിശ്വസ്ത തയും ആകാം.

ഈ വിശ്വപ്രാപഞ്ചിക ഉടമ്പടിയെക്കുറിച്ച് ദൈവത്തോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. ദൈവത്തിന്റെ ഉത്തരവാദിത്വപ്പെട്ട പങ്കാളികളാ യിട്ടുവേണം നമ്മൾ ജീവിക്കേണ്ടത്. ദൈവത്തിന്റെ വാഗ്ദാനത്തിന്റെ തൊട്ടുപിന്നാലെ വരുന്നത് ഒരു താക്കീതാണ്. "ഓരോരുത്തരോടും സഹോദരന്റെ ജീവനും ഞാൻ കണക്കു ചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും. കാരണം, എന്റെ ച്ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്" (ഉൽപത്തി 9:6). രക്തച്ചൊരിച്ചിൽ ഒരിക്കലും പാടില്ല. ജീവൻ സംരക്ഷിക്കപ്പെടേണ്ടതും, പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്. നമ്മുടെ പാപം ദൈവത്തെ വേദനി പ്പിക്കുന്നുവെന്ന സത്യം നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കേ ണ്ടതാണ്. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നുവെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവു കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ച തിൽ കർത്താവ് പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനി പ്പിച്ചു (ഉൽപത്തി 6:5-6)." ദൈവത്തിന്റെ സ്നേഹസമ്പന്നമായ ഹൃദ യത്തെ വേദനിപ്പിക്കാൻ നമ്മൾ കാരണമാവുന്നു. നമ്മൾ വിശ്വസ്തരും ഉത്തരവാദിത്വമുള്ളവരുമാകുവാൻ ഈ സത്യം എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ദൈവം നമ്മുടെ മേൽ വർഷിച്ച വലിയ സ്നേഹത്തിന് എന്നും നമുക്ക് നന്ദിയുള്ളവരാകാം.

## 4

# ഭൂമുഖത്തെ വംശങ്ങൾ എല്ലാം നിന്നിലൂടെ അനുഗൃഹീതരാകും

**ഉൽപത്തി 12:3-4**

*"നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതരാകും. കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു. നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന*

*നാട്ടിലേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമാക്കും. അങ്ങനെ നീ ഒരു അനുഗ്രമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും" (ഉൽപത്തി 12:1-3).*

ഇവിടെയാണ് രക്ഷാകര ചരിത്രത്തിന്റെ ശരിയായ തുടക്കം ആരംഭിക്കുന്നത്. പ്രതീക്ഷയില്ലാതെ തകിടം മറിഞ്ഞു കിടന്നിരുന്ന മനുഷ്യവംശത്തിന്റെ പരിത്രാണത്തിനുവേണ്ടി ദൈവം ഇറങ്ങിവരുന്നു. ബാബേലിലെ ഗോപുരം പണിയുടെ കഥയിൽ, മനുഷ്യന്റെ അഹങ്കാര മാണ് തകർന്നുവീണത്. മനുഷ്യവർഗ്ഗം അവിടെ പ്രതീക്ഷയില്ലാതെ ചിന്നിചിതറി. ഭൂമുഖത്ത് മനുഷ്യർ പരസ്പരം മനസ്സിലാക്കാനും സ്വീകരി ക്കാനും കഴിയാത്തവരായി ചിതറിക്കപ്പെട്ടു. പ്രതീക്ഷയില്ലാത്തിടത്ത് ദൈവം പ്രതീക്ഷ കൊണ്ടുവരുന്നു. മുമ്പിൽ ഇരുണ്ടു മൂടിയ ഭാവി മാത്രം കണ്ടിരുന്ന അവർക്ക് ഒരു നല്ല ഭാവിയുടെ വാഗ്ദാനവുമായി, ദൈവം കടന്നുവരുന്നു. അബ്രാഹത്തിന്റെ വിളിയോടെ മനുഷ്യവംശവുമായി ദൈവം ഒരു വ്യക്തിബന്ധത്തിന്റെ തുടക്കം കുറിക്കുന്നു. ചിതറിക്കപ്പെട്ട ജനകോടികളുടെ ഇടയിൽനിന്ന്, ദൈവം ഒരു മനുഷ്യനെ പേരുചൊല്ലി വിളിക്കുന്നു. ദൈവം അവന്റെ മേൽ ഒരു അവകാശം സ്ഥാപിക്കുന്നു. അവനോട്, ആവശ്യപ്പെടുന്നു: "നീ ഉപേക്ഷിക്കുക" അപ്പോൾ അവനോട് ദൈവം ഒരു വാഗ്ദാനം നല്കുന്നു: "ഞാൻ നിന്നെ അനുഗ്രഹിക്കും" അബ്രഹാം എന്നു പേരുള്ള ആ മനുഷ്യന് ദൈവം കൊടുത്ത ഏഴ് വാഗ്ദാനങ്ങൾ മൂന്നായിട്ടു സംഗ്രഹിക്കാം: മക്കൾ, മണ്ണ്, സാർവ്വ ലൗകിക രക്ഷ. അബ്രഹാത്തിന്റെ ദൈവം വാഗ്ദാനങ്ങളുടെയും അനുഗ്രഹങ്ങ ളുടെയും ദൈവമാണ്. അബ്രാഹത്തിന്റെ ശാരീരിക പിൻതലമുറക്കാർക്ക് മാത്രമല്ല, ഈ അനുഗ്രഹം. പിന്നെയോ, ഇതു ലോകത്തിലെ എല്ലാ വംശങ്ങൾക്കുമായി തുറന്നിട്ടിരിക്കുന്നു. ഒരു രക്ഷകനെയും സാർവ്വ ത്രികമായ രക്ഷയെയും ഈ വാഗ്ദാനങ്ങൾ സൂചിപ്പിക്കുന്നു. അപ്പോൾ ജൂതന്മാരും പുറജാതികളും ഒരുപോലെ ദൈവമക്കളായിത്തീരുന്നു. അബ്രഹാം വിശ്വസിച്ചതുപോലെ വിശ്വസിക്കുന്നവർ എല്ലാവരും ആ വിശ്വാസം വഴി അബ്രാഹത്തിന്റെ സന്തതികളാകുന്നു. നമ്മളും ആ കൂട്ടായ്മയിൽ ഉൾപ്പെടുന്നു. അനുസരണത്തിലൂടെ നമ്മൾ പ്രകടി പ്പിക്കുന്ന വിശ്വാസം മാത്രമാണ്, അബ്രാഹത്തിനു കിട്ടിയ അനുഗ്ര ഹത്തിന് അവകാശികളാകാനുള്ള ഏക വ്യവസ്ഥ. ഈ വിശ്വസ്തത യായ അനുസരണത്താൽ നമ്മളും അബ്രാഹത്തിന്റെ പുത്രീപുത്രന്മാരും ദൈവമക്കളുമായിത്തീരുന്നു.

# 5

# വാഗ്ദത്തഭൂമി

**ഉൽപത്തി 13:15**

*"കർത്താവ് അബ്രാഹിനോട് പറഞ്ഞു: നീ തലയുയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക. നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതി കളെ ഞാൻ വർദ്ധിപ്പിക്കും. പൂഴി ആർക്കെങ്കിലും എണ്ണിത്തീർക്കാ മെങ്കിൽ, നിന്റെ സന്തതികളെയും എണ്ണിതീർക്കാനാവും. എഴുന്നേറ്റ് ഈ ഭൂമിക്ക് നെടുകെയും കുറുകെയും നടക്കുക. അതു നിനക്ക് ഞാൻ തരും (ഉൽപത്തി" 13:15–1).*

അബ്രഹാമും മറ്റു ഗോത്രപിതാക്കളും അർദ്ധനാടോടികളാ യിരുന്നു. അവർക്ക് സ്വന്തംഭൂമിയോ സ്ഥിരമായ താമസസ്ഥലമോ ഇല്ലായിരുന്നു. അവർ ചെന്നുചേരുന്നിടങ്ങളിൽ അന്യരും പരദേശി കളുമായിരുന്നു. സ്വന്തമായ ഭൂമിയെക്കുറിച്ച് ഇസ്രായേൽ ജനത്തിനു കിട്ടിയ വാഗ്ദാനം അവർ ഒരു നിധിപോലെ സജീവമായി മനസ്സിൽ സൂക്ഷിച്ചു. ഈജിപ്തിലെ അടിമത്വത്തിൽനിന്ന്, ദൈവം മോശ വഴി പ്രവർത്തിച്ച ശക്തമായ ഇടപെടലിൽ അവർ വിമോചിതരായി. എന്നിട്ടും അവരുടെ വാഗ്ദത്ത ഭൂമിക്കുവേണ്ടി അലഞ്ഞു നടന്നു. അന്ന് അവരുടെ ആത്യന്തികലക്ഷ്യം വാഗ്ദത്തഭൂമിയിൽ എത്തിച്ചേരുക എന്നതായി രുന്നു. അതിന് വഴിനീളെ നിരവധി പ്രതിബന്ധങ്ങൾ അവർക്ക് നേരി ടേണ്ടി വന്നു –കഷ്ടപ്പാടുകൾ, എതിർപ്പുകൾ, ഏറ്റുമുട്ടലുകൾ, ഈജിപ്തിലെ അടിമത്വത്തിലേക്ക് തിരിച്ചു പോകാനുള്ള പ്രലോ ഭനങ്ങൾ, ഇങ്ങനെ നിരധി പ്രതിബന്ധങ്ങൾ. എന്നാൽ, അവർ പതറിയ പ്പോൾ, മോശ എന്ന നേതാവ്, തങ്ങളുടെ ലക്ഷ്യം മുമ്പിൽ ഉയർത്തി പ്പിടിച്ചു മുമ്പോട്ടു നീങ്ങാൻ അവരെ പ്രലോഭിപ്പിച്ചു.

വാഗ്ദത്ത ഭൂമിയിൽ എത്തിയ ശേഷവും വിഗ്രഹാരാധനയിലേക്ക് വഴുതിവീണ അവർ ദൈവത്തിനെതിരെ കലാപം നടത്തി. അവർ വാഗ്ദത്ത ഭൂമിയിൽ നിന്ന് ബഹിഷ്കൃതരായി, അടിമകളായി. അവർ അടിമത്വത്തിൽക്കിടന്നപ്പോൾ ഒരു തിരിച്ചു വരവിന്റെ വാഗ്ദാനം, പ്രവാചകന്മാർ അവർക്ക് മുമ്പിൽ വിളമ്പി, സജീവമായി നിലനിർത്തി.

യേശുവിന്റെ പ്രവാചകപ്രബോധനങ്ങളിൽ അവരുടെ പ്രത്യാശയ്ക്ക് രൂപഭേദം വന്നു. ഭൂമി മാറി ദൈവരാജ്യമായി. നമ്മളെല്ലാം സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുമെന്ന പ്രതീക്ഷയുടെ സാക്ഷാത്കാരത്തിനായി ജീവിക്കുന്നവരാണ്. ഭൂമിയിൽ നമുക്ക് നിലനില്ക്കുന്ന വീടില്ല. നമ്മുടെ യഥാർത്ഥ ഭവനം സ്വർഗ്ഗത്തിലാണ്. അങ്ങോട്ടുള്ള തീർത്ഥാടനത്തിന്റെ വഴിയിലാണ് എല്ലാവരും. ഇസ്രായേൽ ജനതതിയെപ്പോലെ അബ്രാഹത്തെപ്പോലെ നമ്മളും ഉഴലുന്നവരും അലയുന്നവരുമാണ്. അതുകൊണ്ട് നമ്മുടെ സ്വന്തം ഭവനം മുമ്പിൽ കണ്ടുകൊണ്ട് ദൈവത്തിന്റെ വാഗ്ദാനം സജീവമായി നിലനിർത്തിക്കൊണ്ട് ജീവിക്കാം. നമ്മുടെ പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥാടനം അതിന്റെ അന്ത്യത്തിൽ എത്തിച്ചേരുന്ന സമയം വരെ, മുന്നോട്ടുകൊണ്ടുപോകാൻ ഇവ ശക്തി നല്കും.

## 6

# അനേകം സന്തതികൾ

**ഉൽപത്തി 15:5**

*"അബ്രാമിനു ദർശനത്തിൽ കർത്താവിന്റെ അരുളപ്പാടുണ്ടായി. അബ്രാം, ഭയപ്പെടേണ്ട, ഞാൻ നിനക്കു പരിചയനാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും. അബ്രാം ചോദിച്ചു: കർത്താവായ ദൈവമേ, സന്താനങ്ങളില്ലാത്ത എനിക്ക് എന്തു പ്രതിഫലമാണ് ലഭിക്കുക? ദമാസ്കസുകാരൻ ഏലിയേസറാണ് എന്റെ വീടിന്റെ അവകാശി അബ്രാം തുടർന്നു: എനിക്ക് ഒരു സന്താനത്തെ അവിടുന്നു തന്നിട്ടില്ല. എന്റെ വീട്ടിൽപ്പിറന്ന ദാസരിൽ ഒരുവനായിരിക്കും എന്റെ അവകാശി. വീണ്ടും അവനു കർത്താവിന്റെ അരുളപ്പാടുണ്ടായി: നിന്റെ അവകാശി അവനായിരിക്കുകയില്ല; നിന്റെ മകൻ തന്നെ ആയിരിക്കും. അവിടുന്ന അവനെ പുറത്തേക്ക് കൊണ്ടു വന്നിട്ടു പറഞ്ഞു; ആകാശത്തേക്ക് നോക്കുക. ആ നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ? നിന്റെ സന്താനപരമ്പരയും അതുപോലെയായിരിക്കും. അവൻ കർത്താവിൽ വിശ്വസിച്ചു. അവിടുന്ന അത് അവനു നീതീകരണമായി കണക്കാക്കി" (ഉൽപത്തി 15;1, 3-6).*

ഇക്കാലത്ത് ജീവനെയും കുഞ്ഞുങ്ങളെയും സംബന്ധിച്ചുള്ള മനോഭാവം അയഞ്ഞതും അവ്യക്തവുമാണ്. ജനസംഖ്യാവർദ്ധന

വിനെതിരെ ലോകമെമ്പാടും പറഞ്ഞുപരത്തിയ പ്രചാരണ വേലയുടെ ഫലമായി, ഉരുത്തിരിഞ്ഞുവന്ന നിഗമനം, ലോകത്തെ ഭയപ്പെടുത്തുന്ന ഏറ്റം വലിയ അപകടം ജനപ്പെരുപ്പമാണെന്നാണ്. പലപ്പോഴും കുട്ടികൾ ഒരു ശാപമായി കണക്കാക്കപ്പെടുന്നു. അതുകൊണ്ട് ദാരിദ്ര്യം ഉണ്ടാകുന്നുവെന്ന് പ്രചരിപ്പിക്കുന്നു. അതുപോലെ അഭിവൃദ്ധിയുടെ തോതു കുറയുന്നു. ചില രാഷ്ട്രങ്ങൾ ഒരു കുടുംബത്തിന് ഒരു കുട്ടിയെന്ന കല്പന പുറപ്പെടുവിക്കുന്നു. അഭിവൃദ്ധിപ്പെട്ടുവരുന്ന രാജ്യങ്ങൾക്ക് സഹായം കൊടുക്കുന്നതിന് അന്താരാഷ്ട്ര സംഘടനകൾ വ്യവസ്ഥ വയ്ക്കുന്നത് ജനസംഖ്യാനിയന്ത്രണമാണ്. ഗർഭചിദ്രവും കാരുണ്യ വധവും വ്യക്തിസ്വാതന്ത്ര്യത്തിന്റെ അവകാശമായി ആവിഷ്കരിക്കപ്പെടുന്നു.

അതേസമയം മക്കളെ കിട്ടാതെ നിരാശപ്പെട്ടു കഴിയുന്ന ദമ്പതികൾ നിരവധി. പലകാരണങ്ങളാലും അവർക്ക് സന്താനങ്ങൾ നിഷേധിക്കപ്പെടുന്നു. വന്ധ്യത ഒരു ശാപം പോലെ ഏറ്റുവാങ്ങുന്നവർ അനപത്യതാദുഃഖം അത്ഭുതം വഴി അവസാനിച്ചുകിട്ടാൻ പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു, നടത്തിക്കുന്നു. പല രാജ്യങ്ങളിലും ജനസംഖ്യാവർദ്ധനവ് മരവിച്ച്, നിശ്ചലാവസ്ഥയിൽ എത്തിയിരിക്കുന്നു. അവിടെ വൃദ്ധരുടെ എണ്ണം യുവജനങ്ങളെക്കാൾ കൂടിവരുന്നു.

ബൈബിളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത് മക്കൾ ഒരു അനുഗ്രഹമായിട്ടാണ്. യഥാർത്ഥത്തിൽ സൃഷ്ടികൾക്ക് ദൈവം കൊടുത്ത ആദ്യത്തെ അനുഗ്രഹം സന്താനസൗഭാഗ്യമാണ്: "സന്താന പുഷ്ടിയുള്ളവരായിരിക്കുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" ഇതാണ് ദൈവം കൊടുത്ത അനുഗ്രഹവും കല്പനയും. ദൈവം അബ്രാഹത്തിനു കൊടുത്ത വാഗ്ദാനം. "കടലോരത്തിലെ മണൽത്തരികൾ പോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും, നിന്റെ സന്തതികൾ". അബ്രാഹം സാറാ ദമ്പതികൾ വർദ്ധക്യത്തിൽ എത്തിയിരുന്നു. അബ്രാഹത്തിന് വയസ്സു നൂറ്, സാറായ്ക്ക് തൊണ്ണൂറ്. എങ്കിലും ദൈവത്തിന്റെ പദ്ധതിയിൽ, ദൈവത്തിന്റെ സമയത്ത്, തന്റെ വാഗ്ദാനം നിറവേറ്റപ്പെട്ടു. ദൈവത്തിന് ഒന്നും അസാധ്യമല്ല. പക്ഷേ, ഒരു വ്യവസ്ഥ മാത്രം- വിശ്വാസം. അബ്രാഹം വിശ്വസിച്ചു. ദൈവം അതു നീതിയായി പരിഗണിച്ചു.

സന്തതികളുടെ വാഗ്ദാനം, നല്ല ഭാവിക്കുവേണ്ടി, നമുക്ക് എല്ലാവർക്കുമായി ദൈവം തന്ന വാഗ്ദാനമാണ്. ജീവൻ തഴച്ചുവളരണം, മുന്നോട്ട് കുതിക്കണം അതാണ് ദൈവം ആവശ്യപ്പെടുന്നത്. അല്ലാതെ തകർന്ന് നശിക്കാനല്ല. ദൈവം ജീവന്റെ ദൈവമാണ്.

# 7

# ഒരു വാഗ്ദാനവും ഉടമ്പടിയും

**ഉൽപത്തി 15:9–18**

*"അവിടുന്നു കല്പിച്ചു; മൂന്നുവയസ്സുവീതം പ്രായമുള്ള ഒരു പശുക്കിടാവ്, ഒരു പെണ്ണാട്, ഒരു മുട്ടനാട്, എന്നിവയെയും ഒരു ചെങ്ങാലി യെയും ഒരു ഇളം പ്രാവിനെയും എനിക്കായികൊണ്ടുവരുക. അവൻ അവയെ എല്ലാം കൊണ്ടുവന്നു. അവയെ രണ്ടായി പിളർന്ന് ഭാഗങ്ങൾ നേർക്കുനേരെ വച്ചു. പക്ഷികളെ അവൻ പിളർന്നില്ല. സൂര്യൻ അസ്തമി ച്ചപ്പോൾ അന്ധകാരം വ്യാപിച്ചപ്പോൾ പുകയുന്ന ഒരു തീച്ചൂള കാണാ റായി. ജ്വലിക്കുന്ന ഒരു തീനാളം പിളർന്നിട്ടിരിക്കുന്ന കഷണങ്ങൾക്ക് നടുവിലൂടെ കടന്നുപോയി. അന്ന് കർത്താവ് അബ്രാഹമിനോട് ഒരു ഉടമ്പടി ചെയ്തു. നിന്റെ സന്താന പരമ്പരയ്ക്ക് ഈ നാടു ഞാൻ തന്നിരിക്കുന്നു" (ഉൽപത്തി 15:9–11–18).*

ബൈബിളിലെ ദൈവം വാഗ്ദാനങ്ങളുടെ ദൈവമാണ്. ഉടമ്പടി യാൽ ഉറപ്പിക്കുന്ന വാഗ്ദാനങ്ങളുടെ ദൈവം. യഥാർത്ഥത്തിൽ ബൈബി ളിൽ അഞ്ച് ഉടമ്പടികളെക്കുറിച്ചു പറയുന്നുണ്ട്. 1. നോഹയും സകല സൃഷ്ടിജാലവുമായി ഉണ്ടാക്കിയ വിശ്വപ്രാപഞ്ചിക ഉടമ്പടി. 2. അബ്രാഹവുമായി ഉണ്ടാക്കിയ ഉടമ്പടി. 3. സീനായ് മലയിൽ ഇസ്രാ യേൽ ജനതയുമായി ഉണ്ടാക്കിയ ഉടമ്പടി. 4. ദാവീദും ദാവീദിന്റെ വംശവുമായി ഉണ്ടാക്കിയത്. 5. പ്രവാചകന്മാർ വഴി വിളംബരം ചെയ്ത വാഗ്ദാനങ്ങൾ ക്രിസ്തുവിൽ പൂർത്തീകരിച്ച ഉടമ്പടി. ഉടമ്പടി ഗൗരവ മുള്ള ഒരു പ്രതിജ്ഞാബദ്ധതയാണ്. ഒരു ബാധ്യതയുടെ ഏറ്റെടുക്കൽ. ഉടമ്പടിയിൽ കക്ഷി ചേർക്കുന്ന പാർട്ടികൾ ഉടമ്പടിയിൽ ഉൾപ്പെട്ട വ്യവസ്ഥകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. ഇപ്പോൾ ഇവിടെ പരിഗണി ക്കുന്ന ഉടമ്പടിയുടെ ഗൗരവവും അതിന്റെ സന്ദർഭവും പ്രതീകാ ത്മകമായി ഇവിടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. പ്രാചീനകാലത്തെ ഒരു ഉടമ്പടി ഉണ്ടാക്കുന്ന ഒരു രീതിയാണ്, ഇവിടെ അനുവർത്തിക്ക പ്പെട്ടിരിക്കുന്നത്. പണ്ട് ഉടമ്പടി ഉറപ്പിക്കുന്നത് ഒരു ബലിയർപ്പണത്തോടെ യാണ്. ബലിയർപ്പിക്കപ്പെട്ട മൃഗങ്ങളുടെ മുറിക്കപ്പെട്ട ഭാഗങ്ങളുടെ നടുവിൽക്കൂടെ ഉടമ്പടി ചെയ്യുന്ന വ്യക്തികൾ പരസ്പരം കൈകൾ കോർത്തുനടക്കുന്നു. ഇങ്ങനെയാണ് ഉടമ്പടിയുടെ ഗൗരവം ഉറപ്പി

ക്കുന്നത്. ഓരോരുത്തർക്കും അപരനുവേണ്ടി തന്റെ ജീവൻ നല്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. അതേസമയം ഉടമ്പടി ലംഘിക്കുന്നവന്റെ അവസ്ഥ മുറിക്കപ്പെട്ട മൃഗത്തിന്റെ അവസ്ഥയായിരിക്കും. ജ്വലിക്കുന്ന ദീപം ദൈവത്തിന്റെ പ്രതീകമായി ബലിയർപ്പിക്കപ്പെട്ട മൃഗങ്ങളുടെ കഷണങ്ങളുടെ നടുവിലൂടെ കടന്നുപോകുന്നു. അത് വളരെ ഗുരുതരമായ പ്രവൃത്തിയാണെന്ന സന്ദേശമാണ് അബ്രാഹത്തിന് കൊടുത്തത്.

ദൈവത്തിന്റെ വാഗ്ദാനങ്ങളെ വളരെ ഗൗരവമായിട്ടാണ് കണക്കാക്കപ്പെടുന്നത്. അവയുടെ പരിസമാപ്തി ദൈവപുത്രന്റെ കുരിശിലെ ബലിയോടെ പൂർത്തീകരിക്കപ്പെട്ടു. ഒരിക്കൽ വച്ചുനീട്ടിയ വാഗ്ദാനം പിന്നീട് ഒരിക്കലും ദൈവം തിരിച്ചെടുക്കുന്നില്ല. അതുകൊണ്ട് അവിടുത്തെ നമ്മൾക്ക് വിശ്വസിക്കാം. അതേസമയം, നമ്മൾ പങ്കാളികളാക്കിത്തീർത്തിരിക്കുന്ന ഉടമ്പടിയോട് നമ്മൾക്കും വിശ്വസ്തരായിരിക്കാം. കുരിശിലെ ബലിയാണ് പുതിയ ഉടമ്പടിയിലെ ബലി. നമുക്കുവേണ്ടി ചിന്തപ്പെടുന്നു പുതിയ ഉടമ്പടിയുടെ രക്തമാണ് അവിടെ ചിന്തപ്പെടുന്നത്. മാമ്മോദീസായിൽ തുടങ്ങി മറ്റു കൂദാശകൾ വഴിയായി ജീവിതം ഉടനീളെ ഈ ഉടമ്പടിയിൽ നമ്മൾ പങ്കുചേരുന്നു.

## 8

# ദൈവം നിന്റെ കഷ്ടതകൾ കണ്ടു ‘എൽറോയി’

**ഉൽപത്തി 16:11**

*“ദൂതൻ തുടർന്നു പറഞ്ഞു: എണ്ണിയാൽ തീരാത്തവിധം അത്രയധികമായി നിന്റെ സന്തതിയെ ഞാൻ വർദ്ധിപ്പിക്കും. നീ ഗർഭിണിയാണല്ലോ. നീ ഒരു ആൺകുട്ടിയെ പ്രസവിക്കും. അവനു നീ ഇസ്മായേൽ എന്നു പേരിടണം. കാരണം, കർത്താവ് നിന്റെ രോദനം ചെവികൊണ്ടിരിക്കുന്നു. അവൻ കാട്ടുകഴുതയ്ക്കൊത്ത മനുഷ്യനായിരിക്കും.*

*അവൾ തന്നോടു സംസാരിച്ച കർത്താവിനെ എൽറോയി എന്നു വിളിച്ചു. കാരണം, എന്നെ കാണുന്നവനായ ദൈവത്തെ, ഞാനും ഇവിടെ വച്ചുകണ്ടു എന്നവൾ പറഞ്ഞു” (ഉൽപത്തി 16:11-13).*

ഹാഗാർ എന്ന അടിമപ്പെൺകുട്ടി, അബ്രാഹത്തിന്റെ കുടുംബത്തിൽ ജോലി ചെയ്തിരുന്നു. അനന്തമായി നീണ്ടുപോകുന്ന അബ്രാഹത്തിന്റെ അനപത്യതാദുഃഖം അവസാനിക്കുവാൻ അവൾ യജമാനത്തി സാറായുടെ നിർദ്ദേശപ്രകാരം ഗർഭിണിയായി. അങ്ങനെ സ്വന്തം യജമാനന്റെ കുട്ടിയുടെ അമ്മയായവൾ. അത് അവസാനം സാറായുടെ ശകാരത്തിനും അസൂയയ്ക്കും ഇരയായിതീർന്നു. അവൾ ദുരുപയോഗിക്കപ്പെട്ട ഒരു മനുഷ്യസ്ത്രീ? അവൾ എങ്ങനെ കടക്കാരിയായി? അവളുടെ യജമാനത്തിയുടെ അവജ്ഞ അതിരുകൾ കടന്നപ്പോൾ, അവൾ അവിടെ നിന്ന് പടിയിറങ്ങി. കാരണം എന്തുതന്നെ ആയാലും ചെന്നെത്തിയത്, അതിരുകളില്ലാത്ത മരുഭൂമിയിൽ, എങ്ങോട്ടുപോകണമെന്നറിയാതെ ഹാഗാർ നിരാശപ്പെട്ടു. അവളുടെ ഉള്ളിൽ എതിർപ്പിന്റെയും കലാപത്തിന്റെയും നീറ്റൽ. യജമാനത്തിയുടെ നിന്ദനവും മർദ്ദനവും ഏറ്റുവാങ്ങുന്നതിൽ ഭേദം അവൾക്കു മരണമാണെന്നുതോന്നി.

മരുഭൂമിയിൽ വെള്ളവും ഭക്ഷണവുമില്ലാതെ ഹാഗാർ നട്ടംതിരിഞ്ഞു. ഒരു സഹായത്തിന്റെയും നേരിയ പ്രതീക്ഷയില്ലാതെ നമുക്കും ഇതുപോലെയുള്ള സാഹചര്യം ഉണ്ടാകാവുന്നതാണ്. ശാരീരികമായിട്ടും ഒരുപക്ഷേ, കൂടുതലും ആദ്ധ്യാത്മികമായിട്ടും ഇത്തരം നിരാശയും നിരാസവും മരവിച്ച വികാരങ്ങളും അലട്ടുമ്പോൾ, നമുക്ക് മുമ്പിൽ ഉരുണ്ടുകൂടുന്നത് വെറും ശൂന്യതയാവും.

ദൈവം അവളെ മരുഭൂമിയുടെ ശൂന്യതയിൽ കണ്ടുമുട്ടുന്നു. നഷ്ടപ്പെട്ടവളെ അന്വേഷിച്ചു കണ്ടുമുട്ടുന്നു. ദൈവം അവൾക്ക് സാന്ത്വനവുമായിട്ടാണ് എത്തുന്നത്. രക്ഷിക്കാനായി ഭക്ഷണവുമായി. ദൈവം അവളോട് ചോദിക്കുന്നു. സാറായുടെ അടിമപ്പെണ്ണേ, ഹാഗാർ, നീ എവിടെ നിന്നുവരുന്നു? നീ എവിടേക്കു പോകുന്നു? ഏറ്റം അടിസ്ഥാനപരമായ രണ്ടു ചോദ്യങ്ങളാണിവ. അവൾ നടന്നുവന്നവഴിയും അതിന്റെ തുടക്കവും ഇനി അങ്ങോട്ടുള്ള ലക്ഷ്യവും അവളെ ഓർമ്മപ്പെടുത്താൻ ഈ ചോദ്യങ്ങൾ കാരണമാവുന്നു. അവളുടെ വ്യതിരിക്തമായ വ്യക്തിത്വത്തെയും എത്തിച്ചേർന്നിരിക്കുന്ന സ്ഥിതിവിശേഷത്തെയും കുറിച്ച് ഇവ വീണ്ടുവിചാരമുണ്ടാക്കി. ദൈവം നമ്മോടും ചോദിക്കുന്ന ഇതേ ചോദ്യങ്ങളാണ്. നീ ആര്? ഇവിടെ എങ്ങനെ വന്നെത്തി. ഈ പ്രതിസന്ധിയിൽ എങ്ങനെ കുടുങ്ങി?

ഹാഗാറിന് ഉടൻ നിർദ്ദേശം കിട്ടി. വന്നവഴിയെ തിരിച്ചുപോകണം- തന്റെ യജമാനത്തിയുടെ പക്കലേക്ക്. പക്ഷേ തിരിച്ചുപോകുമ്പോൾ വലിയ പ്രതീക്ഷയുടെ ഭാണ്ഡക്കെട്ട് കൈമുതലായിക്കിട്ടി. അബ്രാഹത്തിനു കൊടുത്തതുപോലെ ഒരു വാഗ്ദാനമാണ്, ദൈവം അവൾക്കു

കൊടുത്തത്: അനേകലക്ഷങ്ങളായിരിക്കും അവളുടെ മക്കൾ: അവളുടെ സന്തതികൾ ഒരു രാഷ്ട്രമായിത്തീരും.

ഹാഗാർ വിചിത്രമായ രീതിയിൽ പ്രത്യുത്തരം നല്കുന്നു. ദൈവത്തിന് അവൾ ഒരു പേരുകൊടുക്കുന്നു. പതിവിനു വിപരീതമായി. സാധാരണ പേരുകൊടുക്കുന്നത് ദൈവമാണ്. അവൾ കൊടുത്ത പേര് 'എൽറോയി'-ദൈവം കാണുന്നു. ദൈവം എന്റെ കഷ്ടതകൾ കാണുന്നു. എന്റെ പ്രചോദനങ്ങൾ കാണുന്നു. എന്റെ ചെറുത്തുനില്പുകൾ കാണുന്നു. നമ്മുടെ ദൈവം "എൽറോയി" ആണ്. എല്ലാം കാണുന്ന ദൈവം-ദർശനങ്ങളുടെ ദൈവം. കാഴ്ചകളുടെ ദൈവം. അന്ധനല്ലാത്ത ദൈവം. കണ്ണുകൾ ഉള്ള ദൈവം.

# 9
# ഞാൻ നശിപ്പിക്കുകയില്ല

**ഉൽപത്തി 18:28**

*"അവർ അവിടെനിന്ന് സോദോമിനു നേരെ നടന്നു. അബ്രാഹം അപ്പോഴും കർത്താവിന്റെ മുമ്പിൽത്തന്നെ നിന്നു. അബ്രഹാം അവിടുത്തെ സമീപിച്ചു ചോദിച്ചു. ദുഷ്ടന്മാരോടൊപ്പം അങ്ങു നീതിമാന്മാരെയും നശിപ്പിക്കുമോ? നഗരത്തിൽ അമ്പത് നീതിമാന്മാരുണ്ടെങ്കിൽ അങ്ങ് അതിനെ നശിപ്പിച്ചുകളയുമോ? അവരെപ്രതി ആ സ്ഥലത്തെ ശിക്ഷയിൽനിന്ന് ഒഴിവാക്കില്ലേ? ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും സംഹരിക്കുക - അത് അങ്ങിൽനിന്ന് സംഭവിക്കാതിരിക്കട്ടെ... കർത്താവ് അരുൾ ചെയ്തു: സോദോം നഗരത്തിൽ അമ്പതു നീതിമാന്മാർമാരെ ഞാൻ കണ്ടെത്തുന്നപക്ഷം ക്ഷമിക്കും..."* നീതിമാന്മാർ അമ്പതിന് അഞ്ചു കുറവാണെന്നുകണ്ടാൽ നഗരത്തെ മുഴുവൻ നീ നശിപ്പിക്കുമോ? അവിടുന്നു പറഞ്ഞു: "നാല്പത്തിയഞ്ചുപേരെ കണ്ടെത്തിയാൽ ഞാൻ അതിനെ നശിപ്പിക്കുകയില്ല. അബ്രാഹത്തിന്റെ വിലപേശൽ വീണ്ടും താഴോട്ടു ഇറങ്ങി. പത്തു നീതിമാന്മാർ വരെ എത്തി. അബ്രാഹം പറഞ്ഞു: കർത്താവേ കോപിക്കരുതേ! ഒരുതവണകൂടി മാത്രം ഞാൻ സംസാരിക്കട്ടെ. പത്തുപേരെ അവിടെയുള്ളൂവെങ്കിലോ? അവിടുന്ന് അരുൾ ചെയ്തു. ആ പത്തുപേരെ പ്രതി ഞാൻ നശിപ്പിക്കുകയില്ല.

അബ്രാഹം സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവ് അവിടെനിന്ന് പോയി" (ഉൽപത്തി 18:22-32).

സോദോം ഗൊമോറ എന്ന പട്ടണങ്ങളിലെ നിവാസികൾ ചെയ്തുകൂട്ടിയ പാപങ്ങൾക്ക് ശിക്ഷയായി, ദൈവം ആ രണ്ടു പട്ടണങ്ങളെ നശിപ്പിക്കാൻ തീരുമാനിച്ചു തുനിഞ്ഞിറങ്ങുന്നു. അബ്രാഹം അവിടുത്തെ ജനങ്ങൾക്ക് വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. കച്ചവടത്തിലെ വിലപേശൽ രൂപത്തിലാണ്, അബ്രാഹം തന്റെ മാദ്ധ്യസ്ഥ്യശ്രമം തുടങ്ങുന്നത്. അമ്പതു നീതിമാന്മാരെ മുമ്പിൽകണ്ടുകൊണ്ടാണ്. അമ്പതു നീതിമാന്മാർ അവിടെ ഉണ്ടെങ്കിൽ ആ പട്ടണങ്ങൾ നശിപ്പിക്കരുതേ എന്ന് യാചിച്ചുകൊണ്ട് അബ്രാഹം വിലപേശൽ തുടങ്ങുന്നു. ദൈവം ആ യാചന സ്വീകരിച്ച് നശിപ്പിക്കുകയില്ലായെന്ന് വാഗ്ദാനം ചെയ്യുന്നു. അബ്രാഹത്തിന് അത്രയും നീതിമാന്മാരെ കണ്ടെത്താൻ കഴിഞ്ഞില്ല. അബ്രാഹത്തിന്റെ വിലപേശൽ താഴോട്ടുവരുന്നു. അതു അവസാനം പത്തു നീതിമാന്മാരിൽ വന്നു നില്ക്കുന്നു. പത്തു നീതിമാന്മാർക്കുവേണ്ടി ആ പട്ടണങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കാൻ ദൈവം തയ്യാറാകുന്നു. ദൈവത്തിന്റെ സ്വഭാവം അതാണ് കാരുണ്യവും, ദയയും, ക്ഷമയും കരകവിഞ്ഞൊഴുകുന്ന പ്രകൃതം.

പെരുകുന്ന പാപങ്ങൾ നിറയുമ്പോഴും നമ്മൾ നാശത്തിൽനിന്ന് രക്ഷിക്കപ്പെടുന്നു. സംരക്ഷിക്കപ്പെടുന്നു. ഒഴിവാക്കപ്പെടുന്നു. യേശുവിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ ശക്തിയാൽ ലോകം വിനാശത്തിൽനിന്ന് രക്ഷിക്കപ്പെടുന്നു. വിശുദ്ധരുടെയും നമ്മുടെയും പ്രാർത്ഥനകൾ യേശുവിന്റെ ബലിയോടു ചേർക്കപ്പെടുന്നു. ദൈവത്തിന്റെ അനുകമ്പയെക്കുറിച്ചും, നിരവധി മറ്റുള്ളവരുടെ സ്നേഹത്തെക്കുറിച്ചും നമുക്ക് നിരന്തരം അവബോധം ഉണ്ടായിരിക്കണം. നമുക്കും മാദ്ധ്യസ്ഥ്യം വഹിക്കാം - സോദോം ഗൊമോറയിലെ ജനങ്ങൾക്കുവേണ്ടി അബ്രഹാം നടത്തിയതുപോലെ നമുക്ക് ലോകം മുഴുവനുവേണ്ടിയും പ്രത്യേകിച്ചു പാപികൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിക്കാം.

# 10

# സകല രാജ്യങ്ങളെയും ഞാൻ അനുഗ്രഹിക്കും

**ഉൽപത്തി 22:18**

*“നിന്റെ ഏക പുത്രനെപ്പോലും എനിക്കുതരാൻ മടിക്കായ്ക കൊണ്ട് ഞാൻ ശപഥംചെയ്യുന്നു: ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും, കടൽത്തീരത്തെ മണൽത്തരിപോലെയും, ഞാൻ വർദ്ധി പ്പിക്കും... നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട്, നിന്റെ സന്തതിയി ലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും” (ഉൽപത്തി 22:16–18).*

അബ്രാഹത്തിന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനുവേണ്ടി, ദൈവം എടുത്ത നടപടിയുടെ പരകോടിയിൽ എത്തുമ്പോൾ, ദൈവം അബ്രാഹത്തിനു കൊടുക്കുന്ന വാഗ്ദാനമാണിത്. അബ്രാഹത്തിന്റെ ഏകജാതനായ ഇസഹാക്കിനെ ബലിയർപ്പിക്കാൻ ദൈവം ആവശ്യ പ്പെടുന്നു. ഹൃദയം തകർന്ന അബ്രാഹം ഒരു മറുചോദ്യവും ചോദിക്കു ന്നില്ല. വേദന കാണിക്കുന്നില്ല, ദൈവത്തിന്റെ കല്പനയെ ധിക്കരി ക്കാനോ അതിനെതിരെ ചെറുത്തുനില്ക്കാനോ ശ്രമിക്കുന്നില്ല. മാനുഷിക മായി ചിന്തിക്കുമ്പോൾ, ഇസഹാക്കിനെ ബലിയർപ്പിച്ചാൽ, ദൈവം തനിക്കുതന്നിരിക്കുന്ന, സകല വാഗ്ദാനങ്ങളും, അസാധുവാകുമെന്ന് അബ്രാഹത്തിന് തോന്നാവുന്നതാണ്. അതോടെ തന്റെ ജീവിതം നിർജീവവും ഫലശൂന്യവുമായിപ്പോകുമെന്ന് അദ്ദേഹത്തിന് തോന്നാം. ആദ്യമേതന്നെ, അദ്ദേഹത്തിന്റെ ഭൂതകാലം മുഴുവൻ ബലിയർപ്പിച്ചിട്ടാണ്, വീടും നാടുംവിട്ട് അബ്രാഹം പുതിയ സ്ഥലത്തേക്ക് പോന്നത്. ഇപ്പോൾ ദൈവം ആവശ്യപ്പെടുന്നത് തന്റെ ഭാവിയും ബലിയർപ്പിക്കാനാണ്. അബ്രാഹത്തിന് പിന്നെ, പ്രതീക്ഷിക്കാൻ ഒന്നുമില്ല. സ്വന്തമെന്ന് പറഞ്ഞ് സൂക്ഷിക്കാൻ ഒന്നുമില്ല. പിന്നെ അവശേഷിക്കുന്നത് ദൈവ ത്തിന്റെ വചനം മാത്രം. നമ്മുടെ ജീവിതത്തിലും ഇതുപോലെ, മനസ്സി ലാക്കാൻ പറ്റാത്ത പലതും സംഭവിച്ചു എന്നുവരാം. അപ്രതീക്ഷിതമായി ആഞ്ഞടിക്കുന്ന ദുരന്തങ്ങൾ, നിരാശപ്പെടുത്തുന്ന ദൗർഭാഗ്യങ്ങൾ,

ഉറ്റവരുടെ നഷ്ടപ്പെടൽ, മുതലായവ. നമ്മുടെ ജീവിതം ഫലശൂന്യവും അർത്ഥശൂന്യവുമാക്കി തീർക്കുന്ന സംഭവങ്ങൾ നമ്മളെക്കൊണ്ട് എത്തിക്കുന്നത് വികാരങ്ങൾ തകർന്നടിയുന്ന സ്ഥിതിയിലേക്കാണ്. ഇത്തരം വേദനയും കയ്പും നിറഞ്ഞ ജീവിതത്തെക്കാൾ ഒരുപക്ഷേ മരണത്തെ ആഗ്രഹിച്ചുപോകുന്ന നിമിഷങ്ങൾ പലർക്കും ഉണ്ടാകാവുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ നമ്മൾ ഹൃദയം തകർന്ന് നിലവിളിച്ചുവെന്നും വരാം: "എന്തുകൊണ്ട്?" "എന്തുകൊണ്ട് ഇതെല്ലാം എനിക്കു സംഭവിച്ചു?" ഇത്തരം മാരകവേദനയുടെ മരവിപ്പിക്കുന്ന സ്ഥിതിവിശേഷത്തിലൂടെ കടന്നുപോകുന്ന അബ്രാഹം ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചു, യാതൊരു പ്രതിരോധപ്രക്രിയയ്ക്കും ഇടം കൊടുക്കാതെ. ഇതുലോകം മുഴുവനും അനുഗ്രഹത്തിന്റെ അടിസ്ഥാന കാരണമായിത്തീർന്നു.

ബുദ്ധിശൂന്യമായ ഒരു ദുരന്തകഥയായി പര്യവസാനിക്കുമെന്ന് തോന്നിപ്പിച്ച സംഭവം വലിയ അനുഗ്രഹത്തന്റെ ഉറവിടമായി പരിണമിച്ചു. അതുകൊണ്ട് നന്മക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി ദൈവത്തിൽ നമുക്ക് വിശ്വസിക്കാം. നൈരാശ്യത്തിന്റെ നീർച്ചുഴിയിൽ നിലതെറ്റിവീഴാതിരിക്കാം.

## 11

# ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കും നിന്നെ ഞാൻ അനുഗ്രഹിക്കും

**ഉൽപത്തി 26:3**

*"കർത്താവ് പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ഈജിപ്തിലേക്ക് പോകരുത്; ഞാൻ പറയുന്ന നാട്ടിൽ പാർക്കുക. ഈ നാട്ടിൽ തന്നെ കഴിഞ്ഞുകൂടുക. ഞാൻ നിന്റെക്കൂടെ ഉണ്ടായിരിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കുകയും ചെയ്യും. നിനക്കും നിന്റെ പിൻതലമുറക്കാർക്കും ഈ പ്രദേശമെല്ലാം ഞാൻ തരും. നിന്റെ പിതാവായ അബ്രാഹത്തിനോട് ചെയ്ത വാഗ്ദാനം ഞാൻ നിറവേറ്റും. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. നിന്റെ സന്തതികളിലൂടെ ഭൂമിയിലെ ജനതകൾ എല്ലാം അനുഗ്രഹിക്കപ്പെടും" (ഉൽപത്തി 26:2-4).*

ഇസഹാക്ക് എന്ന ഗോത്രപിതാവ് വലിയവനായ പിതാവ് അബ്രാഹത്തിന്റെയും വലിയ ഒരു മകൻ യാക്കോബിന്റെയും ഇടയിൽ അമർത്തപ്പെട്ടവനായിരുന്നു. സ്വതന്ത്രമായ ഒരു അസ്തിത്വം തന്നെ അയാൾക്ക് അനുവദിക്കപ്പെട്ടിരുന്നില്ല. ബൈബിളിൽ ഇസഹാക്കിന്റെ കഥ പറയപ്പെട്ടിരിക്കുന്നത് ഒന്നുകിൽ പിതാവുമായിട്ട് അല്ലെങ്കിൽ മകനുമായി ബന്ധപ്പെടുത്തിയിട്ടാണ്. കഥകളിലെല്ലാം ഇസഹാക്ക് കർമ്മവസ്തുവാണ്. ഇസഹാക്കിന്റെ പുറത്താണ് കഥകൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. ഇസഹാക്ക് കർത്താവല്ല. എല്ലാം ഏറ്റുവാങ്ങുന്നവനാണ്. അബ്രാം ബലിപീഠത്തിൽ ബലിയർപ്പിക്കാനായി നടത്തിക്കൊണ്ടുപോകുന്നത് ഇസഹാക്കിനെയാണ്. വിറകുചുമക്കുന്നതും ഇസഹാക്ക്. കുരുട്ടുബുദ്ധിക്കാരൻ മകൻ യാക്കോബിന്റെ കുതന്ത്രത്തിൽ വീണ് ചതിക്കപ്പെട്ടതും, ഇസഹാക്ക്. എന്നാൽ ഉൽപത്തി 26-ാം അദ്ധ്യായത്തിൽ, നടന്നത് ഇതിനൊരു അപവാദമായിട്ടാണ്. ദൈവം പ്രത്യക്ഷപ്പെട്ട് അബ്രാഹത്തിനും യാക്കോബിനും കൊടുത്തതുപോലെ ഒരു വാഗ്ദാനം ഇസഹാക്കിനും കൊടുക്കുന്നു. ക്ഷാമത്തെപേടിച്ച് ഈജിപ്തിലേക്ക് പോകരുതെന്നാണ് ഇസഹാക്കിനോട് ആശ്യപ്പെടുന്നത്. യുക്തിയുക്തമായ ഒരു നടപടി. വളരെ ബുദ്ധിപരമായ ഒരു നീക്കം. കാരണം ദൈവം വാഗ്ദാനം ചെയ്ത ഭൂമിയിൽ ദൈവം തന്നെ പരിരക്ഷ കൊടുക്കും. ഈ വാഗ്ദാനത്തിൽ ആറ് ഘടകങ്ങൾ അടങ്ങിയിരിക്കുന്നു:-

1. ഞാൻ നിന്നോടൊപ്പം ഉണ്ടായിരിക്കും. 2. ഞാൻ നിന്നെ അനുഗ്രഹിക്കും. ഇതു വെറും പാഴ്വാക്കല്ല. ഫലദായകമായ അനുഗ്രഹമാണ്. 3. ഞാൻ ഈ ഭൂമി നിനക്കു തരും. 4. ഞാൻ അബ്രാഹത്തോടു ചെയ്ത ശപഥം നിറവേറ്റും. 5. ഞാൻ നിന്റെ സന്തതികളെ അനേകായിരമായി വർദ്ധിപ്പിക്കും. 6. ഭൂമിയിലെ സകല രാജ്യങ്ങളും നിന്നിലൂടെ അനുഗൃഹീതരാകും.

ഗോത്രപിതാക്കൾക്ക് ദൈവം കൊടുത്ത വാഗ്ദാനങ്ങൾ അവർക്കുവേണ്ടി മാത്രമല്ല. അത് എല്ലാവർക്കും വേണ്ടിയാണ്. ലോകത്തിലെ സകല ജനങ്ങളെയും അനുഗ്രഹിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യരക്ഷയുടെ പദ്ധതിയുടെ ചരിത്രത്തിൽ നമ്മൾ എല്ലാവരും പങ്കുപറ്റുന്നു. അനുഗ്രഹം നമ്മിലേക്ക് ഒഴുകി എത്തുന്നു. അതിന് ഒരേ ഒരു വ്യവസ്ഥ മാത്രം. നമ്മൾ ദൈവത്തിന്റെ ശബ്ദം ശ്രവിച്ച്, തന്റെ ഇഷ്ടം നമ്മുടെ ജീവിതത്തിൽ ഉടനീളെ തിരിച്ചറിയണം.

12

# ഞാൻ ഒരിക്കലും നിന്നെ ഉപേക്ഷിക്കുകയില്ല

**ഉൽപത്തി 28:15**

*"യാക്കോബ് ബേർഷെബായിൽനിന്ന് ഹാരാനിലേക്ക് പുറപ്പെട്ടു. സൂര്യൻ അസ്തമിച്ചപ്പോൾ അവൻ വഴിക്കൊരിടത്ത് തങ്ങുകയും രാത്രി അവിടെ ചെലവഴിക്കുകയും ചെയ്തു. ഒരു കല്ലെടുത്ത് തലക്കു കീഴെവച്ച് അവൻ ഉറങ്ങാൻ കിടന്നു. അവന് ഒരു ദർശനമുണ്ടായി. ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന ഒരു ഗോവണി. അതിന്റെ അറ്റം ആകാശത്തു മുട്ടിയിരിക്കുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. ഗോവണിയുടെ മുകളിൽ നിന്നുകൊണ്ട് കർത്താവ് അരുളിചെയ്തു. ഞാൻ നിന്റെ പിതാവായ അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ദൈവമായ കർത്താവാണ്. നീ കിടക്കുന്ന മണ്ണ് നിനക്കും നിന്റെ സന്താനങ്ങൾക്കും ഞാൻ നല്കും. നിന്റെ സന്തതികൾ ഭൂമിയിലെ പൂഴിപോലെ എണ്ണമറ്റവരായിരിക്കും.... നിന്നിലൂടെയും നിന്റെ സന്താനങ്ങളിലൂടെയും ഭൂമിയിലെ ഗോത്രങ്ങൾ എല്ലാം അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം, ഞാൻ നിന്നെ കാത്തുരക്ഷിക്കും" (ഉൽപത്തി 28:10-15).*

യാക്കോബ് ഭീരുവും അതേ സമയം സൂത്രശാലിയുമായിരുന്നു. അമ്മയുടെ ഉദരത്തിൽനിന്ന് യാക്കോബ് പുറത്തുവന്നപ്പോൾ അവന്റെ ഇരട്ടസഹോദരൻ, ഏസാവിന്റെ കുതികാലിൽ പിടിച്ചിരുന്നു. ഇത് അദ്ദേഹത്തിന്റെ സ്വഭാവത്തെത്തന്നെ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പേരിന്റെ അർത്ഥം തന്നെ അപരന്റെ കാലുവാരുന്നവൻ അഥവാ അപരന്റെ സ്ഥാനം തട്ടിപ്പറിക്കുന്നവൻ എന്നാണ്. യാക്കോബ് സ്വന്തം സഹോദരനെ ചതിച്ച് ഒരു വഞ്ചനയിലൂടെ തന്റെ പിതാവിൽ നിന്ന് മൂപ്പുസ്ഥാനവും അനുഗ്രഹവും നേടിയെടുത്തു. അന്നുമുതൽ യാക്കോബ് ഭയക്കാൻ തുടങ്ങി. ജീവനുവേണ്ടി പലായനം ചെയ്തു. രാത്രിയിൽ വഴിവക്കത്ത് കല്ല് തലയിണയായി വച്ച് ഉറങ്ങി. കുറ്റബോധം അദ്ദേഹത്തെ അലട്ടിയിരുന്നു. അദ്ദേഹം ക്ഷീണിതനും, പരാജിതനും, ഭയചകിതനുമായിരുന്നു. ഇവയെല്ലാം സ്വയം വരുത്തിവച്ച വിനകളാണ്.

യാക്കോബ് അനുഗ്രഹം വാങ്ങിയത് വളഞ്ഞ വഴിയിലൂടെ ആണെങ്കിലും മൂത്തവന്റെ കടിഞ്ഞൂൽ അവകാശം അഥവാ മൂപ്പവകാശം അദ്ദേഹം നേടിയെടുത്തത് നേരത്തെ മറ്റൊരു സാഹചര്യത്തിൽ വിലകൊടുത്തു വാങ്ങിയതാണ്. പകരം അപ്പവും പായസവും കൊടുത്തു. അതുകൊണ്ട് ഏസാവിൽ നിന്ന് പ്രതികാരം പ്രതീക്ഷിച്ചാണ്, യാക്കോബ് വീട്വിട്ടിറങ്ങിയത്. കുറ്റബോധവും സംഭ്രമവും സമാധാനക്കേടും യാക്കോബിനെ അവശനാക്കി. എന്നിട്ടും ദൈവം അദ്ദേഹത്തെ തേടിവന്നു.

ഇങ്ങനെ ദുഃഖിതനായിക്കിടക്കുന്നവന്റെ തലക്കുമേൽ സ്വർഗ്ഗം ഇറങ്ങിവരുന്നു. ദൈവദൂതന്മാർ അവന്റെ മേൽ ചാഞ്ഞിറങ്ങി. ദൈവം സിംഹാസനത്തിലിരുന്നുകൊണ്ട് അവന്റെ മേൽ ദയാവായ്പോടെ നോക്കി. ദൈവം തന്റെ അസ്തിത്വത്തിന്റെ അനന്യത വെളിപ്പെടുത്തി. അവിടുന്ന് പൂർവ്വപിതാക്കളുടെ ദൈവമാണെന്ന് പരിചയപ്പെടുത്തി. ഏഴുനിലകളിൽ, ഏഴുഘടകങ്ങളിൽ ഉള്ള ഒരു വാഗ്ദാനമാണ്, ദൈവം യാക്കോബിനു കൊടുത്തത്: 1. ഞാൻ നിനക്കുള്ള മണ്ണ് നല്കും. 2. നിന്റെ സന്തതികൾ ഭൂമിയിലെ മണൽത്തരികൾപോലെ വർദ്ധിക്കും. 3. ലോകത്തിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. 4. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ സംരക്ഷിക്കും. 5. ഞാൻ വീണ്ടും നിന്നെ ഈ മണ്ണിലേക്ക് തിരിച്ചുകൊണ്ടുവരും. 6. ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല.

ദൈവം പരാജിതന്റെയും ബലഹീനന്റെയും കൂടെയാണ്. ആരെയും അവന്റെ വിധിക്ക് വിട്ടുകൊടുത്തുകൊണ്ട് ഉപേക്ഷിക്കുകയില്ല. പരാജിതന്റെയും ബലഹീനന്റെയും വിലപിക്കുന്നവന്റെയും തലയ്ക്ക് മുകളിൽ ദൈവത്തിന്റെ സ്വർഗ്ഗം തുറക്കപ്പെടുന്നു. യാക്കോബ് ഉണർന്നപ്പോൾ അദ്ദേഹം പ്രതികരിച്ചു: "തീർച്ചയായും ദൈവം ഇവിടെയുണ്ട്. പക്ഷേ, അതു ഞാൻ മനസ്സിലാക്കിയില്ല". ദൈവം നമ്മുടെ ദുരന്തത്തിലും, കഷ്ടതയിലും, പരാജയത്തിലും പാപങ്ങളിലും, നമ്മോടൊപ്പമുണ്ട്. അവിടുത്തെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ, വിശ്വാസത്തിന്റെ കണ്ണുകൾതന്നെ വേണം. അവിടുന്ന് നമ്മുടെ കഷ്ടതകളിലും ആവശ്യങ്ങളിലും നമ്മളെക്കണ്ട് ഉപേക്ഷിച്ചു കളയുകയില്ല.

# 13

# ഞാൻ നിങ്ങളെ തേനും പാലുമൊഴുകുന്ന ഒരു നാട്ടിലേക്ക് നയിക്കും

**പുറപ്പാട് 3:8**

*"കർത്താവ് വീണ്ടും അരുളിച്ചെയ്തു: ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽനിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കയ്യിൽ നിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും, തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനുമാണ്, ഞാൻ ഇറങ്ങിവന്നിരിക്കുന്നത്" (പുറപ്പാട് 3:7–8).*

മനുഷ്യന്റെ രക്ഷാകര ചരിത്രത്തിൽ നിർണ്ണായകമായിത്തീർന്ന ഒരു വ്യതിചലനം സംഭവിച്ചത്, പുറപ്പാട് എന്ന സംഭവ ബഹുലമായ മൈഗ്രേഷൻ ഒഡീസ്സിയോടെയാണ്. എന്തുകൊണ്ടെന്നാൽ, അവിടെ ദൈവം ചരിത്രത്തിൽ ഇടപെട്ട്, ചരിത്രം സൃഷ്ടിച്ചു. ഈജിപ്തിലെ അടിമത്വത്തിൽനിന്ന്, ഇസ്രായേൽ ജനതയെ വിമോചിപ്പിച്ച്, വാഗ്ദാനഭൂമിയിലേക്ക് നയിച്ച നീണ്ട പ്രക്രിയ, ദൈവത്തെക്കുറിച്ചുള്ള ഒരു പുതിയ വെളിപാടാണ്. മർദ്ദിതരുടെ നിലവിളികേൾക്കുന്നവനാണ് ദൈവം.

അടിമത്വത്തിൽ കിടന്ന് ഉഴലുന്ന ഒരു ജനതയുടെ ദീനരോദനം ദൈവം കേൾക്കുന്നു: "അവൻ (ദൈവം) അവരുടെ ദീനരോദനം കേട്ടു. അബ്രാഹത്തിനോടും ഇസഹാക്കിനോടും, യാക്കോബിനോടും ചെയ്ത ഉടമ്പടി ഓർമ്മിക്കുകയും ചെയ്തു" (പുറപ്പാട് 2:24). ഇവിടെത്തുടങ്ങുന്നു, ദൈവത്തിന്റെ ഇടപെടൽ. തുടർന്ന് നിരവധി സംഭവപരമ്പരകൾ തുടരെ തുടരെ അരങ്ങുതകർത്താടുന്നു. അതു ചെന്നെത്തുന്നത് സീനായ് ഉടമ്പടിയിലേക്കും. വാഗ്ദത്തഭൂമിയിലെ അധിനിവേശത്തിലും കൈവശപ്പെടുത്തലിലും പരിസമാപ്തി കുറിക്കുന്നു. ദൈവം ശ്രവിക്കുന്നു, ശ്രദ്ധിക്കുന്നു, പ്രവൃത്തിക്കുന്നു, കത്തിജ്വലിക്കുന്ന നികുഞ്ജങ്ങളുടെ ഉള്ളിൽ, കത്തുന്ന മുൾപടർപ്പിൽ പരിശുദ്ധിയുടെ പ്രതീകമായി ദൈവം സ്വയം

വെളിപ്പെടുത്തുന്നു. അവിടുന്ന് ഒരേസമയം അടുത്തുനില്ക്കുന്നവനും, വിദൂരത്തുനില്ക്കുന്നവനും, അകം നിറഞ്ഞുനില്ക്കുന്നവനും, പ്രകൃത്യാതീതനുമാണ്. ദൈവത്തിന്റെ വിശുദ്ധി തന്റെ അനുകമ്പയിൽ വെളിപ്പെടുത്തുന്നു. ദൈവം മർദ്ദനം അവസാനിപ്പിക്കുന്നു. മർദ്ദിതരെ വിമോചിപ്പിക്കുന്നു. അവരെ തെരഞ്ഞെടുക്കപ്പെട്ട ജനമായി ഉയർത്തുന്നു.

പഴയനിയമത്തിലെ ദൈവം നിർദ്ദയനും, ക്രൂരനും, പ്രതികരിക്കാത്തവനും, ശിക്ഷിക്കുന്നവനും, കർശന ന്യായാധിപനുമായി ചിത്രീകരിക്കുന്നത് ശരിയല്ല. ദൈവം കാഴ്ചയുള്ളവനും, ചെവിയുള്ളവനും, സ്നേഹനിർഭരമായ ലോലഹൃദയമുള്ളവനുമാണ്. ഇതാണ് പുറപ്പാടിന്റെ സംഭവപരമ്പരയിൽ വെളിപ്പെടുന്ന ദൈവത്തിന്റെ പ്രതിച്ഛായ.

ദൈവം ഇന്നലെയും ഇന്നും നാളെയും ഒന്നുതന്നെ. നിരാശയിൽ നിലവിളിക്കുന്നവരെ രോദനം അവിടുന്നു കേൾക്കുന്നു. അവിടെ പുറപ്പാടിന്റെ ദൈവമായ വിമോചകൻ ഇറങ്ങിവരുന്നു. രക്ഷിക്കാനും, വിമോചിപ്പിക്കാനും, ആശ്വസിപ്പിക്കാനും, ആനയിക്കാനുമാണ് അവിടുന്ന് വരുന്നത്. ബൈബിളിലെ ദൈവം പാവപ്പെട്ടവന്റെയും ബലഹീനന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവന്റെയും ദൈവമാണ്. അവിടുന്ന് വന്നതും, ഇപ്പോൾ വരുന്നതും ജനങ്ങളെ സ്വതന്ത്രരാക്കാനാണ്. ഏതുതരം ബന്ധനത്തിൽപ്പെട്ടവനായാലും ഭയത്തിന്റെയോ, ശാന്തിയില്ലാത്ത രോഗത്തിന്റെയോ, ചീത്ത തഴക്കത്തിന്റെയോ ബന്ധനത്തിലോ അകപ്പെട്ട് ഉഴലുന്നവരുടെ വിമോചനകനാണ് ദൈവം.

## 14

# ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും

**പുറപ്പാട് 6:7**

*"ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി, നിങ്ങളെ ഞാൻ മോചിപ്പിക്കും. നിങ്ങളുടെ അടിമത്വത്തിൽനിന്ന് നിങ്ങളെ സ്വതന്ത്രരാക്കും. കയ്യുയർത്തി അവരെ കഠിനമായി ശിക്ഷിച്ച്, നിങ്ങളെ വീണ്ടെടുക്കും. ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും, നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും. ഈജിപ്തുകാരുടെ ദാസ്യത്തിൽ നിന്ന്*

*നിങ്ങളെ മോചിപ്പിച്ച, ഞാനാണ്, നിങ്ങളുടെ ദൈവമായ കർത്താവ് എന്ന് നിങ്ങൾക്കറിയും" (പുറപ്പാട് 6:6–7).*

ദൈവം തന്റെ പേര് വെളിപ്പെടുത്തുന്നത് മൂശക്കാണ്: "യാഹ്‌വേ" ഈ പേര് അബ്രാഹത്തിനും, ഇസഹാക്കിനും യാക്കോബിനും വെളിപ്പെടുത്തിക്കൊടുത്തിരുന്നില്ല. "യാഹ്‌വേ" എന്ന പേരിന്റെ അർത്ഥം 'ഞാൻ ഞാനാകുന്നു' എന്നാണ്. ഇതൊരു നിർവചനമല്ല. എന്നാൽ, ഒരു വെളിപാടാണ് അടിമത്വത്തിൽനിന്നുള്ള വിമോചനത്തിന്റെയും വീണ്ടെടുപ്പിന്റെയും പ്രവർത്തനങ്ങൾ വഴി ദൈവം സ്വയം വെളിപ്പെടുത്തുന്നു. "യാഹ്‌വേ", വിമോചകനായ ദൈവമാണ്. ആ ദൈവം ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ അവിടുത്തെ വെളിപാടുകൾ ചരിത്രത്തെ സൃഷ്ടിക്കുന്നു.

ദൈവം നല്കുന്ന വിമോചനത്തിന്റെ ലക്ഷ്യം, ഒരു പ്രത്യേക ജനതയെ രൂപപ്പെടുത്തി, പാകപ്പെടുത്തുക എന്നതായിരുന്നു. "നിങ്ങൾ എന്റെ സ്വന്തം ജനമാണ്" (പുറപ്പാട് 19:5). നിങ്ങൾ എന്റെ സ്വന്തം ജനമാണെന്ന് ദൈവം പറയുമ്പോൾ, "ഞാനും നിങ്ങളും" എന്ന ബന്ധമാണ് അവിടെ രൂപപ്പെടുന്നത്. ഒരു പ്രത്യേക ജനതയെ വളർത്തിയെടുക്കാൻ ദൈവം ചരിത്രത്തിലേക്ക് പ്രവേശിക്കുന്നു. ആ ജനത വഴിയാണ് ലോകം മുഴുവന്റെയും വീണ്ടെടുപ്പു ദൈവം നടത്തുന്നത്.

ഇവിടെ ദൈവത്തിന്റെ വാഗ്ദാനം വരുന്നത് വ്യക്തിപരമായ ഒരു ശപഥത്തിന്റെ രൂപത്തിലാണ്. "ഞാനാണ് യാഹ്‌വേ, ഞാൻ നിങ്ങളെ സ്വതന്ത്രരാക്കും. ഞാൻ നിങ്ങളെ വിമോചിപ്പിച്ച് കഴിയുമ്പോൾ, ഞാനാണ് 'യാഹ്‌വേ' അഥവാ ദൈവമായ കർത്താവ് എന്ന് നിങ്ങൾക്ക് മനസ്സിലാകും" (പുറപ്പാട് 6:7). ദൈവം ശപഥം ചെയ്യുന്നതുപോലും സ്വന്തം നാമത്തിന്റെ ബലത്തിലാണ്. അതിനെക്കാൾ വലുതായിട്ടൊന്നും പ്രപഞ്ചത്തിലില്ല. ഇസ്രായേലിനെ സ്വന്തം ആദ്യജാതനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ദൈവത്തിന്റെ ഏകജാതനായ യേശുമിശിഹാവഴി ഉറപ്പായി ലഭിക്കാൻ പോകുന്ന ദൈവപുത്രസ്ഥാനത്തിന്റെ മുന്നോടിയായി ഭവിച്ച ഒരു നിഴലിപ്പാണിത്. ദൈവം നമുക്ക് തരുന്ന സ്വാതന്ത്ര്യം നമ്മൾ ആസ്വദിക്കുമ്പോൾ നമ്മുടെ ദൈവത്തെ നമ്മൾ അറിയുന്നു. നമ്മുടെ വിടുതൽ പാപത്തിന്റെ അടിമത്വത്തിൽ നിന്നുമാണ്. "ഈജിപ്തുകാരുടെ ദാസ്യത്തിൽനിന്ന് നിങ്ങളെ വിമോചിപ്പിച്ച, ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവെന്ന് നിങ്ങൾ അറിയും" (പുറപ്പാട് 6:7). ദൈവം സ്വാതന്ത്ര്യത്തിന്റെ ദൈവമാണ്. ആരും ബന്ധനത്തിൽക്കിടക്കുന്നത് ഇഷ്ടപ്പെടാത്ത ദൈവം. പൂർവ്വകാലത്തിലെ പാപങ്ങളുടെ കുറ്റബോധം, ഭാവിയെക്കുറിച്ചുള്ള ഭയാശങ്കകൾ, തെറ്റായ തഴക്കങ്ങളുടെ

ഊരാക്കുടുക്കുകൾ മുതലായ ഏതു ബന്ധനങ്ങളിൽപ്പെട്ടാലും ദൈവമാണ് നമ്മളെ വിമോചിപ്പിക്കുന്നത്. ദൈവത്തിന് മോചനം തരാൻ പറ്റാത്ത ഒരു ബന്ധനവും ഇല്ല. അതുകൊണ്ട് വിശ്വാസവും പ്രതീക്ഷയുമായി ദൈവത്തിന്റെ പക്കലേക്ക് നമുക്ക് തിരിയാം.

## 15

# ഒരു മഹാമാരിയും നിങ്ങളെ നശിപ്പിക്കുകയില്ല

**പുറപ്പാട് 12:13**

*"ആ രാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. ഈജിപ്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതന്മാരെയെല്ലാം ഞാൻ സംഹരിക്കും. കട്ടിളയിലുള്ള രക്തം നിങ്ങൾ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും. അതു കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. ഞാൻ ഈജിപ്തിനെ പ്രഹരിക്കുമ്പോൾ, ആ ശിക്ഷ നിങ്ങളെ ബാധിക്കുകയില്ല" (പുറപ്പാട് 12:1-13).*

ഈ വാഗ്ദാനത്തിന്റെ സന്ദർഭം ആദ്യത്തെ പെഹസാ ആചരണമാണ്. ഇസ്രായേൽക്കാരുടെയും ക്രിസ്ത്യൻ സഭകളുടെയും ഏറ്റം പ്രധാനപ്പെട്ട ആരാധനാഘോഷമാണ് പെസഹാ ആചരണം. സംഹാര താണ്ഡവമാടിയ ദൈവദൂതർ ഈജിപ്തിലെ കടിഞ്ഞൂൽ സന്തതികളെയെല്ലാം കൊന്നൊടുക്കി, ഈജിപ്തിലൂടെ കടന്നുപോയ രാത്രിയിൽ, ഇസ്രായേൽക്കാർ ഒരുപോറലും ഇല്ലാതെ രക്ഷപ്പെട്ടു. അവരുടെ ഭവനങ്ങളുടെ പുറംവാതിലുകളുടെ കട്ടിളപ്പടികളിൽ രക്തത്തിന്റെ അടയാളം കണ്ടതുകൊണ്ട്, അവരെ ദൈവദൂതന്മാർ ഒഴിവാക്കി. ആ രാത്രിയുടെ ഓർമ്മയാണ് പെസഹാ അല്ലെങ്കിൽ കടന്നുപോകൽ, ദൈവത്തിന്റെ കല്പനയുടെ ലംഘനത്തിനും ഇസ്രായേൽക്കാരുടെ മേൽ അഴിച്ചുവിട്ട മർദ്ദനത്തിനും ദൈവം കൊടുത്തതാണ് ഈ കഠിനശിക്ഷ. ഈജിപ്തിൽ സംഹാരം നടത്തിയ പത്തു ശിക്ഷകളുടെ പരകോടിയിൽ എത്തിയപ്പോഴാണ് കടിഞ്ഞൂൽ സന്തതികളുടെ സംഹാരം നടത്തിയത്.

പെസഹാ കുഞ്ഞാടിന്റെ രക്തം ഇസ്രായേൽക്കാരെ രക്ഷിച്ചു.

"അതിന്റെ രക്തത്തിൽനിന്ന് കുറച്ചെടുത്ത്, ആടിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേപ്പടിയിലും പുരട്ടണം" (പുറപ്പാട് 12:7). ഇതു വരാനിരുന്ന യഥാർത്ഥ കുഞ്ഞാടിന്റെ മുന്നോടിയായിരുന്നു. യേശു നമ്മെ സകല അപകടങ്ങളിൽ നിന്നും നിത്യശിക്ഷയിൽ നിന്നും രക്ഷിച്ചു. സത്യത്തിൽ നമ്മൾ അവിടുത്തെ രക്തത്താൽ മുദ്രകുത്തപ്പെടുക മാത്രമല്ല, അവിടുത്തെ ശരീര രക്തങ്ങളാൽ പരിപോഷിക്കപ്പെടുകയും ചെയ്യുന്നു: "പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും യേശുക്രിസ്തുവിന് വിധേയരായിരിക്കുന്നതിനും, അവന്റെ രക്തത്താൽ തളിക്കപ്പെടുന്നതിനുംവേണ്ടി, മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവരുമായവർക്ക് എഴുതുന്നത്. നിങ്ങൾക്ക് കൃപയും സമാധാനവും സമൃദ്ധമായി ഉണ്ടാകട്ടെ!... പിതാക്കന്മാരിൽനിന്ന് നിങ്ങൾക്കു ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽനിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ, സ്വർണ്ണമോ കൊണ്ടല്ല, എന്ന് നിങ്ങൾ അറിയുന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലെയുള്ള, ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രേ" (പത്രോസ് 1:2-18). അവിടുത്തെ രക്തം നമ്മളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും, നമ്മളെ നിത്യജീവനിലേക്ക് ആനയിക്കുകയും ചെയ്യും. "ഇതു നിങ്ങൾക്കും എല്ലാവർക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു" (ലൂക്കാ 22:20). ദൈവം നമ്മുടെ കൂടെ ഉള്ള കാലത്തോളം യേശുവിന്റെ രക്തം നമ്മളെ പരിരക്ഷിക്കുന്നതുകൊണ്ട് ഒരു ദുഷ്ടശക്തിയും നമ്മളെ ഉപദ്രവിക്കുകയില്ല. നമ്മൾ നാശത്തിൽപ്പെടുകയില്ല. ഇതാണ് നമുക്കുള്ള ഉറപ്പ്.

## 16

# കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും

**പുറപ്പാട് 14:14**

*"ഈജിപ്തുകാർക്ക് അടിമ വേല ചെയ്യുന്നതായിരുന്നു, മരുഭൂമിയിൽക്കിടന്നു മരിക്കുന്നതിനെക്കാൾ മെച്ചം. മോശ ജനത്തോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടാതെ ഉറച്ചു നിൽക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവ് ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും. ഇന്നു*

*കണ്ട ഈജിപ്തുകാരെ ഇനിമേൽ നിങ്ങൾ കാണുകയില്ല. കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറപ്പാട് 14:12-14).*

മാനുഷികമായി ചിന്തിക്കുമ്പോൾ മോശയുടെ തീരുമാനം ഒരു മണ്ടത്തരമായിരുന്നു. ജനത്തെ മരുഭൂമിയിലേക്ക് നയിച്ചതും ചെങ്കടലിന്റെ തീരത്ത് പാളയമടിച്ചതും. മെഡിറ്ററേനിയൻ കടൽത്തീരത്തിനു സമാന്തരമായി വടക്കോട്ടു കടന്നുപോകുന്ന രാജവീഥിയിലൂടെ ഒരു മാസം സഞ്ചരിച്ചാൽ ഇസ്രായേൽകാർ ലക്ഷ്യത്തിൽ എത്തിച്ചേരുമായിരുന്നു. അതിനുപകരം മോശ ജനത്തെ നയിച്ചത് ഊഷരമായ മരുഭൂമിയിലേക്ക്. അവിടെ ചെങ്കടൽ തീരത്ത് അവർ പാളയമടിച്ചപ്പോൾ രക്ഷപ്പെടാനുള്ള സകല പഴുതുകളും അടഞ്ഞു. ചെകുത്താനും കടലിനും ഇടയിൽ കുടുങ്ങിയതുപോലെ. അന്ന് മോശക്ക് എതിരായി ആരോപണങ്ങളുടെ പരാതികളും ഉയർത്തിയ, ജനത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. എന്നാൽ, രക്ഷപ്പെടാൻ പഴുതില്ലാതെ, ഈ ദൂഷിത വലയത്തിൽ, എത്തിച്ചത് സത്യത്തിൽ മോശയല്ല. കർത്താവു തന്നെയാണ്. ഫറവോ സൈന്യവും സന്നാഹവുമായി പുറകേ വന്നപ്പോൾ, രക്ഷപ്പെടാൻ ഒരു മാർഗ്ഗവും ഇല്ലായിരുന്നു.

നമ്മുടെ ജീവിതത്തിലും രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ലാതെ, ഇത്തരം കെണികളിൽ വീഴുന്ന സന്ദർഭങ്ങൾ ഉണ്ടാകാവുന്നതാണ്. ഒത്തിരി പ്രാർത്ഥിച്ചും ചിന്തിച്ചും, ആലോചനതേടിയും എടുത്ത ചില തീരുമാനങ്ങളും പാളിപ്പോകുന്നു. കാരണം തെരഞ്ഞെടുത്ത ദൈവവിളിയോ, തൊഴിലോ, പങ്കാളിയോ, ബിസിനസ്സോ ചിലപ്പോൾ നമ്മളെ പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചുവെന്നു വരാവുന്നതാണ്. പൊടുന്നനവേ പ്രതീക്ഷകൾ തകിടം മറിഞ്ഞ് രക്ഷപ്പെടാൻ മാർഗ്ഗമില്ലാത്ത കെണിയിൽ നിപതിച്ചെന്നുവരാം. ഇത്തരം പതനങ്ങളിൽ, നമ്മളും ദൈവത്തിന്റെ നേരെ പരാതികളും പരിദേവനങ്ങളും ഉയർത്തിയെന്നും വരാം. ദൈവമേ, എനിക്ക് ഇതു എന്തുകൊണ്ട് സംഭവിച്ചു?

ഇസ്രായേൽക്കാരെ ഇത്തരം ഒരു പ്രതിസന്ധിയിലേക്ക് ദൈവം നയിച്ചത് പ്രത്യേകം ലക്ഷ്യം വച്ചുകൊണ്ടാണ്. ദൈവത്തിന്റെ ശക്തി അവർക്ക് ബോധ്യപ്പെടണം. ദൈവമാണ് സകലതും നിയന്ത്രിക്കുന്നത് എന്ന് അവർ പഠിക്കണം. ജനം മോശയോടു ചോദിച്ചു: "ഞങ്ങൾ എങ്ങോട്ടു പോകണം? കടലിന്റെ ആഴത്തിലേക്കോ ഫറവോയുടെ സൈന്യത്തിന്റെ നേരെയോ?" അതിനു മോശ കൊടുത്ത ഉത്തരം "ദൈവത്തിന്റെ കരങ്ങളിലേക്ക് നീങ്ങുക".

മോശ അവർക്ക് ഉറപ്പു കൊടുക്കുന്നു: "നിങ്ങൾ ശാന്തരായി ഇരുന്നാൽ മതി, കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. അതിവേഗം ആഞ്ഞടിക്കുന്ന ദുരന്തത്തെ കൺമുമ്പിൽ കാണുമ്പോൾ ത്തന്നെ അവരോട് പറയുന്നത് ശാന്തരായി ഇരമ്പുന്ന കടലിലേക്ക് ഇറങ്ങാനാണ്. ദൈവം കടലിന്റെ നടുവിൽ നിങ്ങൾക്കായി ഒരു രാജവീഥി ഒരുക്കും. ശാന്തരായിരിക്കുവിൻ. ദൈവം പ്രവൃത്തിക്കും നിനക്കായി ദൈവത്തിന് ഒരു പദ്ധതി ഉണ്ട്. അത് അവിടുന്ന് നടപ്പിലാക്കും".

## 17

# ഞാനാണ് സൗഖ്യം നല്കുന്ന കർത്താവ്

**പുറപ്പാട് 15:26**

*"അവിടുന്ന് അവന് ഒരു തടിക്കഷണം കാണിച്ചു കൊടുത്തു. അതു വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരിച്ചു. അവിടെ വച്ച് അവിടുന്ന് അവർക്ക് ഒരു നിയമം നല്കി. അവിടുന്ന് അവരെ പരീക്ഷിച്ചു. അവിടുന്ന് അരുളി ചെയ്തു. നീ നിന്റെ കർത്താവിന്റെ സ്വരം ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അവിടുത്തെ ദൃഷ്ടിയിൽ ശരിയായതു പ്രവർത്തിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചട്ടങ്ങൾ പാലിക്കുകയും ചെയ്താൽ, ഞാൻ ഈജിപ്തുകാരുടെ മേൽ വരുത്തിയ മഹാമാരികളിൽ ഒന്നും നിന്റെ മേൽ വരുത്തുകയില്ല. ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്" (പുറപ്പാട് 15:25-26).*

നാലുപതിറ്റാണ്ടുകൾ, ഇസ്രായേൽക്കാർ മരുഭൂമിയിൽ അലഞ്ഞപ്പോൾ ഒത്തിരി പാഠങ്ങൾ അവർ പഠിച്ചു. വാഗ്ദത്തഭൂമി ഒരു മരുമരീചികപോലെ ദൂരെ എവിടെയോ കിടക്കുന്നു. വാഗ്ദാനങ്ങൾ നിറവേറാതെ ചിറകൊടിഞ്ഞു കിടക്കുന്നു. ഇപ്പോൾ കഷ്ടതകളുടെ യാഥാർത്ഥ്യം കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു.

ഈജിപ്തിൽ നിന്നുള്ള അത്ഭുതകരമായ രക്ഷപ്പെടലും നാടകീയമായ ചെങ്കടൽ കടക്കലും അവരെ എത്തിച്ചത് വാഗ്ദത്തഭൂമിയിൽ അല്ല. പകരം ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ - ഓരിയിടുന്ന ഊഷരഭൂമിയിൽ. അവിടെ വെള്ളമില്ല. ഭക്ഷണമില്ല. തലചായ്ക്കാൻ തണലില്ല.

തലയ്ക്കുമീതെ കത്തിജ്വലിക്കുന്ന സൂര്യൻ. താഴെ പൊള്ളുന്ന മണൽ ക്കാടുകൾ. സഞ്ചരിക്കാൻ പാതകളില്ല. വഴിയറിയാൻ വഴികാട്ടിയില്ല. മുമ്പിൽ ഒരു ലക്ഷ്യസ്ഥാനമില്ല. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയി ക്കാനും പൂർണ്ണമായി അവിടുത്തെ ഇച്ഛയെ അനുസരിക്കാനും ഇവിടെ ഇസ്രായേൽ ജനം പരിശീലിക്കപ്പെടുന്നു.

മൂന്നു ദിവസ മരുഭൂമിയിൽക്കൂടെ അലഞ്ഞപ്പോൾ അവർ മാറാ എന്ന സ്ഥലത്ത് എത്തി. അവിടെ അവർ വെള്ളം കണ്ടു. പക്ഷേ, കുടിച്ചിറക്കാൻ പറ്റാത്തവിധം കയ്പുള്ള വെള്ളമായിരുന്നു അത്. അവരുടെ യഥാർത്ഥ സ്ഥിതിയെ ഇതു സൂചിപ്പിക്കുന്നു. അവരുടെ ഉള്ളിൽ കഠിനമായ കയ്പുരസം കരകവിയുന്നു. അവിടെ സൗഖ്യദായമായ മരത്തടി കരയ്ക്ക് കിടന്നിരുന്നു. പക്ഷേ, ആരും അതു മനസ്സിലാക്കിയില്ല. അതു ചൂണ്ടിക്കാണിക്കാൻ ദൈവം വേണ്ടിയിരുന്നു. പ്രശ്നങ്ങളുടെ പരിഹാരം അതിന്റെ ഉള്ളിൽ ഉറഞ്ഞു കിടക്കുന്നു. വിശ്വാസത്തിന്റെ കണ്ണിനെ അതു കാണാൻ കഴിയുകയൊള്ളൂ. കയ്പുനിറഞ്ഞ വെള്ളത്തെ മധുരിപ്പിച്ച തടിക്കഷണം യേശുവിന്റെ കുരിശിന്റെ പ്രതീകമാണ്. പാപത്തിന്റെയും മരണത്തിന്റെയും കയ്പിൽ നിന്ന്, അതു വിമോചനവും വീണ്ടെടുപ്പും കൊണ്ടുവരുന്നു. അപ്പോൾ ദൈവവുമായി മധുരമായ ജീവിതം നമ്മൾ അനുഭവിക്കും.

അവർ പിന്നീട് എത്തിച്ചേർന്നത് ഏലീം എന്ന സ്ഥലത്ത് ആ മരുപ്പച്ചയിൽ 12 അരുവികളും 70 ഈന്തപ്പനകളും കണ്ടു. സഭാപിതാ ക്കളുടെ വ്യാഖ്യാനത്തിൽ 12 അപ്പസ്തോലന്മാരും 70 ശിഷ്യന്മാരും ഉൾപ്പെട്ട സഭയുടെ പ്രതീകമാണത്. കയ്പുനിറഞ്ഞ ദുരന്തങ്ങളുടെ നടു വിലും നമ്മൾ പ്രതീക്ഷയില്ലാതെ നിരാശയിൽ ഉൾപ്പെട്ടു പോകരുത്. നമ്മുടെ സഹായകനായി ദൈവം കൂടെയുണ്ട്.

## 18

# ഞാൻ നിങ്ങൾക്ക് ആകാശത്തുനിന്ന് അപ്പം തരും

**പുറപ്പാട് 16:3-4**

*"ഈജിപ്തിലെ ഇറച്ചിപാത്രത്തിന് അടുത്തിരുന്ന് തൃപ്തിയാ വോളും അപ്പം തിന്നു കൊണ്ടിരുന്നപ്പോൾ കർത്താവിന്റെ കരത്താൽ കൊല്ലപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! എന്നാൽ സമൂഹം*

*മുഴുവനെയും പട്ടിണിയിട്ടുകൊല്ലാനായി ഞങ്ങളെ ഈ മരുഭൂമിയിലേക്ക് നിങ്ങൾ കൊണ്ടുവന്നിരിക്കുന്നു. കർത്താവു മോശയോടു പറഞ്ഞു: ഞാൻ നിങ്ങൾക്കായി ആകാശത്തുനിന്ന് അപ്പം വർഷിക്കും. ജനങ്ങൾ പുറത്തിറങ്ങി ഓരോ ദിവസത്തേക്കും ആവശ്യമുള്ളത് ശേഖരിക്കട്ടെ" (പുറപ്പാട് 16:3-4).*

സകലവിധ വികസനങ്ങളുടെയും അഭിവൃദ്ധിയുടെയും പുരോഗതിയുടെയും നടുവിൽ, ഇന്നും ഏറ്റം നിർണ്ണായകവും അടിസ്ഥാനപരവുമായ മനുഷ്യവംശത്തിന്റെ പ്രശ്നം വിശപ്പാണ്. ലോകത്തിലെ ജനങ്ങളുടെ മൂന്നിൽ ഒരുഭാഗം ഇന്നും വിശപ്പും ഭക്ഷണക്കുറവും പോഷകാഹാരക്കുറവും അനുഭവിക്കുന്നു. വർഷംതോറും ലക്ഷങ്ങൾ വിശപ്പുകൊണ്ട് മരിച്ചുവീഴുന്നു. നമ്മളുടെ പരിഗണനയിൽ ഉള്ള ഈ വാഗ്ദാനം അഭിമുഖീകരിക്കുന്ന പ്രശ്നവും ഇതു തന്നെ.

ഇസ്രയേൽ ജനം മരുഭൂമിയിൽ അലഞ്ഞു നടക്കുമ്പോൾ അവർക്കു ഭക്ഷണം ഉണ്ടായിരുന്നില്ല. അപ്പോഴാണ് ദൈവം അവർക്ക് ഈ വാഗ്ദാനം കൊടുക്കുന്നത്. ദൈവം അവരെ കൊണ്ടുചെന്ന് എത്തിച്ചത് വെറും ഊഷരഭൂമിയിൽ. അവർക്ക് ഭക്ഷണം ഇല്ലായെന്ന പരാതിക്ക് തക്ക കാരണവും ഉണ്ട്. ദൈവം എന്തിന് ഇങ്ങനെ പ്രവർത്തിച്ചു എന്ന് ആരും അന്വേഷിച്ചില്ല. അവരുടെ പ്രാർത്ഥനകൾക്കും നിലവിളിക്കും മറുപടിയായി. ദൈവം ആകാശത്തുനിന്ന് അപ്പം വർഷിക്കും എന്ന് വാഗ്ദാനം ചെയ്യുന്നു. പിറ്റേദിവസംതന്നെ രാവിലെ ആകാശത്തുനിന്ന് പെയ്തിറങ്ങിയതാണ് മന്ന. ദൈവം അവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കി വർഷിച്ചുകൊടുത്ത ഭക്ഷണമാണ്, മന്ന. ഓരോ ദിവസവും അവർക്ക് ആവശ്യമുള്ളതു മാത്രമേ ശേഖരിക്കാവൂ. ഇതാണ് കർത്താവിന്റെ ഒരേ ഒരു വ്യവസ്ഥ. കൂടുതൽ വാരിക്കൂട്ടി പൂഴ്ത്തിവയ്ക്കാൻ പാടില്ല. ഇതാണ് 'അന്നന്നത്തെ അപ്പം' കൂടുതൽ ശേഖരിച്ചവർ കൂടാരത്തിൽ എത്തിയപ്പോൾ അവർക്ക് കൂടുതലൊന്നും കണ്ടില്ല. എല്ലാവർക്കും കിട്ടിയതുപോലെ അവർക്കും കിട്ടി. പിറ്റേ ദിവസത്തേക്ക് മാറ്റിവെച്ചത് പുഴുവരിച്ച് കേടായിപ്പോയി.

രണ്ടു അതിപ്രധാന പാഠങ്ങളാണ് ഇവിടെ പഠിക്കാനുള്ളത്. 1. ദൈവമാണ് എല്ലാ സൃഷ്ടിജാലങ്ങൾക്കും ഭക്ഷണം കൊടുക്കുന്നത്. അതിനുവേണ്ടി നമ്മൾ പ്രാർത്ഥിക്കണം. ഞങ്ങൾക്ക് 'അന്നന്നത്തെ അപ്പം' തരണമേ എന്ന് പാർത്ഥിക്കണം. 2. അന്നന്ന് ആവശ്യമായതു മാത്രം എടുക്കുക. ഓരോരുത്തർക്കും അവന്റെ പങ്കുവേണം. ദൈവം തരുന്ന ഭക്ഷണം എല്ലാവരുടെയും ആവശ്യത്തിന് ഭൂമി ഉൽപാദിപ്പിച്ചു കൊടുക്കുന്നു. പക്ഷേ ആർത്തി ശമിപ്പിക്കാൻ വേണ്ടിയല്ല. അനേകരുടെ

പട്ടിണിക്കും മരണത്തിനും കാരണമാവുന്ന രോഗം മനുഷ്യന്റെ അത്യാഗ്രഹവും ആർത്തിയുമാണ്. ഓരോരുത്തരും അവന്റെ ആവശ്യത്തിനു മാത്രം എടുക്കുക. ആവശ്യമുള്ള അയൽക്കാരുമായി നമ്മുടെ ഭക്ഷണം പങ്കുവയ്ക്കുക.

# 19

# നിങ്ങൾ ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും

**പുറപ്പാട് 19:5**

*"അതുകൊണ്ട് നിങ്ങൾ എന്റെ വാക്കുകൾ കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം ഭൂമി മുഴുവനും എന്റേതാണ്. നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധ ജനവുമായിരിക്കും" (പുറപ്പാട് 19:5-6).*

വാരിക്കൂട്ടുന്ന സ്വത്തുക്കളുടെ കനവും കയ്യാളുന്ന അധികാരത്തിന്റെ വലിപ്പവും ബന്ധങ്ങളുടെ പെരുപ്പവും തൂക്കവും നോക്കിയാണ്, സാധാരണ മനുഷ്യർ സമൂഹത്തിൽ ആദരിക്കപ്പെടുന്നതും ബഹുമാനിക്കപ്പെടുന്നതും. ചിലർക്ക് ഒരു ബഹുമാനവും ആദരവും കിട്ടാറില്ല. അവർ അടിച്ചമർത്തപ്പെട്ടവരും അവഹേളിതരും അസ്വീകാര്യരും, അഡ്രസ്സ് ഇല്ലാത്തവരും സമൂഹത്തിലെ പുറമ്പോക്കിൽ എറിയപ്പെട്ടവരുമാണ്.

ജനങ്ങളെ വിധിക്കുന്നതിന് ദൈവത്തിന്റെ മാനദണ്ഡം വിഭിന്നമാണ്. ഓരോ വ്യക്തിയെയും ദൈവം കാണുന്നത് വിലപ്പെട്ടവനും, ബഹുമാന്യനും, സ്നേഹിക്കപ്പെടേണ്ടവനുമായിട്ടാണ്. എന്തുകൊണ്ടെന്നാൽ എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. അതുകൊണ്ട് ഏതു മനുഷ്യനും ദൈവത്തിന് വിലപ്പെട്ടതാണ്. ഇപ്പോൾ നമ്മൾ പരിഗണിക്കുന്ന വചനങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു സത്യത്തിലേക്ക് വിരൽചൂണ്ടുന്നു. ഈജിപ്തിൽ ഒരിക്കൽ അടിമകളായി അടിച്ചമർത്തപ്പെട്ട ജനത്തെയാണ്, ദൈവം സ്വന്തം ജനമായി തെരഞ്ഞെടുക്കുന്നത്. ഇസ്രായേൽ ജനം ഒരു പ്രത്യേക ജനവിഭാഗമാകുന്നു. ദൈവം അവരെ സ്വീകരിക്കുന്നത്

അനന്യമായ സ്വന്തം ജനമായിട്ടാണ്. ഇതാണ് അവരുടെ മഹത്വത്തിന്റെ അടിസ്ഥാനം. അടിമകൾ അനന്യമായ ഒരു വിശിഷ്ട ജനമായി ത്തീരുന്നത് ചരിത്രത്തിൽ ഇതു മാത്രമാണ്. ഈ തെരഞ്ഞെടുപ്പുവഴി ദൈവം തന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. അവിടുന്ന് പാവപ്പെട്ട വന്റെയും അടിച്ചമർത്തപ്പെട്ടവരുടെയും മർദ്ദിതരുടെയും പാർശ്വവൽക്കരി ക്കപ്പെട്ടവന്റെയും ദൈവമാണ്.

ഇസ്രായേൽക്കാർ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് അവർക്കു വേണ്ടി മാത്രമല്ല, എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. അവർ വേർതിരിക്ക പ്പെട്ട വിശുദ്ധ ജനമാണ്. പുരോഹിതജനമാണ്. വിശുദ്ധ ജനമെന്നാൽ, വേർതിരിക്കപ്പെട്ടവർ. ദൈവത്തിന്റെ ഇച്ഛ തിരിച്ചറിഞ്ഞ്, പ്രഖ്യാപിച്ച്, മാദ്ധ്യസ്ഥ്യം വഹിച്ച് അവർ ദൈവത്തിന്റെ അനുഗ്രഹങ്ങൾ എല്ലാ ജന ങ്ങൾക്കും എത്തിക്കേണ്ടവരാണ് ജനങ്ങളുടെ പ്രാർത്ഥനകൾ അവർ ദൈവത്തിന്റെ തിരുമുമ്പിൽ എത്തിക്കണം.

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായ യേശുവിന്റെ വരവോടെ ദൈവ ജനത്തിന്റെ പരിധികൾക്കും പരിമാണത്തിനും മാറ്റങ്ങൾ സംഭവിച്ചു. ഇപ്പോൾ യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്ന എല്ലാവരും ദൈവത്തിന്റെ ജനമാണ്, രാജകീയ പുരോഹിതവംശമാണ്. ഇതു ദാനമായി കിട്ടിയ സമ്മാനമാണ്. അല്ലാതെ അവകാശപ്പെട്ട വിശിഷ്ടസ്ഥാനമല്ല. ലോകത്തിലെ സകലജനങ്ങൾക്കും പൗരോഹിത്യ ശുശ്രൂഷ ചെയ്യേണ്ടതും അവരുടെ ഗൗരവമായ കടമയാണ്.

## 20

# ഒരു ദൂതനെ നിങ്ങൾക്ക് മുമ്പേ ഞാൻ അയക്കും

**പുറപ്പാട് 23:20**

*"ഇതാ, ഒരു ദൂതനെ നിനക്ക് മുമ്പേ ഞാൻ അയയ്ക്കുന്നു. അവൻ നിന്റെ വഴിയിൽ നിന്നെ കാത്തുകൊള്ളും... അവന്റെ വാക്കുകൾ കേൾക്കുകയും, ഞാൻ പറയുന്നതെല്ലാം അനുസരിക്കുകയും ചെയ്യു മെങ്കിൽ, നിന്റെ ശത്രുക്കൾക്ക് ഞാൻ ശത്രുവായിരിക്കും. നിന്റെ എതിരാളികൾക്ക് ഞാൻ എതിരാളിയുമായിരിക്കും" (പുറപ്പാട് 23:20-22).*

മരുഭൂമിയിൽ ഇസ്രായേൽക്കാർ വഴിയറിയാതെ വലഞ്ഞു. മരുഭൂമിയിൽ നല്ല പരിചയമില്ലാത്ത ആർക്കും വഴി തെറ്റും. അതാണ് മരുഭൂമിയുടെ സ്വഭാവം. എല്ലാ ദിവസവും ഇസ്രായേൽക്കാർക്ക് വഴികാട്ടിയായത്, ഒരു കറുത്ത മേഘസ്തംഭം മുമ്പിൽ. രാത്രിയിൽ അഗ്നിസ്തംഭം അവരെ നയിച്ചു. സീനായ്മലയിൽ അവർ എത്തിച്ചേരുവോളം അവ ഇസ്രായേൽക്കാർക്ക് വഴികാട്ടിയായിരുന്നു. സീനായ് മലയിൽ ദൈവത്തിന്റെ ഉടമ്പടിയുടെ സ്ഥിരീകരണം നടന്നു. അപ്പോൾ മുതൽ അവർക്ക് വാഗ്ദാനം ചെയ്തത് വഴികാട്ടിയായി ഒരു ദൈവദൂതൻ. ദൈവത്തിന്റെ സംരക്ഷണവും വഴികാട്ടലും ഒരു ദൂതന്റെ പരിവേഷത്തിലായി, പിന്നീട് അവരുടെ വഴിത്താരയിൽ.

ജനങ്ങൾ അയാളെ കേൾക്കണം, അനുസരിക്കണം, അനുഗമിക്കണം. അനുസരണക്കേട് അവരെ വലിയ അത്യാഹിതത്തിലും അപകടങ്ങളിലും കൊണ്ടുചെന്ന് എത്തിക്കുമായിരുന്നു. മരുഭൂമിയിൽ അലഞ്ഞു നടക്കുമ്പോൾ ഇതവർ പലപ്പോഴും അനുഭവിച്ചു പഠിച്ചിരുന്നു.

ദൈവം പലവേഷത്തിലും ഭാവത്തിലും നമുക്ക് വഴികാട്ടികളെ തന്നിട്ടുണ്ട്. യേശു വാഗ്ദാനം ചെയ്തു നമുക്കു തന്ന സഹായകനാണ് പരിശുദ്ധാത്മാവ് – ‘Paraclete’. യേശു എപ്പോഴും നമ്മോടൊപ്പം ഉണ്ട്. ഇതാണ് യേശുവിന്റെ വാഗ്ദാനം. ഏശയ്യാ വഴി നമുക്ക് കിട്ടിയ വാഗ്ദാനം പോലെ, അവിടുത്തെ ശബ്ദം നമ്മുടെ ഹൃദയത്തിൽ മുഴങ്ങുന്നു: “നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകളിൽ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണു വഴി, ഇതിലെ പോവുക” (ഏശയ്യാ 30:21). മാർഗ്ഗനിർദ്ദേശത്തിന്റെ ശബ്ദം വിവിധ രീതിയിൽ നാം കേൾക്കുന്നു. പരിശുദ്ധാരൂപിയുടെ നിവേശനം വഴി കിട്ടുന്ന നിമന്ത്രണങ്ങൾ, എഴുതപ്പെട്ട വചനമായ ബൈബിൾ സ്നേഹത്തിന്റെ നിയമങ്ങൾ, നമ്മളെ നേർവഴിക്ക് നടത്തുവാൻ പഠിപ്പിക്കുന്ന മാതാവും ഗുരുനാഥയുമായ സഭയുടെ ശബ്ദം എന്നിവയെല്ലാം നമുക്കു കിട്ടുന്ന വഴികാട്ടലുകളാണ്. നമ്മുടെ ശരിയായ വാഗ്ദത്തഭൂമി ദൈവരാജ്യമാണ്. അവിടെ എത്തുന്നതിനുള്ള ദൈവത്തിന്റെ സഹായവും മാർഗ്ഗനിർദ്ദേശങ്ങളുമാണ് മേല്പ്പറഞ്ഞവയെല്ലാം. അവ നമ്മളെ നിരന്തരം നയിക്കട്ടെ.

# 21

# കാരുണ്യവാനും കൃപാനിധിയുമായ ദൈവം

**പുറപ്പാട് 34:6**

*"അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുമ്പിലൂടെ കടന്നുപോയി. കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ" (പുറപ്പാട് 34:6-7).*

പഴയനിയമത്തിലെ ദൈവം, കർക്കശക്കാരനും, നിർദയമായി ശിക്ഷിക്കുന്ന വിധിയാളനും ആണെന്നു കരുതുന്ന ചില ധാരണപ്പിശകുകൾ പൊതുവേ ഉള്ളതാണ്. അതേ സമയം പുതിയ നിയമത്തിലെ ദൈവത്തിന് സ്നേഹസമ്പന്നനായ ഒരു പിതാവിന്റെ രൂപവും. ഇതു വന്നത് രണ്ടാം നൂറ്റാണ്ടിലെ മാർസിയോണിൽ നിന്നാണ്. പഴയനിയമത്തിലെ ദൈവത്തെ മാർസിയോൺ വിളിച്ചത് 'ഡെമിയൂർഗ്' എന്നാണ് ഒരു ദുർലോകത്തിന്റെ സ്രഷ്ടാവാണ് 'ഡെമിയൂർഗ്' പ്ലേറ്റോയുടെ തത്വശാസ്ത്രത്തിൽ നിന്നാണ് ഈ ദൈവത്തിന്റെ പുറപ്പാട്. പുതിയ നിയമത്തിലെ ദൈവമാണ് ശരിയായ ദൈവം, യേശുക്രിസ്തുവിന്റെ പിതാവ്. ഈ അബദ്ധസിദ്ധാന്തത്തെ സഭ പിന്നീട് ശപിച്ചു തള്ളിക്കളഞ്ഞിട്ടുണ്ട്.

ഇന്നും പഴയനിയമത്തിലെ, ദൈവം ക്രൂരനും പ്രതികാരം ചെയ്യുന്നവനുമാണെന്ന സങ്കല്പം വച്ചു പുലർത്തുന്നവരുണ്ട്. അത്തരം ധാരണയും നിലനില്ക്കുന്നുണ്ട്. ഇതിന് ഉപോൽബലകമായി പല സംഭവങ്ങളും അവർ കൊണ്ടുവരുന്നു. ആദത്തെയും ഹവ്വായെയും പറുദീസായിയിൽ നിന്ന് പുറത്താക്കിയത്, നോഹയുടെ കാലത്ത് വെള്ളപ്പൊക്കം ഉണ്ടാക്കിയത്. കാനാൻദേശത്തെ ജനങ്ങളെ മുഴുവൻ നശിപ്പിക്കാൻ കല്പന കൊടുത്തത് ഇങ്ങനെ പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നു. പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് നാലാം തലമുറ വരെയുള്ള സന്തതികളെവരെ ശിക്ഷിക്കുന്ന വിധിയാളനായി ദൈവം പരിഗണിക്കപ്പെട്ടിരുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ ആദ്യകാലങ്ങളിൽ, നിലവിലുണ്ടായിരുന്ന ഒരു പഠനമായിരുന്നു ഇത്. ക്രമേണ ആ ചിത്രം

ശരിപ്പെടുത്തിക്കൊണ്ടിരുന്നു. ദൈവത്തിന്റെ അനുകമ്പയ്ക്കും മനുഷ്യന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തിനും പ്രാധാന്യം കൊടുത്ത് പഴയ ചിന്താഗതി തിരുത്തപ്പെട്ടു. പാപം ചെയ്യുന്നവൻ ശിക്ഷിക്കപ്പെടും. അതാണ് വ്യക്തിപരമായ ഉത്തരവാദിത്വം.

ഇപ്പോൾ നാം പരിഗണിക്കുന്ന വചനങ്ങൾ കാരുണ്യവാനും, അനുകമ്പനിറഞ്ഞവനുമായ ദൈവത്തിന്റെ ശരിയായ പ്രതിച്ഛായ വരച്ചുകാണിക്കുന്നു. ഹോസിയായുടെ പ്രവചനത്തിലും ഏശയ്യായുടെ ഉത്തരാദ്ധ്യായങ്ങളിലും പ്രവാചകന്മാർ പ്രാധാന്യം കൊടുത്ത് ചിത്രീകരിക്കുന്നത് ഈ പ്രതിച്ഛായയാണ്. രണ്ടു തരത്തിൽ ദൈവത്തെ ചിത്രീകരിക്കുന്നതിൽ കാണുന്ന ചില വൈരുദ്ധ്യവശങ്ങൾ നമുക്ക് കാണാം. പഴയ ചിത്രത്തിൽ മൂന്നും നാലും തലമുറകൾ വരെയുള്ളവരുടെ ശിക്ഷകളെക്കുറിച്ചു പറയുമ്പോൾ ശരിയായ ചിന്താഗതിയിൽ ആയിരം തലമുറകൾവരെ ദൈവത്തിന്റെ കാരുണ്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ പിതാക്കന്മാരുടെ കുറ്റത്തിന് മക്കളെ ശിക്ഷിക്കുമെന്ന് ബൈബിളിൽ പറയുന്നില്ല. പുത്തൻ തലമുറകളിലെ സന്തതികളെ സന്ദർശിക്കുകയോ പരിശോധിക്കുകയോ ചെയ്ത് കുറ്റക്കാരെന്നു കണ്ടെത്തുന്നവരെ ശിക്ഷിക്കും എന്നാണ് ബൈബിളിൽ പറയുന്നത്. ഈ ആശയം പ്രവാചകന്മാർ വിശദീകരിക്കുന്നുണ്ട്. “പിതാക്കന്മാർ പച്ച മുന്തിരിങ്ങാ തിന്നു, മക്കളുടെ പല്ല് പുളിച്ചു എന്ന് ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തരും അവരുടെ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങാ തിന്നുന്നവരുടെ പല്ലേ പുളിക്കുകയൊള്ളൂ” (ജറമിയാ 31:29–30, എസക്കിയേൽ 18:1–4).

വ്യക്തിപരമായ ഉത്തരവാദിത്വത്തിനാണ് യേശു ഊന്നൽ കൊടുക്കുന്നത്. ജന്മനാ അന്ധനായ ഒരു മനുഷ്യനെ കണ്ടപ്പോൾ ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു: “ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ?'' യേശുവിന്റെ മറുപടി ശ്രദ്ധിക്കുക– ‘‘ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപം നിമിത്തമല്ല, പ്രത്യുതാ ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്” (യോഹന്നാൻ 9:3). ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നതിന് ബൈബിൾ ആവശ്യപ്പെടുന്നത് ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തനങ്ങളാണ്. അതേസമയം ദൈവത്തിന്റെ നിത്യവും അനന്തവും അതിരറ്റതുമായ ക്ഷമിക്കുന്ന കരുണയും സ്നേഹവും വളരെ പ്രാധാന്യത്തോടെ ബൈബിളിൽ രേഖപ്പെടുത്തിയിട്ടിരിക്കുന്നു. അവിടുത്തെ ‘ഹെസെദും’ (ഉടമ്പടിയിൽ ഉടനീളെ ഉറപ്പിച്ചു പറയുന്ന മാറ്റമില്ലാത്ത സ്നേഹം) ‘റഹാമി’വും

(ഉദരത്തിൽ കിടക്കുന്ന കുഞ്ഞിനോട് അമ്മക്കുള്ള വൈകാരികമായ അനുകമ്പ). അനുകമ്പാർദ്രമായ സ്നേഹത്തിന്റെ അവതാരമാണ്, യേശു. ദൈവം അനുകമ്പയുടെ ദൈവവും.

## 22

# നിങ്ങൾക്ക് ഭക്ഷണവും സുരക്ഷിതത്വവും ലഭിക്കും

**ലേവ്യർ 20:5**

*"നിങ്ങൾ എന്റെ കല്പനകൾ പാലിക്കുകയും എന്റെ നിയമങ്ങൾ അനുസരിക്കുകയും ചെയ്യുമെങ്കിൽ ഞാൻ യഥാകാലം നിങ്ങൾക്ക് മഴതരും. ഭൂമി വിളവുകൾ വർദ്ധിപ്പിക്കുകയും വൃക്ഷങ്ങൾ ഫലം നല്കുകയും ചെയ്യും... നിങ്ങൾ തൃപ്തിയാവോളം ഭക്ഷിച്ച് നിങ്ങളുടെ ദേശത്ത് സുരക്ഷിതരായി വസിക്കും. ഞാൻ നിങ്ങളുടെ നാട്ടിൽ സമാധാനം സ്ഥാപിക്കും" (ലേവ്യർ 26:3-6).*

ലേവ്യരുടെ പുസ്തകം പ്രത്യക്ഷത്തിൽ തന്നെ മനം മടുപ്പിക്കുന്ന ഒരു പുസ്തകമാണ്. കാലഹരണപ്പെട്ടതും ഇപ്പോൾ പ്രസക്തമല്ലാത്തതുമായ ആചാര നടപടികളും ചട്ടങ്ങളും നിറഞ്ഞതാണ്, ലേവ്യർ എന്ന പുസ്തകം. അതുകൊണ്ട് ഈ പുസ്തകം ഒട്ടാകെ ഒഴിവാക്കാനുള്ള പ്രവണത പൊതുവെ കാണുന്നുണ്ട്. എന്നാൽ ഇസ്രായേൽക്കാർക്ക് ഏറ്റം പ്രധാനപ്പെട്ട പുസ്തകമായിരുന്നു അത്. തോറയിലെ അഞ്ചു പുസ്തകങ്ങളുടെ നടുവിൽ, മൂന്നാമത്തേതായി ഈ പുസ്തകം സ്ഥാനം പിടിച്ചിരിക്കുന്നു. ജനത്തിന്റെ ഏറ്റം വലിയ ചുമതലയായ ദൈവാരാധനയെക്കുറിച്ച് ഈ പുസ്തകം പ്രതിപാദിക്കുന്നു.

ഈ പുസ്തകത്തിൽ 26-ാം അദ്ധ്യായത്തിൽ അനുസരണത്തിനു കിട്ടുന്ന അനുഗ്രഹങ്ങളെയും അനുസരണക്കേടിന് വരാനിരിക്കുന്ന ശാപങ്ങളെയും പരാമർശിക്കുന്നു. ഇതിൽ വളരെ പ്രാധാന്യം കൊടുത്ത് അവതരിപ്പിക്കുന്നത് രണ്ടു പ്രമാണങ്ങളാണ് - വിഗ്രഹങ്ങളെ ആരാധിക്കരുത്, സാബത്ത് ആചരിക്കണം. ഈ പ്രമാണങ്ങൾക്ക് കൊടുക്കുന്ന അനുസരണം. അനുഗ്രഹങ്ങൾ ലഭിക്കാനുള്ള വ്യവസ്ഥയായിട്ടാണ്, അവതരിക്കപ്പെട്ടിരിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ രണ്ടു

മേഖലകളിലാണ് – ശരീരത്തിനു വേണ്ട ഭക്ഷണം, ആത്മാവിനു വേണ്ട സമാധാനം. തക്കസമയത്ത് മഴ ലഭിക്കുമ്പോൾ, ഭൂമിക്ക് ഫലപുഷ്ടി ഉണ്ടാകുന്നു. അപ്പോൾ ഭക്ഷ്യവസ്തുക്കൾ സമൃദ്ധമായി ഉണ്ടാകുന്നു. അതു ദൈവത്തിന്റെ അനുഗ്രഹമാണ്. ഭൂമിയിൽ സമാദാനവും യുദ്ധ രഹിതമായ അവസ്ഥയും, മനുഷ്യബന്ധങ്ങളിൽ ശാന്തിയും സമാധാനവും എല്ലാം ദൈവത്തിന്റെ ദാനമാണ്, സമാധാനത്തിന്റെ ദാനമാണ്, ഷാലോം.

ആധുനികകാലത്ത് ഈ വാഗ്ദാനത്തിന് പ്രസക്തി ഉണ്ട്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനില്ക്കാൻ, ദൈവത്തോടുള്ള വിശ്വസ്തതയും പ്രതിബദ്ധതയും അനിവാര്യമാണ്. അങ്ങനെ ഇല്ലാതെ വന്നാൽ അതിന് പ്രത്യാഘാതങ്ങളും ഉണ്ടാകും. മരുഭൂവൽക്കരണം, ജലസ്രോതസ്സുകളുടെ നാശം, ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം, ക്ഷാമം മുതലായവ നമ്മെ ഭയപ്പെടുത്തുമ്പോൾ നമ്മുടെ മുമ്പിൽ ഉയരുന്ന ഒരു ചോദ്യമുണ്ട്. നമ്മൾ ഏതെങ്കിലും വിധത്തിൽ, ഈ പ്രകൃതി ദുരന്തങ്ങൾക്ക് കാരണക്കാരാണോ? ദൈവത്തിനെതിരായ അനുസരണക്കേടിന് ദൈവം കൊടുത്തശിക്ഷ ഒരു ശാപമായിരുന്നു (ഉൽപത്തി 3:17) "നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠിനാദ്ധ്വാനംകൊണ്ട് നീ അതിൽ നിന്ന് കാലയാപനം ചെയ്യും. അതു മുള്ളും മുൾച്ചെടിയും നിനക്കായി മുളപ്പിക്കും" ഇതാണ് ഭൂമിക്കുമേൽ നിപതിച്ച ശാപം. ദൈവത്തെ ധിക്കരിക്കുന്നവർക്ക് പ്രകൃതി തന്നെ ഒരു ശാപമായിത്തീരും.

## 23

# കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ

**സംഖ്യ 6:24**

*"കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ച്, നിനക്ക് സമാധാനം നൽകട്ടെ. ഇപ്രകാരം അവർ ഇസ്രായേൽ മക്കളുടെമേൽ*

*എന്റെ നാമം ഉറപ്പിക്കട്ടെ. അപ്പോൾ ഞാൻ അവരെ അനുഗ്രഹിക്കും" (സംഖ്യ 6:24-27).*

സംഖ്യയുടെ പുസ്തകം എന്ന് പേരുതന്നെ ആശയക്കുഴപ്പമുണ്ടാക്കുന്ന പേരാണ്. ഹെബ്രായ ഭാഷയിൽ എഴുതപ്പെട്ട ഈ പുസ്തകം ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയവരാണ്, ഈ പേരു നല്കിയത്. 'അരിത്മോയ്' (Arithmoi) എന്ന ഗ്രീക്കു പദമാണ് "സംഖ്യ". പുസ്തകത്തിന്റെ ആരംഭത്തിലും അവസാനത്തിലും ജനസംഖ്യാ കണക്കുകൾ എടുക്കുന്നതായി വിവരിച്ചിട്ടുണ്ട്. കൂടാതെ കാഴ്ച വസ്തുക്കളുടെ ലിസ്റ്റ്, മുതലായ പല സംഖ്യാകണക്കുകളും, ഈ പുസ്തകത്തിൽ ഉണ്ട്. ഹീബ്രു മൂലഗ്രന്ഥത്തിന്റെ പേര് 'ദ് മിദ്ബാർ'-മരുഭൂമിയിൽ, എന്നാണ്. ഇതു കുറെക്കൂടെ അന്വർത്ഥമാണ്. ഇസ്രായേൽ മരുഭൂമിയിൽകൂടി വാഗ്ദത്തഭൂമി ലക്ഷ്യമാക്കി നടത്തിയ നീണ്ട മൈഗ്രേഷൻ ഒഡീസിയുടെ കഥയാണിത്, ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇത് ഒരു തീർത്ഥാടനത്തിന്റെ കഥയാണ്. വാഗ്ദത്ത ഭൂമിയിലേക്കുള്ള തീർത്ഥാടനത്തിന്റെ കഥ. ഇതിൽ ഇസ്രായേൽ ജനമാണ് തീർത്ഥാടന ജനം.

ഇസ്രായേൽ ജനം തെരഞ്ഞെടുക്കപ്പെട്ട ജനമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു -പുരോഹിത ജനമായി തീരാൻ, ദൈവം തെരഞ്ഞെടുത്ത ജനം. ദൈവവും ലോകവും തമ്മിൽ മാദ്ധ്യസ്ഥ്യം വഹിക്കേണ്ടവരാണവർ. ദൈവത്തിന്റെ ഇഷ്ടം ജനങ്ങളെ അറിയിക്കേണ്ട ചുമതലയും അവർക്കാണ്. അതുപോലെ ജനങ്ങളുടെ പ്രാർത്ഥന അവർ ദൈവത്തിന്റെ മുമ്പിൽ എത്തിക്കുന്നു. പകരം, ദൈവത്തിന്റെ അനുഗ്രഹങ്ങൾ, താഴെ ജനങ്ങളിലേക്ക് എത്തിക്കുന്നു. ഇസ്രായേൽ ജനത്തിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ മഹത്തായ പരിപാടിയാണിത്.

ലേവിയുടെ വംശം പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട വംശം. ദൈവത്തിന്റെയും ജനങ്ങളുടെയും സേവനത്തിനുവേണ്ടി പ്രത്യേകം സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടവരാണവർ. അതിന്റെ ഒരു തയ്യാറെടുക്കൽ മരുഭൂമിയിൽ നടന്നു. യാത്രയിൽ ജനങ്ങളെ ആശീർവ്വദിക്കാൻ അവരെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ ഭാഗമായി അതിന്റെ ക്രമവും രീതിയും അവരെ പഠിപ്പിച്ചിരുന്നു.

അവരുടെ അനുഗ്രഹം വെറും ഒരു ആശംസാപ്രകടനല്ല, പ്രത്യുതാ, ഫലദായകമായ വചനമാണ്. യാക്കോബിന്റെമേൽ ഇസഹാക്ക് ഉച്ചരിച്ച അനുഗ്രഹംപോലെ തീരുന്നതാണ് അവർ അനുഗ്രഹിച്ച് ഉച്ചരിക്കുന്ന പ്രാർത്ഥനകൾ (ഉൽപ്പത്തി 27:37-38). ഇസഹാക്കിന് വീണ്ടും അത് ഏസാവിനുവേണ്ടി ആവർത്തിക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ,

അതു ഫലദായകവും സൃഷ്ടിപരവുമായ ദൈവത്തിന്റെ വചനമാണ് (ഏശയ്യാ 55:10-11).

ഒരു മാതാവോ പിതാവോ തന്റെ കുട്ടിയുടെ മുമ്പിൽ കുനിഞ്ഞ് നിന്ന്, വാത്സല്യത്തോടും, സ്നേഹവായ്പോടും അനുകമ്പയോടും എങ്ങനെ നോക്കുന്നുവോ അതുപോലെ ദൈവം കുനിഞ്ഞ് നിങ്ങളെ നോക്കുകയും, പരിരക്ഷിക്കുകയും, നയിക്കുകയും, ജീവിതകാലം മുഴുവൻ ഉടനീളെ സംരക്ഷിക്കകയും ചെയ്യും.

ദൈവത്തിന്റെ മുഖത്തിൽനിന്ന് നിർഗ്ഗളിക്കുന്ന മഹത്വവും കൃപയും നിങ്ങളുടെ മുഖത്തെ പ്രകാശിപ്പിക്കട്ടെ. അവിടുത്തെ തിരുമുഖം നിങ്ങളുടെ മേൽ പ്രകാശം ചൊരിയട്ടെ. നിങ്ങളുടെ ഹൃദയങ്ങളെ സമാധാനവും ആനന്ദവും കൊണ്ടു നിറക്കട്ടെ. കർത്താവിന്റെ കൃപാകടാക്ഷം, സ്നേഹപൂർവ്വകമായ ഒരു നോട്ടമാണ്. ഹൃദ്യവും ഊഷ്മളവും സ്വീകാര്യമാണ്. അത് സ്വാഗതാത്മകവും പ്രോത്സാഹനാജനകവും സ്നേഹം നിറഞ്ഞതുമായ ഒരു കടാക്ഷമാണ്. സമാധാനം കൊടുക്കുക എന്നാൽ, സമഗ്രമായ ക്ഷേമത്തിന്റെ സ്ഥിതി ആശംസിക്കുകയാണ്. (Shalom in Hebrew, Eirene in greek) ദൈവത്തോടും തന്നോടുതന്നെയും അയൽക്കാരോടും വിശാലമായ ലോകം മുഴുവനോടും ശരിയായ ബന്ധത്തിൽനിന്ന് ഉരുത്തിരിയുന്ന സമാധാനമാണത്, ഇത്.

ഏത് അനുഗ്രഹത്തിനും താഴെപ്പറയുന്ന ഘടകങ്ങൾ അന്തർലീനമാണ് - അനുകമ്പ, വാത്സല്യം, സമാധാനം ഈ ദിവസം നമുക്ക് ഇതുപോലെ ഒരു അനുഗ്രഹവുമായി തുടങ്ങാം. അനുഗ്രഹം ശുശ്രൂഷാ, പൗരോഹിത്യത്തിൽ ഒതുങ്ങിനില്ക്കുന്നില്ല. നമുക്ക് പരസ്പരം അനുഗ്രഹിക്കാം. എല്ലാവർക്കും നമ്മുടെ അനുഗ്രഹം എത്തണം. നമ്മൾ അനുഗ്രഹിക്കാൻ വിളിക്കപ്പെട്ടവരാണ്. ശപിക്കാനല്ല. "നിങ്ങളെ മർദ്ദിക്കുന്നവരെ നിങ്ങൾ അനുഗ്രഹിക്കുക. അവരെ ശപിക്കരുത്" (റോമാ 12:10). നമ്മൾ അനുഗ്രഹിക്കുമ്പോൾ, നമ്മൾ അനുഗ്രഹിക്കുന്നവരെ ദൈവവും അനുഗ്രഹിക്കും. അതുപോലെ നമ്മളെയും. ഈ അനുഗ്രഹം ഫലദായകമാണ്. അതു നമ്മൾക്കു തിരിച്ചുകിട്ടും. ഏവരെയും അനുഗ്രഹിക്കുന്ന രീതി നമുക്ക് തഴക്കമാക്കിതീർക്കാം.

# 24

# നിങ്ങൾ അതിനെ നോക്കിയാൽ രക്ഷപ്പെടും

**സംഖ്യ 21:8**

*"കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. മോശ പിച്ചള സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തി; ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി; അവർ ജീവിച്ചു" (സംഖ്യ 21:8-9).*

വാഗ്ദത്ത ഭൂമിയിലേക്കുള്ള തീർത്ഥാടനത്തിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട പ്രശ്നം മരുഭൂമിയിലൂടെയുള്ള ജനത്തിന്റെ അലച്ചിലും അവരുടെ മുറുമുറുപ്പും പരാതികളുമായിരുന്നു. യാത്രയുടെ കാഠിന്യത്തെക്കുറിച്ചും കഷ്ടപ്പാടിനെക്കുറിച്ചും അവർ പിറുപിറുത്തുകൊണ്ടിരുന്നു. അവരുടെ ലക്ഷ്യം എത്രയോ വിദൂരത്തിൽ വാഗ്ദാനങ്ങൾ ഉടനടി നടപ്പിലാകാതെ പോകുന്നു. നിത്യജീവിതം തന്നെ ദുഷ്കരം. മിക്കപ്പോഴും വെള്ളമില്ലാത്ത അവസ്ഥ. ഭക്ഷണമില്ല. കിട്ടിക്കൊണ്ടിരുന്ന ഭക്ഷണത്തിനു തന്നെ രുചിയില്ല. അവർ നേതാക്കന്മാരെ സംശയിക്കാൻ തുടങ്ങി. വിശ്വാസമില്ലാതെ വന്നപ്പോൾ ചോദ്യം ചെയ്യാൻ തുടങ്ങി. ദൈവം മറഞ്ഞിരിക്കുന്നു. അവർക്ക് നേർക്കുനേരെ കാണാൻ ഒരു പ്രതിരൂപത്തിന്റെ ആവശ്യം തോന്നിത്തുടങ്ങി. ചിലർ മോശയുമായി വഴക്കിട്ടു. ദൈവവുമായി കലഹിച്ചു. ഈ അക്ഷമയും അപക്വതയും അവരെ നയിച്ചത് വലിയ ശിക്ഷയിലേക്ക്. അപ്പോൾ അവർ അനുതപിച്ചു. മാപ്പിനുവേണ്ടി നിലവിളിച്ച്.

അങ്ങനെ ഒരു പിറുപിറുപ്പും കലഹവും നടക്കുന്ന സന്ദർഭത്തിൽ ഉണ്ടായ ഒരു അദ്ധ്യായമാണ് പിച്ചളസർപ്പത്തിന്റെ സംഭവകഥ. അതിൽ പരാതിയും മുറുമുറുപ്പും ശിക്ഷയും അനുതാപവും ക്ഷമയും എല്ലാം മുറയ്ക്ക് രംഗത്ത് എത്തി, ഒരു ദൂഷിതവലയം പോലെ. അപ്പോൾ ദൈവം അയച്ചത് ആഗ്നേയ സർപ്പങ്ങളെ. അവ മനുഷ്യരെ പറന്നുകൊത്തി. കൊത്തു കിട്ടയവർ മരിച്ചുവീണു. അതിനുശേഷം കർത്താവ് മോശയോടു പറഞ്ഞു: ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി ഒരു വടിയേൽ ഉയർത്തി

നിർത്തുക; പാമ്പുകടിയേറ്റ് വീണവർ അതിനെ നോക്കുമ്പോൾ രക്ഷപ്പെടും. അങ്ങനെ ആ പിച്ചള സർപ്പം വിശ്വാസത്തിന്റെ പ്രതിരൂപമായിത്തീർന്നു.

ഇവിടെ നമ്മൾ ഒരു വൈരുദ്ധ്യം കാണുന്നു. മരണംകൊണ്ടു വന്ന സർപ്പം തന്നെ ജീവന്റെ പ്രതിരൂപമായി തീരുന്നു. സത്യത്തിൽ വിഗ്രഹങ്ങൾ ഉണ്ടാക്കുന്നതിനെ വ്യക്തമായി ദൈവം വിലക്കിയിരുന്നു. ഒന്നാം പ്രമാണത്തിന്റെ ഭാഗം തന്നെയാണിത്. ഈ വൈരുദ്ധ്യത്തിന്റെ അർത്ഥം ബോധ്യപ്പെടാൻ എന്തുകൊണ്ട് വിഗ്രഹങ്ങൾ ഉണ്ടാക്കുന്നത് വിലക്കിയെന്ന് മനസ്സിലാക്കണം? വിഗ്രഹാരാധനയിൽ നിന്ന് ജനങ്ങളെ രക്ഷിക്കാനാണ്, വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്ന് കല്പിച്ചത്. വിഗ്രാഹാരാധനയാണ് വിലക്കപ്പെട്ടത്. അല്ലാതെ വിഗ്രഹങ്ങൾ ഉണ്ടാക്കുന്നതല്ല. പിന്നീട് ഈ പിച്ചളസർപ്പത്തിന്റെ രൂപം ജറൂസലേം ദേവാലയത്തിലും കടന്നുകൂടി. അതിനുശേഷം പുണ്യാത്മാവായ ഹെസക്കിയാ രാജാവ് അതു തകർത്തു (2 രാജാക്കന്മാർ 18:4). ചിലർ പിച്ചളസർപ്പത്തിന്റെ മുമ്പിൽ ധൂപക്കുറ്റി വീശി. ഒരു നല്ല വസ്തു പിന്നീട് ഒരു പ്രതിബന്ധമായി തീർന്നാൽ, അതു തകർത്തുകളയുകതന്നെ വേണം.

യേശു പിച്ചള സർപ്പത്തിന്റെ പ്രതീകത്തെ പരാമർശിക്കുന്നുണ്ട്. വീണ്ടെടുപ്പും ജീവനും നല്കുന്ന തന്റെ കുരിശു മരണത്തെ വിശദീകരിക്കുമ്പോളാണ്, ഈ പരാമർശം: "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹന്നാൻ 8:14). ഇത് ജീവൻ തരുന്നു. ഈ സർപ്പത്തിന്റെ കഥയുടെ പിന്നിൽ മറഞ്ഞിരിക്കുന്ന ഒരു പരാമർശം പറുദീസായിലെ പാമ്പിനെക്കുറിച്ചാണ്. അവിടെ ആദ്യമാതാക്കളെ പാപത്തിലേക്ക് നയിച്ചത് പറുദീസായിൽ നുഴഞ്ഞുകേറിയ പാമ്പാണ്. അതു മനുഷ്യവർഗ്ഗത്തിന് കൊടുത്തത് മരണമാണ്. അതിൽനിന്ന് യേശു നമ്മളെ വീണ്ടെടുത്തു രക്ഷിച്ചു. അതുകൊണ്ട് നമുക്ക് യേശുവിന്റെ പക്കലേക്ക് വരാം. വിഷപ്പാമ്പിന്റെ മാരകമായ പാപത്തിന്റെ ദംശനത്തിൽ നിന്ന് രക്ഷപ്പെടാൻ നമുക്ക് വിശ്വാസത്തോടെ യേശുവിനെ നോക്കി നില്ക്കാം. അങ്ങനെ നിത്യജീവൻ പ്രാപിക്കാം.

## 25

# നിന്റെ സകല പ്രവർത്തനങ്ങളിലും ദൈവം നിന്നെ അനുഗ്രഹിക്കും

**നിയമാവർത്തനം 28:8**

*“ഇന്നു ഞാൻ നിനക്കു തരുന്ന കല്പനകളെല്ലാം സൂക്ഷ്മമായി പാലിക്കുമെങ്കിൽ, അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളെയുംകാൾ ഉന്നതനാക്കും. അവിടുത്തെ വചനം ശ്രവിച്ചാൽ അവിടുന്ന് ഈ അനുഗ്രഹങ്ങൾ എല്ലാം നിന്റെ മേൽ ചൊരിയും... നിന്റെ ദൈവമായ കർത്താവ് നിനക്കുതരുന്ന ദേശത്ത്, അവിടുന്ന്, നിന്നെ അനുഗ്രഹിക്കും” (നിയമാവർത്തനം 28:1-14).*

നിയമാവർത്തനം ബൈബിളിലെ അഞ്ചാമത്തെ പുസ്തകമാണ്. പഞ്ചഗ്രന്ഥങ്ങളിൽ അവസാനത്തേതും. ഇതിന്റെ പേരുവന്നത് പുസ്തകത്തിന്റെ ഗ്രീക്കുപരിഭാഷയിൽനിന്നാണ്. “രാജാവ് സിംഹാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യ പുരോഹിതരുടെ പക്കൽ സൂക്ഷിക്കപ്പെടുന്ന ഈ നിയമത്തിന്റെ ഒരു പകർപ്പ്, പുസ്തകച്ചുരുളിൽ എഴുതി എടുക്കണം. അവൻ അതു സൂക്ഷിക്കണം (നിയമാവർത്തനം 17:18-19)”. ഇവിടെ പുസ്തകത്തിന്റെ പകർപ്പ് എന്ന ആശയം ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ‘Deuternomion’ എന്നായി. ഇതിന്റെ വാച്യാർത്ഥം രണ്ടാം നിയമം എന്നാണ്. ഇവിടെ ലഭ്യമായ നിയമം രണ്ടാം നിയമമല്ല. പ്രത്യുതാ രക്ഷാകരചരിത്രവുമായി ബന്ധപ്പെടുത്തി, നിയമത്തിന്റെ ഒരു പുനർവ്യാഖ്യാനമാണ്.

ഇവ മോശയുടെ അവസാനവാക്കുകളായിട്ടാണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ജനങ്ങളെപ്പിരിഞ്ഞു പോകുന്നതിനുമുമ്പായി വിടവാങ്ങൽ ഉപദേശം ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാഗ്ദത്തഭൂമിയിൽ വിശ്വസ്തരായിരിക്കാൻ ജനങ്ങളെ ഉപദേശിക്കുന്നു. ഒരു പ്രത്യേക ആദ്ധ്യാത്മിക ശുശ്രൂഷയുടെ രീതി ഇതിനുണ്ട്.

ജനങ്ങളെ എല്ലാ വിധത്തിലും അനുഗ്രഹിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പുസ്തകത്തിന്റെ 28-ാം അദ്ധ്യായത്തിൽ ആദ്യം പറഞ്ഞു

വയ്ക്കുന്നത് അനുഗ്രഹങ്ങളും വാഗ്ദാനങ്ങളുമാണ്. തുടർന്ന് അനുസരണക്കേടു കാണിക്കുന്നവർക്കുള്ള ഭീഷണികൾ, താക്കീതുകൾ മുതലായവ വെളിപ്പെടുത്തുന്നു. അവയ്ക്കെല്ലാം ശാപങ്ങളെക്കാൾ താക്കീതുകളുടെ സ്വരമാണ് ധ്വനിക്കുന്നത്. ദൈവം അവരുടെ എല്ലാ പ്രയത്നങ്ങളെയും അനുഗ്രഹിക്കും. ഈ അനുഗ്രഹം അനുഭവിച്ചറിയുന്നത്, മണ്ണിന്റെയും മനുഷ്യന്റെയും ഫലപുഷ്ടി, വിളവുകളുടെ സമൃദ്ധി, തങ്ങളുടെ ഭൂമിയിലെ സുരക്ഷിതത്വം, ശത്രുക്കളിൽനിന്നും പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള സംരക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങളിലാണ്. വാഗ്ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും, വ്യവസ്ഥയുണ്ട്. ദൈവത്തോടും അവിടുത്തെ കല്പനകളോടുമുള്ള പ്രതിബദ്ധതയും വിശ്വസ്തതയും മാത്രമാണ്, ഒരേ ഒരു വ്യവസ്ഥ. അനുഗൃഹീതവും സമാധാനപൂർണ്ണവുമായ ജീവിതത്തിന് ഈ കല്പനകളാണ്, ഏറ്റം പ്രയോജനപ്രദം. "ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന നിയമ സംഹിതയിലേതുപോലെ, നീതിയുക്തമായ ചട്ടങ്ങളും നിയമങ്ങളും, മറ്റേതു ശ്രേഷ്ഠ ജനതക്കാണുള്ളത്..." (നിയമാവർത്തനം 4:8). സങ്കീർത്തനം 119 ദൈവത്തിന്റെ നിയമത്തെ സമഗ്രമായി പ്രകീർത്തിക്കുന്ന പ്രാർത്ഥനാമാലയാണ്. ദൈവത്തിന്റെ നിയമമാണ്, ജീവന്റെ ഉറവിടം.

നമുക്ക് ദൈത്തിന്റെ ശബ്ദം ശ്രവിക്കാം. അവിടുത്തെ വഴികളും ഇഷ്ടവും അന്വേഷിക്കാം. ഈ ലോകത്തിൽ മാത്രമല്ല, എന്നും എന്നേക്കും നമ്മൾ ജീവിക്കണം. അഭിവൃദ്ധിപ്പെടണം. അതാണ് ദൈവത്തിന്റെ ഇഷ്ടം.

## 26

# നിങ്ങൾ ജീവിക്കും

**നിയമാവർത്തനം 30:16**

*"ഇന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നതനുസരിച്ച്, നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും, അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുകയും, അവിടുത്തെ കല്പനകളും ചട്ടങ്ങളും പാലിക്കുകയും ചെയ്താൽ നീ ജീവിക്കും... ജീവനും മരണവും അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുമ്പിൽ വച്ചിരിക്കുന്നു, എന്നതിന് ആകാശവും ഭൂമിയും*

*ഞാനിന്ന് നിനക്ക് എതിരായി സാക്ഷിയാക്കുന്നു" (നിയമവാർത്തനം 30:15-19).*

"നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്കുകേട്ട്, അവിടുത്തോടു ചേർന്നുനില്ക്കുക, നിനക്ക് ജീവനും ദീർഘായുസ്സും ലഭിക്കും" (നിയമാവർത്തനം 30:20).

മോശ ഇസ്രായേൽക്കാരെ അവരുടെ അന്നുവരെയുള്ള ചരിത്രം ഓർമ്മപ്പെടുത്തിയതിനുശേഷം, ദൈവത്തിന്റെ ആജ്ഞകളെ അവരുടെ മുമ്പിൽ വച്ചു. മോശ അവരോട് ആവശ്യപ്പെട്ടത് അവരുടെ സ്വതന്ത്രമായ തീരുമാനമാണ്. മനുഷ്യവർഗ്ഗത്തിനു കൊടുത്ത സ്വാതന്ത്ര്യത്തെ ദൈവം ബഹുമാനിക്കുന്നു. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ സ്വാതന്ത്ര്യത്തെ പ്രതിഫലിപ്പിക്കുന്നവിധം നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്. തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യം ജന്മാവകാശമായി കിട്ടിയ സ്വതന്ത്രജീവിയാണ് മനുഷ്യൻ. മോശ ജനങ്ങളുടെ മുമ്പിൽ വച്ചത് രണ്ടു വഴികളാണ് - ജീവനിലേക്കുള്ള വഴിയും മരണത്തിലേക്കുള്ള വഴിയും. ഒന്നാമത്തെ സങ്കീർത്തനത്തിൽ പറയുന്നതുപോലെ അവരാണ്, ഇതിൽ ഏതു വഴിവേണമെന്ന് തീരുമാനിക്കേണ്ടത്. എല്ലാവരും ജീവനെ തിരഞ്ഞെടുത്ത് ദീർഘകാലം തന്നോടൊപ്പം ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അതാണ് നിത്യജീവിതം. ദൈവത്തോടൊപ്പമുള്ള ജീവിതത്തിന്റെ പ്രതീകമാണ്, വാഗ്ദത്തഭൂമിയിലെ ജീവിതം.

നമ്മൾ എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ദൈവത്തോടൊപ്പം നിത്യമായി ജീവിക്കാനാണ്. അമർത്യമായ ആത്മാവും നിത്യമായ ഒരു ലക്ഷ്യവും ഉള്ളവരായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മുഴു ഹൃദയത്തോടും ആത്മാവോടും കൂടെ നമ്മൾ ദൈവത്തെ സ്നേഹിച്ചാൽ മാത്രമേ, നമുക്ക് നിത്യജീവനിൽ ലഭ്യമാവുകയൊള്ളൂ. നമ്മുടെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്നതും, നമ്മുടെ മുമ്പിൽ പ്രകടമാക്കിയിരിക്കുന്നതുമായ നിയമങ്ങൾ അനുസരിച്ച് നമ്മൾ ജീവിക്കണമെന്നാണ്, ഇതിന്റെ അർത്ഥം. പത്തുപ്രമാണങ്ങളും യേശു പഠിപ്പിച്ചുതന്ന സ്നേഹത്തിന്റെ നിയമവും ഇങ്ങനെ നമുക്ക് കിട്ടിയ നിയമങ്ങളാണ്. ഇവ നമുക്ക് വഴികാട്ടിത്തരുന്നു. ദൈവത്തെയും അയൽക്കാരെയും സ്നേഹിക്കാൻ കടപ്പെട്ടവരാണ്, യേശു നമ്മളെ സ്നേഹിക്കുന്നതുപോലെ.

ജീവൻ തിരഞ്ഞെടുക്കുക എന്നാൽ സ്നേഹം തിരഞ്ഞെടുക്കുകയാണ്. നമ്മുടെ നിരന്തര ജീവിതത്തിൽ സ്നേഹം തിരഞ്ഞെടുത്താൽ, ദൈവത്തോടൊപ്പം അവിടുത്തെ ഭവനത്തിൽ നിത്യമായി ജീവിക്കുമെന്ന

വാഗ്ദാനം യാഥാർത്ഥ്യമാകും. അഥവാ ദൈവമായിരിക്കും നമ്മുടെ നിത്യമായ ഭവനം.

## 27

# ദൈവം നിന്നെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല

**നിയമാവർത്തനം 31:8**

*"മോശ ജോഷ്വായെ വിളിച്ചു എല്ലാവരുടെയും മുമ്പിൽ അവനോട് പറഞ്ഞു: ശക്തനും ധീരനുമായിരിക്കുക. കർത്താവ് ഈ ജനത്തിന് നല്കുമെന്ന് ഇവരുടെ പിതാക്കന്മാരോടു ശപഥം ചെയ്തിട്ടുള്ള ദേശം കൈവശമാക്കാൻ നീ അവരെ നയിക്കണം. കർത്താവാണ് നിന്റെ മുമ്പിൽ പോകുന്നത്. അവിടുന്ന് നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്ന് നിന്നെ ഭഗ്നാശനാക്കുകയോ പരിത്യജിക്കുകയോ ഇല്ല. ഭയപ്പെടുകയോ സംഭ്രമിക്കുകയോ വേണ്ട" (നിയമാവർത്തനം 31:8).*

മോശക്ക് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. അവിടേക്ക് ജനങ്ങളെ നയിക്കാനുള്ള ചുമതല ജോഷ്വക്കുള്ളതായിരുന്നു. ഓരോരുത്തർക്കും ദൈവം ഓരോ ചുമതല കൊടുത്തിട്ടുണ്ട്. അതു പൂർത്തിയാക്കിക്കഴിയുമ്പോൾ അവൻ 'ബാറ്റൻ' അടുത്തയാളിന് കൈമാറി രംഗത്തുനിന്ന് മറയണം. നമ്മൾ എല്ലാം ദൈവത്തിന്റെ പദ്ധതി യുടെ ഭാഗമാണ്. ഏതു മനുഷ്യനും അനിവാര്യനാണ്. ബൃഹത്തായ പദ്ധതിയുടെ ഭാഗമായിട്ട് അവന് ഒരു ഭാഗം അഭിനയിക്കാനുണ്ട്. നമ്മുടെ ജീവിതത്തിന്റെ ചക്രവാളങ്ങൾ കടന്ന് ദൈവം കൃത്യമായി നിശ്ചയിച്ചു വച്ചിരിക്കുന്ന ലക്ഷ്യത്തിലേക്ക് ചരിത്രം മുന്നോട്ടു പൊയ്ക്കൊണ്ടിരി ക്കുന്നു.

ദൈവം നിരവധി സഹായികൾ വഴി ചരിത്രത്തെ നയിച്ചുകൊണ്ടി രിക്കുന്നു. മോശക്കുശേഷം ജോഷ്വ, ന്യായാധിപന്മാർ, രാജാക്കന്മാർ, പുരോഹിതർ, പ്രവാചകന്മാർ എന്നിങ്ങനെ പോകുന്ന സഹായികളുടെ നിരകൾ. കഥ പിന്നെയും തുടർന്നുകൊണ്ടുപോകുന്നു. ആത്യന്തികമായി ദൈവമാണ് ചരിത്രത്തെ നയിക്കുകയും ചരിത്രം സൃഷ്ടിക്കുകയും

ചെയ്യുന്നത്. അവിടുന്ന് തന്റെ ജനത്തെ പരിത്യജിക്കുകയില്ല. നമ്മളെ ഉപേക്ഷിക്കുകയും ഇല്ല.

എല്ലാ നേതാക്കന്മാരും ദൈവത്തിന്റെ കരങ്ങളിൽ വേലക്കാരും ഉപകരണങ്ങളുമാണ്. ദൈവമാണ് അധികാരി. ഈ സത്യത്തിൽനിന്ന് രണ്ടു പ്രധാനപ്പെട്ട പാഠങ്ങൾ പഠിക്കാനുണ്ട്: 1. ദൈവം ഒരിക്കലും തന്റെ ജനത്തെ ഉപേക്ഷിക്കുകയില്ല. അതുകൊണ്ട് നമുക്ക് വിശ്വാസത്തോടെയും, സന്തോഷത്തോടെയും, ധൈര്യത്തോടെയും ജീവിക്കുകയും ചെയ്യാം. 2. ഓരോരുത്തർക്കും ദൈവത്തിന്റെ പദ്ധതിയിൽ ഒരു ഭാഗം അഭിനയിക്കാനുണ്ട്. അതുകൊണ്ട് ആരും അധികപ്പറ്റല്ല, പകരക്കാരനുമല്ല, ആരെയും പകരം വയ്ക്കാനും പറ്റില്ല. അതേസമയം, ഓരോരുത്തരുടെയും പങ്കിന് പരിധിയുണ്ട്. ഒരാൾ മാത്രമല്ല കളിക്കുന്നത്. ഒറ്റയാൾ പട്ടാളത്തിന്റെ കളിയല്ല. നമ്മൾ ഓരോരുത്തരും പലരിൽ ഒരാൾ മാത്രം. അവനവന്റെ ഭാഗം അഭിനയിച്ചു കഴിയുമ്പോൾ, രംഗത്തുവരുന്ന അടുത്തയാളിന് അരങ്ങ് ഒഴിഞ്ഞുകൊടുത്ത് രംഗത്തുനിന്ന് മാറിക്കൊടുക്കണം. 'പിരിയേണമരങ്ങിൽനിന്നുടൻ, ശരിയായികളിതീർന്ന നട്ടുവൻ' നമ്മൾ എല്ലാവരും ദൈവത്തിന്റെ കരങ്ങളിലാണ് ദൈവം ഏവർക്കും നിത്യസമ്മാനത്തിന്റെ ആനന്ദം നല്കും.

# 28

# ഞാൻ നിന്നോടൊപ്പം ഉണ്ടായിരിക്കും

**ജോഷ്വ 1:9**

*"ശക്തനും ധീരനുമായിരിക്കണമെന്നും, ഭയപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും നിന്നോട് ഞാൻ കല്പിച്ചിട്ടില്ലയോ? നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും" (ജോഷ്വ 1:1-9).*

മോശയുടെ പിൻഗാമിയായ ജോഷ്വ ഇസ്രായേൽ ജനത്തെ വാഗ്ദത്തഭൂമിയിലേക്ക് നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ട നേതാവാണ്. ദൈവം അദ്ദേഹത്തെ ഏല്പിച്ചത് ഒരു കഠിനജോലിയും ദൗത്യവുമാണ്. അതോടൊപ്പം സഹായത്തിന് വാഗ്ദാനങ്ങളും... "ഞാൻ നിന്നോടൊപ്പമുണ്ട്" ഇതാണ് ഏറ്റം പ്രധാനപ്പെട്ട വാഗ്ദാനം. ദൈവം മോശയോടൊപ്പം എങ്ങനെ ആയിരുന്നുവോ അതുപോലെ ജോഷ്വക്ക് ഒപ്പം ഉണ്ടായിരിക്കും. ഈ വാഗ്ദാനത്തിന്റെ അർത്ഥം ഇതാണ്. ഇതേ വാഗ്ദാന

മാണ്, ദൈവം ന്യായാധിപന്മാർക്കും, രാജാക്കന്മാർക്കും, പ്രവാചക ന്മാർക്കും കൊടുത്തത്. മംഗലവാർത്തയുടെ സന്ദേശം കൊടുക്കുമ്പോൾ പരിശുദ്ധ കന്യാമറിയത്തിനും ഇതേ വാഗ്ദാനം കൊടുത്തു. യേശു തന്റെ ഈ ലോകവാസത്തിന്റെ അവസാനം കൊടുത്ത വിടവാങ്ങൽ സമ്മാ നവും ഇതേ വാഗ്ദാനമായിരുന്നു.

ജോഷ്വ എന്ന പേര് 'Yawh shuva' എന്ന രണ്ടു പേരുകളുടെ ചുരുക്കെഴുത്താണ്. ഇതിന്റെ അർത്ഥം കർത്താവ് രക്ഷിക്കുന്നു എന്ന്. യേശുവിന്റെ ദൗത്യവും ഇതുതന്നെയാണ്. ജോഷ്വ യേശുവിന്റെ പ്രാക്തന രൂപമാണ്. ജോഷ്വ ഇസ്രായേൽ ജനത്തെ വാഗ്ദത്ത ഭൂമിയി ലേക്ക് നയിച്ചുവെങ്കിൽ യേശു മനുഷ്യകുലത്തെ മുഴുവൻ നയിച്ചത് ദൈവരാജ്യത്തിലേക്ക്.

ജോഷ്വക്ക് സംരക്ഷണത്തിന്റെയും വിജയത്തിന്റെയും ഉറപ്പ്, ദൈവത്തിൽനിന്ന് കിട്ടിയിരുന്നു. ദൈവം ജോഷ്വയോട് ആവശ്യപ്പെട്ടത് "ശക്തനും ധൈര്യവാനു"മായിരിക്കാനാണ്. മൂന്നുപ്രാവശ്യം ഇതുതന്നെ ആവർത്തിച്ചു പറയുന്നുണ്ട് (ജോഷ്വ 1:6, 7, 9). അതോടൊപ്പം ഒരേ ഒരു വ്യവസ്ഥയും വച്ചിരുന്നു. പരിപൂർണ്ണമായ അനുസരണം. ദൈവത്തിന്റെ നിയമത്തോടുള്ള അനുസരണവും ദൈവത്തോടുള്ള വിശ്വസ്തതയും. ഇതാണ് ജോഷ്വയോടു ദൈവം ആവശ്യപ്പെട്ടത്. ദൈവത്തിന്റെ കല്പന കൾ പാലിച്ച് അവിടുത്തോട് വിശ്വസ്തത പുലർത്തുന്ന കാലത്തോളം ജോഷ്വക്ക് ദൈവത്തിന്റെ സംരക്ഷണം ഉറപ്പാണ്. ഈ വ്യവസ്ഥയിലാണ് ദൈവത്തിന്റെ വാഗ്ദാനം ഉറപ്പിച്ചിരിക്കുന്നത്.

നമ്മൾക്ക് എല്ലാവർക്കും ഇതു ബാധകമാണ്. നമ്മോടൊപ്പം കർത്താവ് എപ്പോഴും ഉണ്ടായിരിക്കും. അവിടുത്തെ സ്നേഹത്തിന്റെ കല്പന അനുസരിച്ചു വിശ്വസ്തരായിരുന്നാൽ, ദൈവത്തിന്റെ സാന്നിധ്യം നമുക്ക് അനുഭവിച്ചു മനസ്സിലാക്കാൻ കഴിയും.

## 29

# നാളെ നിങ്ങൾ അത്ഭുതങ്ങൾ കാണും

**ജോഷ്വ 3:5**

*"ജോഷ്വ ജനത്തോടു പറഞ്ഞു നിങ്ങളെ തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും.*

*വാഗ്ദാനപേടകമെടുത്ത് ജനങ്ങൾക്ക് മുമ്പേ നടക്കുവിൻ എന്ന് അവൻ പുരോഹിതരോടു പറഞ്ഞു: അവർ അപ്രകാരം ചെയ്തു" (ജോഷ്വ 3:5-6).*

ഇസ്രയേൽ ജനത്തിന്റെ അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള നീണ്ട പ്രയാണത്തിന്റെ അവസാനഘട്ടം വാഗ്ദത്തഭൂമിയിലേക്കുള്ള ഒരു സൈനിക നീക്കമായിരുന്നു. ഈ മുന്നേറ്റം നടന്നത് എപ്പോഴും ദൈവത്തിന്റെ നേതൃത്വത്തിലും, നിർദ്ദേശത്തിലും സംരക്ഷണയിലുമായിരുന്നു. അവസാനത്തെ കടമ്പയും കടന്ന് വാഗ്ദത്തഭൂമിയിലേക്ക് കടക്കാനുള്ള നിർണ്ണായക നടപടിയിൽ എത്തിയപ്പോൾ, അവരുടെ മുമ്പിൽ കരകവിഞ്ഞൊഴുകുന്ന ജോർദ്ദാൻ നദി മുറിച്ചു കടക്കാൻ പറ്റാത്ത ഒരു വൈതരണിയായി നിന്നു. ചെങ്കടൽ സൃഷ്ടിച്ചതുപോലെയുള്ള പ്രതിസന്ധി വീണ്ടും ഇസ്രയേൽക്കാരെ ഭയപ്പെടുത്തി.

ജോഷ്വ സകല ഒരുക്കങ്ങളും മുൻകൂട്ടി ചെയ്തിരുന്നു. അദ്ദേഹം അയച്ച ചാരന്മാർ അനുകൂല വിവരങ്ങളുമായി തിരിച്ചെത്തിയിരുന്നു. ദൈവത്തിന്റെ നിർദ്ദേശവും പ്രോത്സാഹനവും കിട്ടിയ ജോഷ്വ ജനങ്ങൾക്ക് നിർദ്ദേശങ്ങൾ കൊടുത്തു. അവർ സ്വയം വിശുദ്ധീകരിക്കണം. അപ്പോൾ അവർക്കുവേണ്ടി ദൈവം അത്ഭുതം പ്രവർത്തിക്കും. ദൈവത്തിന്റെ അത്ഭുതപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അവർ കാണുമെന്ന് ജോഷ്വ വാഗ്ദാനം ചെയ്തു.

എന്താണ് ഈ വിശുദ്ധീകരണം? ദൈവത്തിൽനിന്ന് ഒരുവനെ അകറ്റുന്ന സകലതും നീക്കിക്കളയുക, സകല തടസ്സങ്ങളും നീക്കിക്കളയുക. ഇതാണ് ഹീബ്രുവാക്കായ "ഖൊദേഷ്" പരിഭാഷപ്പെടുത്തിയപ്പോൾ വിശുദ്ധീകരണമായി. അതു ദൈവത്തിനായി വേർതിരിക്കപ്പെട്ടവരായി. വിശുദ്ധീകരിക്കപ്പെട്ടവർ വേർതിരിക്കപ്പെട്ടവരാണ്. ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണം, സമ്പൂർണ്ണ വിശ്വസ്തത, ദൈവേഷ്ടത്തിന് സമ്പൂർണ്ണ കീഴടങ്ങൽ, ഇതൊക്കൊയാണ് വേർതിരിക്കപ്പെട്ടവരുടെ വിശുദ്ധീകരണ വഴികൾ.

നമ്മൾ എങ്ങനെ സ്വയം വിശുദ്ധീകരിക്കണം? ദൈവത്തിന്റെ കൃപ നമ്മിലേക്ക് ഒഴുകി എത്താനുള്ള തടസ്സങ്ങൾ എന്താണ്? നമ്മുടെ പാപങ്ങൾ, പാപകരമായ ചായ്വുകൾ, ആഗ്രഹങ്ങൾ, അടുപ്പങ്ങൾ, അഭിലാഷങ്ങൾ, ബന്ധങ്ങൾ ഇങ്ങനെയുള്ളവ ഹൃദയത്തിലേക്ക് ദൈവകൃപയുടെ ഒഴുക്കിനെ തടസ്സപ്പെടുത്താവുന്നതാണ്. നമ്മളെത്തന്നെ വിശുദ്ധീകരിച്ചാൽ ദൈവം നമ്മുടെ ജീവിതത്തിലും സമൂഹത്തിലും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് നമുക്ക് കാണാം.

കർത്താവിന്റെ പേടകം വഹിക്കുന്ന പുരോഹിതന്മാരുടെ ഉള്ളം കാൽ ജോർദാനിലെ ജലത്തെ സ്പർശിച്ചപ്പോൾ വെള്ളത്തിന്റെ ഒഴുക്കു നിലയ്ക്കുകയും മുകളിൽ നിന്നുള്ള വെള്ളം ചിറപോലെ കെട്ടിനില്ക്കുകയും ചെയ്തു. ഇസ്രായേൽ ജനം വരണ്ട നിലത്തുകൂടെ നദി കടന്നപ്പോൾ കർത്താവിന്റെ വാഗ്ദാനപേടകം വഹിച്ചുകൊണ്ട് പുരോഹിതന്മാർ ജോർദാന്റെ മധ്യത്തിൽ വരണ്ടനിലത്തുനിന്നു. സർവ്വരും ജോർദാൻ കടക്കുന്നതുവരെ അവർ അവിടെ നിന്നു.

## 30

# മതിൽക്കെട്ടുകൾ നിലംപതിക്കും

**ജോഷ്വ 6:5**

*"അവർ കാഹളം മുഴക്കുന്നതു കേൾക്കുമ്പോൾ നിങ്ങൾ ആർത്തട്ടഹസിക്കണം. അപ്പോൾ പട്ടണത്തിന്റെ മതിൽ നിലംപതിക്കും. നിങ്ങൾ നേരെ ഇരച്ചുകയറുക. നൂനിന്റെ മകനായ ജോഷ്വ പുരിഹിതന്മാരെ വിളിച്ചുപറഞ്ഞു.വാഗ്ദാന പേടകമെടുക്കുക. ഏഴു പുരോഹിതന്മാർ കർത്താവിന്റെ പേടകത്തിന്റെ മുമ്പിൽ ആട്ടിൻ കൊമ്പുകൊണ്ടുള്ള ഏഴു കാഹളം പിടിച്ചുകൊണ്ടു നില്ക്കട്ടെ. അവൻ ജനത്തോടു പറഞ്ഞു. മുന്നോട്ടു പോകുവിൻ" (ജോഷ്വ 6: 5–6).*

വാഗ്ദാനഭൂമിക്കുവേണ്ടിയുള്ള ആദ്യത്തെ പോരാട്ടം നടത്തിയത് കർത്താവാണ്. കനത്ത കോട്ടയാൽ ശക്തിപ്പെടുത്തിയിരുന്ന ജറീക്കോ, കീഴടക്കണമെങ്കിൽ അതിന്റെ മതിൽക്കെട്ടുകൾ തകരണം. അതായിരുന്നു വലിയ പ്രതിബന്ധം. അതുകൊണ്ട് ജറീക്കോ, പിടിച്ചെടുക്കുക അസാധ്യമായിരുന്നു. പക്ഷേ, കർത്താവ് അവർക്ക് മുമ്പേ മാർച്ചു ചെയ്തുകൊണ്ടിരുന്നു.

ജോഷ്വക്ക് ലഭിച്ച നിർദ്ദേശപ്രകാരം, ജറീക്കോയ്ക്ക് എതിരെ നടന്ന സൈനിക നടപടി നടത്തിയത് ആരാധനക്രമത്തിലെ ഒരു പ്രദക്ഷിണത്തിന്റെ നീതിയിലാണ്. യുക്തിരഹിതമായ ഒരു യുദ്ധ തന്ത്രമായിരുന്നു, ഈ നീക്കം. ഉപരോധമില്ല, മതിൽക്കെട്ടു തകർക്കാൻ ഇടിമുട്ടിയില്ല. മതിലിന്റെ മുകളിൽ എത്തിപ്പിടിക്കാൻ കോണികൾ ഇല്ല. വാഗ്ദാന പേടകവും വഹിച്ചുകൊണ്ട് പുരോഹിതന്മാർ മുമ്പേനടന്നു. തുടർന്ന് നടന്നത് ഭക്തിനിർഭരമായ ഒരു പ്രദക്ഷിണം – പട്ടണത്തിന്റെ കോട്ടക്ക്

ചുറ്റും പ്രദക്ഷിണം, ചുറ്റിചുറ്റി വീണ്ടും പ്രദക്ഷിണം. യുദ്ധം ചെയ്യുന്നതും, കീഴടക്കുന്നതും വിജയിക്കുന്നതും ദൈവമാണെന്ന്, അവരെ ബോധ്യപ്പെടുത്താൻ ഇതു പ്രയോജനപ്രദമായി.

അങ്ങനെ നടന്ന പ്രദക്ഷിണ പരമ്പരയുടെ ഏഴാംദിവസം ഏഴാമത്തെ ചുറ്റുകഴിഞ്ഞപ്പോൾ കാഹളങ്ങൾ ശബ്ദിച്ചു. ജനം ആർത്തട്ടഹസിച്ചു. ജറീക്കോയുടെ മതിൽക്കെട്ടുകൾ തകർന്നുവീണു.

ജറീക്കോയുടെ കോട്ടപോലെ നമ്മുടെ ജീവിതത്തിലും പ്രതിബന്ധങ്ങൾ വിലങ്ങടിച്ചുനില്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകാവുന്നതാണ്. നമ്മൾക്ക് എന്തുചെയ്യാൻ കഴിയും? ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ ചെയ്തതുപോലെ, ദൈവത്തെ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിക്കുക, ദൈവത്തിന്റെ ഇടപെടലിനുവേണ്ടി കാത്തിരിക്കുക. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാൻ നമ്മളെ തടസ്സപ്പെടുത്തുന്ന മതിൽക്കെട്ടുകൾ തകർന്നുവീഴും.

നമുക്ക് മറക്കുവാനോ, ക്ഷമിക്കുവാനോ പറ്റാത്ത വല്ല ദ്രോഹങ്ങളും ഉണ്ടോ? നിയന്ത്രിക്കാൻ പറ്റാത്ത വല്ല ആഗ്രഹങ്ങളും ഉണ്ടോ? ഇനിയും ഉൾക്കൊള്ളാൻ പറ്റാത്ത വല്ല നിരാശകളും നിങ്ങളെ അലട്ടുന്നുണ്ടോ? ഇവയൊക്കെയാണ് നമ്മുടെ ജറീക്കോ. കർത്താവിനോട് പ്രാർത്ഥിക്കുക-ജറീക്കോയിലെ പ്രാർത്ഥനപോലെ മതിലുകൾ തകർന്നുവീഴും.

## 31

# സമാധാനത്തോടെ പോകുക, ദൈവം നിന്റെ പ്രാർത്ഥന സാധിച്ചു തരട്ടെ

**സാമുവൽ 1:17**

*"ഹന്നാ പ്രതിവചിച്ചു: എന്റെ ഗുരോ അങ്ങനെയല്ല, വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണു ഞാൻ. വീഞ്ഞോ ലഹരി പാനീയമോ ഞാൻ കഴിച്ചിട്ടില്ല. കർത്താവിന്റെ മുമ്പിൽ എന്റെ ഹൃദയ വികാരങ്ങൾ ഞാൻ പകരുകയായിരുന്നു. ഈ ദാസിയെ അധഃപതിച്ച ഒരുവളായി വിചാരിക്കരുതേ! അത്യധികമായ ആകുലതയും അസ്വസ്ഥതയും മൂലമാണ് ഞാനിതുവരെ സംസാരിച്ചത് അപ്പോൾ ഏലി*

*പറഞ്ഞു: സമാധാനമായി പോകുക. ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചു തരട്ടെ" (സാമുവൽ 1:15-17).*

എൽക്കാനായുടെ ഭാര്യ ഹന്നാ വന്ധ്യയായിരുന്നു. അവൾ അവജ്ഞയുടെയും അധിക്ഷേപത്തിന്റെയും വേദന സഹിച്ച്, ഹൃദയം മുറിവേറ്റവളും ദുഃഖിതയുമായിരുന്നു. വർഷംതോറും കുടുംബ സഹിതം, വിശുദ്ധസ്ഥലത്ത് ബലിയർപ്പിക്കാൻ ഷിലോയിലേക്ക് തീർത്ഥാടനം ചെയ്യുന്ന പതിവുണ്ടായിരുന്നു എൽക്കാനാക്ക്. അത് ഹന്നായ്ക്ക് കൂടുതൽ വേദനാജനകമായ അവസരമായിരുന്നു. സപത്നിയായ പെനിന്നാ മക്കളുള്ള ഒരു അമ്മയായിരുന്നു. വന്ധ്യയായ ഹന്നായെ പരിഹസിച്ചുകൊണ്ട്, പെനിന്നാ ആക്ഷേപിക്കുകയും മുറിവിൽകുത്തി വേദനിപ്പിക്കുന്ന രീതിയിൽ അപഹസിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ വേദനയിൽ സ്വയം പരിതപിച്ച്, നിരാശയിൽപ്പെട്ടു പരാജിതയാകാതെ, കർത്താവിന്റെ മുമ്പിൽ തന്റെ അപേക്ഷകൾ സമർപ്പിക്കാൻ, ഹന്നാ എണീറ്റ്, കർത്താവിന്റെ പേടകത്തിന്റെ മുമ്പിൽ ചെന്നു നിന്നു. ഹൃദയത്തിന്റെ ഉള്ളിൽനിന്ന് അവൾ വേദനയോടെ പ്രാർത്ഥിച്ചു. അവളുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നുവെങ്കിലും, ശബ്ദം പുറത്തു വന്നില്ല. വയോധികനായ പുരോഹിതൻ ഏലി ഇതുകണ്ട് അവളെ തെറ്റിദ്ധരിക്കുകയും ശകാരിക്കുകയും ചെയ്തു. അവൾ ഹൃദയം തുറന്ന് ഏലിയോട് അവളുടെ സങ്കടത്തിന്റെ കാരണങ്ങൾ വിശദീകരിച്ചു. അപ്പോൾ അവൾക്ക് ദൈവത്തിന്റെ കൃപ ഉറപ്പു കൊടുത്തുകൊണ്ട്, ഏലി അവളെ ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. നമ്മൾ ശരിക്കും പ്രയാസങ്ങളിലും, ബുദ്ധിമുട്ടുകളിലും, നിരാശയിലും പെട്ട് ഉഴലുമ്പോൾ ആരുടെ പക്കലേക്കാണ് തിരിയുക? ദൈവത്തിനു മാത്രമേ നമ്മളെ രക്ഷിക്കുവാൻ കഴിയുകയൊള്ളൂ. അവിടുന്ന് പ്രവർത്തനനിരതനാകും. കയ്പുനിറഞ്ഞ ജീവിതത്തിന്, കീഴടങ്ങാൻ ഹന്നാ തയ്യാറല്ലായിരുന്നു. തന്നെ പരിഹസിച്ചവനോട് വഴക്കിനും വാക്കേറ്റത്തിനും ശ്രമിച്ചില്ല. അവൾ എണീറ്റ്, ധൈര്യമായി ദൈവസാന്നിധ്യത്തിലേക്ക് തന്നെത്തന്നെ സമർപ്പിച്ചു. അവിടെ കർത്താവിന്റെ മുമ്പിൽ, ഹന്നായുടെ ഹൃദയം ചിറപൊട്ടി ഒഴുകി. ഇതൊരു പാഠമാണ്. ദൈവത്തിന്റെ മുമ്പിൽ ഒരാൾ തന്റെ ഹൃദയം ചൊരിഞ്ഞ് ഒഴുക്കുന്നതാണ് പ്രാർത്ഥന. പഠിച്ചുവച്ച ചില പ്രാർത്ഥനാസൂക്തങ്ങൾ, യാന്ത്രികമായി ഉരുവിടുന്നതല്ല പ്രാർത്ഥന. നമ്മുടെ ഹൃദയത്തിന്റെ മുറിവുകളും, നൈരാശ്യങ്ങളും പ്രതീക്ഷകളും വികാരങ്ങളും, ആത്മവഞ്ചനയില്ലാതെ, ദൈവവുമായി പങ്കുവയ്ക്കുന്നതാണ് പ്രാർത്ഥന. അവിടുന്ന് അവർക്ക് പ്രത്യുത്തരം നല്കും.

“സമാധാനത്തിൽ പോകുക. നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടും - വയോധികനായ ഏലിയുടെ അനുഗ്രഹം. വി. മർക്കോസിന്റെ സുവിശേഷം 11-ാം അദ്ധ്യായം 24-ാം വചനത്തിൽ യേശു ഇതേ ഉറപ്പ് നമുക്ക് നല്കുന്നു”. അതിനാൽ ഞാൻ പറയുന്നു. പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും നിങ്ങൾക്കു ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും. “സാമുവലിന്റെ പുസ്തകത്തിന്റെ പുണ്യഗ്രന്ഥകാരൻ പറയുന്നു” ഹന്നായുടെ മുഖം പിന്നീടൊരിക്കലും മ്ലാനമായിട്ടില്ല.” നമ്മളും ദൈവത്തിന്റെ മുമ്പിൽ ഹൃദയം തുറന്ന് ഉള്ളുചൊരിയുമ്പോൾ ദുഃഖങ്ങളും മ്ലാനതകളും, വേദനകളും, ക്ലേശങ്ങളും മാഞ്ഞ് അപ്രത്യക്ഷമാവും.

## 32

# ഈ യുദ്ധം കർത്താവിന്റേതാണ്

**1 സാമുവൽ 17: 41-47**

*“ഇസ്രായേലിൽ ഒരു ദൈവമുഖമുണ്ടെന്ന് ലോകമെല്ലാം അറിയും. കർത്താവ് വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നതെന്ന് ഈ ജനത്തിനു മനസ്സിലാകും. ഈ യുദ്ധം കർത്താവിന്റേതാണ്. അവിടുന്ന് നിങ്ങളെ ഞങ്ങളുടെ കൈലേല്പിക്കും” (1 സാമുവൽ 17: 1-47).*

ഗോലിയാത്ത് എന്ന അതികായകൻ മല്ലനെ നേരിടാൻ ഇസ്രായേൽ ജനം ഭയപ്പെട്ടിരുന്നു. മാത്രമല്ല അതിനവർക്കു കഴിയുമായിരുന്നില്ല. ഗോലിയാത്ത് ശത്രു പാളയത്തിന്റെ മുമ്പിൽ നിന്ന് വെല്ലുവിളിക്കാൻ തുടങ്ങിയിട്ട് നാല്പതു ദിവസം കഴിഞ്ഞിരുന്നു. അവന്റെ വെല്ലുവിളി സ്വീകരിച്ച് നേർക്കുനേർ ദ്വന്ദ്വയുദ്ധം ചെയ്യാൻ ആരും സാഹസപ്പെട്ടില്ല. അപ്പോഴാണ് ഇടയ ചെറുക്കനായ ദാവീദിന് ദൈവാരൂപിയുടെ പ്രചോദനം ഉണ്ടാകുന്നത്. അവൻ ഗോലിയാത്തിനെതിരെ ഏറ്റുമുട്ടാൻ തുനിഞ്ഞത് ഒരു ആട്ടിടയന്റെ ആയുധമായിട്ടാണ്. ഒരു കൊച്ചുപയ്യൻ ഒരു രാക്ഷസനെ നേരിടുന്നു. ഒരു ആട്ടിടയൻ ഒരു സൈനികനെ നേരിടുന്നു. അവൻ കവണയും പാറക്കല്ലും ഉപയോഗിക്കുന്നത് കുന്തത്തിനും വാളിനുമെതിരെ. മനുഷ്യരുടെ കണക്കുകൂട്ടലിൽ അവർ തമ്മിൽ ഒരു സാമ്യവുമില്ല. ദാവീദ് ആശ്രയം വച്ചത് കായിക ബലത്തിലോ ആയുധശക്തിയിലോ അല്ല, തന്നെ ശക്തിപ്പെടുത്തുന്ന ദൈവത്തിലാണ്, ദാവീദിന്റെ

ആശയും പ്രതീക്ഷയും. അതു ദൈവത്തിന്റെ യുദ്ധമാണെന്ന് ദാവീദിന് തികച്ചും ബോധ്യമായിരുന്നു.

ദാവീദ് എന്ന ഇടയചെറുക്കൻ കവണയിൽനിന്ന് എറിഞ്ഞുവിട്ട ഒരു പാറക്കല്ല് പറന്നുചെന്ന് തുളച്ചുകയറിയത് ഗോലിയാത്തിന്റെ തിരുനെറ്റിയിൽ. രാക്ഷസൻ നിലം പതിച്ചു. നിലംപറ്റെവീണു. നാലു കല്ലുകൾ തന്റെ ആവനാഴിയിൽ ബാക്കികിടക്കുമ്പോൾ, ദാവീദ് ചെന്ന് ഗോലിയാത്തിന്റെ ശരീരത്തിൽ ചാടിക്കേറി, അവന്റെ തന്നെ വാളു വലിച്ചൂരി അവന്റെ കഴുത്തറുത്തു. ദാവീദിന്റെ വിശ്വാസം വെറുതെ യായില്ല. ദൈവം സഹായിച്ചു. രക്ഷിച്ചു വിജയം സമ്മാനിച്ചു. ഈ സംഭവം തരുന്ന പാഠം വളരെ വലുതാണ്. നമ്മുടെ മുമ്പിൽ ഗോലിയാ ത്തിനെപ്പോലെ ഭയപ്പെടുത്തിനില്ക്കുന്ന വിഘാതങ്ങൾ എത്ര വലുതാ ണെങ്കിലും നിരീശ്വര ഭൗതികവാതം, ചൂഷക ആഗോളീകരണം, മദ്യപാ നാസക്തി, മയക്കുമരുന്നിൽ മയങ്ങൽ, കൈക്കൂലി, അഴിമതി, ആർത്തി തുടങ്ങിയ സാമൂഹ്യവിപത്തുകളുടെയും, വ്യക്തിപരവും, പ്രാദേശികവും ദേശീയവും, അന്താരാഷ്ട്രീയമായ തിന്മകളുടെയും മുമ്പിൽ ആരും നഷ്ടധൈര്യരും പ്രതീക്ഷയറ്റവരും ആകരുത്. ഇങ്ങനെയുള്ള അവസര ങ്ങളിൽ നമ്മൾ പ്രവർത്തനമേഖലയിലേക്ക് കടക്കുന്നത് തികഞ്ഞ വിശ്വാസത്തോടെ ആയിരിക്കണം.

ഇടയബാലനായ ദാവീദിന്റെ കരങ്ങളാൽ, ഗോലിയാത്ത് എന്ന രാക്ഷസൻ നിലംപതിച്ചു. ദാവീദ് ദൈവത്തിൽ ആശ്രയിച്ച്, തന്റെ ജീവനെത്തന്നെ അപകടപ്പെടുത്തി. ചരിത്രത്തിൽ ഉടനീളെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ഒരു പാഠമാണിത്. ധനവാന്മാരുടെയും ശക്ത ന്മാരുടെയും എതിരെ ബലഹീനരെയും അടിച്ചമർത്തപ്പെട്ടവരെയും വിജയത്തിലേക്ക് നയിക്കാൻ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. നിരന്തരമായി.

## 33

# ദാവീദുമായി ദൈവത്തിന്റെ ഉടമ്പടി

**2 സാമുവൽ 7:12–13**

*“ശത്രുക്കളിൽനിന്ന് നിനക്ക് ഞാൻ ശാന്തിനല്കും. നിന്നെ ഒരു വംശമായി വളർത്തുമെന്നും കർത്താവ് അരുളിച്ചെയ്യുന്നു. ദിനങ്ങൾ തികഞ്ഞ് നീ പൂർവ്വികരോട് ചേരുമ്പോൾ നിന്റെ ഔരസ പുത്രനെ ഞാൻ*

*ഉയർത്തി, അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും, അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും" (2 സാമുവൽ 7:12-14).*

ദൈവം ദാവീദു രാജാവുമായി ഉണ്ടാക്കിയ ഉടമ്പടി ഏറ്റം വലുതും ഏറ്റം പ്രധാനപ്പെട്ടതുമായ ഒരു പ്രവചനമായിരുന്നു-മിശിഹായെക്കുറിച്ചുള്ള അതിപ്രധാന പ്രവചനം. മിശിഹായെക്കുറിച്ചുള്ള മറ്റു പല പ്രവചനങ്ങൾക്കും വാഗ്ദാനങ്ങൾക്കും അടിസ്ഥാനമായിരുന്നു, ഈ ഉടമ്പടി. ദൈവത്തിനുവേണ്ടി ഒരു ആലയം അഥവാ ദൈവാലയം നിർമ്മിക്കാൻ ദാവീദ് ആഗ്രഹിക്കുന്ന സമയമാണ് ഈ ഉടമ്പടിയുടെ സന്ദർഭം. "ഞാൻ ദേവദാരു കൊണ്ടുള്ള കൊട്ടാരത്തിൽ വസിക്കുന്നു. ദൈവത്തിന്റെ പേടകമോ കൂടാരത്തിൽ ഇരിക്കുന്നു" നാഥനോട് ദാവീദ് ഉള്ളു തുറന്നു പറയുന്നു. അതിനുപകരം ദാവീദിന് കൊടുത്ത വാഗ്ദാനം ഒരു രാജകീയ വംശവും ഭവനവുമാണ്. ദൈവത്തിന്റെ വാഗ്ദാനത്തിൽ ഏഴു ഘടകങ്ങൾ വ്യക്തമാണ്.:-

1. ദാവീദിന്റെ പേര് മഹത്വമുള്ളതാക്കും.
2. ഇസ്രായേൽ ജനത്തിന് ഈ ഭൂമി കൊടുക്കും.
3. ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് സ്വസ്ഥതയും അവരുടെമേൽ വിജയവും നല്കും.
4. ദാവീദിന് ഒരു ഭവനവും ഒരു വംശവും സ്ഥാപിച്ചുകൊടുക്കും.
5. ദാവീദിന് ഒരു സിംഹാസനം സ്ഥാപിക്കും.
6. ദാവീദിന്റെ മക്കൾക്ക് ദൈവം പിതാവായിരിക്കും.
7. ദാവീദിന്റെ സിംഹാസനം എന്നേക്കുമായി സ്ഥാപിക്കും.

ദാവീദിന്റെ രാജ്യം എന്നും നിലനില്ക്കുന്ന ഒരു രാജ്യമായിരിക്കും. ദാവീദിന്റെ സിംഹാസനവും അധികാരവും എല്ലാ വിധത്തിലും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും. രാജാവായ മിശിഹാ സ്ഥാപിക്കുന്ന ദൈവരാജത്തിൽ അതു ചെന്നെത്തും. ഈ വാഗ്ദാനത്തിലെ എല്ലാ ഭാഗങ്ങളും ദാവീദിന്റെ പുത്രനായ യേശു ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടും.

"നിന്റെ കുടുംബവും രാജത്വവും എന്റെ മുമ്പിൽ സ്ഥിരമായിരിക്കും. നിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും. ഈ വാക്കുകളും ദർശനവും നാഥൻ ദാവീദിനെ അറിയിച്ചു" (2 സാമുവൽ 7:17).

## 34

# കർത്താവാണ് എന്റെ ഇടയൻ എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല

**സങ്കീർത്തനം 23:1**

*കർത്താവാണ് എന്റെ ഇടയൻ*
*എനിക്കൊന്നിനും കുറവുണ്ടാവുകയില്ല*
*പച്ചയായ പുൽത്തകിടിയിൽ*
*അവിടുന്ന് എനിക്കു വിശ്രമമരുളുന്നു.*
*പ്രശാന്തമായ ജലാശയത്തിലേക്ക്*
*അവിടുന്ന് എന്നെ നയിക്കുന്നു*
*അവിടുന്ന് എനിക്ക് ഉന്മേഷം നല്കുന്നു*
*തന്റെ നാമത്തെ പ്രതി നീതിയുടെ*
*പാതയിൽ എന്നെ നയിക്കുന്നു.*
*മരണത്തിന്റെ നിഴൽവീണ*
*താഴ്‌വരയിലൂടെയാണ്*
*ഞാൻ നടക്കുന്നതെങ്കിലും*
*അവിടുന്ന് കൂടെയുള്ളതിനാൽ*
*ഞാൻ ഭയപ്പെടുകയില്ല.*
*(സങ്കീർത്തനം 23:1-4).*

ആധുനിക സമൂഹത്തിൽ ആടുകളും ആട്ടിടയനും അപൂർവ്വ കാഴ്ചകളാണ്. ആട്ടിടയനെ ഒരിക്കലും കാണാത്ത എത്രയോ ജനങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. എന്നാൽ പണ്ട്, ഇങ്ങനെ ആയിരുന്നില്ല. ആട്ടിടയന്റെ സങ്കല്പം ബൈബിളിൽ നിറയെ നിരന്നു കിടക്കുന്നു. അതുല്യനായ നേതാവ് മൂശയും പഴയനിയമത്തിലെ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നീ അതികായകരായ മഹാവ്യക്തികൾ എല്ലാവരും ആട്ടിടയന്മാരായിരുന്നു. മഹാരാജാവായ ദാവീദും ആട്ടിടയനായിരുന്നു. അങ്ങനെ അന്നത്തെ ജനങ്ങൾക്ക് ഒരു ആട്ടിടയന്റെ രൂപം മനസ്സിൽ ആഴത്തിൽ പതിഞ്ഞിരുന്നു.

ദൈവം തന്നെത്തന്നെ അവതരിപ്പിക്കുന്നത് ഒരു ഇടയനായിട്ടാണ്. സങ്കീർത്തനം 23-ൽ അതു വളരെ പ്രകടമാണ്. ഒരു ആട്ടിടയന്റെ ഭാഷയിൽ വിരചിക്കപ്പെട്ട ഈ സങ്കീർത്തനം ആത്മവിശ്വാസത്തിന്റെ പ്രകാശനമാണ് ദൈവത്തോടുള്ള ഒരാളുടെ പരിപൂർണ്ണ ആശ്രയത്തിന്റെ പ്രകടനം. പച്ചപ്പുല്ല് പരവതാനി വിരിച്ച മേച്ചിൽ പുറങ്ങൾ അന്വേഷിച്ചു കണ്ടുപിടിക്കുന്നത്, ഇടയനാണ്. സ്വച്ഛമായ ജലസ്രോതസ്സുകളിലേക്ക് നയിക്കുന്നതും ഇടയനാണ്. അപകടങ്ങളിൽ നിന്നും ശത്രുക്കളുടെ ശക്തിയിൽ നിന്നും ആടുകളെ രക്ഷിക്കുന്നതും ഇടയനാണ്. അപ്പോൾ ആടുകൾക്ക് സന്തോഷവും സമാധാനവും ഉണ്ടാകും. എന്തുകൊണ്ടെന്നാൽ അവർ ഇടയനെ ഉറച്ചുവിശ്വസിക്കുന്നു.

പരിപൂർണ്ണ വിശ്വാസത്തിന്റെ ഒരു സങ്കീർത്തനമാണിത്. അതിൽ തന്നെ വലിയ വാഗ്ദാനങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ദൈവം നമ്മളെ സമൃദ്ധമായ പുൽത്തകിടികളിലേക്ക് നയിക്കുന്നു. എല്ലാ അപകടങ്ങളിൽ നിന്നും രക്ഷിക്കുന്നു. മരണത്തിന്റെ നിഴലുകൾ പതിയിരിക്കുന്ന ഇരുണ്ട താഴ്വരകളിൽ ചരിക്കമ്പോഴും കർത്താവ് സംരക്ഷിക്കുന്നു. ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്, അവിടുന്നു തന്നെയാണ് ഇടയനെന്ന സത്യം. അതു പൂർത്തീകരിച്ചത് യേശുക്രിസ്തുവിൽ. യേശു പറയുന്നു: "നല്ലയിടയനാണ് ഞാൻ" നമുക്ക് ജീവന്റെ സമൃദ്ധിയുണ്ടാകാൻ വേണ്ടി ഇറങ്ങിവന്ന ഇടയനാണ് യേശു.

## 35

# കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ചു അവരെ രക്ഷിക്കുന്നു

**സങ്കീർത്തനം 34:7**

*"കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ചു അവരെ രക്ഷിക്കുന്നു. കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ. അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീർത്തനം 34: 4-8).*

സങ്കീർത്തനം 34 സ്തുതിപ്പിന്റെയും കൃതജ്ഞാ പ്രകാശത്തിന്റെയും ഒരു ഗീതമാണ്. സങ്കീർത്തന പുസ്തകം ഇസ്രായേൽ ജനതയുടെയും സഭയുടെയും പ്രാർത്ഥനാപ്പുസ്തകമാണ്. എല്ലാ സാഹചര്യത്തിലും ദൈവത്തെവിളിച്ച് അപേക്ഷിക്കുന്ന പ്രാർത്ഥനകളാണവ. ആനന്ദത്തിലും, വിജയത്തിലും, തോൽവിയിലും, ദുഃഖത്തിലും, ആവശ്യങ്ങളിലും, അപകടങ്ങളിലും ഉരുവിടുന്ന സങ്കീർത്തനങ്ങൾ ഉണ്ട്.

സങ്കീർത്തനങ്ങൾ വിവിധതരങ്ങളാണ്. സ്തുതിപ്പിന്റെയും, നന്ദിയുടെയും, വിലാപത്തിന്റെയും, യാചനകളുടെയും, വിശ്വാസപ്രകടനത്തിന്റെയും, പ്രബോധനങ്ങളുടെയും സങ്കീർത്തനങ്ങളുണ്ട്. സങ്കീർത്തനം 34-ൽ ഒരു ദൈവഭക്തൻ, തനിക്ക് അനുഭവിച്ചു ബോധ്യപ്പെട്ട ഒരു രക്ഷപ്പെടലിനുവേണ്ടി ദൈവത്തെ സ്തുതിക്കുകയും, അതിനു നന്ദി പറയുകയും ചെയ്യുന്നു. ഇവിടെ സങ്കീർത്തകൻ ഒരു വാഗ്ദാനത്തിന്റെ രൂപത്തിൽ സാർവ്വത്രികമായ ഒരു സത്യം വിളിച്ചു പറയുന്നു: "ദൈവത്തിന്റെ ദൂതൻ തന്നെ ഭയപ്പെടുന്നവരുടെ ചുറ്റും പാളയമടിക്കുന്നു" സൈന്യമാണ് സാധാരണ പാളയമടിക്കുന്നത്. അപ്പോൾ നടുക്കുള്ളവൻ സുരക്ഷിതനാകുന്നു.

ശക്തമായ ശത്രുക്കളാൽ ആക്രമിക്കപ്പെട്ട ഒരു ഭക്തന്റെ ശക്തമായ വിശ്വാസമാണ്, നമ്മൾ ഇവിടെ കാണുന്നത്. ദൈവം അവന്റെ നിലവിളികേട്ട് എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും വിടുതൽ കൊടുക്കുന്നു. ഇവിടെ പുറപ്പാടിന്റെ സമൂഹാനുഭവങ്ങൾ, വ്യക്തിപരമായ ഒരു തലത്തിലേക്ക് പുനരാവിഷ്ക്കരിക്കപ്പെടുന്നു. സാർവ്വത്രികമായ ഒരു സത്യമായിട്ടാണ് ഈ വാഗ്ദാനം, അവതരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഉന്മേഷവാനായി ഇരിക്കുക, ദൈവം നിന്നോടൊപ്പമാണ്. ദൈവത്തിന്റെ സന്ദേശവാഹകരും, പ്രതിനിധികളും, ദാസന്മാരുമായ ദൂതന്മാർ വഴിയാണ്, ദൈവം സംരക്ഷണം കൊടുക്കുന്നത്. ഇങ്ങനെ ദൈവത്തിന്റെ സാന്നിധ്യം ഭക്തന് അനുഭവവേദ്യമായിത്തീരുന്നു. ദൈവം നല്ലവനാണെന്ന് രുചിച്ചറിഞ്ഞു മനസ്സിലാക്കുന്നു. അവിടുത്തെ പക്കൽ അഭയം തേടുവിൻ. എല്ലാ അപകടങ്ങളിൽനിന്നും ഒരാൾക്ക് സുരക്ഷിതനായി കഴിയാൻ പറ്റുന്ന കോട്ടയും ഭവനവും ദൈവം തന്നെയാണ്. ഈ ആശയം ബൈബിളിൽ നിരവധി തവണ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ. അവിടുന്ന് നമ്മെ നിരാശപ്പെടുത്തുകയില്ല. "അവിടുത്തെ ഭയപ്പെടുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല" (34:11).

# 36

# കർത്താവ് സംരക്ഷണവും മോചനവും രോഗശാന്തിയും നല്കുന്നു

**സങ്കീർത്തനം 41:1-3**

*"ദരിദ്രരോട് ദയകാണിക്കുന്നവൻ ഭാഗ്യവാൻ.*
*കഷ്ടതയുടെ നാളുകളിൽ*
*അവനെ കർത്താവ് രക്ഷിക്കും.*
*കർത്താവ് അവനെ പരിപാലിക്കുകയും*
*അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും.*
*അവൻ ഭൂമിയിൽ അനുഗൃഹീതനായിരിക്കും*
*അവിടുന്ന് അവനെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുകയില്ല*
*കർത്താവ് അവന് രോഗശയ്യയിൽ*
*ആശ്വാസം പകരും*
*അവിടുന്ന് അവന് രോഗശാന്തി നല്കും..."*
*(സങ്കീർത്തനം 41:1-4)*

മുമ്പ് അനുഭവിച്ച സംരക്ഷണത്തിനും സൗഖ്യത്തിനും നന്ദി പറയുന്ന ഒരു കൃതജ്ഞതാ കീർത്തനമാണ്, 41-ാം സങ്കീർത്തനം. അതോടൊപ്പം കഷ്ടതകളിൽ ദൈവത്തിന്റെ സഹായത്തിനുവേണ്ടി ഉൽക്കടമായ ഒരാഗ്രഹവും ഇതു പ്രകടിപ്പിക്കുന്നു. സങ്കീർത്തനങ്ങളുടെ ആദ്യപുസ്തകത്തിലെ അവസാനത്തെ കീർത്തനമാണിത്. സങ്കീർത്തനങ്ങളുടെ പുസ്തകത്തിന് 5 ഭാഗങ്ങൾ ഉണ്ട്. അഥവാ 5 ഉപപുസ്തകങ്ങൾ ഉണ്ട്. 1:1-41, 2:42-72, 3:73-89, 4:90-106, 5:107-150- കീർത്തനങ്ങൾ ഇതാണ് അഞ്ചു പുസ്തകങ്ങൾ.

ഓരോ ഭാഗവും അവസാനിക്കുന്നത് ഒരു സമാപന സ്തുതിപ്പോടെയാണ്:-

1. ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്നേക്കും വാഴ്ത്തപ്പെടട്ടെ! ആമേൻ. ആമേൻ (സങ്കീർത്തനം 41:13)
2. അവിടുത്തെ മഹത്വപൂർണ്ണമായ നാമം എന്നേക്കും വാഴ്ത്തപ്പെടട്ടേ!

അവിടുത്തെ മഹത്വം ഭൂമിയിലെങ്ങും നിറയട്ടെ. ആമേൻ. ആമേൻ (സങ്കീർത്തനം 72:19).

3. കർത്താവ് എന്നേക്കും വാഴ്ത്തപ്പെടട്ടേ! ആമേൻ. ആമേൻ (സങ്കീർത്തനം 89:52).
4. ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടേ! ജനം മുഴുവൻ ആമേൻ എന്നു പറയട്ടെ! കർത്താവിനെ സ്തുതിക്കുവിൻ (സങ്കീർത്തനം 106:48).
5. സർവ്വ ജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ! കർത്താവിനെ സ്തുതിക്കുവിൻ (സങ്കീർത്തനം 150:6).

നീർച്ചാൽ തേടുന്ന മാൻപേടയുടെയും (സങ്കീ: 42:1), ഉണങ്ങിവരണ്ട ഭൂമിപോലെ തളരുന്ന ശരീരത്തിന്റെയും (63:1) മഴക്കുവേണ്ടി ദാഹിക്കുന്ന വേഴാമ്പലിന്റെയും ഉദാഹരണങ്ങളും മറ്റു പല പ്രതിരൂപങ്ങളും വഴി സങ്കീർത്തനങ്ങളിൽ പ്രകടിപ്പിക്കുന്നത് ദൈവസാന്നിധ്യത്തനുവേണ്ടിയുള്ള മനുഷ്യ ഹൃദയത്തിന്റെ ഉൽക്കടവും ആത്യന്തികമായ ദാഹവുമാണ്. ശത്രുക്കൾ വെറുക്കുകയും, മർദ്ദിക്കുകയും ചെയ്ത ഒരു വ്യക്തിയുടെ പ്രാർത്ഥനയാണ് സങ്കീർത്തനം 41-ൽ നമ്മൾ വായിക്കുന്നത്. അയാൾ ദുർബലനും, രോഗിയുമായിരുന്നു. അയാൾ മരണത്തിലേക്ക് അടുത്തുകൊണ്ടിരുന്നു. ഒരു പ്രതീക്ഷയും ഇല്ലാതെ മരണത്തിലേക്കു അടുത്തുകൊണ്ടിരിക്കുകയാണെന്ന് അയാൾക്ക് മനസ്സിലായപ്പോൾ ഒറ്റപ്പെട്ടവനും, നിരസിക്കപ്പെട്ടവനും, പരിത്യജിക്കപ്പെട്ടവനുമായി സ്വയം തോന്നിതുടങ്ങി. ഉറ്റ സുഹൃത്തുക്കൾപോലും ഉപേക്ഷിച്ചുപോയി.

ഈ സ്ഥിതിയിൽ, അയാൾ തന്റെ കഷ്ടതയിൽ ദൈവത്തെ വിളിച്ചുകരഞ്ഞു. അപ്പോൾ ദൈവം അവന്റെ സഹായത്തിന് ഇറങ്ങിവന്നു. അവനെ സുഖപ്പെടുത്തി. ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് അവനെ കൊണ്ടുവന്നു. ദൈവത്തിന്റെ സമീപ്യസാന്നിധ്യത്തിന്റെയും മൃദുലവും കരുണാപൂർവ്വകമായ ദൈവസ്നേഹത്തിന്റെയും ഒരു അനുഭവമാണ്. ഇതാണ് അയാളുടെ എല്ലാ നന്ദിപ്രകടനത്തിന്റെയും പ്രചോദനവും കാരണവും. എന്തു ബുദ്ധിമുട്ടുകൾക്കിടയിൽ കിടന്ന് ഉഴലുന്നവനായാലും, വിസ്മയിക്കുകയോ, ഭയപ്പെടുകയോ, നിരാശപ്പെടുകയോ ചെയ്യാതെ ശാന്തമായിരിക്കൂ. ദൈവം നിന്നെ സഹായിക്കും. ദൈവത്തിൽ ആശ്രയിക്കുകയും വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവനെ അവിടുന്ന് ഉപേക്ഷിക്കുകയില്ല.

37

# നിങ്ങൾ മഞ്ഞുപോലെ വെൺമയുള്ളവരായിരക്കും

**ഏശയ്യാ 1:18**

*"നിങ്ങളെത്തന്നെ കഴുകിവൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ എന്റെ സന്നിധിയിൽ നിന്ന് നീക്കിക്കളയുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ നീതി അന്വേഷിക്കുവിൻ..... വരുവിൻ നമുക്ക് രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശയ്യാ 1:16–20).*

ക്രിസ്തുവിനുമുമ്പ് 8–ാം നൂറ്റാണ്ടിലെ വലിയ പ്രവാചകനായിരുന്നു, ഏശയ്യാ. വിശുദ്ധിയുടെ പ്രവാചകനായിട്ടാണ്, അദ്ദേഹം അറിയപ്പെടുന്നത്. ക്രിസ്തുവിനെക്കുറിച്ചുള്ള പല പ്രധാന പ്രവചനങ്ങളും ഏശയ്യായുടെ വകയാണ്. ഏശയ്യാ പ്രസംഗിച്ചത് ജറൂസലേമിലാണ്. മാനസ്സാന്തരത്തിലേക്ക് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. അനുതാപവും ജീവിതപരിവർത്തനവും ജനത്തിന് കൊണ്ടുവരുന്നത് ക്ഷമയും ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സംരക്ഷണവും.

ഏശയ്യായുടെ പ്രവാചകദൗത്യത്തിലേക്കുള്ള വിളിയുടെ സംക്ഷിപ്ത വിവരണവും പ്രവചനത്തിന്റെ ഒരു മാതൃകയും ഒന്നാം അദ്ധ്യായത്തിൽ തന്നെ ഉണ്ട്. രാജ്യമൊട്ടാകെയുള്ള ജനങ്ങളെയും വ്യക്തികളെയും അവരുടെ പാപങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ ക്ഷമ വാഗ്ദാനം ചെയ്യുന്നു.

അനുതാപത്തിന്റെ അനന്തരഫലം മൗലികമായ ഒരു പരിവർത്തനമാണ്. അവരുടെ ഹൃദയത്തിന്റെ പരിവർത്തനമാണ് വേണ്ടത്. അതുപോലെ നീതിപൂർവ്വകമായ ഒരു ജീവിതവും. അതിന്റെ ലക്ഷണം അനുകമ്പയാണ്. പ്രത്യേകിച്ച് പാവപ്പെട്ടവർ, ബലഹീനർ, വിധവകൾ, അനാഥർ, അന്യദേശക്കാർ എന്നിവരോടുള്ള അനുകമ്പ. ദൈവം വാഗ്ദാനം ചെയ്യുന്നത്, അവിടുന്ന് വൃത്തിയാക്കുകയും, വിശുദ്ധീകരിക്കുകയും, പുതുതാക്കുകയും ചെയ്തിട്ട്, ഒരു പുതുഹൃദയവും ജീവിതവും നല്കുമെന്നാണ്. ബൈബിളിൽ വെള്ളനിറം വിശുദ്ധിയുടെ പ്രതീകമാണ്.

പാപഭാരവും കുറ്റബോധവും ചുമന്ന്, ഒരു പരിവർത്തനത്തിനും പഴുതില്ലായെന്ന് കരുതി ജീവിച്ചിരുന്നവർക്ക് ഈ വാഗ്ദാനം ഒരു വലിയ ആശ്വാസമായിത്തീർന്നു. നിങ്ങൾ തെറ്റായി ചെയ്തുപോയിട്ടുള്ള ഗുരുതരമായ കുറ്റങ്ങൾക്കും ഗൗരവമായ അപരാധങ്ങൾക്കും മോചനം തരാൻ ദൈവത്തിന് കഴിയുമെന്നാണ് പ്രവാചകന്റെ ഉറപ്പ്. കഠിനമായ കുറ്റബോധം കൂടെകൊണ്ടു നടന്നവർ, നിരാശപ്പെടരുത് ദൈവത്തിന് നിങ്ങളെ മാറ്റിമറിക്കാൻ കഴിയും. സൗഖ്യപ്പെടുത്താൻ കഴിയും. നിങ്ങളെ വിശുദ്ധീകരിച്ചു രക്ഷിക്കുവാനും കഴിയും. പാപത്തിൽ നിന്നുള്ള മോചന ത്തിനുവേണ്ടിയുള്ള പുതിയ ഉടമ്പടി ഉണ്ടാക്കി, സ്വന്തം രക്തം ചൊരിഞ്ഞ യേശുക്രിസ്തുവിലാണ്, ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടത്. ഇപ്പോൾ നിങ്ങളുടെ വസ്ത്രങ്ങൾ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളു പ്പിക്കാം. “ഇവരാണ് വലിയ ഞെരുക്കത്തിൽ നിന്ന് വന്നവർ. കുഞ്ഞാ ടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ” (വെളിപാട് 7:14).

ഈ പ്രവാചകവാഗ്ദാനത്തിൽ ഒരു ഭീഷണിയും പതിയിരുപ്പുണ്ട്. “അനുസരിക്കാൻ സന്നദ്ധരെങ്കിൽ, നിങ്ങൾ ഐശ്വര്യം ആസ്വദിക്കും. അനുസരിക്കാതെ ധിക്കാരം തുടർന്നാൽ, വാളിനിരയായിത്തീരും. കർത്താവ് അരുളിച്ചെയ്തിരിക്കുന്നു” (ഏശയ്യാ 1:19–20).

## 38

# ഇനിമേൽ യുദ്ധമില്ല. ഇനിമേൽ ആയുധങ്ങൾ ഉണ്ടാവില്ല

**ഏശയ്യാ 2:4**

*“കർത്താവിന്റെ നിയമം സീയോനിൽനിന്നു പുറപ്പെടും, അവി ടുത്തെ വചനം ജറൂസലേമിൽനിന്നും അവിടുന്ന് ജനതകളുടെ മദ്ധ്യ ത്തിൽ വിധികർത്താവായിരിക്കും. ജനപഥങ്ങളുടെ തർക്കങ്ങൾ അവ സാനിക്കും. അവരുടെ വാൾ കൊഴുവായും അവരുടെ കുന്തം വാക്കത്തി യുമായി അടിച്ചു രൂപപ്പെടുത്തും. രാജ്യം രാജ്യത്തിനെതിരെ വാളു യർത്തുകയില്ല. അവർ ഇനിമേൽ യുദ്ധപരിശീലനവും നടത്തുകയില്ല” (ഏശയ്യാ 2:1–4).*

ഏശയ്യാ പ്രവാചകന്മാരുടെ രാജകുമാരനാണ്-വിശുദ്ധിയുടെയും രക്ഷകന്റെയും പ്രവാചകനാണ്. ഏശയ്യായുടെ പുസ്തകം സാധാരണ മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. വ്യത്യസ്തമായ കാലഘട്ടങ്ങളിൽ വ്യത്യസ്തരായ രചയിതാക്കളാണ് ഇവ രചിച്ചതെന്ന് കരുതപ്പെടുന്നു. ഏശയ്യായുടെ പുസ്തകത്തിൽ 1 മുതൽ 39 വരെയുള്ള അദ്ധ്യായങ്ങൾക്ക് ഒന്നാം ഏശയ്യാ എന്നു പറയുന്നു. ബാബിലോൺ അടിമത്വത്തിന് മുമ്പത്തെ ഏശയ്യായുടെ പ്രവർത്തനങ്ങളും പ്രവചനങ്ങളും ഇവയിലുണ്ട്. B.C. 740 മുതൽ 710 വരെയുള്ള കാലഘട്ടത്തിലെ വിവരങ്ങൾ.

രണ്ടാം ഏശയ്യാ 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങളാണ്. ബാബിലോണിൽ പ്രവാസത്തിൽ കഴിയുന്നവരെയാണ് ഇത് അഭിസംബോധന ചെയ്യുന്നത്. B.C.550 മുതൽ 537 വരെയുള്ള കാലഘട്ടമാണിത്. മൂന്നാം ഏശയ്യാ 56 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങളാണ്. ബാബിലോൺ അടിമത്വത്തിനുശേഷം B.C. 520 മുതൽ 510 വരെയുള്ള കാലഘട്ടത്തിൽ ഈ ഭാഗം അഭിസംബോധന ചെയ്യുന്നത് പ്രവാസത്തിൽ നിന്ന് തിരിച്ചുവന്നവരെയാണ്.

സാർവ്വത്രികമായ ഒരു രക്ഷയുടെ ഒരു വലിയ ദർശനമാണ് ഏശയ്യാ നമുക്ക് പകർന്നു തരുന്നത്. അതുപോലെ സിയോണിനെയും ജറുസലെമിനെയും ലോകത്തിന്റെ കേന്ദ്രമായി ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയ ജറുസലെമായി ചിത്രീകരിച്ചിരിക്കുന്ന പുതിയ ജറുസലെമിനെക്കുറിച്ചുള്ള പ്രവചനം ഇനിയും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. വെളിപാടു നമുക്കുള്ള വലിയ പ്രത്യാശയും നിത്യമായ സമാധാനമാണ്. യുദ്ധോപകരണങ്ങൾ കാർഷികോപകരണങ്ങളായി പരിവർത്തനം ചെയ്യപ്പെടും. പക്ഷേ, എങ്ങനെ? എവിടെ? എന്ന്? എന്ന ചോദ്യങ്ങൾക്ക് ഉത്തരം ബാക്കി നില്ക്കുന്നു.

പ്രവാചകൻ വിളിച്ചു പറയുന്നു: "സിയോനിലേക്കു പോകുവിൻ, കർത്താവിൽ നിന്ന് പഠിക്കുക, കർത്താവിനെ കേൾക്കുക" ദൈവത്തിന്റെ വചനം സ്വീകരിച്ച് ജനം ജീവിച്ചു തുടങ്ങുമ്പോൾ പിന്നെ യുദ്ധം ഉണ്ടാവില്ല. ആയുധങ്ങളുടെ ആവശ്യം അവസാനിക്കുന്നു. അപ്പോൾ അവയൊക്കെ കാർഷികായുധങ്ങളായി രൂപപ്പെട്ടിരിക്കും. വാളുകൾ കലപ്പകളായിത്തീരും. കുന്തങ്ങൾ വാക്കത്തിയായും രൂപാന്തരപ്പെട്ടിരിക്കും. 1990 ലെ സോവ്യറ്റ് യൂണിയന്റെ പതനത്തിനുശേഷം ന്യൂക്ലിയർ മിസൈലുകളുടെ പുറംചട്ടയിൽനിന്ന് പേനകൾ ഉണ്ടാക്കിയത് ഒരു ഉദാഹരണമാണ്. ഇത് ഏശയ്യായുടെ പ്രവചനത്തിന്റെ പൂത്തീകരണത്തിന് ആശയ്ക്കു വകനല്കുന്ന ഒരു കാര്യമാണിത്. ഇനിയും സാക്ഷാത്കരിക്കാത്ത ഒരു സ്വപ്നമാണിത്. എങ്കിലും ഉറച്ച തീരുമാനത്തോടെ

അതിനുവേണ്ടി പ്രവർത്തിക്കാൻ ദൈവം ആവശ്യപ്പെടുന്നു. ഈ വാഗ്ദാനം വെച്ചുനീട്ടിയ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് നമുക്ക് മുമ്പോട്ടുപോകാം.

## 39

# അവൻ എമ്മാനുവൽ എന്ന് വിളിക്കപ്പെടും

**ഏശയ്യാ 7:14**

*"അതിനാൽ കർത്താവുതന്നെ നിനക്ക് ഒരു അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവൽ എന്നു വിളിക്കപ്പെടും" (ഏശയ്യാ 7:10–14).*

ഏശയ്യാ പ്രവാചകനിൽനിന്ന് വരുന്ന രക്ഷകനെക്കുറിച്ചുള്ള മറ്റൊരു പ്രവചനമാണിത്. ഒരുപക്ഷേ, രക്ഷകനെക്കുറിച്ച്, ഏറ്റം അറിയപ്പെടുന്ന പ്രവചനം ഇതാണ്. കന്യാമറിയത്തിൽ നിന്ന് യേശുവിന്റെ ജനനത്തോടെ ഇതിന്റെ പൂർത്തീകരണം നടന്നതായി മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായത്തിൽ തന്നെ കാണുന്നു: "കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള എമ്മാനുവൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്" (മത്തായി 1:11–23). ഇസ്രായേൽ, സിറിയാ എന്നീ രാജ്യങ്ങൾ സഖ്യമുണ്ടാക്കി യൂദാരാജ്യത്തിനെതിരായി സൈനിക നീക്കം നടത്തിയ സന്ദർഭമാണ്, ഈ പ്രവചനത്തിന്റെ ചരിത്ര പശ്ചാത്തലം. അസ്സീറിയാക്കെതിരെ അവർ നടത്തിയ യുദ്ധത്തെ യൂദാരാജാവ് സഹായിച്ചില്ല. അതിനു മറുപടിയായിട്ടാണ് ഈ സൈനിക നീക്കം. അന്നത്തെ യൂദാരാജാവായ ആഹാസ് ഈ പ്രതിസന്ധിയിൽ, അസ്സീറിയായുടെ സഹായം ആവശ്യപ്പെടാൻ ചിന്തിച്ചുകൊണ്ടിരുന്നു. ദൈവം ഏശയ്യാ വഴി അവിടെ ഇടപെടുന്നു. കർത്താവിനെ ആശ്രയിക്കാൻ, ആഹാസിനെ ദൈവം ധൈര്യപ്പെടുത്തുന്നു. ഒരു അടയാളം ചോദിച്ചുകൊള്ളാൻ ദൈവം ആഹാസിനോട് പറഞ്ഞു. ആഹാസ് അതിനു വിസമ്മതിച്ചു. അപ്പോൾ ദൈവം തന്നെ ആഹാസിന് ഒരു

അടയാളം വെളിപ്പെടുത്തിക്കൊടുക്കുന്നു. ഈ വാഗ്ദാനത്തിൽ ഒരു കന്യാജനനത്തെക്കുറിച്ചാണ് പറയുന്നതെങ്കിലും, ഈ പ്രവചനം മനസ്സിലാക്കിയെടുക്കാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. ഇവിടെ ഉദ്ധരിക്കപ്പെട്ട വചനങ്ങൾ ഹീബ്രു മൂലഗ്രന്ഥത്തിൽ നിന്ന് പരിഭാഷപ്പെടുത്തിയ പുസ്തകത്തിൽനിന്നാണ്. മൂലഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്, ഗർഭധാരണത്തിന് പ്രായമായ ഒരു യുവതി എന്ന വാക്കാണ് – അതായത് 'അൽമാ'. ഇവിടെ ഇവൾ കന്യകയാണോ അല്ലയോ എന്ന് വ്യക്തമാക്കുന്നില്ല. എന്നാൽ, ഗ്രീക്കുഭാഷയിലേക്കു നടന്ന ഇതിന്റെ പരിഭാഷയിൽ, ഇതിന് ഉപയോഗിച്ചിരിക്കുന്നത് 'പർത്തേനോസ്' എന്നാണ്. 'സെപ്തജിസ്റ്റ്' എന്ന ഗ്രീക്കു ഗ്രന്ഥത്തിൽ ഈ വാക്കിന്റെ അർത്ഥം സംശയരഹിതമായി 'കന്യക' എന്നാണ്. ക്രമേണ കൂടുതൽ, കൂടുതൽ ആഴത്തിൽ ഈ പ്രവചനത്തിന്റെ അർത്ഥം മനസ്സിലാക്കപ്പെടുന്നതായി നമുക്കു കാണാം. അങ്ങനെ പ്രവചനത്തിന്റെ പൂർണ്ണമായ അർത്ഥം പഠിതാക്കൾക്ക് ബോധ്യപ്പെട്ടു. ഈ പ്രവചനം പ്രഖ്യാപിക്കപ്പെട്ടപ്പോൾ അവ്യക്തമായിരുന്നുവെങ്കിൽ, പിന്നീട് പരിശുദ്ധാരൂപിയാൽ അതിനു വ്യക്തതവന്നു. രക്ഷകനെക്കുറിച്ചുള്ള ഒരു പ്രവചനമായി ഇതു കണക്കാക്കപ്പെടുന്നു. കന്യാമറിയത്തിൽനിന്ന് ജനിച്ച ഈശോയിൽ ഇതു പൂർത്തീകരിക്കപ്പെട്ടു. "നിങ്ങൾക്ക് ദാവീദിന്റെ പട്ടണത്തിൽ ഒരു രക്ഷകൻ പിറന്നിരിക്കുന്നു" (ലൂക്കാ 2:10).

"എമ്മാനുവൽ ആയ യേശു വാഗ്ദാനം ചെയ്യുന്നു "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും" (മത്തായി 28:20).

ഇതാണ് നമ്മുടെ ദൈവം – ഇന്നും എന്നും നമ്മോടൊപ്പമുള്ള ദൈവം. യേശുവിനെ നമുക്ക് എവിടെ കണ്ടുമുട്ടാം. എവിടെയും, പ്രത്യേകിച്ചു ദൈവവചനത്തിൽ, കുർബ്ബാനയിൽ, നമ്മുടെ ഹൃദയത്തിൽ അയൽക്കാരിൽ, പ്രത്യേകിച്ച് ബലഹീനർ, പാവപ്പെട്ടവർ, രോഗികൾ, മാനം നഷ്ടപ്പെട്ടവർ, എന്നിവരിലും നമുക്ക് ദൈവത്തെയും യേശുവിനെ കാണാം. "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു, എനിക്കു ദാഹിച്ചു. നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു..." (മത്തായി 25:35-36). ഇതാണ് നമ്മൾ അന്വേഷിക്കുന്ന ദൈവം എമ്മാനുവൽ.

# 40

# അനന്തമായ സമാധാനം അവിടെ ഉണ്ടാകും

**ഏശയ്യാ 9:7**

*"എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും, വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും, അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്. അവന്റെ സമാധാനം അനന്തവും" (ഏശയ്യാ 9:1–7).*

B.C. ൮–ാം ശതകത്തിൽ ജീവിച്ചിരുന്ന ഏശയ്യായുടെ രക്ഷകനെക്കുറിച്ചുള്ള മറ്റൊരു പ്രവചനമാണിത് – വലിയ ഒരു പ്രവചനം തന്നെ. എമ്മാനുവൽ പ്രവചനത്തിന്റെ തുടർച്ചയാണിത്. അതേ കാലഘട്ടത്തിൽ വടക്കൻ രാജ്യമായ ഇസ്രായേലും സിറിയയും സഖ്യമുണ്ടാക്കി യൂദാ രാജ്യത്തോട് യുദ്ധത്തിനു പുറപ്പെട്ടു. ഈ യുദ്ധം അട്ടിമറിച്ചത് പേർഷ്യൻ ചക്രവർത്തി ടിഗ്ലത്ത് പിലേസർ മൂന്നാമന്റെ ഇടപെടലാണ്. അതിനു ശേഷം സിറിയാരാജ്യം കീഴടക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. ഇസ്രായേൽ രാജ്യം തന്നെ ചിതറിക്കപ്പെട്ടു. ജനങ്ങൾ നിഷ്കാസിതരായി, അടിമകളായി, അസ്സീറിയൻ പടരാജ്യം നശിപ്പിച്ചു. സെബുലോൺ, നഫത്താലി വംശക്കാരുടെ പ്രദേശങ്ങൾ നാസകൂമ്പാരനുമായി, ഈ പ്രതിസന്ധിയുടെ കാലത്താണ്, ഈ പ്രവചനം നടക്കുന്നത്. നശിപ്പിക്കപ്പെട്ടവ പുനഃസ്ഥാപിക്കപ്പെടുന്ന സമയം വരും. ഏശയ്യാ, യുദ്ധങ്ങളും അടിമത്വമില്ലാത്തതും, നിത്യമായ സമാധാനം നിലനില്ക്കുന്നതുമായ ഒരു സുവർണ്ണ കാലഘട്ടമാണ് പ്രഖ്യാപിക്കുന്നത്.

അസ്സീറിയൻ കടന്നുകയറ്റത്തിന്റെയും അക്രമത്തിന്റെയും ഫലമായി ഇരുട്ടിൽ നടന്നിരുന്ന ജനങ്ങൾ വരാനിരിക്കുന്ന രക്ഷകന്റെ സുവർണ്ണകാലത്തേക്ക് പ്രതീക്ഷയോടെ നോക്കാൻ തുടങ്ങി. ഈ പ്രവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന ക്രിയാവാക്കുകൾ, എല്ലാം സംഭവിച്ചു കഴിഞ്ഞുവെന്ന രീതിയിൽ ഭൂതകാലത്തിലാണ്. ദൈവത്തിന്റെ

വീക്ഷണത്തിൽ, സാക്ഷാൽക്കരിച്ച യാഥാർത്ഥ്യങ്ങളുടെ രീതിയിൽ ചില പ്രവാചകർ ദീർഘദർശനം ചെയ്യുന്നുണ്ട്. ദൈവത്തിന് എല്ലാക്കാലങ്ങളും ഒരുപോലെയാണ്. ഭൂതം, ഭാവി, വർത്തമാനം. എന്നാൽ, പലതും ചരിത്രത്തിന്റെ പ്രയാണത്തിൽ, സ്ഥലകാല പരിധികൾക്കുള്ളിൽ സംഭവിക്കേണ്ടതാണ്. അന്ന് ശ്വാസത സമാധാനം ഉണ്ടാകും. അപ്പോൾ യുദ്ധവും ആയുധങ്ങളും അടിമത്വവും ഉണ്ടാവില്ല.

എല്ലാ വാഗ്ദാനങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത്, ഒരു ദൈവിക ശിശുവിലാണ്. ആ ശിശുവിന്റെ വിശേഷങ്ങളും, സ്വഭാവ വൈശിഷ്യങ്ങളും, ഒരു മനുഷ്യവ്യക്തിയെപ്പറ്റിയുള്ള സങ്കല്പങ്ങൾക്ക് അപ്പുറത്താണ്. ഇസ്രായേലിന്റെ ചരിത്രത്തിൽ, ഇങ്ങനെയൊരു രാജാവ് ഉണ്ടായിട്ടില്ല. ഇതു ഉറ്റുനോക്കുന്നത്, ചരിത്രത്തിന് അപ്പുറത്തേക്ക്. ആത്യന്തികവും, അനശ്വരവുമായ ദൈവത്തിന്റെ ചരിത്രത്തിലെ ഇടപെടലിലേക്കാണ്, ഇതു വിരൽചൂണ്ടുന്നത്. ഒരു രാജാവിലേക്കും, ദൈവിക മനുഷ്യനായ ഒരു രക്ഷകനിലേക്കും. ഈ രക്ഷകന് നാല് സവിശേഷതകൾ ഉണ്ട്:-

1. **വിസ്മയനീയനായ ഉപദേഷ്ടാവ്:** ജീവനിലേക്കുള്ള മാർഗ്ഗങ്ങൾ പഠിപ്പിക്കുകയും കാണിച്ചു തരുകയും ചെയ്യുന്നവൻ.

2. **ശക്തനായ ദൈവം:** ശത്രുക്കളിൽനിന്ന് രക്ഷിക്കുകയും, ബലഹീനരെ സംരക്ഷിക്കുകയും, നീതിമാന്മാരുടെ പക്ഷം ചേർന്ന് വാദിക്കുകയും, മർദ്ദിതരെ വിമോചിപ്പിക്കുകയും ചെയ്ത് തന്റെ ശക്തി പ്രകടിപ്പിക്കുന്നവൻ.

3. **അനശ്വരനായ പിതാവ്:** എല്ലാ പിതൃത്വവും വരുന്നത് ദൈവത്തിൽനിന്ന്, എല്ലാ അസ്തിത്വത്തിന്റെയും ജീവന്റെയും ഉറവിടമാണ്, ആ പിതാവ്.

4. **സമാധാനത്തിന്റെ രാജാവ്:** സമാധാനപൂർണ്ണമായ അദ്ദേഹത്തിന്റെ ഭരണത്തിന് അന്ത്യമില്ല. അവിടുന്ന് സകല ബന്ധങ്ങളും പുനഃസ്ഥാപിക്കുന്നവനും, സമാധാനവും 'ശാലോമും' നിത്യമായി സ്ഥാപിക്കുന്നവനാണ്.

ഇന്നും നമ്മൾ സമാധാനത്തിനുവേണ്ടി കാത്തിരിക്കുന്നു. പക്ഷേ, നമ്മുടെ പ്രതീക്ഷകൾ നിരന്തരം ഭീഷണിയിലാണ്. തുടരെതുടരെ നടക്കുന്ന യുദ്ധങ്ങൾ, ഭീഷണികൾ, കലാപങ്ങൾ എന്നിവയെല്ലാം സമാധാനത്തെ നശിപ്പിക്കുന്നു. ഹൃദയത്തിന്റെ ഉള്ളിൽ നിറയുന്ന ഒരു ആന്തരികസമാധാനം വ്യക്തികളിൽനിറഞ്ഞ്, എല്ലാവരിലേക്കും, പടരേണ്ടതാണ്. സമാധാനത്തിന്റെ രാജാവിന്റെ ആശംസാവാഗ്ദാന

മാണ്. "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" (യോഹന്നാൻ 14:27).

## 41

# എന്റെ വിശുദ്ധ ഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല

**ഏശയ്യാ 11:9**

*''ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചു വസിക്കും. പുള്ളിപ്പുലി കോലാട്ടിൻകുട്ടിയുടെ കൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും ഒന്നിച്ചുമേയും. ഒരു ശിശു അവയെ നയിക്കും..... സിംഹം കാളയെ പ്പോലെ വൈക്കോൽതിന്നും, മുലകുടിക്കുന്ന ശിശു സർപ്പപ്പൊത്തിനു മുകളിൽ കളിക്കും. മുലകുടിമാറിയ കുട്ടി അണലിയുടെ അളയിൽ കൈയ്യിടും. എന്റെ വിശുദ്ധഗിരിയിൽ ആരും ദ്രോഹമോ നാശമോ ചെയ്യുകയില്ല" (ഏശയ്യാ 11:6–9).*

ഇതും രക്ഷകനെക്കുറിച്ചുള്ള പ്രസിദ്ധമായ ഒരു പ്രവചനമാണ്. ഏശയ്യാ 9:1–7 വരെ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനത്തിന്റെ തുടർച്ചയും വിശദീകരണവുമാണ്, ഈ പ്രവചനത്തിൽ കാണുന്നത്. രക്ഷാകരയുഗം ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത് ഭാവിയിൽ സംഭവി ക്കേണ്ടതായിട്ടാണ്. സമാധാനരാജാവായ രക്ഷകനുമായി ബന്ധപ്പെടു ത്തിയാണ് ഇതിലെ പ്രവചനങ്ങൾ.

ഈ പ്രവചനത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ട്. ഒന്നാം ഭാഗം 1 മുതൽ 5 വരെ വാക്യങ്ങൾ വിശദമാക്കുന്നത്. രാഷ്ട്രീയ സാമൂഹ്യതലത്തിൽ വരാൻ പോകുന്ന സംഭവങ്ങളാണ്. രണ്ടാം ഭാഗം 6 മുതൽ 11 വരെയുള്ള വചനങ്ങൾ സൃഷ്ടിയുടെ ഒരു പുതിയ വ്യവസ്ഥയെയും വിശ്വപ്രാപ ഞ്ചിക സമാധാനത്തെയും പ്രഖ്യാപിക്കുന്നു. ജസ്സെയുടെ കുറ്റിയിൽനിന്ന് പൊട്ടിവരുന്ന മുളയും വേരിൽനിന്ന് പൊട്ടിമുളക്കുന്ന ശാഖയും ആല ങ്കാരിക പ്രയോഗങ്ങളാണ്. അതു വിരൽചൂണ്ടുന്നത് ദാവീദിനെ പ്പോലെയുള്ള ഒരു രാജാവിനെയാണ് – അതേ വംശത്തിൽ നിന്നോ മൂലത്തിൽനിന്നോ വരുന്ന ഒരു രാജാവിനെ.

രാജാവിന്റെ സവിശേഷത അരൂപിയുടെ നിറവാണ്. മൂന്ന് സെറ്റ് ഇരട്ട ഗുണങ്ങളാണ് രാജാവിന്റെ സവിശേഷതയായി ഹീബ്രു മൂലത്തിൽ

ഉള്ളത്. എന്നാൽ 'സെപ്ത്വജിസ്റ്റി'ലും ലാറ്റിൻ വുൾഗാത്ത പതിപ്പിലും രാജാവിന് ഏഴു സ്വഭാവഗുണങ്ങളുണ്ട്. അദ്ധ്യാത്മികമായ വ്യാഖ്യാനത്തിൽ ഇവ പരിശുദ്ധാരൂപിയുടെ ഏഴു ദാനങ്ങളാണ്.

കർത്താവിന്റെ ആത്മാവ് എന്നത് ഈ പ്രവചനത്തിൽ മനസ്സിലാക്കേണ്ടത് പരിശുദ്ധ ത്രിത്വത്തിന്റെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ് എന്നല്ല. അതാണ് പുതിയ നിയമത്തിൽ കാണുന്നത്. ഇവിടെ ആത്മാവ് എന്നാൽ ദൈവത്തിന്റെ സർഗ്ഗാത്മകവും പ്രവർത്തനക്ഷമവുമായ ശക്തിയാണ്. അങ്ങനെ ഉൽപത്തി 1:2–ൽ കാണുന്നു. "ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു. അരൂപിയുടെ സവിശേഷതകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒന്നു മറ്റേതിന് വിശദീകരണവും വ്യാഖ്യാനവും നല്കുന്നു:–"

1. വിജ്ഞാനവും വിവേകവും: രാജ്യം ഭരിക്കാനും ജനങ്ങളെ നയിക്കാനും ഈ രണ്ടു ഗുണങ്ങളും ആവശ്യമാണ്. സോളമൻ ആവശ്യപ്പെടുന്നത് "നന്മയും തിന്മയും, വിവേചിച്ച് അറിഞ്ഞ് ജനത്തെ നയിക്കാൻ പോരുന്ന വിവേകം ഈ ദാസനു നല്കിയാലും". പ്രാർത്ഥനക്ക് മറുപടിയായി ജ്ഞാനവും വിവേകവും ദൈവം സോളമനു കൊടുക്കുന്നു. (1 രാജാക്കന്മാർ 3:9). അദ്ദേഹത്തിന് ആവശ്യമായിരുന്നത്, കേൾക്കാനുള്ള ഒരു ഹൃദയമായിരുന്നു. അതിന് വിവേകം എന്നും അർത്ഥമുണ്ട്.

2. ഉപദേഷ്ടാവിന്റെയും ശക്തന്റെയും ഗുണങ്ങൾ ഒരു രാജാവിന്റെ സവിശേഷതകളാണ്. നയതന്ത്രനിപുണതയും സൈനികശക്തിയും ഒരു രാജാവിന് വേണ്ട കാര്യങ്ങൾ തന്നെയാണ്.

3. അറിവും ദൈവഭയവും രാജാവിന്റെ ഉൽകൃഷ്ട മാതൃകാഗുണങ്ങളാണ്. ദൈവഭയം ദൈവഭക്തിയായും വ്യാഖ്യാനിക്കപ്പെടുന്നു.

ഈ മൂന്ന് സെറ്റ്, ഗുണങ്ങളും ദൈവവുമായി ബന്ധപ്പെട്ടാണ് നാം കാണുന്നത്. ഉപരിതലത്തിൽ കാണപ്പെടുന്നവയ്ക്കപ്പുറത്ത്, ഉള്ളിൽ കിടക്കുന്നവയെ കാണാനും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കണ്ടുപിടിക്കാനും ഹൃദയംകൊണ്ട് വിധിക്കാനും ഈ മൂന്നു ഗണം ഗുണങ്ങളും എല്ലാവർക്കും സഹായകമാണ്. സത്യസന്ധമായി ഭരിക്കാൻ രക്ഷകനായ രാജാവിനെ ഇവ സഹായിക്കുന്നു. നീതിനിർവഹണത്തിനും, പ്രത്യേകിച്ച് ബലഹീനർ, പാവപ്പെട്ടവർ. എന്നിവർക്ക് നീതി ലഭ്യമാക്കാനും ദൈവത്തോടുള്ള വിശ്വസ്തതക്കും മേല്പറഞ്ഞ ഗുണങ്ങളാണ് രാജാവിന് വേണ്ടത്. അപ്പോൾ ദൈവത്തിന്റെ ഉടമ്പടിയുടെ കല്പനകളോടും ദൈവേച്ഛയോടും രാജാവ് പ്രതിബന്ധതയുള്ളവനായിരിക്കും.

യഥാർത്ഥ ദൈവജ്ഞാനത്തിന്റെ വഴി യുദ്ധം കൂടാതെ ഹൃദയപരിവർത്തനം വഴി ഏവർക്കും സമാധാനം ഉണ്ടാക്കികൊടുക്കുകയാണ്. ഈ പ്രവചനത്തിൽ മാംസഭുക്കുകളായ മൃഗങ്ങൾ പുല്ലുതിന്നുമെന്ന് പറയുന്നതിന്റെ അർത്ഥം ഭൂമിയിൽ ബലപ്രയോഗം ഇല്ലാതാകും എന്നാണ്.

ഈ വാഗ്ദാനം ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. അതിനുവേണ്ടി നമുക്ക് പ്രതീക്ഷിക്കാം. ശരിയായ ദൈവജ്ഞാനം കിട്ടുന്നതിന്റെ തോതനുസരിച്ച് ഇവ പൂർത്തീകരിക്കപ്പെടും. ഭാവിരാജാവിന്റെ ഭരണം ശക്തിയിലും ബലത്തിലും ആയുധങ്ങളിലുമല്ല, പ്രത്യുതാ പരിപൂർണ്ണ നീതിനിർവ്വഹണത്തിന്റെ ബലത്തിലാണ്.

## 42

# കർത്താവ് സകലരുടെയും കണ്ണീർ തുടച്ചുമാറ്റും

**ഏശയ്യാ 25:8**

*"ഈ പർവ്വതത്തിൽ സർവ്വജനങ്ങൾക്കുംവേണ്ടി സൈന്യങ്ങളുടെ കർത്താവ് ഒരു വിരുന്നൊരുക്കും. മജ്ജയും കൊഴുപ്പുമുറ്റിയ വിഭവങ്ങളും മേൽത്തരം വീഞ്ഞുമുള്ള വിരുന്ന്. സർവ്വജനതകളെയും മറച്ചിരിക്കുന്ന ആവരണം, ജനതകളുടെ മേൽ വിരിച്ചിരിക്കുന്ന മൂടുപടലം, ഈ പർവ്വതത്തിൽവച്ച് അവിടുന്ന് നീക്കിക്കളയും. അവിടുന്ന് മരണത്തെ എന്നേക്കുമായി ഗ്രസിക്കും. സകലരുടെയും കണ്ണീർ അവിടുന്നു തുടച്ചു മാറ്റും. തന്റെ ജനത്തിന്റെ അവമാനം ഭൂമിയിൽ എല്ലായിടത്തുനിന്നും, അവിടുന്ന് നീക്കിക്കളയും. കർത്താവാണ് ഇത് അരുളിചെയ്തിരിക്കുന്നത്" (ഏശയ്യാ 25:5-8).*

ഏശയ്യായുടെ പുസ്തകം 24 മുതൽ 27 വരെയുള്ള അദ്ധ്യായങ്ങൾ 'വെളിപാടിന്റെ ചെറിയ പുസ്തകം' എന്ന് അറിയപ്പെടുന്നു. ഇവിടെ മുതൽ ബൈബിളിലെ രചനാസാഹിത്യത്തിൽ, ഒരു പുതിയ ശൈലി തുടങ്ങുന്നു. പഴയ നിയമത്തിന്റെ അവസാനകാലഘട്ടം ആകുമ്പോഴേക്കും ഇതൊരു ജനപ്രിയ സാഹിത്യരൂപമായി തീർന്നു. ദാനിയേൽ 7 മുതൽ 12 വരെയും സഖറിയ 9 മുതൽ 12 വരെയും എനോക്കിന്റെ പുസ്ത

കവും ഇതേ സാഹിത്യ രൂപത്തിൽപ്പെടുന്നു. ഏശയ്യായുടെ പുസ്തകത്തിൽ ഈ ഭാഗങ്ങൾ അവസാനം കൂട്ടിച്ചേർക്കപ്പെട്ടതായി കരുതപ്പെടുന്നു. ഭാവിയിൽ വരാനിരിക്കുന്ന വിജയത്തെക്കുറിച്ചും ഭൂമിയിൽ സമാധാനത്തിന്റെ സംസ്ഥാപനത്തെക്കുറിച്ചുമുള്ള വാഗ്ദാനങ്ങളാണിതിൽ. ഇസ്രായേലിനെയും ജറുസലെമിനെയും കേന്ദ്രീകരിച്ചാണ് ഈ വാഗ്ദാനങ്ങൾ.

ഇതിൽ വിവരിക്കുന്ന മഹാവിരുന്ന് നിത്യജീവിതവും സ്വർഗ്ഗവുമാണ്. യേശുവിന്റെ വിരുന്നിന്റെ ഉപമകളുമായും വിരുന്നുസൽക്കാരങ്ങളിൽ പങ്കെടുക്കുന്ന യേശുവിന്റെ പ്രവർത്തനങ്ങളുമായും, അവസാന അത്താഴവുമായും ഇതിന് സാമ്യമുണ്ട്.

വിരുന്നു നടക്കുന്ന സ്ഥലമായ പർവ്വതം സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. വെളിപാടിൽ 21:1 മുതൽ 4 വരെ വചനങ്ങളിൽ, പുതിയ ജറുസലെമിനെക്കുറിച്ച് പരാമർശം ഉണ്ട്. കച്ചയും (ആവരണം) മൂടുപടവും സൂചിപ്പിക്കുന്നത് മരണത്തെയാണ്. മൂടുപടംകൊണ്ട് മുഖംമൂടുന്നു. കച്ചകൊണ്ട് ശരീരം പൊതിയുന്നു. ലോകത്തിൽ നാശം വിതയ്ക്കുന്ന മരണത്തിന്റെ ആവരണം നീക്കപ്പെടും, എന്ന് ആലങ്കാരികഭാഷയിൽ വാഗ്ദാനം ചെയ്യപ്പെടുന്നു.

മരണത്തെ ഗ്രസിച്ചുവെന്നത് നമ്മുടെ പ്രതീക്ഷയാണ്. വി. പൗലോസ് പറയുന്നതുപോലെയാണിത്. നശ്വരമായത് അനശ്വരമാവുകയും മർത്ത്യമായത് അമർത്ത്യമാവുകയും ചെയ്യുമ്പോൾ മരണത്തെ വിജയം ഗ്രസിച്ചു കളയുന്നു (1 കൊറി. 15:54-50). ദൈവത്തിന്റെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ഇതാണ് നമ്മുടെ ആത്യന്തിക പ്രതീക്ഷ. മരണം പരാജയപ്പെട്ടു. എല്ലാവരുടെയും കണ്ണീർതുടച്ചു മാറ്റപ്പെടും. സകല ദുഃഖങ്ങളും സഹനങ്ങളും നീക്കപ്പെടും.

ഈ വാഗ്ദാനം നിറവേറ്റപ്പെടാൻ ഇന്നും നമ്മൾ കാത്തിരിക്കുന്നു. കർത്താവിനു വേണ്ടി കാത്തിരിക്കുന്നു. ഉത്ഥാനത്താൽ മരണം പരാജയപ്പെടുന്ന കാലത്തിനുവേണ്ടി കാത്തിരിക്കുന്നു. പഴയ നിയമത്തിലെ വാഗ്ദാനങ്ങൾ യേശുവിൽ പൂർത്തീകരിക്കപ്പെട്ടു.

എന്നാലും നമ്മുടെ പ്രതീക്ഷയുടെ പരിപൂർണ്ണ സാക്ഷാൽക്കാരം നടക്കാതിരിക്കുന്നത് ചരിത്രത്തിന്റെ അന്ത്യത്തിലായിരിക്കും. അന്ന് ശരീരങ്ങളുടെ ഉയിർപ്പ് ഉണ്ടാകും. ലോകം സമൂലം പുതുതാക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യും.

സന്തോഷവും ആനന്ദവും അനുഭവിച്ച് ജീവിക്കാനുള്ള ഒരു ക്ഷണമാണ്, ഈ വാഗ്ദാനങ്ങൾ. ഈ പ്രതീക്ഷ വച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിൽ ദുഃഖത്തിന് സ്ഥാനമില്ല.

# 43

# അങ്ങയുടെ മരിച്ചവർ ജീവിക്കും അവരുടെ ശരീരം ഉയിർത്തെഴുന്നേല്ക്കും

**ഏശയ്യാ 26:19**

*"കർത്താവേ കഷ്ടതകൾ വന്നപ്പോൾ അവർ അങ്ങയെ അന്വേഷിച്ചു. അങ്ങയുടെ ശിക്ഷ തങ്ങളുടെ മേൽ പതിച്ചപ്പോൾ അവർ അങ്ങയോടു പ്രാർത്ഥിച്ചു. കർത്താവേ ഗർഭിണി പ്രസവമടുക്കുമ്പോൾ വേദനകൊണ്ടു കരയുന്നതുപോലെ, ഞങ്ങൾ അങ്ങേക്കു വേണ്ടി വേദനിച്ചുകരഞ്ഞു. ഞങ്ങളും ഗർഭം ധരിച്ചു, വേദനയോടെ പ്രസവിച്ചു. എന്നാൽ കാറ്റിനെ പ്രസവിക്കുന്നതുപോലെയായിരുന്നു അത്... അങ്ങയുടെ മരിച്ചവർ ജീവിക്കും. അവരുടെ ശരീരം ഉയിർത്തെഴുന്നേല്ക്കും. പൂഴിയിൽ ശയിക്കുന്നവരെ ഉണർന്നു സന്തോഷിക്കുവിൻ കീർത്തനം ആലപിക്കുവിൻ! അങ്ങയുടെ ഹിമകണം പ്രകാശം ചൊരിയുന്ന തുഷാരബിന്ദുവാണ്" (ഏശയ്യാ 26:16-19).*

ഭൂമിയിൽ നീതി സ്ഥാപിക്കാൻവേണ്ടിയുള്ള പ്രാർത്ഥനയുടെയും വിലാപത്തിന്റെയും അന്ത്യത്തിലാണ്, ഈ ഉറച്ചവാഗ്ദാനം വരുന്നത്. ഒരു ഭക്തൻ വേദനയിലും അസ്വസ്ഥതയിലും കിടന്ന് നിലവിളിക്കുന്നു. ദൈവത്തിൽ ശരണപ്പെടുന്നു. എന്നിട്ടു വിജയം കാണുന്നില്ല. ഇതാണ് ഈ പ്രവചനത്തിന്റെ പശ്ചാത്തലം.

പണ്ട് നിലവിലിരുന്ന ഒരു പ്രാർത്ഥനയുടെ ആശയം ഈ അദ്ധ്യായം ഏറ്റെടുത്തിരിക്കുന്നു. ഒരു സ്ത്രീയുടെ പ്രസവസമയത്തുള്ള കഠിനവേദനപോലെ വേദനയിലും അസ്വസ്ഥതയിലും കഴിയുന്നവരുടെ വികാരനിർഭരവും തീക്ഷ്ണവുമായ ഒരു പ്രാർത്ഥനയാണിത്. എങ്കിലും അതിൽനിന്ന് ഒരു മോചനം കൺമുമ്പിലില്ല. അതുകൊണ്ട്, കാറ്റിനു ജന്മം കൊടുത്തതുപോലെ ഫലശൂന്യമെന്ന്, തോന്നി പ്രാർത്ഥനകൾ. ആവർത്തിച്ചുള്ള പരാജയങ്ങളുടെ ദുരന്താനുഭവങ്ങൾ, അയാളുടെ

പ്രതീക്ഷയെ നശിപ്പിക്കുന്നില്ല. ആ പ്രതീക്ഷ എപ്പോഴും സജീവമായി ജീവിക്കുന്നു. പ്രതീക്ഷക്ക് എതിരെ പ്രതീക്ഷിക്കുന്നതുപോലെയാണിത്.

ഇവിടെ ഉത്ഥാനത്തിന്റെ പ്രതീക്ഷ ഉദിക്കുന്നു. ഇതു വ്യക്തികളുടെ പുനരുത്ഥാനത്തെയാണോ, എസക്കിയേലിന്റെ പ്രവചനത്തിലെപ്പോലെ, അസ്ഥികളുടെ താഴ്‌വരയിലെ സമൂഹ ഉത്ഥാനത്തെയാണോ സൂചിപ്പിക്കുന്നത്? ഒരു സാധ്യതയും ഇതിൽ ഒഴിവാക്കപ്പെടാത്തതുകൊണ്ട് രണ്ടിനും സാധ്യത ഉണ്ട്. രണ്ടും പരസ്പര പൂരകമാണ്.

പുറമേ നോക്കിയാൽ ഈ പ്രവചനം വിരൽ ചൂണ്ടുന്നത്, രാജാവിന്റെ വിജയത്തെയും രാജ്യത്തിന്റെ പനഃസ്ഥാപനത്തെയുമാണ്. എന്നാൽ കുറച്ചുകൂടെ ആഴത്തിൽ ഉള്ള അർത്ഥത്തിൽ വ്യക്തികളുടെ പുനരുത്ഥാനത്തെയും ശരീരത്തിന്റെ ഉയിർപ്പിനെയും ആണ്. പഴയ നിയമത്തിൽ പുനരുത്ഥാനത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശമാണിത്. ദാനിയേലിന്റെ പുസ്തകത്തിൽ 12-ാം അദ്ധ്യായത്തിൽ 1 മുതൽ 4 വരെയുള്ള വചനങ്ങളിൽ യുഗാന്ത്യത്തെക്കുറിച്ചും മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചും രണ്ടാം മക്കബായരുടെ പുസ്തകത്തിലും വിജ്ഞാനത്തിലും ഈ ആശയം തുടരുന്നു.

പരാജയത്തിന്റെ പൊടിയിൽ കിടക്കുന്നവരെ ഉയർത്തിയെടുത്ത് വിജയം സമ്മാനിക്കുന്നതായി ഈ പ്രവചനത്തിൽ കാണാം. ഹിമകണത്തിന്റെ പരാമർശം, ജീവൻ നല്കുന്ന കൃപയ്ക്കു പകരമാണ് ഇതിൽ ചേർത്തിരിക്കുന്നത്. അതു പരിശുദ്ധാരൂപിയുടെ പ്രചോദനമാണ്: "ഇസ്രായേലിനു ഞാൻ തുഷാരബിന്ദുപോലെയായിരിക്കും. ലില്ലിപോലെ അവർ പുഷ്പിക്കും" (ഹോസിയാ 14:5).

## 44

# നിന്റെ കാതുകളിൽ പിന്നിൽനിന്ന് ഒരു സ്വരം കേൾക്കും

**ഏശയ്യാ 30:21**

*"കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും, നിന്റെ ഗുരുവിൽനിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ ഇടത്തോട്ടോ തിരി*

*യുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോവുക" (ഏശയ്യാ 30:20-21).*

ഏശയ്യാ ദൈവത്തിന്റെ വിശുദ്ധിയുടെയും നീതിയുടെയും പ്രവാചകൻ മാത്രമല്ല, ദൈവത്തിന്റെ കരുണയുടെയും പ്രവാചകനാണ്. ഇസ്രായേൽക്കാരുടെ അനുഭവത്തിൽ പാപവും അവിശ്വസ്തതയും നാടിനും നാട്ടാർക്കും ദുരന്തങ്ങൾ വരുത്തിവയ്ക്കും. യൂദായുടെ അന്നത്തെ അനുഭവം, യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും ആക്രമണങ്ങളും ആയിരുന്നു. ആദ്യമേ ഇസ്രായേലും സിറിയായും സഖ്യമായി യൂദായെ ആക്രമിച്ചു. പിന്നീട് അസ്സീറിയ ആക്രമണം അഴിച്ചുവിട്ടു. ദൈവത്തിന്റെ അനിഷ്ടത്തിന്റെ അടയാളമായിട്ടാണ് ഇവ വ്യാഖ്യാനിക്കപ്പെട്ടത്. അനുതാപത്തിലേക്കും പരിവർത്തനത്തിലേക്കും തിരിയാനുള്ള ആഹ്വാനമായി ഇതെല്ലാം.

ദൈവം കരുണയുള്ളവനാണ്. അതുകൊണ്ട് അവിടുന്ന് അവരുടെ നിലവിളികേട്ടു. രക്ഷയുമായി തിടുക്കത്തിൽ എത്തണം. ഇസ്രായേൽക്കാരുടെ ചരിത്രത്തിൽ ഉടനീളെ അവരുടെ അനുഭവം ഇതു തന്നെയായിരുന്നു. ദൈവത്തിന്റെ സംരക്ഷണത്തിന്റെ ചരിത്രമാണ്, അവരുടേത്. എങ്കിലും ജനം വഴിതെറ്റി തെറ്റായ വഴിയേ പോകുന്നു. അപകടം നിലവിൽ ഉണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് എപ്പോഴും ഒരു വഴികാട്ടിയുടെ ആവശ്യമുണ്ടായിരുന്നു. "അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും, പാതയിൽ പ്രകാശവുമാവുന്നു" (സങ്കീർത്തനം 119:105). ദൈവം വഴികാട്ടിയായിരുന്നത് തോറയിൽ എഴുതപ്പെട്ട നിയമങ്ങൾ വഴിയും, വ്യക്തിപരമായ മാർഗ്ഗനിർദ്ദേശങ്ങൾ വഴിയുമാണ്. നമ്മൾ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വാഗ്ദാനത്തിൽ ദൈവം ഇതു തന്നെയാണ് ചെയ്യുന്നത്. ചെവിയുടെ പുറകിൽനിന്നും കേൾക്കുന്ന ശബ്ദവും ആന്തരികശബ്ദവും മനസ്സാക്ഷിയുടെ നിമന്ത്രണങ്ങളാണ്. ഇതു ഹൃദയത്തോടു സംസാരിക്കുന്ന പരിശുദ്ധാരൂപിയുടെ സ്വരമാണ്.

നമ്മുടെ ജീവിതത്തിൽ തിരക്കുള്ള റോഡുകളിൽ മാർഗ്ഗനിർദ്ദേശം നല്കുന്ന, വഴികാട്ടിയായ 'നാവിഗേറ്റർ' പോലെയാണിത്. വഴിരേഖപ്പെടുത്തിയ ഒരു ഭൂപടമാണ് 'നാവിഗേറ്റർ'. ഇപ്പോൾ അതിനുപകരമായി Gps സംവിധാനം ഉണ്ട്. നമ്മുടെ യാത്രയുടെ തുടക്കവും അതിന്റെ ലക്ഷ്യവും പറഞ്ഞുകൊടുത്താൽ, ഉപഗ്രഹസംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 'നാവിഗേറ്റർ' നമ്മെ നയിച്ചുകൊണ്ടിരിക്കും. നമ്മൾക്കറിയേണ്ടത് കൃത്യമായി എവിടെനിന്ന് തുടങ്ങണമെന്നും, കൃത്യമായി എവിടേക്ക് പോകണമെന്നുമാണ്. അപ്പോൾ നാവിഗേറ്റർ വഴി കാണിച്ചുകൊണ്ടിരിക്കും. ഇതു നമ്മുടെ ജീവിതത്തിലും ശരിയാണ്.

എവിടെയാണ് ഉത്ഭവം? നമ്മുടെ ലക്ഷ്യം ഏത്? ഈ ജീവിതയാത്ര നിയന്ത്രിക്കുന്നത് മനസ്സാക്ഷിയുടെ നിമന്ത്രണങ്ങളും പരിശുദ്ധാരൂപിയുടെ നിർദ്ദേശങ്ങളുമാണ്. നമ്മുടെ Gps എത്ര നല്ലതാണെങ്കിലും വഴിതെറ്റാൻ സാധ്യതയുണ്ട്.

നമ്മുടെ ആന്തരികശബ്ദം പരിശുദ്ധാരൂപിയുടെ ശബ്ദമാണ്. അത് ഒരിക്കലും തെറ്റാനിടയില്ല. എന്നാൽ, പരിശുദ്ധാരൂപി നമ്മളെ നയിക്കണമെങ്കിൽ, നമ്മുടെ തുടക്കത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും നല്ല ബോധ്യമുണ്ടായിരിക്കണം.

നമ്മൾ എല്ലാം ഉത്ഭവിച്ചിരിക്കുന്നത് പിതാവായ ദൈവത്തിന്റെ പ്ലാനിന്റെയും പദ്ധതിയുടെയും ഭാഗമായിട്ടാണ്. നമ്മൾ തിരികെ യാത്രചെയ്യുന്നതും, ആ പിതാവിന്റെ ഹൃദയത്തിലേക്കാണ്. അതാണ് പിതാവിന്റെ ഭവനം. നമ്മൾ ഒരു പാടു ശബ്ദങ്ങൾ കേൾക്കുന്നുണ്ട്. അതിൽ സ്വാർത്ഥതയുടെയും, നമ്മളെ പരീക്ഷിക്കുന്ന ലോകത്തിന്റെയും പരീക്ഷകന്റെയും, പരിശുദ്ധാരൂപിയുടെയും ശബ്ദങ്ങൾ കേൾക്കുന്നു. അവയെല്ലാം വിവേചിച്ച്, അറിയുവാൻ പ്രാപ്തി നേടണം. നമ്മുടെ ആന്തരിക ശബ്ദത്തെ അവർ നീക്കിക്കളയാതെ, മനസ്സാക്ഷിയുടെ മൃദുല ശബ്ദം വിവേചിച്ചറിയാനാണ് ഏവരും പരിശ്രമിക്കേണ്ടത്. അതു നമ്മളെ നമ്മുടെ ലക്ഷ്യത്തിലേക്ക് എത്തിക്കും. നമ്മുടെ പിതാവിന്റെ ഭവനത്തിലേക്ക്.

## 45

# അപ്പോൾ അന്ധൻമാരുടെ കണ്ണുകൾ തുറക്കും!

**ഏശയ്യാ 35:5**

*"വിജനദേശവും വരണ്ട പ്രദേശവും സന്തോഷിക്കും. മരുഭൂമി ആനന്ദിക്കുകയും പുഷ്പിക്കുകയും ചെയ്യും. സമൃദ്ധമായി പൂവിട്ട് അതു പാടി ഉല്ലസിക്കും... അപ്പോൾ അന്ധന്മാരുടെ കണ്ണുകൾ തുറക്കപ്പെടും. ബധിരരുടെ ചെവി ഇനി അടഞ്ഞിരിക്കുകയില്ല. അപ്പോൾ മുടന്തൻ മാനിനെപ്പോലെ കുതിച്ചുചാടും. വരണ്ടഭൂമിയിൽ ഉറവകൾ പൊട്ടിപ്പുറപ്പെടും. മരുഭൂമിയിലൂടെ നദികൾ ഒഴുകും. തപിച്ച മണലാരണ്യം*

*ജലാശയമായി മാറും. ദാഹിച്ചിരുന്ന ഭൂമി അരുവികളായി മാറും" (ഏശയ്യാ 35:1–10).*

ഭാവിയിൽ വരാനിരിക്കുന്ന ഒരു പുനഃസ്ഥാപനത്തിന്റെ ദർശനമാണ് ഈ പ്രവചനത്തിൽ കാണുന്നത്. ഇതിനേ ഉത്തര ഏശയ്യയുമായി സാമ്യപ്പെടുത്താം. ഈ വചനങ്ങൾ പൂർവ്വ ഏശയ്യായെയും ഉത്തര ഏശയ്യായെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ്. ഏശയ്യയുടെ പുസ്തകത്തിൽ ഇതും അവസാനം കൂട്ടിച്ചേർക്കപ്പെട്ടതാണ്.

അടിമത്വത്തിൽനിന്ന് വിടുതൽ പ്രാപിച്ച് വിമോചിതരായി, തിരിച്ചുവരുന്നവരെ കണ്ട് സകലസൃഷ്ടികളും ആനന്ദിക്കുന്നതിന്റെ മനോഹരമായ ഒരു ദർശനമാണിത്. ദൈവം ഇവിടെ പ്രവർത്തനനിരതനാകുന്നു. അവിടുന്ന് തിരിച്ചു കൊണ്ടുവരുന്നത് ബാബിലോണിൽ അടിമകളായിരുന്നവരെ മാത്രമല്ല, സകല ഇസ്രായേൽ ജനത്തെയുമാണ്. ലോകത്തിൽ എവിടെയെല്ലാം ചിതറിക്കപെട്ടു കഴിഞ്ഞിരുന്നുവോ, അവിടുന്ന് എല്ലാം ജനങ്ങളെ തിരിച്ചുകൊണ്ടുവരുന്നു. യുദ്ധങ്ങൾ മൂലം പ്രത്യേകിച്ച് B.C. 721 – ലെ സമരിയായുടെ പതനം മൂലം പത്തു വംശജരും ചിതറിക്കപ്പെടുകയും ബഹിഷ്കൃതരാക്കുകയും ചെയ്തിരുന്നു. അവരുടെ തിരിച്ചുവരവിലാണ് ആനന്ദം വഴിഞ്ഞൊഴുകുന്നത്. രാജ്യം മുഴുവൻ വരാനിരിക്കുന്ന പുനരുദ്ധാരണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ലഹരിയിൽ പ്രവാചകൻ, ആനന്ദംകൊണ്ട് പാട്ടുപാടി ഉല്ലസിക്കുന്നു. ഇസ്രായേലിന്റെ പന്ത്രണ്ടു വംശങ്ങളും ഒന്നിച്ച് ഒരു ജനതയായി എത്തുന്നതാണ് ആനന്ദത്തിന്റെ കാരണം.

ഈ പ്രവചനത്തിന്റെ വ്യാപ്തി കൂടുതലാണ്. പ്രപഞ്ചം മുഴുവൻ പുനർ വിന്യസിക്കപ്പെടും. ഒരു വിശ്വപ്രാപഞ്ചിക വീണ്ടെടുപ്പാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. പുഷ്പിക്കുന്ന മരുഭൂമിയും, മാനുഷിക പാപത്തിന്റെ ഫലമായി ശപിക്കപ്പെട്ട ഭൂമിയുടെ പുനരുദ്ധാരണവും നവീകരണവും ഇതിന്റെ ഭാഗമാണ്. സകല രാജ്യങ്ങളും ജനങ്ങളും ദൈവത്തിന്റെ നഗരമായ പുതിയ ജറുസലെമിൽ ഒന്നിച്ചുകൂട്ടപ്പെടും. മുടന്തന്മാർ സുഖമാക്കപ്പെടും. ഇവയൊക്കെയാണ് യേശുവിന്റെ ജീവിത പാരമ്പര്യത്തിൽ പൂർത്തീകരിക്കപ്പെട്ടതും. ഈ പ്രവചനത്തിൽ പറയുന്ന അടയാളങ്ങൾ രക്ഷാകര യുഗത്തിന്റെ അടയാളങ്ങളാണ്. (മത്തായി 11:15, ലൂക്കാ 7:12). യേശുവിന്റെ പരസ്യജീവിതത്തിലെ സേവന ശുശ്രൂഷയ്ക്കും അപ്പുറത്തേക്ക് നീളുന്നതാണ് ഇതിലെ പ്രവചനങ്ങൾ. ഒരു പുതിയ സൃഷ്ടിയുടെയും യുഗാന്ത പ്രതീക്ഷയുടെയും ദൈവരാജ്യത്തിന്റെ സ്ഥാപനത്തിന്റെയും പ്രതീക്ഷകൾ ഈ പ്രവചനങ്ങളിൽ പ്രകടമാണ്. പുതിയ സംവിധാനത്തിൽ അപൂർണ്ണവും വികലവുമായി ഒന്നും ഉണ്ടാവില്ല.

ഇപ്പോൾ നമ്മൾ അനുഭവിച്ച് അറിഞ്ഞുകൊണ്ടിരിക്കുന്ന മരുഭൂമികളുടെയും മുടന്തന്മാരുടെയും ദയനീയ ചിത്രവും നമ്മളെ ഓർമ്മപ്പെടുത്തുന്നതാണ് ഈ പ്രവചനം. അതുകൊണ്ട് ദൈവത്തിന്റെ ശക്തമായ ഇടപെടലിന്റെ ആവശ്യമാണ്, ഇവിടെ പ്രകടമാകുന്നത്. ദൈവത്തിന്റെ രാജവീഥി (35:8-10), ഈ പ്രവചനത്തിന്റെ സാക്ഷാൽക്കാരത്തിന്റെ വിശദവിവരങ്ങളാണ് വരച്ചുകാണിക്കുന്നത്. ആത്യന്തികമായ പുനരുദ്ധാരണവും യുഗാന്ത്യത്തിലെ ദൈവരാജ്യസ്ഥാപനവും ഇവിടെ വിശദമാക്കപ്പെടുന്നു. അന്ന് ഒരു തിന്മയും ഉപദ്രവവും ഉണ്ടാവില്ല. ആനന്ദം മാത്രം.

## 46

# ഇടയനെപ്പോലെ അവിടുന്ന് ആട്ടിൻപറ്റത്തെ നയിക്കുന്നു

**ഏശയ്യാ 40:11**

*"ഒരു സ്വരം ഉയരുന്നു: 'മരുഭൂമിയിൽ കർത്താവിനു വഴിയൊരുക്കുവിൻ. വിജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് വിശാലവീഥി ഒരുക്കുവിൻ. താഴ്‌വരകൾ നികത്തപ്പെടും. മലകളും കുന്നുകളും താഴ്ത്തപ്പെടും...' ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻപറ്റത്തെ നയിക്കുന്നു. അവിടുന്ന് തന്റെ ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്തു മാറോടണച്ച്, തള്ളയാടുകളെ സാവധാനം നയിക്കുന്നു" (ഏശയ്യാ 40:1-11).*

ഏശയ്യായുടെ പുസ്തകത്തിന് മൂന്നു ഭാഗങ്ങൾ ഉണ്ട്: 1. ഒന്നുമുതൽ മുപ്പത്തൊമ്പതു വരെ (1-39) 2. നാല്പതു മുതൽ അമ്പത്തിയഞ്ചുവരെ (40-55), 3. അമ്പത്തിയാറുമുതൽ അറുപത്താറുവരെ (56-66), രണ്ടാം ഭാഗമായ ഉത്തര ഏശയ്യാ എഴുതപ്പെട്ടത് ബാബിലോൺ അടിമത്വം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് B.C. 539-ൽ. ഇതിലെ പ്രധാന ആശയം സാന്ത്വനമാണ്. ഈ പുസ്തകം 'സാന്ത്വനത്തിന്റെ പുസ്തകം' എന്ന് അറിയപ്പെടുന്നു. ഇതു തുടങ്ങുന്നതു തന്നെ ഒരു ശുഭാശംസയുടെ വിളിയോടെ ആണ്: "ആശ്വസിപ്പിക്കുവിൻ, എന്റെ ജനത്തെ ആശ്വസിപ്പിക്കുവിൻ, ജറുസലെമിനോട് സൗമ്യമായി സംസാരിക്കുവിൻ... അവളുടെ അടിമത്വം അവസാനിച്ചു". അടിമത്വത്തിന്റെ അവസാനം യാഥാർത്ഥ്യമാകാൻ പോകുന്നതിലാണ്, ആനന്ദവും ആശ്വാസവും അലയടിക്കു

ന്നത്... അവരുടെ മോചനം വന്നു കഴിഞ്ഞു എന്നു ബോധ്യമാണ്, എവിടെയും ഏവർക്കും ദൈവം അടിമകളെ മോചിപ്പിച്ച്, സ്വദേശത്തേക്ക് ഉടൻ മടക്കികൊണ്ടുവരുന്നു.

'മരുഭൂമിയിൽ വഴി ഒരുക്കുവിൻ' എന്ന് ഉച്ചസ്ഥായിയിൽ ഉള്ള വിളി സൂചിപ്പിക്കുന്നത് മരുഭൂമിയിൽ കൂടെയുള്ള ഒരു പുതിയ രാജവീഥിയെയാണ്. അറേബ്യൻ മരുഭൂമിയിലൂടെ ബാബിലോണിൽ നിന്ന് പാലസ്തീനായിലേക്ക് ഒരു നീളം കുറഞ്ഞ രാജവീഥി വെട്ടിത്തുറക്കാനാണ് ഇവിടെ ആഹ്വാനം ചെയ്യുന്നത്. പരമ്പരാഗത വഴിയെക്കാൾ പാതിദൂരത്തിൽ ഈ വീഥിയിലൂടെ ലക്ഷ്യത്തിലെത്താം. പുതിയ നിയമത്തിൽ വി. സ്നാപക യോഹന്നാന്റെ ആഹ്വാനത്തിലും ഇതേ ആശയം ഉയർത്തിക്കാണിക്കുന്നു. "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം – കർത്താവിനു വഴിയൊരുക്കുവിൻ" (മത്തായി 3:3, ലൂക്കാ 3:4). പക്ഷേ, ഇവിടെ വ്യത്യാസമുണ്ട്. പുതിയനിയമത്തിൽ മരുഭൂമിയിൽക്കൂടെ വഴിയൊരുക്കുവിൻ എന്നതിനുപകരമായി, മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമായി സുവിശേഷകർ മൊഴിമാറ്റം ചെയ്തു. ഇവിടെ വഴിയൊരുക്കുന്നത് രക്ഷകനായ രാജാവിനാണ്. രക്ഷകനെ സ്വീകരിക്കാൻ ഹൃദയങ്ങൾ സജ്ജമാക്കുന്നതിനാണ് സുവിശേഷകർ ഊന്നൽ കൊടുക്കുന്നത്. ആട്ടിൻകുട്ടികളെ മാറോടുചേർത്ത് ആട്ടിൻപറ്റത്തെ മേയ്ക്കുന്ന ആട്ടിടയന്റെ ആലങ്കാരിക പ്രയോഗത്തിൽ തെളിഞ്ഞുവരുന്നത്, ആട്ടിടയനായ കർത്താവിന്റെ ചിത്രമാണ്. ശത്രുക്കളെ തോല്പിച്ച് കർത്താവ് ശക്തിയോടെ തന്റെ ശക്തി വെളിപ്പെടുത്തും. ആട്ടിൻപറ്റത്തെ നയിക്കുകയും, മേയ്ക്കുകയും, മാറോടുചേർത്ത് വഹിക്കുകയും ചെയ്യുന്നതുവഴി സൂചിപ്പിക്കുന്നത് ദൈവത്തിന്റെ മൃദുലമായ കരുതലാണ്.

ഈ പ്രവചനത്തിൽ മാനുഷിക ദൗർബല്യം അംഗീകരിക്കപ്പെടുന്നു: "മനുഷ്യൻ പുല്ലുമാത്രം. പുല്ലു കരിയുന്നു. പുഷ്പംവാടിപ്പോകുന്നു. നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേക്കും നിലനില്ക്കുന്നു". അതുകൊണ്ട് ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടും. ലോകത്തിന്റെയും, തിന്മയുടെയും പാപത്തിന്റെയും മേൽ വിജയം ഉണ്ടാകും. അടിമത്വത്തിൽ നിന്നുള്ള മോചനം ദൈവവചനം വഴിയാണ്. മനുഷ്യപ്രയത്നത്തിന്റെ ഫലമല്ല. പാപത്തിന്റെയും മരണത്തിന്റെയും രോഗത്തിന്റെയും അടിമത്വത്തിൽനിന്നുള്ള മോചനം, യേശുവിൽനിന്നാണ്. ദൈവത്തിന്റെ അവസാനത്തെ ദൂതൻ യേശുവാണ്. ദൈവത്തിന്റെ വചനത്തിലും യേശുവിലും വിശ്വസിക്കുക. അവിടുന്ന് സത്യവും നിത്യവുമായ ആശ്വാസം കൊണ്ടുവന്നു തരും.

# 47

# തളർന്നവന് കർത്താവ് ബലം നല്കുന്നു

**ഏശയ്യാ 40:29**

*"തളർന്നവന് അവിടുന്ന് ബലം നല്കുന്നു, ദുർബലനു ശക്തി പകരുകയും ചെയ്യുന്നു. യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം. ചെറുപ്പക്കാർ ശക്തിയറ്റുവീഴാം. ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല, നടന്നാൽ തളരുകയില്ല" (ഏശയ്യാ 40:28-31).*

ഉത്തര ഏശയ്യാ സാന്ത്വനത്തിന്റെ പ്രവാചകനാണ്. ഇതിലെ അദ്ധ്യായങ്ങളുടെ പൊതുവായ പ്രതിപാദ്യം ദൈവം ജനത്തിനു കൊടുക്കുന്ന സമാശ്വാസവും സാന്ത്വനവുമാണ്. സകലതും നഷ്ടപ്പെട്ടു നിരാശയിൽ കഴിയുന്ന ജനം ഒരു വിശ്വാസപ്രതിസന്ധിയിലാണ്. ബാബിലോൺ ഏല്പിച്ച കനത്ത പരാജയം, നിലംപരിശാക്കപ്പെട്ട ജറുസലെം, ദേവാലയത്തിന്റെ നാശം, വിദൂര നാട്ടിലേക്കുള്ള നാടുകടത്തൽ, അവിടുത്തെ അടിമത്വം, തുടങ്ങിയതൊക്കെ, ദൈവത്തിലുള്ള അവരുടെ വിശ്വാസം തകർത്തു. ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് വിമോചിപ്പിച്ചു സ്വന്തം ജനമാക്കിയ കർത്താവിലുള്ള അവരുടെ വിശ്വാസത്തിന് ഇളക്കം തട്ടി. ദയനീയമായ ഈ അനുഭവങ്ങൾ അവരുടെ ഹൃദയങ്ങളിൽ പല ചോദ്യങ്ങളും ഉയർത്തി. ദൈവം ഞങ്ങളെ ഉപേക്ഷിച്ചുവോ? തന്റെ ഉടമ്പടി തന്നെ ഉപേക്ഷിച്ചുവോ? സ്വന്തം ജനത്തെയും ഭവനത്തെയും പോലും രക്ഷിക്കാൻ പറ്റാത്ത വിധം 'യാഹ്‌വേ' അശക്തനോ? ഇങ്ങനെ നീറിപ്പിടിക്കുന്ന പല ചോദ്യങ്ങളും അവരെ അലട്ടി. ശബ്ദിക്കാത്ത ഇത്തരം ചോദ്യങ്ങൾ മനസ്സിൽ നീറിപ്പിടിക്കുമ്പോൾ, പ്രവാചകൻ കൊണ്ടുവരുന്നത് പ്രതീക്ഷയും, ശക്തിയും ദൈവത്തിന്റെ അനുകമ്പയുടെ ഒരു സന്ദേശമാണ്, പ്രവാചകൻ വിളംബരം ചെയ്യുന്നത്. 'യാഹ്‌വേ' ഇപ്പോഴും സർവ്വശക്തനായ ദൈവം തന്ന, ഇസ്രായേൽക്കാരുടെ മാത്രമല്ല സകല രാജ്യങ്ങൾക്കും അവിടുന്ന് ദൈവമാണ്. എല്ലാ ജനതകൾക്കും അവിടുത്തേ ദയയുള്ളതാണ്. അവിടുന്ന് ബലഹീനരെ ശക്തിപ്പെടുത്തുന്നു.

ദൈവം ഒരാളെ കൈപിടിച്ചുയർത്തുമ്പോൾ അവൻ ക്ഷീണം അറിയുകയില്ല.

ഒരുപക്ഷേ, നമ്മൾ ബലഹീനരും, രോഗിയും, വൃദ്ധരും, ക്ഷീണിതരും, ഏകാകികളും ആയിരിക്കും. ഒരു അഗാധഗർത്തത്തിന് മുകളിൽ ഒരു കയറിൽ തൂങ്ങിനില്ക്കുന്ന പ്രതീതി നമുക്ക് അനുഭവപ്പെട്ടു എന്നുവരാം. ചിലപ്പോൾ ജീവിതം തന്നെ അവസാനിപ്പിച്ചുകളയാം എന്ന സ്ഥിതിയിൽ എത്തിയെന്നും വരാം. പക്ഷേ, ദൈവം പറയുന്നു: ആശവെടിയരുത്. ഒരിക്കലും സ്വന്തം ജീവൻ അവസാനിപ്പിക്കരുത്. അവിടുന്ന് നിനക്കു ശക്തി തരും. തന്റെ ഹൃദയത്തിലേക്ക് ഒരു പുതിയ ശക്തി നിവേശിപ്പിക്കും. ദൈവത്തിന്റെ ശക്തി നിന്റെ ഉള്ളിൽ പ്രതിധ്വനിക്കുന്നു. ദൈവത്തിന്റെ ശക്തിക്ക് കാതോർത്തിരിക്കുക. ദൈവത്തിന്റെ ആത്മാവ് നിന്നെ സ്വന്തമാക്കട്ടെ.

ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ അനുഭവം വായിക്കുക:

2000 – ൽ എനിക്ക് ഇതുപോലെയൊരു അനുഭവം ഉണ്ടായി. എന്റെ ജീവിതം നിർണ്ണായകമായ ഒരവസ്ഥയിൽ എത്തിയതുപോലെ തോന്നി. തലച്ചോറിൽ രക്തം കട്ടിയായ ഒരു അവസ്ഥയിൽ ഞാൻ ഒരു ഓപ്പറേഷന് വിധേയനായി. കുറച്ചുദിവസങ്ങൾക്കുശേഷം തലയ്ക്കുള്ളിൽ വീണ്ടും രക്തസ്രാവമുണ്ടായി. വീണ്ടും എനിക്ക് ശസ്ത്രക്രിയയുടെ ആവശ്യം വന്നു. അതിനുശേഷം മരിച്ചതുപോലെ ഒരനുഭവം. ഒരു കൊല്ലത്തോളം ഞാൻ തളർന്നു കിടപ്പിലായിപ്പോയി, പക്ഷേ, ദൈവം എപ്പോഴും എന്നോടൊപ്പം ഉണ്ടായിരുന്നു. ആ പ്രതിസന്ധിയെ ഞാൻ അതിജീവിച്ചു. പിന്നീട് കഴിഞ്ഞ 14 വർഷങ്ങളായി, മുമ്പിൽ എനിക്കു കഴിഞ്ഞതിനെക്കാൾ, എന്റെ ജീവിതം ഫലപ്രദമായിതീർന്നു. ഇതു ദൈവത്തിന്റെ പ്രവർത്തനമാണ് എന്റെ ജീവിതത്തെ കർത്താവ്, പൂർണ്ണമായി നിയന്ത്രിക്കുന്നു.

പരീക്ഷണങ്ങളുടെ നാളുകളിൽ, നമുക്ക് വേണ്ടത് ഒരു കാര്യം മാത്രം. കർത്താവിനെ ശ്രവിച്ചുകൊണ്ടിരിക്കണം. കർത്താവിന് വേണ്ടി കാത്തിരിക്കണം. കർത്താവിന്റെ സമയം പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. അവിടുത്തെ ഖ്യാതിക്കുവേണ്ടി നിങ്ങളുടെ ബുദ്ധിയും ശബ്ദത്തിനുവേണ്ടി നിങ്ങളുടെ ശ്രുതിയും ചിട്ടപ്പെടുത്തിവയ്ക്കുക.

# 48

# ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയാണ്

**ഏശയ്യാ 41:10**

*"നീ എന്റെ ദാസനാണ്. ഞാൻ നിന്നെ തെരഞ്ഞെടുത്തു. വിദൂരദിക്കുകളിൽ നിന്ന് ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം... നിന്നോടു പോരാടുന്നവൻ ശൂന്യരാകും. നിന്റെ ദൈവവും കർത്താവുമായ, ഞാൻ നിന്റെ വലതു കൈപിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും" (ഏശയ്യാ 41:8–13).*

ഇത് അടിമത്വത്തിൽക്കിടന്ന ജനത്തിന്റെ ആശ്വാസത്തിന്റെ ഗീതമാണ്. അവർ പരാജിതരും അപമാനിതരും മുറിവേറ്റവരും, തകർക്കപ്പെട്ടവരും പ്രതീക്ഷയറ്റവരുമായിരുന്നു. നിരാശയുടെ പരകോടിയിൽ എത്തിയ അവർ ലജ്ജിതരായി കഴിഞ്ഞുകൂടി. കർത്താവ് പുതിയ പ്രതീക്ഷയുമായി ഇറങ്ങിവരുന്നു. അവർക്ക് പുതിയ വാഗ്ദാനങ്ങൾ കൊടുത്തുകൊണ്ട്, പുതിയ ചക്രവാളങ്ങൾ തുറന്നു കൊടുക്കുന്നു.

ധൈര്യം പകരുന്ന ഈ വാഗ്ദാനം തുടങ്ങുന്നത് അബ്രാഹത്തിന്റെ വിളി ഓർമ്മിപ്പിച്ചുകൊണ്ടാണ്. രക്ഷയുടെ ചരിത്രം മുഴുവൻ അവർക്ക് വിശദീകരിച്ചുകൊടുക്കുന്നു. മരുഭൂമിയിൽ ഗോത്രപിതാക്കൾ ഏറ്റുവാങ്ങിയ നിർദ്ദേശങ്ങൾ, അനുഭവിച്ച സംരക്ഷണങ്ങൾ, തുടർന്ന് പുറപ്പാടിൽ ഇസ്രായേൽ ജനം അനുഭവിച്ച സകല അനുഗ്രഹങ്ങളും. അവരുടെ മുമ്പിൽ നിരത്തുന്നു. ഈ വാഗ്ദാനം ഇസ്രായേലിന്റെ വിമോചനത്തിന്റെ കാഹളധ്വനിയാണ്. ദൈവം അവരെ പിതാവ് മക്കളെ എന്നപോലെ, ദുർഘടമായ പാതയിലൂടെ, കൈക്കു പിടിച്ചു നടത്തും. സംരക്ഷണത്തിന്റെയും വഴികാട്ടലിന്റെയും പ്രതീകമാണിത്.

ഈ പ്രവചനത്തിലെ 14-ാം വാക്യത്തിലും 17-മുതൽ 20 വരെയുള്ള തിരുവചനങ്ങളിലും വായിക്കുന്നത് കാണുക: "ഇസ്രായേലിന്റെ പരിശുദ്ധനാണ് നിന്റെ രക്ഷകൻ. ദാഹത്താൽ നാവു വരണ്ടു പോകുമ്പോൾ, കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും. പാഴ്മലകളിൽ നദികളും, താഴ്വരകളുടെ മദ്ധ്യേ ഉറവകളും ഞാൻ ഉണ്ടാക്കും. മരുഭൂമിയെ ജലാശയമാക്കാം, വരണ്ട ഭൂമിയിൽ നീരുറവ ഉണ്ടാക്കും. മരുഭൂമിയിൽ മരങ്ങൾ നടും".

രക്ഷാകരയുഗത്തിലേക്കുള്ള രണ്ടാമത്തെ പുറപ്പാടിന്റെ മുഖമുദ്രയാണ് ഇത്തരം അത്ഭുതകരമായ കാര്യങ്ങൾ. യുഗാന്ത്യത്തിലെ അത്ഭുതങ്ങൾ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ ഉറപ്പാണ്. അപകടത്തിന്റെ വക്കത്ത് നീങ്ങുമ്പോളും, എതിർപ്പുകളും, ഭീഷണികളും, പരാജയങ്ങളും നേരിടുമ്പോളും ഭയപ്പെടരുത്. എന്നാൽ കർത്താവിൽ വിശ്വസിക്കണം.

നിങ്ങൾ ഏതു ചുറ്റുപാടിൽ അകപ്പെട്ടാലും ദൈവത്തിന് നിങ്ങളെ സഹായിക്കാനും രക്ഷിക്കാനും കഴിയും. ഈ വാഗ്ദാനം എപ്പോഴും സാധുവാണ്. അപകടത്തിലും അസ്വസ്ഥതയിലും അകപ്പെട്ടിരിക്കുന്നവർക്ക്, ദൈവം അവരുടെ നിലവിളിക്ക് ഉത്തരം നല്കും. ഈ വാഗ്ദാനം യേശുവിൽ പൂർത്തിയാക്കപ്പെട്ടു. യേശു സുഖപ്പെടുത്തുകയും ക്ഷമിക്കുകയും മോചിപ്പിക്കുകയും ചെയ്തു. “അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” (മത്തായി 11:25). ഇതാണ് യേശുവിന്റെ സാന്ത്വനവചസ്സുകൾ. വീണ്ടും കർത്താവ് പറയുന്നു: “ആർക്കെങ്കിലും ദാഹിക്കുന്നുണ്ടെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ”. അതു അവസാനിപ്പിക്കുന്നത് പരിശുദ്ധാരൂപിയെ വാഗ്ദാനം ചെയ്തുകൊണ്ടാണ് (യോഹന്നാൻ 7:37–39).

മനുഷ്യവർഗ്ഗത്തിന്റെ ഏറ്റം അടിസ്ഥാനപരമായ ദാഹങ്ങൾ നാലാണ് – ജീവനും, സ്നേഹത്തിനും, സ്വീകാര്യതയ്ക്കും, സൗഹൃദത്തിനും വേണ്ടിയുള്ള ദാഹങ്ങൾ. ഇതു നാലും ശമിപ്പിക്കേണ്ടത് ദൈവം മാത്രമാണ്, അവിടുന്ന് മാത്രമാണ്, സകല സംതൃപ്തിയും നിലനില്ക്കുന്ന സന്തോഷവും നല്കാൻ കഴിവുള്ളവൻ.

## 49

# കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും

**ഏശയ്യാ 41:14**

*“ദരിദ്രരും നിരാലംബരും ജലം അന്വേഷിച്ചുകണ്ടെത്താതെ, ദാഹത്താൽ നാവു വരണ്ടു പോകുമ്പോൾ, കർത്താവായ ഞാൻ അവർക്ക് ഉത്തരമരുളും. ഇസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവെടിയു*

*കയില്ല. പാഴ്മലകളിൽ നദികളും, താഴ്വരകളുടെ മധ്യേ ഉറവകളും ഞാൻ ഉണ്ടാക്കും. മരുഭൂമിയെ ജലാശയവും വരണ്ട പ്രദേശത്തെ നീരുറവയും ആക്കും" (ഏശയ്യാ 41:17-20).*

വിശക്കുന്നവർക്കും ദാഹിക്കുന്നവർക്കും ദൈവം പ്രത്യുത്തരം നല്കും. അവരുടെ നിലവിളി കേൾക്കപ്പെടാതെ പോകുകയില്ല. മർദ്ദിതരുടെ ദീനരോദനം കേൾക്കുന്നവനായി കർത്താവ് തന്നെ തന്നെ വെളിപ്പെടുത്തുന്നു. ആദ്യത്തെ പുറപ്പാടിനെക്കാൾ മനോഹരമായിട്ടാണ് ഈ പുറപ്പാടിനെ ചിത്രീകരിച്ചിരിക്കുന്നത്. മരുഭൂമിയിൽ എവിടെയും വെള്ളം ലഭ്യമാണ്. അവിടെ നദികളും കുളങ്ങളും ഉണ്ടാകും. പഴവൃക്ഷങ്ങൾ ഭക്ഷണവും തണലും കൊടുക്കും. മരുഭൂമി മുഴുവൻ ആനന്ദദായകമായ ഒരു ഉദ്യാനമായിത്തീരും.

ഇതാണ് കർത്താവിന്റെ പ്രവർത്തനത്തിന്റെ അടയാളം. നിരാശയിൽപ്പെട്ടവർക്ക് പ്രവാചകൻ എത്തിക്കുന്നത് പ്രതീക്ഷ. വിദ്വേഷത്തിനു പകരം സ്നേഹം, നിരസിക്കപ്പെട്ടവർക്കും, പരിത്യക്തരായി കഴിഞ്ഞവർക്കും അനുകമ്പയും സ്വീകാര്യതയും. ഒരു പുതിയ അസ്തിത്വമാണ്, ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. അപ്പോൾ, വ്യക്തികളിലും സമൂഹങ്ങളിലും, ഓരോരുത്തരുടെ ഹൃദയത്തിലും ദൈവം കടന്നുവരുന്നു. അവിടുന്ന് രക്ഷിക്കുകയും വിമോചിപ്പിക്കുകയും, ഭക്ഷണം കൊടുക്കുകയും, പരിരക്ഷിക്കുകയം, സ്വഭവനത്തിലേക്ക് ആനയിക്കുകയും ചെയ്യും. അതുകൊണ്ട് ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചുകൊണ്ടും, അവിടുത്തെ സുസ്ഥിരസ്നേഹത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ടും, നമുക്ക് ഈ ദിവസം ആരംഭിക്കാം.

## 50

# ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്

**ഏശയ്യാ 43:5**

*"ഭയപ്പെടേണ്ട ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. സമുദ്രത്തിൽക്കൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്ക്*

*പൊള്ളലേല്ക്കുകയില്ല. ജ്വാല നിന്നെ ദഹിപ്പിക്കുകയില്ല... എന്തുകൊണ്ടെന്നാൽ നീ എനിക്കു വിലപ്പെട്ടവനും, ബഹുമാന്യനും, പ്രിയങ്കരനുമാണ്. അതുകൊണ്ട് നിനക്കു പകരമായി മനുഷ്യരെയും നിന്റെ ജീവനു പകരമായി ജനതകളെയും ഞാൻ നല്കുന്നു. ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശയ്യാ 43:1-5).*

ബൈബിളിലെ ഏറ്റം മനോഹരമായ ഒരു സന്ദേശവും ഏറ്റം ശക്തമായ ഒരു വാഗ്ദാനവുമാണ്, ഇതിലെ വചനങ്ങൾ! ഉത്തര ഏശയ്യായിൽ പതിനാറ് അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ഒത്തിരി സാന്ത്വനത്തിന്റെ വാഗ്ദാനങ്ങളുണ്ട്. ഇതു സമാശ്വാസത്തിന്റെ പുസ്തകമാണല്ലോ.

ഇതിൽ 40-ാം അദ്ധ്യായം തുടങ്ങുന്നതു തന്നെ പ്രവാചകനെ പ്രചോദിപ്പിക്കുന്ന ഒരു ആഹ്വാനത്തോടെയാണ്: "ആശ്വസിപ്പിക്കുവിൻ, എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ, ജറുസലെമിനോട് സൗമ്യമായി സംസാരിക്കുകയും അവളോട് പ്രഘോഷിക്കുകയും ചെയ്യുവിൻ! അവളുടെ അടിമത്വം അവസാനിച്ചു. തിന്മകൾ ക്ഷമിച്ചിരിക്കുന്നു. എല്ലാ പാപങ്ങൾക്കും കർത്താവിൽനിന്ന് ഇരട്ടി ശിക്ഷയും ലഭിച്ചിരിക്കുന്നു" (ഏശയ്യാ 40:1-2).

പഴയനിയമത്തിലെ ദൈവം കർക്കശക്കാരനും, ക്ഷമയില്ലാത്തവനും, കരുണയില്ലാത്തവനുമാണെന്ന്, ചില ധാരണകൾ പൊതുവായിട്ട് ഉണ്ടായിട്ടുണ്ട്. എന്നാൽ, ഒരമ്മ തന്റെ കുഞ്ഞിനോട് കാണിക്കുന്നതുപോലെയുള്ള ദൈവത്തിന്റെ മൃദുലസ്നേഹത്തിന്റെ ഉദാഹരണമാണ് നാം ഇവിടെ കാണുന്നത്. ഈജിപ്തിലും, ചെങ്കടൽതീരത്തും, മരുഭൂമിയിലെ മണലാരണ്യത്തിലും, പിന്നീട് ബാബിലോണിലെ അടിമത്വത്തിലും, ഇസ്രായേൽ ഈ സ്നേഹം അനുഭവിച്ചു മനസ്സിലാക്കി. ചെങ്കടലിന്റെ പുളിനങ്ങളിലും നാടുകടത്തലിന്റെ നീളുന്ന അഗ്നിയിലും, ഭീതിപ്പെടുത്തുന്ന അപകടങ്ങളിൽ നിന്ന് ദൈവം അവരെ രക്ഷിച്ചു. അവിടുന്ന് അവരോടൊപ്പം ഉണ്ടായിരുന്നു. പിന്നീട് അവരെ വാഗ്ദത്തഭൂമിയിലേക്ക് തിരികെ കൊണ്ടുവന്നു.

ഇതേ അനുഭവം നമ്മൾക്ക് അവകാശപ്പെടാം: "ഞാൻ നിന്നോടുകൂടെയാണ്" കർത്താവ് പറയുന്നു. "മരുഭൂമിയിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും നദികൾ കടക്കുമ്പോൾ അതുനിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്ക് പൊള്ളലേല്ക്കുകയില്ല. ദൈവം എപ്പോഴും നമ്മോടൊപ്പമാണ്". അവിടുന്ന് നമ്മളെ സ്നേഹിക്കുന്നു. നമ്മൾ ദൈവത്തിന് പ്രിയങ്കരരാണ്, വിലപ്പെട്ടവരാണ്. ഇതു കർത്താവ് പറയുന്നത് ഓരോ വ്യക്തിയോടുമാണ്. നീ എനിക്ക് വിലപ്പെട്ടവനാണ്. ഞാൻ നിന്നോടുകൂടെയുണ്ട്. നമ്മുടെ സന്തോഷത്തിൽ വേറെ എന്താണു വേണ്ടത്?

# 51

# ഇസ്രായേലേ, ഞാൻ നിന്നെ വിസ്മരിക്കയില്ല

**ഏശയ്യാ 44:21**

*"ഇസ്രയേലേ, ഓർമ്മിക്കുക, നീ എന്റെ ദാസനാണ്, ഞാൻ നിന്നെ സൃഷ്ടിച്ചു. നീ എന്റെ ദാസൻ തന്നെ. ഇസ്രായേലേ, ഞാൻ നിന്നെ വിസ്മരിക്കുകയില്ല. കാർമേഘംപോലെ നിന്റെ തിന്മകളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചു നീക്കി. എന്നിലേക്ക് തിരിച്ചുവരുക. ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു" (ഏശയ്യാ 44:21-22).*

നിരാശയിലും അടിമത്വത്തിലും കഴിയുന്നവർക്ക് ആശ്വാസത്തിന്റെ വചനങ്ങളാണിവ. തങ്ങൾ ശിക്ഷിക്കപ്പെട്ടവരും, പരിത്യജിക്കപ്പെട്ടവരും പൂർണ്ണമായി ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടവരുമാണെന്ന്, അവർ ചിന്തിച്ചുകൊണ്ടേയിരുന്നു. അവർക്ക് വലിയ കുറ്റബോധമുണ്ടായിരുന്നു. ദൈവത്തിനെതിരെ ചെയ്ത പാപങ്ങളെക്കുറിച്ചും ഉടമ്പടിയുടെ ലംഘനത്തെക്കുറിച്ചും അവർ പരിതപിച്ചു. തങ്ങളുടെ മേൽ വന്നുവീണ കുറ്റബോധത്തിന്റെ ഭാരം അവരെ തളർത്തി. പണ്ട് അവർ അനുഭവിച്ച അനുകമ്പയുടെയും കാരുണ്യത്തിന്റെയും അനുഭവങ്ങളും, കരുതലും സംരക്ഷണവും സ്നേഹവും അവർ മറക്കാൻ തുടങ്ങി.

ഇത്തരമൊരു പ്രതിസന്ധിയിൽ ദൈവം അവരെ ഗതകാലങ്ങളുടെ ഓർമ്മയിലേക്ക് തിരികെ വരാൻ ക്ഷണിക്കുന്നു. ദൈവം വിളിച്ചുണർത്തി അസ്തിത്വം കൊടുത്ത ജനമാണ് ഇസ്രായേൽ. അവരെയാണ് സ്വന്തം ജനമായി ദൈവം തിരഞ്ഞെടുത്തത്. അതുകൊണ്ട് പഴയ കാലങ്ങളിൽ ദൈവം അവർക്ക് കൊടുത്ത അനുഗ്രഹങ്ങളെ അവർ ഓർമ്മിക്കണം. അബ്രാഹം മുതലുള്ള പിതാക്കന്മാരുടെ വിളി. ഈജിപ്തിലെ അടിമത്വത്തിൽ നിന്നുള്ള മോചനം. മരുഭൂമിയിലെ നയിക്കലും കരുതലും എല്ലാം അവർക്ക് മറക്കാനുള്ളതല്ല. അന്ന് കിട്ടിയ സംരക്ഷണങ്ങൾ, അവർക്കുവേണ്ടി ചെയ്ത അത്ഭുതങ്ങൾ മുതലായവ മറവിയുടെ മാറാപ്പിൽ തള്ളാനാവില്ല ഒരിക്കലും.

ദൈവത്തിന്റെ സ്നേഹം അനുഭവിച്ച് അറിയുവാൻ തടസ്സം

നില്ക്കുന്നത് മനുഷ്യന്റെ പാപവും ദൈവത്തോടുള്ള അവിശ്വസ്തത യുമാണ്: "രക്ഷിക്കാൻ കഴിയാത്ത വിധം കർത്താവിന്റെ കരങ്ങൾ കുറു കിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു. നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽ നിന്ന് മറച്ചിരിക്കുന്നു (ഏശയ്യാ 59:1–27). ആ വിഘാതവും ദൈവം ഇപ്പോൾ എടുത്തുമാറ്റിയിരിക്കുന്നു. കാർമേഘം പോലെ നിന്റെ തിന്മ കളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചു നീക്കി" (ഏശയ്യാ 44:22).

മനഃസാക്ഷിയിൽ കുറ്റബോധത്തിന്റെ കനത്ത ഭാരംപേറി വിലപി ക്കുന്നവർക്ക് വലിയ ആശ്വാസത്തിന്റെ വചനങ്ങളാണിവ. ദൈവം നിനക്ക് മോചനം തന്നിരിക്കുന്നു. ദൈവത്തിന്റെ (യേശുവിന്റെ) ഈ ഉറപ്പിന് നന്ദിപറഞ്ഞുകൊണ്ട് സന്തോഷവാനായിരിക്കുക. തളർവാതരോഗിക്ക് കൊടുത്ത സമാശ്വാസമാണിത്. അതുപോലെ പരസ്യ പാപിനിക്കും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്കും കൊടുത്തതും ഇതേ സമാ ശ്വാസം തന്നെ.

ദൈവം എല്ലാവർക്കും എല്ലാം പുതുതായി തുടങ്ങാൻ ഒരു അവസരം കൊടുക്കുന്നു. ദൈവം ആരെയും മറക്കുന്നില്ല. നമ്മൾ അനു ഭവിച്ച ദൈവസ്നേഹം നമ്മളും മറക്കരുത്.

## 52

# ഞാൻ നിങ്ങളെ വഹിക്കും

**ഏശയ്യാ 46:4**

*"ഇസ്രായേൽ ഭവനത്തിൽ അവശേഷിച്ചിരിക്കുന്നവരേ, എന്റെ വാക്കു കേൾക്കുവിൻ, നിങ്ങളുടെ വാർദ്ധക്യം വരെയും, ഞാൻ അങ്ങനെ തന്നെയായിരിക്കും. നിങ്ങൾക്ക് നര ബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും. ചുമലിലേറ്റി രക്ഷിക്കുകയും ചെയ്യും" (ഏശയ്യാ 46:3–4).*

മരുഭൂമിയിൽ ഉപേക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെപ്പോലെയായിരുന്നു ഇസ്രായേൽ അടിമത്വത്തിൽ കിടന്നിരുന്നത്, നിസഹായരും നിരാശ രുമായ അവർക്ക് വാവിട്ടു കരയാനെ കഴിഞ്ഞൊള്ളൂ. ആരും സഹായ ത്തിനില്ലാതെ അവർ കരഞ്ഞു. ഈ സ്ഥിതിയിൽ ദൈവം അവരോടു

പറയുന്നു: “എവിടെ നിങ്ങൾ തുടങ്ങിയെന്ന് ഓർക്കുവിൻ? ദൈവം എങ്ങനെ നിങ്ങളുടെ പിതാക്കന്മാരെ രക്ഷിച്ചു? മരുഭൂമിയിലും വിജന പ്രദേശത്തും അവരെ എങ്ങനെ പോറ്റി തൃപ്തരാക്കി? അവിടെ ദൈവ മായ, കർത്താവ്, ഒരു പിതാവ് പുത്രനെ എന്നതുപോലെ, വഴിനീളെ ഇവിടെ എത്തുന്നതുവരെ നിങ്ങളെ ചുമന്നുകൊണ്ടു നടന്നത് ഓർമ്മ യില്ലേ?” (നിയമാവർത്തനം 1:31).

ദൈവം ഇസ്രായേലിനെ ഗർഭകാലം മുതൽ വഹിക്കുകയായിരുന്നു (പുറപ്പാട് 19:4). ഒരു ഗർഭിണി തന്റെ കുഞ്ഞിനെ ചുമക്കുന്നതുപോലെ യുള്ള ദൈവത്തിന്റെ ഈ ചിത്രം മനോഹരമാണ്. പ്രായമായപ്പോഴും, നടക്കാൻ നിവൃത്തിയില്ലാതെ മുടന്തുമ്പോഴും, ശക്തിയും സൗന്ദര്യവും, നഷ്ടപ്പെട്ട് സമൂഹത്തിന് ഉപയോഗമില്ലാത്തവനായി തീർന്നപ്പോഴും ദൈവത്തിന്റെ സ്നേഹവും കരുതലും തുടർന്നുകൊണ്ടേയിരുന്നു. ജരാനരകൾ ബാധിച്ച് ചുക്കിചുളിഞ്ഞ ഒരു വൃദ്ധനെ ഒരു ശിശുവിനെ ചുമക്കുന്നതുപോലെ ചുമന്നുകൊണ്ടു നടക്കുന്ന ദൈവത്തിന്റെ ഈ ചിത്രം എത്രയോ സുന്ദരം!

വൃദ്ധജനങ്ങളെ അഗതിമന്ദിരങ്ങളിലും ആശാകേന്ദ്രങ്ങളിലും കൊണ്ടു പോയി നടതള്ളുന്ന രീതി ഒരു അത്യന്താധുനിക കാഴ്ചയാണ്. അവിടെ വയോജനങ്ങളെ അവരുടെ വിധിക്ക് വിട്ടുകൊടുത്തിരിക്കുന്നു. ഒറ്റപ്പെടലിന്റെയും നിരസിക്കലിന്റെയും വേദനയിൽ അവർ അവിടെ ക്കിടന്ന് കഷ്ടപ്പെടുന്നു. അവരുടെ മക്കളെയും സ്നേഹഭാജനങ്ങളെയും കുറിച്ച് അവർ സങ്കടത്തോടെ പരാതിപറയുന്നു: “എത്രയോ ഞാൻ അവരെ സ്നേഹിച്ചു? എത്രയോ കരുതൽ അവർക്കുവേണ്ടി ഞാൻ കരുതിവച്ചു? പക്ഷേ, ഇപ്പോൾ ആർക്കും എന്നെ വേണ്ട വൃദ്ധരുടെ ഇത്തരം അനുഭവങ്ങൾ ജീവിതത്തിന്റെ പലതുറകളിലും ഇന്നു സാധാര ണയാണ്.”

ഒരു കാലത്ത് ശക്തരും പ്രശസ്തരും അധികാരകേന്ദ്രങ്ങളുമായി രുന്നവർ, തങ്ങൾ ഉപയോഗ ശൂന്യരാണെന്ന് സ്വയം തോന്നുന്നു. ഒത്തിരി മാനസ്സിക സംഘർഷങ്ങളും ആത്മഹത്യകളും വൃദ്ധജനങ്ങളുടെ ഇടയിൽ ലോകമെമ്പാടും നടക്കുന്നുണ്ട്. ഒരു മരുന്നും മന്ത്രവും സൗഖ്യവും ഇല്ലാത്ത അസുഖമാണിത്. മരണസംസ്കാരവുമായി ഇതു ഇഴചേർന്ന് കിടക്കുന്നു. ഈ സംസ്കാരത്തിൽ ഉത്പാദനക്ഷമത യില്ലാത്തവരും, വൃദ്ധരും, ജനിക്കാനിരിക്കുന്നവരും തുടച്ചുനീക്കപ്പെടുന്നു. ചികിത്സയുടെ ലോകത്തിൽ ഈ പ്രശ്നത്തിന് മരുന്നില്ല. ഒരാൾ തന്നിലേ ക്കുതന്നെ ചുരുങ്ങിക്കൂടുമ്പോൾ അവിടെ നിരാശ തളം കെട്ടുന്നു.

“കർത്താവ് പറയുന്നു: ഇസ്രായേൽ ഭവനത്തിൽ അവശേഷിക്കു

ന്നവരേ, എന്റെ വാക്ക് കേൾക്കുവിൻ. നിങ്ങളുടെ വാർദ്ധക്യം വരെയും ഞാൻ അങ്ങനെ തന്നെയായിരിക്കും. നിങ്ങൾക്ക് നര ബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും, ഞാൻ നിങ്ങളെ സൃഷ്ടിച്ചു, നിങ്ങളെ ഞാൻ വഹിക്കും. ചുമലിലേറ്റി രക്ഷിക്കുകയും ചെയ്യും" (ഏശയ്യാ 46:4–5).

ജീവനും അതിന്റെ വളർച്ചയും തന്ന ദൈവം തുടർന്നു നിങ്ങളെ പരിരക്ഷിക്കും. അവിടുന്ന് നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ എത്ര പ്രായമായാലും രോഗിയായാലും ദൈവത്തിന്റെ കുട്ടികളാണ്. നിങ്ങൾ ദൈവത്തിന് വിലപ്പെട്ടവരാണ്. ഒരമ്മ കുഞ്ഞിനെ ചുമക്കുന്നതുപോലെ നിങ്ങളെ ദൈവം വഹിക്കും.

ദൈവത്തിന്റെ നമ്മുടെ മനസ്സിലെ ചിത്രം മാറ്റിവരച്ച് ഒരു പുതുക്കിയ ചട്ടക്കൂട്ടിൽ പ്രതിഷ്ഠിക്കേണ്ടതാണ്. അതാണ് ഇവിടെ നാം കാണുന്ന ദൈവത്തിന്റെ രൂപം. ദൈവം കർക്കശക്കാരനായ ഗോത്ര പിതാവല്ല. കരുണയില്ലാത്ത വിധിയാളനല്ല. കിറുകൃത്യം നീതി നടപ്പിലാക്കുന്ന നടത്തിപ്പുകാരനല്ല. മൃദുല സ്നേഹവും കരുതലുമുള്ള ഒരമ്മയാണ്. ആ അമ്മ പോറ്റി വളർത്തുകയും എപ്പോഴും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

പ്രവാചകന്മാർ മുഖേന വെളിവാക്കപ്പെട്ട മാതാവും പിതാവുമാണ് ദൈവം. ആ വെളിവാക്കൽ യേശുവിൽ അവസാനം ചെന്നു നില്ക്കുന്നു. ആയിരം പ്രാവശ്യം കർത്താവ് ആവർത്തിച്ച ഒരു വാഗ്ദാനം ഇതാണ്. "ഞാൻ നിങ്ങളോടു കൂടെയുണ്ട്" അവിടുന്ന് നമ്മളെ സ്വഭവനത്തിലേക്ക് വഹിക്കും. എന്നും, പ്രത്യേകിച്ചു നമ്മൾ ക്ഷീണം കൊണ്ട് തളർന്നുവീഴുമ്പോഴും, രോഗം വർദ്ധക്യം, കുറ്റബോധം, പരാജയം, ദുരന്തങ്ങൾ, ഇവ നേരിടുമ്പോഴും, ഈ വാഗ്ദാനം നമ്മുടെ ഹൃദയത്തിൽ മുഴങ്ങട്ടെ. നിങ്ങൾ തനിച്ചല്ല. ദൈവം കൂടെയുണ്ട്. ദൈവം നമ്മോടുകൂടെ ഉണ്ട്. അതാണ് എമ്മാനുവൽ– അനുകമ്പയും സ്നേഹവും നിറഞ്ഞവനായി നമ്മോടൊപ്പം. അവിടുത്തെ വിശ്വസിച്ചുകൊണ്ട് നമുക്ക് വിളിച്ചപേക്ഷിക്കാം.

# 53

# അവർക്ക് വിശക്കുകയോ ദാഹിക്കുകയോ ഇല്ല

**ഏശയ്യാ 49:10**

*"യാത്രയിൽ അവർക്ക് ഭക്ഷണം ലഭിക്കും. വിജനമായ കുന്നുകളെല്ലാം അവരുടെ മേച്ചിൽപുറങ്ങളായിരക്കും. അവർക്ക് വിശക്കുകയോ, ദാഹിക്കുകയോ ഇല്ല. ചൂടുകാറ്റോ, വെയിലോ അവരെ തളർത്തുകയില്ല. എന്തുകൊണ്ടെന്നാൽ അവരുടെമേൽ ദയയുള്ളവർ അവരെ നയിക്കും... മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശയ്യാ 49:8–16).*

ഉത്തര ഏശയ്യായിൽ നിന്നുള്ള ഒരു പ്രവചനമാണിത്. ശിക്ഷിക്കപ്പെട്ടവരും, പരിത്യജിക്കപ്പെട്ടവരുമായി തങ്ങളെത്തന്നെ കരുതുന്ന ഒരു ജനത അവരുടെ നിരാശയിൽ അവർ കരുതിയത് ദൈവം പോലും അവരെ ഉപേക്ഷിച്ചുവെന്നാണ്. അവരോടാണ് പ്രവാചകൻ സംവദിക്കുന്നത്. ദൈവം അവരെ തിരികെ വാഗ്ദത്തഭൂമിയിലേക്ക് കൊണ്ട് വരുമെന്ന പ്രത്യാശയാണ്, ഈ പ്രവചനം അവർക്ക് നല്കുന്നത്.

മുമ്പ് സൂചിപ്പിച്ചതുപോലെ ഈ പുസ്തകം തുടങ്ങുന്നതുതന്നെ അടിമത്വത്തിന്റെ അന്ത്യം കുറിക്കുന്ന ഒരു പ്രഖ്യാപനത്തോടെയാണ്: "ആശ്വസിപ്പിക്കുവിൻ എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ" കർത്താവിന്റെ വാക്കുകളാണിവ. "ജറുസലേമിനോട് സൗമ്യമായി സംസാരിക്കുകയും അവളോട് പ്രഘോഷിപ്പിക്കുകയും ചെയ്യുവിൻ അവളുടെ അടിമത്വം അവസാനിച്ചു. തിന്മകൾ ക്ഷമിച്ചിരിക്കുന്നു. എല്ലാ പാപങ്ങൾക്കും കർത്താവിൽ നിന്ന് ഇരട്ടി ശിക്ഷയും ലഭിച്ചിരിക്കുന്നു" (ഏശയ്യാ 40:1–2). തന്റെ ജനത്തെ അതിവേഗം സുരക്ഷിതനായി നാട്ടിലെത്തിക്കാൻ, ദൈവം മരുഭൂമിയിൽക്കൂടെ അതിവേഗ പാത ഒരുക്കുന്നു.

അവരുടെ തിരിച്ചുവരവ് ഒരു ആഘോഷമായ പ്രദക്ഷിണമായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ മുമ്പിൽനിന്ന് പ്രദക്ഷിണം നയിക്കുന്നത് ദൈവം. മരുഭൂമിയിൽ നീളെ നീരുറവകൾ, സൂര്യതാപം, ഏല്ക്കാതിരിക്കാൻ തലക്കുമീതെ കാർമേഘങ്ങൾ. പുറപ്പാടിന്റെ വിവിധ

രംഗങ്ങൾ – അത്ഭുതകരമായ സംഭവങ്ങൾ, വീണ്ടും ആവിഷ്കരിക്കപ്പെടുന്നു. ദൈവം ഓരോരുത്തരുടെയും കാര്യങ്ങൾ ശ്രദ്ധിക്കുന്നു. ദൈവം ആരെയും മറക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നില്ല. ഒരു അമ്മയെക്കാൾ കൂടുതൽ സ്നേഹത്തോടെ ദൈവം തന്റെ മക്കളെ പരിരക്ഷിക്കുന്നു.

അവിടെ അവർക്ക് വിശപ്പും ദാഹവും ഉണ്ടാവില്ല. മനുഷ്യന്റെ വിശപ്പ് ഭക്ഷണത്തിനും പാനീയത്തിനും വേണ്ടി മാത്രമല്ല. അതു ശാരീരികമായ വിശപ്പ്. ഇതു കൂടാതെ എത്രയോ വിശപ്പുകൾ! അറിവിനുവേണ്ടിയും, സ്നേഹത്തിനുവേണ്ടിയും, സുരക്ഷിതത്വത്തിനുവേണ്ടിയും, അവന് വിശക്കുന്നു, ദാഹിക്കുന്നു. അതുപോലെ അംഗീകാരത്തിനുവേണ്ടിയും സ്വീകാര്യതക്കുവേണ്ടിയും മനുഷ്യർ ദാഹിക്കുന്നു. ആരെയെങ്കിലും സ്വന്തമായി കിട്ടാൻ എല്ലാവരും ആഗ്രഹിക്കുന്നു. ബലഹീനരും, വൃദ്ധരും, രോഗികളും, ആഗ്രഹിക്കുന്നത് കരുത്തുള്ള വ്യക്തികളെയാണ്. ഒരു താങ്ങിനുവേണ്ടി, ഒരു ബലത്തിനുവേണ്ടി ഇതെല്ലാം വിശപ്പും ദാഹവും തന്നെ. ഇവയെല്ലാം സംതൃപ്തമാക്കപ്പെടും. ആഴത്തിൽ ആണ്ടുകിടക്കുന്ന നിങ്ങളുടെ ആഗ്രഹങ്ങൾക്കും, ആവശ്യങ്ങൾക്കും ഉത്തരം നല്കുന്നത് ദൈവമാണ്: "ദാഹാർത്തരേ ജലാശയത്തിലേക്ക് വരുവിൻ. നിർദ്ധനർ വന്ന് വാങ്ങി ഭക്ഷിക്കട്ടെ! വീഞ്ഞുപോലും സൗജന്യമായി വാങ്ങി ക്കൊള്ളുവിൻ" (ഏശയ്യാ 55:1). ജലം പരിശുദ്ധാരൂപിയാണ്. അതു ദാനമായികിട്ടുന്ന ദൈവത്തിന്റെ വരദാനങ്ങളാണ്. അപ്പം വിശുദ്ധ കുർബാനയിൽ നമുക്ക് ലഭിക്കുന്നു. അതു യേശുവാണ്. അതും ദാനമായിക്കിട്ടുന്നു. ഏശയ്യായുടെ പ്രവചനം യേശുവിൽ നിറവേറുന്നു.

## 54

# ഒരിക്കലും നിന്നെ ഞാൻ മറക്കുകയില്ല

**ഏശയ്യാ 49:15**

*"എന്നാൽ സീയോൻ പറഞ്ഞു: കർത്താവ് എന്നെ ഉപേക്ഷിച്ചു. എന്റെ കർത്താവ് എന്നെ മറന്നുകളഞ്ഞു. മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും നിന്നെ ഞാൻ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്റെ മതിലുകൾ എപ്പോഴും എന്റെ മുമ്പിലുണ്ട്" (ഏശയ്യാ 49:14–16).*

ഈ വാഗ്ദാനവും ഏശയ്യാ പ്രവാചകൻ വഴി ദൈവം ഇസ്രായേൽ ജനത്തിന് കൊടുക്കുന്നതാണ്. അന്ന് അവർ അടിമത്വത്തിൽക്കിടന്ന് ഞെരുക്കപ്പെട്ടിരുന്നു. ചരിത്രത്തിന്റെ ആ പ്രതിസന്ധിയിൽ അവർക്ക് ഒരു പ്രതീക്ഷയുമില്ലായിരുന്നു. ഇതു ഏശയ്യായുടെ പ്രവചനത്തിന്റെ രണ്ടാം പുസ്തകത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അതിൽ ഭാവിയിലേക്കുള്ള പ്രതീക്ഷയും പ്രത്യാശയുമാണ് നിറച്ചിരിക്കുന്നത്. അടിമകളായി കഴിഞ്ഞിരുന്ന അവർ വിചാരിച്ചിരുന്നത് ദൈവം അവരെ പൂർണ്ണമായി മറക്കുകയും ഉപേക്ഷിക്കുകയും ചെയ്തുവെന്നാണ്. ഈ വിചാരം അവരുടെ ദുഃഖം കൂടുതൽ കഠിനമാക്കി.

ഇപ്പോൾ ഈ പ്രവചനത്തിൽ ദൈവം അവരെ വിസ്മരിച്ചിട്ടില്ലയെന്ന് വ്യക്തമാക്കപ്പെടുന്നു. അതു മാത്രമല്ല ദൈവത്തിന് മറക്കാനെ കഴിയുകയില്ല. ഈ പ്രവചനത്തിൽ ദൈവം തന്നെത്തന്നെ താദാത്മ്യപ്പെടുത്തുന്നത് ഒരമ്മയോടാണ്. അമ്മയെക്കാൾ കൂടുതൽ മൃദുല സ്നേഹം കാണിക്കുന്നു. “ഞാൻ നിന്നെ മറക്കുകയില്ല”, എന്ന വാഗ്ദാനം പ്രതീക്ഷയറ്റവർക്ക് പ്രതീക്ഷയാണ്. അവരുടെ പേരുകൾ തന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിട്ടിരിക്കുന്നുവെന്നത് ഈ വാഗ്ദാനത്തിന്റെ ഉറപ്പിന് ശക്തികൂട്ടുന്നു. ഈ വാഗ്ദാനം 6–ാം നൂറ്റാണ്ടിലെ ബാബിലോൺ അടിമത്വത്തിൽ കഴിഞ്ഞവർക്കു മാത്രമല്ല. എല്ലാവർക്കും വേണ്ടിയാണ്. ഇതു നിങ്ങളെയും ഞങ്ങളെയും അഭിസംബോധന ചെയ്യുന്നു. നമ്മുടെ പേരുകൾ ദൈവത്തിന്റെ ഉള്ളം കൈയിൽ രേഖയായിക്കിടക്കുന്നു. നമ്മുടെ ജീവിതവും താല്പര്യങ്ങളും അവിടുത്തെ മുമ്പിലാണ്. ദൈവം നമ്മളെ ഓർക്കുന്നു. നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

55

# എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല

**ഏശയ്യാ 54:10**

*“നിമിഷനേരത്തേക്ക് നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാ കരുണയോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും. കോപാധിക്യത്താൽ, ഞാൻ എന്റെ മുഖം എന്നിൽനിന്നും മറച്ചുവച്ചു. എന്റെ അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും, എന്ന് നിന്റെ വിമോച*

*കനായ കർത്താവ് അരുളി ചെയ്യുന്നു..... കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയില്ല" (ഏശയ്യാ 54:7-10).*

ഈജിയൻ കടലിന്റെ പടിഞ്ഞാറെക്കരയിൽ പണ്ട് ഒരു പട്ടണ മുണ്ടായിരുന്നു - ഡെൽഫി. അവിടുത്തെ അപ്പോളോ ദേവന്റെ അമ്പലം പ്രസിദ്ധമായിരുന്നു. ആ അമ്പലത്തിലെ വെളിച്ചപ്പാടിനോട് അഭിപ്രായം ചോദിക്കാൻ, പണ്ട് ജനങ്ങൾ അവിടെ പോയിരുന്നു. മെസപ്പൊട്ടാമിയിൽ നിന്നുപോലും ജനങ്ങൾ അവിടെ എത്തിയിരുന്നു. വെളിച്ചപ്പാടു പറയുന്നത് പരിപൂർണ്ണമായി ശരിയാണെന്ന വിശ്വാസം അന്നു നില നിന്നിരുന്നു. അതുകേട്ട് ജനങ്ങൾ ഭാവിയിൽ എന്തു ചെയ്യണമെന്ന് തീരു മാനങ്ങൾ എടുത്തിരുന്നു. ആ സ്ഥലത്തിന്റെ ശ്രീകോവിലിൽ എത്താൻ ഏഴു വാതിലുകൾ ഉണ്ട്. അവയിൽ ഏഴ് ആപ്തവാക്യങ്ങൾ രേഖപ്പെടു ത്തിയിരിക്കുന്നു:-

1. നീ നിന്നെത്തന്നെ അറിയുക.
2. നിന്റെ സമയം ഉപയോഗിക്കുക.
3. എല്ലാം മായ.
4. ആധിക്യത്തിൽ ഒന്നും ഇല്ല.
5. തിടുക്കം ഉണ്ടാക്കുന്നത് പാഴ്വസ്തുക്കൾ.
6. വിധി മാറ്റാനാവില്ല.
7. എല്ലാം കടന്നുപോകുന്നു.

ഈ അവസാനം പറഞ്ഞത് നമ്മുടെ പൊതുവായ അനുഭവമാണ്. ഒന്നും നിത്യമായി നിലനില്ക്കുന്നില്ല. നിങ്ങൾ സമ്പാദിക്കുന്നതും, സ്വന്തമാക്കിതീർക്കുന്നത് നഷ്ടപ്പെടുത്തുന്നതും, ഒന്നും നിലനില്ക്കു കയില്ല. ഈ അറിവുകൾ ബുദ്ധിപൂർവ്വകമായ തീരുമാനങ്ങൾ എടുക്കാൻ നമ്മളെ സഹായിക്കുന്നു. മാറ്റങ്ങൾ പ്രകൃതിയുടെ നിയമമാണ്. സമുദ്രം കരഭൂമിയാകുന്നതും കരഭൂമി സമുദ്രമാകുന്നതും പ്രകൃതിയിൽ നട ക്കുന്ന പ്രതിഭാസങ്ങളാണ്. ധനവാൻ ദരിദ്രനാകുന്നതും, ദരിദ്രൻ ധനവാ നാകുന്നതും സംഭവിച്ചവയാണ്. സംഭവിക്കുന്നവയുമാണ്. അതുകൊണ്ട് ഒന്നിനും ഒത്തിരിയധികം പ്രാധാന്യം കൊടുക്കേണ്ടതില്ല.

ചരിത്രത്തിന്റെ ഒഴുക്കിൽ മാറ്റമില്ലാത്ത, എന്തോ ഉണ്ട്. ദൈവ ത്തിനും ദൈവത്തിന്റെ സ്നേഹത്തിനും മാറ്റമില്ലായെന്ന് ബൈബിൾ പറയുന്നു. അവ നിത്യമാണ്. ദൈവസ്നേഹത്തിനു മാറ്റമില്ല. അതു മാഞ്ഞുപോകാത്ത സ്നേഹമാണ്.

ബാബിലോൺ അടിമത്വത്തിന്റെ കാലത്താണ് ഏശയ്യാ ഈ പ്രവചനങ്ങൾ പറയുന്നത്. ദൈവം തങ്ങളെ ഉപേക്ഷിച്ചുവെന്ന് ജനം വിചാരിച്ചിരുന്നു. അടിമത്വം ഒരു സ്ഥിരം ശിക്ഷയല്ലെന്ന് ഒരു താല്ക്കാലിക ശിക്ഷ മാത്രമാണെന്നും പ്രവാചകൻ അവരെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ജനത്തിന്റെ തെറ്റുകൾ അവർക്ക് ബോധ്യമാകണം. അതുപോലെ അചഞ്ചലസ്നേഹവും പ്രവാചകൻ അവർക്ക് ഉറപ്പുകൊടുക്കുന്നു: "രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല. നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു. നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്ന് മറച്ചിരിക്കുന്നു" (ഏശയ്യാ 59:1–2). ദൈവം തന്റെ മുഖം ഒരിക്കലും മറച്ചുവയ്ക്കാറില്ല. മനുഷ്യന്റെ പാപങ്ങളാണ് ദൈവത്തിന്റെ മുഖത്തെ മറയ്ക്കുന്നത്. എന്നാൽ കാർമേഘങ്ങൾ ചിതറിക്കപ്പെടുകയും സൂര്യൻ വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യും.

ദൈവത്തിന്റെ സ്നേഹം തന്റെ ഉടമ്പടി വഴി നമുക്ക് ഉറപ്പായി തന്നിരിക്കുന്നു. ഇതാണ് ഉടമ്പടിയുടെ സ്നേഹം. ഹീബ്രുവിൽ ഇതിനെ 'ഹെസെദ്, Hezed' എന്നു വിളിക്കുന്നു. ഇതിന്റെ അർത്ഥം സുസ്ഥിര സ്നേഹം, നിത്യമായ സ്നേഹം അനുകമ്പാർദ്രമായ സ്നേഹം, ഒരിക്കലും തീരാത്തതും കുറയാത്തതുമായ സ്നേഹം എന്നാണ്.

ബൈബിളിൽ കരുണാർദ്രമായ സ്നേഹത്തിന് മൂന്ന് ഹീബ്രു പദങ്ങൾ ഉപയോഗിക്കാറുണ്ട്.

1. 'റഹ്മ (Rehma)' ജനിക്കാതിരിക്കുന്ന കുഞ്ഞിന് അമ്മ കൊടുക്കുന്ന സ്നേഹം.

2. 'ഹാനാൻ (Hanan)' കരുണാർദ്രവും ദയാപൂരിതവുമായ ക്ഷമിക്കുന്ന സ്നേഹം, ദൈവകൃപ.

3. 'ഹെസെദ് (Hezed)' ഉടമ്പടിയാൽ ഉറപ്പിച്ച സ്നേഹം – സുസ്ഥിര സ്നേഹം.

സമാധാത്തിന്റെ ഉടമ്പടി അഥവാ ഷാലോം മനുഷ്യകുലവും ദൈവവും തമ്മിലുള്ള ശ്രുതിമധുരമായ ഐക്യത്തിൽനിന്ന് വരുന്നു. അതിൽനിന്ന് ബഹിസ്ഫുരിക്കുന്നതാണ്, മനുഷ്യരിലും സകല സൃഷ്ടികളിലുമുള്ള സമാധാനം. അതു പറുദീസായുടെ പുനരുദ്ധാരണമാണ്. ദൈവത്തിന്റെ കരുണ അനശ്വരമാണ്. പ്രവാചകന്മാർ മുഖേന ദൈവം വെളിപ്പെടുത്തിയതും അവസാനം യേശുവിന്റെ മരണത്തിൽ പ്രകടമായി കാണിച്ചു തന്നതും ഇതുതന്നെയാണ്. "എന്തെന്നാൽ അവനിൽ

വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്ന തിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹന്നാൻ 3:16). അതുപോലെ സങ്കീർത്തനം 136 ദൈവത്തിന്റെ സുസ്ഥിരസ്നേഹത്തിന്റെ ഗീതമാണ്. കർത്താവിന്റെ സുസ്ഥിരസ്നേഹം അനന്തമാണെന്ന് 26 പ്രാവശ്യം ഇതിൽ ആവർത്തിക്കുന്നു.

എല്ലാം ഉരുകിത്തീർന്ന് അവസാനിക്കാൻ പോകുന്നു എന്നു തോന്നുമ്പോഴും ഉത്കണ്ഠയിൽ ഉരുകി കശക്കപ്പെടുമ്പോഴും നിലയി ല്ലാത്ത നിരാശാച്ചുഴിയിൽ മുങ്ങിത്താഴുമ്പോഴും നമുക്ക് പിടിച്ചുകയറാൻ ഒരു പിടിവള്ളി ബാക്കിയുണ്ട്. ദൈവത്തിന്റെ സുസ്ഥിര സ്നേഹം. അതു അനന്തമാണ്.

## 56

# അവൻ നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവിടുന്ന് ഉദാരമായി ക്ഷമിക്കും

**ഏശയ്യാ 55:7**

*"കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ, അവിടുന്ന് അരികെയുള്ളപ്പോൾ അവിടുത്തെ വിളിക്കുവിൻ. ദുഷ്ടൻ തന്റെ മാർഗ്ഗവും അധർമ്മി തന്റെ ചിന്താഗതികളും ഉപേക്ഷിക്കട്ടെ! അവിടുത്തെ കരുണ ലഭിക്കേണ്ടതിന്, അവൻ കർത്താവിങ്കലേക്ക് തിരിയട്ടെ. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ അവിടുന്ന് ഉദാരമായി ക്ഷമിക്കും" (ഏശയ്യാ 55:6-7).*

പ്രാർത്ഥന കേൾക്കപ്പെടാത്ത അനുഭവം പലർക്കും ഉള്ളതാണ്. ദീർഘനാളായി എന്തിനുവേണ്ടിയോ ആർക്കുവേണ്ടിയോ പ്രാർത്ഥിച്ചു കൊണ്ടിരുന്നിട്ടും ഒരു ഫലവും കിട്ടാത്ത അവസ്ഥ പലർക്കും അനുഭവ മുണ്ടാകും. അത്തരം അവസ്ഥയിൽ പലരും പറയുന്ന പരാതി ആരും കേൾക്കാനില്ലെങ്കിൽ എന്തിനു പ്രാർത്ഥിക്കണം? പ്രാർത്ഥന കേൾക്ക പ്പെടാൻ ചില വ്യവസ്ഥകൾ നിരത്തുകയാണ് മേല്പറഞ്ഞ വചനങ്ങൾ. ഒപ്പം ചില മുന്നറിയിപ്പും.

1. പ്രാർത്ഥിക്കുമ്പോൾ അന്വേഷിക്കേണ്ടത് ദൈവത്തേയും ദൈവത്തിന്റെ ഇഷ്ടത്തെയുമാണ്. എങ്കിലെ പ്രാർത്ഥന കേൾക്കപ്പെടുകയൊള്ളൂ. ദൈവേച്ഛയാണ് ഏവർക്കും ആവശ്യമായത്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയാണ് ഏറ്റം നല്ല മാതൃക: "സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" അതുപോലെ സംഘർഷത്തിന്റെ മൂർദ്ധന്യത്തിൽ യേശുവിന്റെ പ്രാർത്ഥന: "പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് മാറിപ്പോകട്ടെ. എങ്കിലും എന്റെ ഹിതമല്ല. അവിടുത്തെ ഹിതം പോലെയകട്ടെ" ആത്യന്തികമായി പ്രാർത്ഥനയിൽ അന്വേഷിക്കുന്നത് പിതാവിന്റെ ഇഷ്ടമാണ്. അതു സ്വീകരിക്കാനും ചെയ്തുതീർക്കാനുമുള്ള ശക്തിക്കും വേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്.

2. പ്രാർത്ഥന ഫലപ്രദമാക്കാൻ, പ്രാർത്ഥിക്കുന്നവർ ദുഷ്ടതയുടെ വഴികൾ ഉപേക്ഷിക്കണം. അതിനു ആവശ്യമായത് ഹൃദയപരിവർത്തനമാണ്, അതായത് 'മെത്തനോയിയ' (Metenoia). അവർ അനീതിയുടെ മാർഗ്ഗം ഉപേക്ഷിക്കണം - വൈരാഗ്യം, അത്യാർത്തി, നിസ്സംഗത, വെറുപ്പ്, ചൂഷണം, ദൂഷണം ഇവയെല്ലാം ഉപേക്ഷിച്ചിട്ടു വേണം പ്രാർത്ഥിക്കുവാൻ. ദൈവേച്ഛക്ക് എതിരായതെല്ലാം ഒഴിവാക്കി, സ്നേത്തിന്റെയും കാരുണ്യത്തിന്റെയും പ്രചോദനത്താൽ പുതിയ വഴിയെ സഞ്ചരിക്കണം.

3. ജീവിതത്തിൽ പ്രഥമസ്ഥാനം ദൈവേച്ഛക്ക് വിട്ടുകൊടുത്തുകൊണ്ട്, അതു സ്വീകരിക്കാൻ ദൈവത്തിലേക്ക് തിരിയണം. അവിടുത്തെ സാന്നിധ്യത്തിനും മുഖദർശനത്തിനും വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യണം.

4. പ്രാർത്ഥനയെ സംബന്ധിച്ച് കർത്താവിന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കണം. കർത്താവ് ആവശ്യപ്പെടുന്നത് വിശ്വാസത്തോടും ആത്മവിശ്വാസത്തോടും കൂടെ പ്രാർത്ഥിക്കുവാനാണ്. ക്ഷമാപൂർവ്വം കാത്തിരുന്ന് നിരന്തരമായി പ്രാർത്ഥിക്കണം - എല്ലാവരോടും ക്ഷമിച്ചുകൊണ്ട് പശ്ചാത്തപിച്ചുകൊണ്ട് എളിമയുള്ള ഹൃദയവുമായി ദൈവത്തിങ്കലേക്ക് തിരിയണം. "ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി, ദൈവമേ, നുറുങ്ങിയ ഹൃദയം അങ്ങു നിരസിക്കുകയില്ല" (സങ്കീർത്തനം 51:17).

# 57

# ദരിദ്രർക്ക് സദ്വാർത്ത

**ഏശയ്യാ 61:1**

*"ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും, തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും, കർത്താവിന്റെ കൃപാവത്സരവും, നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാനും, വിലപിക്കുന്നവർക്ക് സമാശ്വാസം നല്കാനും എന്നെ അയച്ചിരിക്കുന്നു" (ഏശയ്യാ 61:1–4).*

ഒരു മിഥ്യാബോധത്തിന്റെ വ്യാമോഹത്തിൽപ്പെട്ടിരുന്ന ജനങ്ങളോട് ദൈവം നടത്തുന്ന സദ്വാർത്താ പ്രഘോഷണമാണിത്. ഇതു അഭിസംബോധന ചെയ്യുന്നത്, അടിമത്വത്തിൽനിന്ന് തിരിച്ചുവന്നവരെയാണ്. ഉത്തര ഏശയ്യായിലെ വാഗ്ദാനങ്ങൾ പലതും അന്ന് യഥാർത്ഥ്യമായി തീർന്നിരുന്നില്ല. ബാബിലോൺ അടിമത്വത്തിൽനിന്ന് തിരിച്ചുവന്നവർ, പാവപ്പെട്ടവരും, ദരിദ്രരും, ചൂഷിതരും, വാഗ്ദത്ത ഭൂമിയിൽ അടിമത്വത്തിന്റെ ബന്ധനത്തിലുമായിരുന്നു (നെഹമിയ 5:1–6). വിശപ്പും ദാഹവും ദാരിദ്ര്യവും ഉത്തരം കിട്ടാത്ത പ്രാർത്ഥനയുടെ അനുഭവവും അവരുടെ പ്രതീക്ഷകൾ എല്ലാം തകിടം മറിച്ചു.

മൂന്നാം ഏശയ്യാ ദൈവത്തിന്റെ വാഗ്ദാനം ശക്തിയായി ആവർത്തിക്കുന്നു. അതുകേട്ട് ജനങ്ങൾ മനസ്സിലാക്കി, വിശ്വസിക്കണം. അതു ഉറപ്പുവരുത്തുകയാണ്, ഇവിടെ പ്രവാചകന്റെ ലക്ഷ്യം: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. അവിടുന്ന് എന്നെ അഭിഷേകം ചെയ്ത് അയച്ചിരിക്കുന്നു" പ്രവാചകൻ ദൈവത്തിന്റെ വചനം ഇങ്ങനെ പ്രഖ്യാപിക്കുന്നത് ആധികാരികമായും തികച്ചും യാഥാർത്ഥ്യവുമായിട്ടാണ്, സത്യസന്ധമായി.

കർത്താവായ യേശു നസ്രത്തിലെ സിനഗോഗിൽ തന്റെ ദൗത്യവും, ലക്ഷ്യവും വിശദമാക്കുന്നതു ഇതേ പ്രവചനം എടുത്തുകാണിച്ചുകൊണ്ടാണ്. യേശു പ്രസ്താവിക്കുന്നു: "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധന്മാർക്ക്

കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വർഷവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4: 18-19). ഇവിടെ യേശു പ്രഖ്യാപിക്കുന്ന സദ്വാർത്ത എല്ലാ ബന്ധനത്തിൽപ്പെട്ടവരോടും മർദ്ദിതരോടുമാണ് - രോഗത്തിന്റെയും, പാപത്തിന്റെയും, ദുഃഖത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽ പ്പെട്ടവരോട് വിമോചനത്തിന്റെ സദ്വാർത്ത. വിമോചനം എന്ന അർത്ഥമുള്ള 'ആഫേസിസ്' (Aphesis) രണ്ടു പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ദൈവമക്കളുടെ സമ്പൂർണ്ണ വിമോചനം ഉറപ്പാക്കുന്നത് ദൈവപുത്രൻ വഴിയാണ്, എന്താണ് അന്ധർക്ക് കാഴ്ച? ഇവിടുത്തെ കേന്ദ്ര ആശയമാണ് കാഴ്ച. അതു ശാരീരികമായ കാഴ്ച മാത്രമല്ല, ഒരു പുത്തൻ കാഴ്ചയാണ്. ദൈവത്തെക്കുറിച്ചും, ലോകത്തെക്കുറിച്ചും, ഓരോരുത്തരുടെ സ്വത്വത്തെക്കുറിച്ചുമുള്ള ഒരു ഉൾക്കാഴ്ചയാണിത്. ദൈവത്തെ പിതാവായിട്ടും, ലോകത്തെ ദൈവത്തിന്റെ സൃഷ്ടിയായും, മനുഷ്യരെല്ലാവരും ദൈവമക്കളാണെന്നുമുള്ള ഒരു ഉൾക്കാഴ്ചയാണിത്. മനുഷ്യകുലം മുഴുവനും ദൈവമക്കളായതുകൊണ്ട് ബൃഹത്തായ ഒരു കുടുംബമാണിത്. ഈ ദർശനം ദൈവാരൂപിയാണ് നമുക്ക് തരുന്നത്. ഇതു നമ്മെ സുരക്ഷയിലേക്കും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും നയിക്കും.

കർത്താവിന്റെ സദ്വാർത്ത സഭയിൽ തുടരേണ്ടതാണ്. മത തീവ്രവാദം, അത്യാർത്തി, ആക്രമം എന്നിവയാൽ അന്ധരാക്കപ്പെട്ടവർക്ക്, സഭയാണ് കാഴ്ചയുടെ സദ്വാർത്ത പ്രഖ്യാപിക്കേണ്ടത്. ഒരു പുതിയ കാഴ്ചയാണ് ഇന്നു ലോകത്തിനുവേണ്ടത്. അന്ധന്മാരുടെ കണ്ണിലെഴുതാനുള്ള അഞ്ജനം നല്കേണ്ടത് ക്രിസ്തുവിന്റെ സഭയാണ്. (വെളിപാട് 3:19). ദൈവം ലോകത്തിലേക്ക് പകർന്നുകൊടുക്കുന്ന സദ്വാർത്തയാണ് യേശുവിന്റെ സുവിശേഷം.

## 58

# പുതിയ ആകാശവും പുതിയ ഭൂമിയും

**ഏശയ്യാ 65:17**

*"ഇതാ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. പൂർവ്വകാര്യങ്ങൾ അനുസ്മരിക്കുകയോ അവ മനസ്സിൽ*

*വരുകയോ ഇല്ല. ഞാൻ സൃഷ്ടിക്കുന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുവിൻ. ജറുസലെമിനെ ഒരു ആനന്ദമായും അവളുടെ ജനത്തെ ആഹ്ലാദമായും ഞാൻ സൃഷ്ടിക്കുന്നു. ജറുസലെമിനെക്കുറിച്ച് ഞാൻ ആനന്ദിക്കും....." (ഏശയ്യാ 65:17-19).*

ഇച്ഛാഭംഗത്തിന്റെ അനുഭവങ്ങളുടെ ഭാണ്ഡക്കെട്ടും പേറി ദുഃഖവും നിരാശയും നിറഞ്ഞ് മനം തകർന്ന ജനതയുടെ മുമ്പിൽ ഈ പ്രവചനത്തിൽ വരച്ചുകാണിക്കുന്നത് ശോഭയേറിയ ഒരു ചിത്രമാണ്. പല പ്രവചനങ്ങളും അന്ന് പൂർത്തീകരിക്കപ്പെടാതെ  കിടന്നിരുന്നു. ഇവിടെ മൂന്നാം ഏശയ്യാ പുതിയ ഒരു സൃഷ്ടിയുടെ ചിത്രമാണ് ജനങ്ങൾക്ക് കൊടുക്കുന്നത്. യുഗാന്തദർശനങ്ങളുടെ തുടക്കമാണിത്. തുടർച്ചയായ പരാജയങ്ങൾ ജനങ്ങൾക്ക് കൊടുത്തത് ചില മിഥ്യാഭാവനകളാണ്. എന്നാൽ, യഥാർത്ഥത്തിൽ അവർ അനുഭവിച്ചത് ചൂഷണവും ദുരിതവും, ദയനീയമായ ഒരു ചോദ്യം അവരിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നു. "ഇവിടെ ദൈവം പ്രവർത്തിക്കുന്നില്ലേ?" "അതോ, ഞങ്ങൾ തുടരെ ചതിക്കപ്പെടുന്നുവോ?"

പ്രവചനാത്മമായ ഒരു ദർശനവും വാഗ്ദാനവുമാണ്, പ്രവാചകൻ ജനത്തിന് കൊടുക്കുന്നത്. ദൈവം ഒരു പുതിയ സൃഷ്ടിക്കു തയ്യാറായിക്കഴിഞ്ഞു. സ്വർഗ്ഗീയ മണ്ഡലത്തിൽ അത് ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞു. കാലത്തിന്റെ യവനിക ഉയർത്തി അത് ചരിത്രത്തിലേക്ക് ഉടൻ വരും. നിങ്ങളുടെ കണ്ണുകൾ ഉയർത്തി ദൈവത്തിന്റെ സന്നിധാനത്തിലേക്ക് നോക്കുക. ഭൂമിയിലെ ദുരിതങ്ങൾ കണ്ട് നിങ്ങൾ പകച്ചുപോകരുത്, പരിഭ്രമിക്കരുത്. ദൈവത്തിന്റെ കണ്ണുകളിലൂടെ നിങ്ങൾ കാണുക. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നിങ്ങൾക്കു കാണാം.

ഇതുപോലെ വെളിപാടുപുസ്തകത്തിൽ കാണുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ഭൂമിയും കടന്നുപോയി. കടലും അപ്രത്യക്ഷമായി... സ്വർഗ്ഗത്തിൽ നിന്ന് വലിയ ഒരു സ്വരം കേട്ടു.....(വെളിപാട് 21:1-4). ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. വെളിപാടിൽ പറയുന്നതുപോലെ ദൈവം നിങ്ങൾക്ക് ഒരവസാനം ഉണ്ടാക്കും പിന്നെ വേദന ഉണ്ടാവില്ല. ദുഃഖം ഉണ്ടാവില്ല. കണ്ണീരും മരണവും ഉണ്ടാവില്ല. ദൈവം കണ്ണീർ തുടച്ചുമാറ്റും. രക്ഷിച്ച് ശക്തിപ്പെടുത്തുകയും ചെയ്യും. ചരിത്രത്തിൽ ഉടനീളെ ദൈവം പ്രവർത്തനനിരതനാണ്. അതുപോലെ നമ്മുടെ ജീവിതത്തിലും, വിശ്വാസത്തിന്റെ ദൃഷ്ടികൾക്കൊണ്ട് ദൈവത്തെ കാണുകയും വിശ്വസിക്കുകയും ചെയ്ത് ദൈവത്തിൽ ആനന്ദിക്കുവിൻ.

59

# ഒരമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും

**ഏശയ്യാ 66:13**

*"അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും. ജറുസലെമിൽ വച്ച് നീ സാന്ത്വനം അനുഭവിക്കും. അതുകണ്ടു നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ അസ്ഥി പുല്ലുപോലെ തളിർക്കും. കർത്താവിന്റെ കരം അവിടുത്തെ ദാസരോടുകൂടെയും കർത്താവിന്റെ രോഷം അവിടുത്തെ ശത്രുക്കൾക്കെതിരേയും ആണെന്ന് അപ്പോൾ വെളിവാകും" (ഏശയ്യാ 66:13–14).*

നമ്മൾ പലപ്പോഴും നിസ്സഹായരും ഭീഷണിയുടെ നിഴലിൽ, ഒറ്റപ്പെട്ട് പേടിച്ചരണ്ട കുഞ്ഞുങ്ങളെപ്പോലെയാണ്. ആർക്കും ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകാവുന്നതാണ്. അതീവ ധൈര്യശാലികൾ പോലും ചിലപ്പോൾ, ഏകാന്തതയുടെയും ഭയത്തിന്റെയും അനുഭവങ്ങൾ തൊട്ടറിയേണ്ടിവരും. സത്യത്തിൽ ഇന്നത്തെ വല്ലാത്ത ദുരവസ്ഥയാണിത്. എകാന്തത. എല്ലാവിധ ആശയസംവേദന ഉപകരണങ്ങളും, മാധ്യമ ശൃംഖലകളും വലയങ്ങളും നിലനില്ക്കുമ്പോൾത്തന്നെ, പലരും ഞങ്ങളുടെ ഹൃദയത്തിന്റെ ഉള്ളിന്റെ ഉള്ളിൽ.... ഏകാന്തത അനുഭവിക്കുന്നവരാണ്. 'ബെദ്സെദാ' കുളക്കരയിൽ 'എനിക്ക് ആരുമില്ല', യെന്ന് സങ്കടത്തോടെ പറഞ്ഞ തളർവാത രോഗിയുടെ സ്ഥിതിയാണ് പലർക്കും.

പഴയനിയമത്തിന്റെ ഏടുകളിൽനിന്ന് ദൈവത്തെക്കുറിച്ച് പൊതുവെ രൂപപ്പെടുത്തിയ ഒരു സങ്കല്പമാണ്, കർക്കശക്കാരൻ വിധിയാളന്റെയും, ക്രൂരനും, ഭയപ്പെടുത്തുന്നവനുമായ ഒരു പ്രതികാരദാഹിയുടെയും ചിത്രം. എന്നാൽ അതിനു വിപരീതമായി ഏശയ്യായുടെ അവസാനദ്ധ്യായത്തിൽ ഗംഭീരമായ ഒരു ദർശനമാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇവിടെ ഇസ്രായേലിന്റെ പ്രതിരൂപമായ ജറുസലെമിന്റെ മേൽ ദൈവം കോരിച്ചൊരിയുന്നത് ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹമാണ്. ദൈവജനത്തിന്റെ മേൽ ദൈവം കാണിക്കുന്ന കരുണയുടെ മുഖമാണിത്. ഇതു ആനന്ദത്തിലേക്കുള്ള ഒരു വിളിയാണ്. എന്തുകൊണ്ടെന്നാൽ എല്ലാം ക്ഷമിച്ചിരിക്കുന്നു. എല്ലാം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഈ പ്രവചനത്തിൽ അവതരിപ്പിക്കുന്നത് നശിപ്പിക്കപ്പെട്ട ജറുസലെം നഗരത്തിന്റെ ഭാവിയിൽ നടക്കാനിരിക്കുന്ന പുനരുദ്ധാരണം മാത്രമല്ല, സാർവ്വത്രിക മനുഷ്യകുലത്തിന്റെയും പുനഃസ്ഥാപനമാണ്. അപ്പോൾ അതു ദൈവത്തിന്റെ ഭവനമായ പുതിയ ജറുസലെമായിത്തീരും. ഏശയ്യാ 65-ാം അദ്ധ്യായത്തിൽ 17-ാം വചനത്തിൽ പറയുന്ന പുതിയ ആകാശവും പുതിയ ഭൂമിയുമാണിത്. ദൈവത്തിന്റെ സ്നേഹവും കരുതലും, നമ്മുടെ പ്രതീക്ഷയുടെയും ശക്തിയുടെയും ഉറവിടമാണ്. ഭയമല്ല, സ്നേഹമാണ് ഒരു വിശ്വാസിയുടെ മുഖമുദ്ര. നമ്മൾ വിശ്വസിക്കുന്ന ദൈവം കാരുണ്യവാനാണ്. കാരുണ്യത്തിന്റെ ഏറ്റം പ്രകടമായ പ്രകാശനം കാണുന്നു: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മക്ക് മറക്കാനാവുമോ? അവൾ മറന്നാലും ഞാൻ മറക്കുകയില്ല" (ഏശയ്യാ 49:15-16). അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും (സങ്കീർത്തനം 27:17).

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം ഒരു പുനർവിചിന്തനത്തിനും പുനർവായനക്കും വിധേയമാക്കേണ്ടതാണെന്ന് ഈ വാഗ്ദാനം നമ്മെ പഠിപ്പിക്കുന്നു. ആരാണ് എന്റെ ദൈവം? ദൈവത്തെക്കുറിച്ച് എന്താണ് നമ്മൾ ചിന്തിക്കുന്നത്? ദൈവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിൽ വരുന്ന ചിത്രമേതാണ്? ഒരമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും എന്ന് ദൈവം ഓരോരുത്തരോടും പറയുന്നു. നമ്മുടെ ജീവിതം ഒരുപക്ഷേ, വേദനയും കഷ്ടതകളും നിറഞ്ഞതായിരിക്കാം. ദുരിതപൂർണ്ണമാകാം. എന്നാൽ ഏതുസ്ഥിതിയിൽ ആണെങ്കിലും നമ്മുടെ നിത്യജീവിതത്തെ അഭിമുഖീകരിക്കാൻ, കർത്താവ് തരുന്ന ഉറപ്പിലും വലിയ ഉറപ്പ് വേറെയെവിടെയാണ് നമുക്ക് കിട്ടുക? എവിടെയുമില്ല.

## 60

# നിന്നെ രക്ഷിക്കാൻ നിന്നോടുകൂടെ ഞാനുണ്ട്

**ജറെമിയാ 1:8**

*"കർത്താവ് എന്നോട് അരുളിച്ചെയ്തു. വെറും ബാലനാണെന്ന്, നീ പറയരുത്. ഞാൻ അയയ്ക്കുന്നിടത്തേക്ക് നീ പോകണം. ഞാൻ*

*കല്പിക്കുന്നതെന്തും സംസാരിക്കണം. നീ അവരെ ഭയപ്പെടേണ്ട, നിന്റെ രക്ഷയ്ക്ക് നിന്നോട് കൂടെ ഞാനുണ്ട്. കർത്താവാണിതു പറയുന്നത്" (ജറെമിയാ 1:4-10).*

ജറെമിയാ എന്ന പ്രവാചകനെ ദൈവം വിളിക്കുന്നത് ഇസ്രായേലിന്റെ ചരിത്രത്തിൽ ഏറ്റം സംഘർഷപൂരിതവും നിർണ്ണായകവുമായ ഒരു സമയത്താണ് – B.C. 626–ൽ ജറെമിയാ എന്ന ചെറുപ്പക്കാരന് അന്ന് ഏകദേശം 20 വയസ്സുമാത്രം. ദൈവം അദ്ദേഹത്തെ വിളിച്ചത് വളരെ വിഷമം പിടിച്ച ഒരു ദൗത്യം നടപ്പിലാക്കാനാണ്. അദ്ദേഹം ഒറ്റക്ക് രാജ്യത്തിനെതിരെ നില്ക്കണം. എതിർത്തുനില്ക്കുന്നത്, രാജാക്കന്മാർ, രാജകുമാരന്മാർ, പുരോഹിതർ, പ്രവാചകർ എന്നിങ്ങനെയുള്ള വമ്പന്മാർ. അവരോട് ഉടനെ വരാൻ പോകുന്ന ഒരു ദുരന്തത്തെ പ്രഖ്യാപിക്കുന്ന, ദൈവവചനം ഉരുവിടണം. ഒരു സമൂലമായ പരിവർത്തനത്തിലേക്ക് രാജ്യം മുഴുവനെയും ആഹ്വാനം ചെയ്യാൻവേണ്ടി ദൈവം നിയമിച്ചയച്ച ഒരു പ്രവാചകനാണ്, ജറെമിയാ എന്ന യുവാവ്. എന്നാൽ ജറെമിയായെ ജനം അംഗീകരിച്ചില്ല. മനസ്സിലാക്കിയുമില്ല. വരാൻ പോകുന്ന രാഷ്ട്രീയ തകർച്ചയെ ഒട്ടും ഗൗനിച്ചുമില്ല. അദ്ദേഹത്തെ വഞ്ചകനായി മുദ്രയടിച്ച് ബഹിഷ്കരിച്ചു. ജറെമിയായെ അവർ പുച്ഛിച്ചു, പീഡിപ്പിച്ചു എന്നിട്ടും അദ്ദേഹം പാറപോലെ ഉറച്ചുനിന്നു. അവസാനം ദൈവം അദ്ദേഹത്തെ വിജയിപ്പിച്ചു. അദ്ദേഹം പ്രവചിച്ചതെല്ലാം സംഭവിക്കുക തന്നെ ചെയ്തു.

ദൈവം തന്റെ വാക്കുപാലിച്ചു. അവിടുന്ന് എപ്പോഴും ജറെമിയായ്ക്ക് ഒപ്പമായിരുന്നു. ഒരിക്കലും കൈവിട്ടില്ല. ശത്രുക്കളിൽനിന്ന് രക്ഷിച്ചു. ജറെമിയായുടെ പ്രവാചകദൗത്യം 40 വർഷം നീണ്ടുനിന്ന ഒരു ശുശ്രൂഷയായിരുന്നു. അദ്ദേഹം വളരെ മൃദുലമായി സ്നേഹിച്ചിരുന്ന ജനത്തിന്റെ മേൽ നിപതിച്ച ദുരന്തങ്ങൾ കാണാൻ അദ്ദേഹം അതിജീവിച്ചു. താൻ പ്രവചിച്ചത് സംഭവിക്കുന്നത് അദ്ദേഹം കൺമുമ്പിൽ കണ്ടു. ബാബിലോൺ രാജാവ് നബുക്കദ്നേസറിന്റെ പട്ടാളം ജറുസലെമിന്റെ മതിലുകൾ ഇടിച്ചുനിരത്തി. ദേവാലയത്തിന് തീവെച്ചു. ജനങ്ങളെ കൊന്നൊടുക്കി. ബാക്കി വന്നവരെ, അടിമകളായി കൂട്ടത്തോടെ ബാബിലോണിലേക്ക് നാടുകടത്തി. ജറുസലെമിലേക്ക് ഇരച്ചുകയറിയ സൈന്യം ജറെമിയായെ മോചിപ്പിച്ചു.

ദൈവം എന്നെയും നിങ്ങളെയും അവിടുത്തെ വചനം പ്രഘോഷിക്കാനാണ് വിളിച്ചിരിക്കുന്നത്. അധാർമ്മിക നിലപാടുകൾക്കും, ജീവിതത്തിന്റെ പാപകരമായ വഴികൾക്കും എതിരെ ദൈവത്തിനുവേണ്ടി നിലകൊള്ളേണ്ട ചുമതലയാണ് നമുക്ക് കിട്ടിയിരിക്കുന്നത്. ഇടിച്ചു നിരപ്പാക്കാൻ മാത്രമല്ല നമ്മുടെ വിളി. ജീവന്റെയും സ്നേഹത്തിന്റെയും ഒരു

സംസ്കാരം പടുത്തുയർത്താനും വേണ്ടിയാണ്, നമ്മുടെ വിളി. ദൈവം നമ്മോടൊപ്പമാണ്. ഒട്ടും ഭയപ്പെടരുത്.

## 61

# നിങ്ങളുടെ ക്ഷേമത്തിനുവേണ്ടി എനിക്ക് പദ്ധതികൾ ഉണ്ട്

**ജറെമിയാ 29:11**

*"നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ് - നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും, എന്റെ അടുക്കൽ വന്ന് പ്രാർത്ഥിക്കും" (ജറെമിയാ 29:11-12).*

ബാബിലേണിൽ തടങ്കൽ പാളയങ്ങളിൽ കഴിയുന്ന ഇസ്രായേൽക്കാർക്ക് ജറെമിയാ എഴുതിയ ഒരു കത്തിന്റെ ഭാഗമാണ്, ഈ വാഗ്ദാനം. സകലതും നഷ്ടപ്പെട്ട് വിദേശമണ്ണിൽ അടിമകളായിക്കഴിയുന്നവർ, ആയിരങ്ങൾ. യൂദായിൽ നിന്ന് ജനങ്ങളെ രണ്ടു പ്രാവശ്യം നാടുകടത്തിയിരുന്നു. B.C. 598-ലും B.C. 587-ലും ഇതിനിടെ പല പ്രവാചകന്മാരും ആസന്നമായ ഒരു മോചനത്തെക്കുറിച്ചു പ്രവചിച്ചിരുന്നു. ദൈവം അവരെ, ഉടനെ അടിമത്വത്തിൽനിന്ന് രക്ഷിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. അവർ ബാബിലോണിൽ നടക്കുന്ന ഒരു കാര്യത്തിലും ഇടപെട്ടില്ല. എല്ലാത്തിൽനിന്നും ഒഴിഞ്ഞുമാറി നിന്നു. ഒന്നിനും അവർ സഹകരിച്ചില്ല. കാരണം, അവർ അവിടെ അടിമകളായിരുന്നു, പ്രവാസികളായിരുന്നു. സ്വദേശത്തേക്ക് ഉടനെ മടങ്ങിപ്പോകാം എന്നവർ പ്രതീക്ഷിച്ചിരുന്നു.

അങ്ങനെ ഉടൻ മോചനം പ്രവചിച്ചവർ എല്ലാം വ്യാജന്മാരാണെന്ന്, ജറെമിയാ അവരോട് പറഞ്ഞു. വ്യാജന്മാർ പറഞ്ഞത് അവരുടെ സ്വപ്നങ്ങളും താല്പര്യങ്ങളുമാണ്. അത് അവർ ദൈവത്തിന്റെ നാമത്തിൽ പ്രവചിക്കുന്നു. അദ്ദേഹം പറഞ്ഞത് കൃഷിചെയ്യുക, പണിയുക, വിവാഹം ചെയ്യൂ, വിവാഹജീവിതത്തിന് അനുവദിക്കുക. മക്കൾ ഉണ്ടാകട്ടെ! ആ വിദേശമണ്ണിൽ എല്ലാത്തിലും ഇടപെട്ടു ജീവിക്കുക. ബാബി

ലോണിൽ അവർ അടിമകളായി വന്നവരാണ്. ബലപ്രയോഗത്തിൽ നാടുകടത്തപ്പെട്ടവർ. വിപ്രവാസികൾ, എങ്കിലും അവർ ചവിട്ടി നടക്കുന്ന, മണ്ണിന്റെ അഭിവൃദ്ധിക്കുവേണ്ടി പണിയെടുക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വർഷങ്ങൾക്കുശേഷം ദൈവം അവരെ തിരിച്ചു സ്വന്തരാജ്യത്തിലേക്ക് കൊണ്ടുപോകും.

ഈ സാഹചര്യത്തിലാണ്, ഇസ്രായേൽക്കാരോട് അവരെക്കുറിച്ചുള്ള ദൈവിക പദ്ധതിയെക്കുറിച്ച് പ്രവാചകൻ പറയുന്നത്. അവരുടെ നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയുള്ള ഒരു പദ്ധതിയെക്കുറിച്ചാണ്, പറയുന്നത്. അല്ലാതെ, അവരുടെ നാശത്തിനുവേണ്ടിയല്ല. ഈ പദ്ധതി B.C. 538-ൽ ദൈവം നടപ്പാക്കി. പേർഷ്യൻ രാജാവായ സൈറസ്, ബാബിലോൺ കീഴടക്കി, മെസൊപ്പൊട്ടാമിയ മുഴുവന്റെയും അധികാരിയായി. അപ്പോൾ, പ്രവാസികളായി അവിടുയുള്ള സകല ജനങ്ങൾക്കും തങ്ങളുടെ സ്ഥലങ്ങളിലേക്ക് തിരിച്ചുപോകാൻ അദ്ദേഹം അനുവാദം കൊടുത്തു. അങ്ങനെ 50 കൊല്ലത്തെ അടിമത്വം അവസാനിച്ചു.

ഇത്തരം ജീവിതസാഹചര്യങ്ങൾ നമുക്കും ഉണ്ടാകാവുന്നതാണ്. നമുക്ക് സംഭവിച്ച വമ്പിച്ച ദുരന്തത്തിൽനിന്ന്, ഒരിക്കലും പുറത്തുവരുകയില്ലെന്ന്, ചിലപ്പോൾ നമ്മൾ ചിന്തിച്ചുപോകും. നമ്മളെ സംബന്ധിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്ന കാര്യം നമ്മൾ വിശ്വസിക്കണം. അതു നമ്മുടെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടിയാണ്. ദൈവം പറയുന്നു. നീ എന്നെ വിളിക്കുമ്പോൾ ഞാൻ നിന്നെ ശ്രവിക്കും. അതാണ് ശരി. അതാണ് പ്രതീക്ഷ. അവിടുത്തെ പദ്ധതിയിൽ നമുക്ക് പ്രതീക്ഷയർപ്പിക്കാം.

## 62

# നിന്റെ മുറിവുകൾ ഞാൻ സുഖപ്പെടുത്തും

**ജറെമിയാ 30:17**

*"ഞാൻ നിനക്ക് വീണ്ടും ആരോഗ്യം നല്കും, നിന്റെ മുറിവുകൾ സുഖപ്പെടുത്തും. കർത്താവ് അരുളിച്ചെയ്യുന്നു: അവർ നിന്നെ ഭ്രഷ്ട എന്നും, ആരും തിരിഞ്ഞുനോക്കാത്ത സിയോൻ എന്നും വിളിച്ചില്ലേ?" (ജറെമിയാ 30:17-22).*

ഗുരുതരവും നിർണ്ണായകവുമായ സംഭവങ്ങളുടെ നടുവിലേക്കാണ്, ജറെമിയാ എന്ന പ്രവാചകൻ അയക്കപ്പെട്ടത്. B.C.626– 587 വരെയുള്ള കാലത്ത് ജനങ്ങളെ അനുതാപത്തിലേക്കും പരിവർത്തനത്തിലേക്കും ആഹ്വാനം ചെയ്യുകയായിരുന്നു ജറെമിയായുടെ ദൗത്യം. ജനം അദ്ദേഹത്തെ കേൾക്കുകയില്ലെന്ന്, മുന്നറിയിപ്പു കിട്ടിയിരുന്നു. അദ്ദേഹം അയക്കപ്പെട്ടത്: "പിഴുതെറിയാനും, ഇടിച്ചുനിരപ്പാക്കാനും, നശിപ്പിക്കാനും, തകിടം മറിക്കാനും, പണിതുയർത്താനും നട്ടുവളർത്താനുമാണ്".

അദ്ദേഹത്തിന്റെ ജോലിയുടെ ആദ്യഘട്ടത്തിൽ, സമൂലപരിവർത്തനത്തിന് ജനങ്ങളെ ആഹ്വാനം ചെയ്തു. വരാനിരിക്കുന്ന ദുരിതങ്ങളും ദുരന്തങ്ങളും അദ്ദേഹം ചൂണ്ടിക്കാണിച്ചു. പ്രത്യേകിച്ച് വടക്കുനിന്ന് വരാൻപോകുന്ന ആക്രമണത്തെക്കുറിച്ച് മുന്നറിയിപ്പു നല്കി. നാശവും, നാടുകടത്തലും, വിപ്രവാസവും അടിമത്വവും ആസന്നമാണെന്ന് അദ്ദേഹം പ്രവചിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവചനങ്ങൾ എല്ലാം അക്ഷരം പ്രതി B.C. 598–ലും 587–ലും നടപ്പിലായി. അദ്ദേഹത്തിന്റെ സേവനത്തിന്റെ രണ്ടാംഘട്ടത്തിൽ അദ്ദേഹം ജനങ്ങളെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. നശിപ്പിക്കപ്പെട്ട ജനതക്ക് പുനരുദ്ധാരണത്തിന്റെയും പുനരുജ്ജീവനത്തിന്റെയും വാഗ്ദാനങ്ങൾ നല്കി അദ്ദേഹം ധൈര്യപ്പെടുത്തി.

ജറെമിയായുടെ 30–ാം അദ്ധ്യായത്തിൽ 12–മുതൽ 22 വരെയുള്ള വചനങ്ങളിൽ ആശ്വാസവും ധൈര്യപ്പെടുത്തലും നമുക്ക് കാണാം. അതു തുടങ്ങുന്നത് ഇപ്രകാരമാണ്: "സുഖപ്പെടുത്താനാവാത്തവിധം നിനക്ക് ക്ഷതമേറ്റിരിക്കുന്നു. നിന്റെ മുറിവിനു മരുന്നില്ല. നിന്റെ മുറിവുകൾ ഗുരുതരമാണ്. നിനക്ക്വേണ്ടി വാദിക്കാൻ ആരുമില്ല. നിനക്ക് സൗഖ്യം ലഭിക്കുകയില്ല. നിന്റെ സ്നേഹിതരെല്ലാം നിന്നെ മറന്നിരിക്കുന്നു" (30:12–13). എങ്കിലും നിന്നെ സഹായിക്കാനും രക്ഷിക്കാനും സുഖപ്പെടുത്താനും ഞാൻ വരും. ദൈവം നിന്റെ ആരോഗ്യം പുനരുജ്ജീവിപ്പിക്കും. നിന്റെ മുറിവുകൾ ഉണങ്ങും. അതുകൊണ്ട് ഹൃദയത്തിൽ നിന്ന്, അവിടുത്തെ പക്കലേക്ക് തിരിയുക. അവിടുന്ന് നിന്നെ സഹായിക്കും. എന്നേക്കുമായി ഉപേക്ഷിക്കുകയില്ല.

നിങ്ങൾക്ക് പ്രശ്നങ്ങളും അസ്വസ്ഥതകളും ഉണ്ടാകുമ്പോൾ തികഞ്ഞ വിശ്വാസത്തോടും ആത്മവിശ്വാസത്തോടും കൂടെ കർത്താവിലേക്ക് തിരിയുക. അവിടുന്ന് നമ്മെ ക്ഷണിക്കുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ പക്കലേക്ക് വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം."

# 63

# അവരുടെ പാപം ഞാൻ മനസ്സിൽ വയ്ക്കുകയില്ല

**ജറെമിയാ 31:34**

*"ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും, അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആയിരിക്കും. കർത്താവിനെ അറിയുക എന്ന് ഇനി ആരും സഹോദരനെയോ അയൽക്കാരനെയോ പഠിപ്പിക്കേണ്ടിവരുകയില്ല. അവർ വലിപ്പചെറുപ്പമെന്നിയേ എല്ലാവരും എന്നെ അറിയും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അവരുടെ അകൃത്യത്തിന് ഞാൻ മാപ്പുനല്കും. അവരുടെ പാപം ഞാൻ മനസ്സിൽ വയ്ക്കുകയില്ല" (ജറെമിയാ 31:31–37).*

ദൈവവും മനുഷ്യരുമായുള്ള ബന്ധം ബൈബിളിൽ അവതരിപ്പിക്കുന്നത് ഒരു ഉടമ്പടിയുടെ രൂപത്തിലാണ്. വാസ്തവത്തിൽ ബൈബിളിൽ പ്രധാനമായും 5 ഉടമ്പടികൾ ഉണ്ട്. അതിൽ ആദ്യത്തേത്, ദൈവം നോഹയോടും നോഹയുടെ കുടുംബത്തോടും, സകലസൃഷ്ടികളോടും ഉണ്ടാക്കിയ പ്രാപഞ്ചിക ഉടമ്പടി, അതിൽ, ഇനി ഒരിക്കലും ലോകത്തെ വെള്ളപ്പൊക്കത്താൽ നശിപ്പിക്കുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തു (ഉൽപത്തി 9:8–17). രണ്ടാമത്തെ ഉടമ്പടി ദൈവം അബ്രാഹത്തോട് ഉണ്ടാക്കിയതാണ്. അതിൽ കർത്താവ് അബ്രാഹത്തിന് സന്താനസൗഭാഗ്യവും സർവ്വതികമായ അനുഗ്രഹവും താമസിക്കാൻ നല്ല ഒരു നാടും വാഗ്ദാനം ചെയ്തു (ഉൽപത്തി 15:1–21). മൂന്നാമത്തേത് സീനായ് മലയിൽ നടന്നു. അതാണ് സുപ്രസിദ്ധമായ ഉടമ്പടി. ആ ഉടമ്പടിയിൽ ദൈവം ഇസ്രായേൽ ജനത്തെ ഒരു പ്രത്യേക ജനമായി തിരഞ്ഞെടുത്തു (പുറ 19–22:24). പിന്നീട് നടന്ന ഉടമ്പടി ദാവീദുമായിട്ടാണ്. അതിൽ ദാവീദിന്റെ വംശം എക്കാലവും നിലനില്ക്കുമെന്ന വാഗ്ദാനമാണ് ലഭിച്ചത്. ഒരു രക്ഷകനായ രാജാവ് ദാവീദിന്റെ വംശത്തിൽനിന്ന് വരുമെന്ന പ്രത്യാശ ഇതിൽനിന്ന് മനുഷ്യകുലത്തിന് ലഭിച്ചു (2 സാമുവൽ 7:11–17). സീനായിലെ ഉടമ്പടി തുടങ്ങിയപ്പോൾ മുതൽ മനുഷ്യർ അതു ലംഘിക്കാൻ തുടങ്ങി. ദൈവം ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുമെന്ന് അന്ന് വാഗ്ദാനം ചെയ്തു. ജറെമിയ പറഞ്ഞുവച്ച ഈ അവസാന ഉടമ്പടി ഒരു പുതിയ ഉടമ്പടിയാണ്. അത് യേശുവിൽ പൂർത്തീകരിച്ചു.

കാലക്രമത്തിൽ കൂടെക്കൂടെയുണ്ടായ ലംഘനങ്ങളിൽനിന്ന് മനുഷ്യന് ഒരു കാര്യം ബോധ്യമായി. ഉടമ്പടിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് അവയെ കാത്തുസൂക്ഷിക്കാൻ തങ്ങൾക്ക് കഴിയുന്നില്ല. മനുഷ്യന്റെ ആന്തരികമായ ബലഹീനതയും പാപത്തിലേക്ക് ചായുന്ന പ്രവണതയുമാണ് ഇതിന്റെ കാരണം. ഇപ്പോൾ ദൈവം ഒരു പുതിയ ഹൃദയവും അല്ലെങ്കിൽ പരിവർത്തിതമായ ഒരു ഹൃദയവും ഉടമ്പടിയോട് വിശ്വസ്തത പുലർത്താനുള്ള കഴിവും കർത്താവ് വാഗ്ദാനം ചെയ്യുന്നു. പുതിയ ഉടമ്പടി പുതുക്കി കോറിയിടുന്നത് മനുഷ്യന്റെ ഹൃദയത്തിൽ; അപ്പോൾ അതിന് ആന്തരികമായ ഒരു രൂപമാറ്റം ഉണ്ടാകുന്നു. അതിൽ നിന്ന് നിർഗ്ഗളിക്കുന്നത്, മനുഷ്യനും ദൈവവുമായി ഒരു പുതിയ ബന്ധം: “ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും” അപ്പോൾ ജനങ്ങളെ നയിക്കുന്നത്, ബാഹ്യനിബന്ധനകൾ നിറഞ്ഞനിയമാവലിയല്ല. പ്രത്യുതാ, ഒരു ആന്തരികശക്തിയാണ്. പുതിയ ഉടമ്പടി ഏവർക്കുംവേണ്ടി തുറന്നിട്ടിരിക്കുന്നു. അത് ഒരു പ്രത്യേക സമൂഹത്തിനുവേണ്ടിയുള്ളതല്ല. അതു സൗജന്യമായ ഒരു ദാനമാണ്. അതിന്റെ സ്വാഭാവികമായ അടയാളം അതിന്റെ ആന്തരിക ആത്മസത്തയാണ്.

യേശുവിന്റെ രക്തത്തിൽ ചാലിച്ചെഴുതിയതും ആധികാരികവുമായ പുതിയ ഉടമ്പടിയിലേക്ക് നാം ഏവരും വിളിക്കപ്പെട്ടവരാണ്. നമ്മുടെ ഹൃദയങ്ങളിൽ നിറയുന്ന പരിശുദ്ധാരൂപി നമ്മളെ ദൈവത്തെക്കുറിച്ചു പഠിപ്പിക്കുന്നു. അവിടുത്തെ ഇഷ്ടമെന്താണെന്ന് പഠിപ്പിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തിന്റെ കല്പനകൾ പാലിക്കാൻ നമ്മളെ പ്രാപ്തരാക്കുന്നു, പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങൾക്ക് നമുക്ക് തുറവിയുള്ളവരായിരിക്കാം.

## 64

# എന്നെ വിളിക്കുക, ഞാൻ മറുപടി നല്കും

**ജറെമിയാ 33:3**

*“ഭൂമിയെ സൃഷ്ടിക്കുകയും അതിനെ രൂപപ്പെടുത്തി ഉറപ്പിക്കുകയും ചെയ്ത കർത്താവ് – അവിടുത്തെ നാമം കർത്താവ് എന്നാണ് –*

*അരുളിചെയ്യുന്നു: എന്നെ വിളിക്കുക, ഞാൻ മറുപടി നല്കും. നിന്റെ ബുദ്ധിക്ക് അതീതമായ മഹത്തും നിഗൂഢമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും... അവർക്ക് സമാധാനവും ഭദ്രതയും സമൃദ്ധ മായികൊടുക്കും" (ജറെമിയാ 33:2-9).*

ജറുസലെം നഗരം അന്ന് ബാബിലോൺ സൈന്യങ്ങൾ വളഞ്ഞിരുന്നു. ഒരു പ്രതീക്ഷയും ഇല്ലാത്ത സമയം. ഏതു നിമിഷവും അതിന്റെ മതിൽക്കെട്ടുകൾ തകർന്നുവീഴും. പൗരന്മാരുടെ മുമ്പിൽ നേർക്കുനേർ നില്ക്കുന്നത് കടുത്ത ദുരന്തങ്ങൾ, കവർച്ച, കൂട്ടക്കൊല, അടിമത്വം, നാടുകടത്തൽ. ഈ സംഘർഷ പൂരിതസമയത്ത് ആ ദുരന്തം പ്രവചിച്ച ജറെമിയാ ഉറ്റുനോക്കുന്നത് ദൈവത്തിന്റെ അനുഗ്രഹം നിറഞ്ഞ ഒരു ഭാവിയിലേക്കാണ്. സകല പ്രതീക്ഷകളും അറ്റ് കറുത്തിരുണ്ട നിമിഷങ്ങളിൽ ജറെമിയാക്ക് ലഭിച്ച സന്ദേശമാണിത്: "എന്നെ വിളിക്കുക, ഞാൻ ഉത്തരം നല്കും" ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെയും അനുഭവമാണിത്. ദൈവം ദുരന്തത്തിന്റെ കാരണവും അർത്ഥവും അതിന്റെ ലക്ഷ്യവും പറഞ്ഞുതരും. മാനുഷികമായ എല്ലാ സ്വാഭാവിക ഗ്രഹണശക്തിക്കും ജ്ഞാനത്തിനും, അപ്പുറത്താണ്, ദൈവത്തിന്റെ വെളിച്ചം.

നിത്യജീവിതത്തിൽ ആക്കിതൂക്കി കണ്ടുപിടിക്കാൻ പറ്റാത്ത അജ്ഞാത മാർഗ്ഗത്തിലൂടെ ദൈവം തന്റെ സ്നേഹവും, പദ്ധതികളും, കരുതലും കാവലും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ചു ദുരന്തങ്ങൾ അരങ്ങുതകർത്ത് തിമിർത്താടുമ്പോൾ, വിജ്ഞാനികൾക്കും വിദ്വാന്മാർക്കും, വിദ്യാസമ്പന്നർക്കും മനസ്സിലാക്കാൻ പറ്റാത്ത ആത്മീയ സത്യങ്ങളാണ്, ദൈവം വെളിപ്പെടുത്തുന്നത്. അവിടുന്ന് ഇങ്ങനെ ലിസ്യുവിലെ കൊച്ചുത്രേസ്യാക്കും ഭരണങ്ങാനത്തെ അൽഫോൻസാമ്മക്കും, മറ്റ് നിരവധി ആത്മീയ മക്കൾക്കും വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. സഹനം വിശുദ്ധീകരണത്തിന്റെ ഒരു മാർഗ്ഗമാണെന്നും യേശുവിലേക്ക് അടുക്കാനുള്ള വഴിയാണെന്നും അവർ തിരിച്ചറിഞ്ഞു. സഹനങ്ങളും അപ്രതീക്ഷിതമായ ദൗർഭാഗ്യങ്ങളും അഭിമുകീകരിക്കുമ്പോൾ, പ്രത്യാശയില്ലാതെ വിലപിക്കരുത്. ദൈവത്തെ മുറുകെ പിടിക്കണം.

അവസാനം എന്തു സംഭവിച്ചു? നാടുകടത്തപ്പെട്ട വിപ്രവാസികളെ തിരിച്ചുകൊണ്ടുവന്നു. നശിപ്പിക്കപ്പെട്ട നഗരം പുനരുദ്ധരിക്കപ്പെട്ടു. ഇസ്രായേൽക്കാർ ഈജിപ്തിൽ അടിമകളായിരുന്നപ്പോഴും ന്യായാധിപന്മാരുടെ മുമ്പിൽ നിസ്സാഹായയായി സൂസന്ന എന്ന സ്ത്രീ വധശിക്ഷയുടെ ദുർവിധിയിലേക്ക് നീങ്ങിയപ്പോഴും, വിളിച്ചത് ദൈവത്തെ. അതുപോലെ നമ്മളും വിളിച്ചപേക്ഷിക്കേണ്ടത് ദൈവത്തെയാണ്. ദൈവം മറുപടി തരും. ദൈവത്തിന്റെ ഈ വാഗ്ദാനം അവിടുന്ന് പാലിക്കും. അവിടുത്തെ വാഗ്ദാനത്തിനെയാണ് നാം വിശ്വസിക്കേണ്ടത്.

## 65

# കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല

**വിലാപങ്ങൾ 3:22**

*“എന്നാൽ, ഞാൻ ഒരു കാര്യം ഓർമ്മിക്കുന്നു. അത് എനിക്ക് പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും, അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. കർത്താവാണ് എന്റെ ഓഹരി, അവിടുന്നാണ്, എന്റെ പ്രത്യാശ എന്നു ഞാൻ പറയുന്നു” (വിലാപങ്ങൾ 3:19–26).*

വിലാപങ്ങളുടെ പുസ്തകം, ജറുസലെമിന്റെ നാശത്തിൽ ജനങ്ങളുടെ കരച്ചിലും നിലവിളിയും അതിന്റെ തനിമയിൽ വിവരിക്കുന്നു. അതിന്റെ ചരിത്രമാണ്. വിശുദ്ധനഗരം നശിപ്പിക്കപ്പെട്ട്, നിലംപരിശായിക്കിടക്കുന്നു. ദേവാലയം അഗ്നിക്കിരയായി ചാമ്പലായിക്കിടക്കുന്നു. അതിന്റെ രാജാവിനെ പിടിച്ച് ജയിലിൽ അടച്ചു. അതിലെ നിവാസികളെ അടിമകളായി പിടിച്ചുകൊണ്ടുപോയി. ജറെമിയാ മുഖേന പ്രവചിക്കപ്പെട്ട ദൈവവചനങ്ങൾ, അതിന്റെ എല്ലാ ഭീകരതയോടെ അരങ്ങു തകർത്ത് തിമിർത്താടി. ആദ്യമൊക്കെ, ഈ പുസ്തകം രചിച്ചത് ജറെമിയാ ആണെന്ന്, കരുതപ്പെട്ടിരുന്നു. എന്നാൽ ഈ പുസ്തകം അജ്ഞാതനായ ഏതോ എഴുത്തുകാരൻ രചിച്ചതാണെന്ന്, ഇപ്പോൾ പൊതുവെ കരുതപ്പെടുന്നു. ഇതിൽ ജറുസലെം ഒരു വിധവയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അവൾ തന്റെ നഷ്ടപ്പെട്ട മക്കളെ ഓർത്ത് കരയുന്നു. അവൾക്ക് ആശ്വാസവും, സാന്ത്വനവും കിട്ടുന്നില്ല. എവിടെയും നാശത്തിന്റെയും വിനാശത്തിന്റെയും അവശിഷ്ടങ്ങൾ. ചീഞ്ഞ ശവശരീരങ്ങളുടെ ദുർഗന്ധം നീറിപ്പുകയുന്ന അവശിഷ്ടങ്ങൾ. നാശകൂമ്പാരമായിക്കിടക്കുന്ന ജറുസലെമിന്റെ, ദുരിതങ്ങളുടെ നടുവിൽ, ഇതു പ്രതീക്ഷയുടെ ഒരു തരിവെട്ടം. കർത്താവിന്റെ സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. സത്യത്തിൽ ഓരോ പ്രഭാതത്തിലും, അതു പുതു പുത്തനായി നമുക്ക് കിട്ടുന്നു.

ഇവിടെ സ്നേഹത്തെ പ്രകടിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന വാക്ക്, ഹെസെദ് എന്ന ഹീബ്രു പദമാണ്. അതിന്റെ അർത്ഥം, ഒരിക്കലും നിലയ്ക്കാത്തതും, ഒരിക്കലും പരാജയപ്പെടാത്തതുമായ സ്നേഹം എന്നാണ്. അതായത് ഉടമ്പടിയുടെ വിശ്വസ്തത നിറഞ്ഞ സ്നേഹം – വിശ്വസ്തതയുടെ നിറവിലെ സ്നേഹം. ദൈവം ഒരിക്കലും ജനത്തെ ഉപേക്ഷിക്കുകയില്ല. അവിടുന്ന് അവരെ ശാസിക്കുകയും ശിക്ഷിക്കുകയും വേദനപ്പിക്കുകയും ചെയ്തുവെന്ന് വരാം. പക്ഷേ, ഒരിക്കലും എറിഞ്ഞുകളയുകയില്ല. അവർ അവിശ്വസ്തരായികഴിയുമ്പോഴും, ദൈവം തന്റെ വാഗ്ദാനത്തിൽ ഉറച്ചുനില്ക്കുന്നു. എന്തുകൊണ്ടെന്നാൽ കർത്താവിന് സ്വയം നിഷേധിക്കാൻ കഴിയുകയില്ല. ധൂർത്തപുത്രനോട് ചെയ്തതുപോലെ കർത്താവ് കരുണകാണിക്കാൻ കാത്തിരിക്കുന്നു.

അതുകൊണ്ട് നമ്മൾ ഒരിക്കലും പ്രതീക്ഷവെടിയരുത്. വിശ്വാസത്തിൽ ഉറച്ചുനില്ക്കണം. അവിടുത്തെ കാത്തിരിക്കണം. ദുരന്തങ്ങൾ ആഞ്ഞുവീശുമ്പോൾ ദൈവത്തെ മുറുകെപ്പിടിക്കണം. നമ്മൾ പ്രത്യാശയോടെയും പ്രതീക്ഷയോടെയും കാത്തിരിക്കണം. രാത്രി കടന്നുപോകും. കൊടുങ്കാറ്റ് ശാന്തമാകും. ശാന്തിയും സമാധാനവും പ്രകാശവും തിരിച്ചുവരും. തീയിൽ സ്വർണ്ണം ശുദ്ധീകരിക്കുന്നതുപോലെ, ദൈവം ഒരുപക്ഷേ, നമ്മളെയും ശുദ്ധീകരിക്കുകയാവും, ദുരന്തയാമങ്ങളിൽ എന്നെയും ശുദ്ധീകരിക്കുകയാവും ഇത്തരം പ്രതിസന്ധികളിലും പ്രശ്നങ്ങളിലും. അതുകൊണ്ട് സമാധാനത്തോടെ കർത്താവിനെ കാത്തിരിക്കുക.

## 66

# അവർ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും

**മത്തായി 1:21**

*"കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു. ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു*

*എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും" (മത്തായി 1:18-21).*

ഇസ്രയേൽ ജനത്തിന്റെ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷയുടെയും പ്രത്യാശയുടെയും അടിസ്ഥാനം ദൈവത്തിന്റെ വാഗ്ദാനങ്ങളും പ്രവചനങ്ങളുമാണ്. മോശയെപ്പോലുള്ള ഒരു വിമോചനകനെയോ, ദാവീദിനെപ്പോലെയുള്ള ഒരു രക്ഷകനെയോ ആണ്, അന്ന് ജനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നത്. ഈജിപ്തിൽനിന്നുള്ള വിമോചനം ഒരു രാഷ്ട്രീയ വിജയമായിരുന്നു. ഫിലിസ്റ്റീൻ ജനങ്ങളിൽ നിന്നും ഇസ്രായേൽക്കാർ രക്ഷപ്പെട്ടു. അവരെ പരാജയപ്പെടുത്തി നേടിയ ഒരു രക്ഷ. ഇതുപോലെ ഒരു രാഷ്ട്രീയമായ ദിശയിലേക്ക് നയിക്കുന്ന വിമോചകനെയാണ് ഇസ്രായേൽക്കാർ പ്രതീക്ഷിച്ചിരുന്നത്. അങ്ങനെ അവസാനം റോമാക്കാരിൽനിന്നും ആ വിമോചകൻ അവരെ രക്ഷിക്കുമെന്ന് അവർ കരുതിയിരുന്നു.

ദൈവം തന്റെ പ്രത്യേക ദൂതൻ വഴിയാണ്, ഈ സന്ദേശം വി. യൗസേപ്പിന് എത്തിച്ചുകൊടുത്തത്. പരിശുദ്ധാരൂപിയാൽ ജന്മമെടുക്കുന്നതും, ഒരു കന്യക ഗർഭം ധരിച്ചു പ്രസവിക്കുന്നതുമായ ഒരു വിമോചകനെക്കുറിച്ചാണ് ആ സന്ദേശം. "ഒരു യുവതി ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും", എന്ന് ഏശയ്യാ പറയുന്നുണ്ട് (7:14). ആ വിമോചകന്റെ പേര് യേശു (ഗ്രീക്കുഭാഷയിൽ യേശു; ഹീബ്രുവിൽ യാഹ്വേഷുവാ-യബോഷുവാം-ജോഷ്വാ-യേഷ്വാ). പുറപ്പാടിൽ ഉടനീളെ ഇസ്രായേൽക്കാർ അനുഭവിച്ചത് യാഹ്വേയുടെ രക്ഷാകര അനുഭവം. അത് അവസാനിച്ചത്, വാഗ്ദാനഭൂമിയുടെ മേലുള്ള ആധിപത്യത്തിൽ, കീഴടക്കലിൽ. ജോഷ്വാ രക്ഷകന്റെ ആദിരൂപമാണ് - വാഗ്ദാനഭൂമിയിലേക്ക് ജനങ്ങളെ നയിച്ച നായകനാണ് ജോഷ്വാ.

നമുക്ക് എല്ലാവർക്കും വേണ്ടത് ഒരു രക്ഷകനെയാണ് - പാപത്തിൽ നിന്നും, പാപത്തിന്റെ ദുരന്തഫലങ്ങളിൽനിന്നും വിമോചിപ്പിക്കാൻ പ്രാപ്തനായ ഒരു വിമോചകനെയാണ്, നാം അന്വേഷിക്കുന്നത്. ബലപ്രയോഗം, മർദ്ദനം, ചൂഷണം, മരണം ഇവയെല്ലാം പാപത്തിന്റെ അനന്തരഫലങ്ങളാണ്. ഇവയിൽ നിന്നെല്ലാമുള്ള രക്ഷയാണ് നാം ഉറ്റുനോക്കുന്നത്. ആ രക്ഷകനിൽ വിശ്വസിക്കുക. അദ്ദേഹത്തെ സ്വീകരിക്കുകയും കർത്താവായി അംഗീകരിക്കുകയും ചെയ്യുക "ആകയാൽ യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും" (റോമാ 10:9). അവിടുത്തെ പേരാണ്, നാം വിളിച്ചപേക്ഷിക്കുന്നത്. ആ പേര് വിളിച്ചു പ്രാർത്ഥിക്കുക. എന്തു

കൊണ്ടെന്നാൽ നമ്മുടെ രക്ഷക്ക് മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല: "ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അപ്പോസ്താല പ്രവർത്തനങ്ങൾ 4:12).

## 67

# അവൻ അഗ്നിയാൽ നിങ്ങളെ സ്നാനപ്പെടുത്തും

**മത്തായി 3:11**

*"മാനസാന്തരത്തിനായി ഞാൻ ജലംകൊണ്ട് നിങ്ങളെ സ്നാനപ്പെടുത്തി. എന്റെ പിന്നാലെ വരുന്നവർ എന്നെക്കാൾ ശക്തൻ... അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും" (മത്തായി 3:11).*

വി. സ്നാപകയോഹന്നാൻ, സ്നാനം സ്വീകരിക്കാൻ തന്റെയടുത്തു വന്നവരോട് ഈ സന്ദേശം അറിയിച്ചിരുന്നു. സ്നാപകൻ ആഹ്വാനം ചെയ്തത് ഹൃദയത്തിനും ജീവിതത്തിനും ഒരു പരിവർത്തനം ഉണ്ടാകാനാണ്. വരാനിരിക്കുന്നവനെ സ്വീകരിക്കാനാണ്, ഈ സമൂല പരിവർത്തനം. ജലംകൊണ്ടുള്ള മാമ്മോദീസാ ജലംകൊണ്ട് കഴുകി ശുദ്ധീകരിക്കുന്നതിന്റെ അടയാളമാണ്. ഒരു പുതിയ സമൂഹത്തിലേക്കുള്ള പ്രവേശന ചടങ്ങാണ് അത്. അവരുടെ പാപങ്ങളിൽനിന്ന് വിശുദ്ധീകരിക്കുന്ന കർമ്മവിധിയല്ല. അതു ജനങ്ങളെ പാപമോചനത്തിന് ഒരുക്കാനുള്ളതായിരുന്നു. അതുപോലെ വരാനിരിക്കുന്നവനെ സ്വീകരിക്കാനും ഒരുക്കി.

പരിശുദ്ധാരൂപിയാലുള്ള മാമ്മോദീസാ, ഒരു പുതുജന്മത്തിനുവേണ്ടിയാണ്. അതിന്റെ വാഗ്ദാനം ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. "സത്യം സത്യമായി", യേശു പറയുന്നു: "പരിശുദ്ധാരൂപിയാലും ജലത്താലും". പരിശുദ്ധാരൂപിയാലുള്ള സ്നാപനത്തിന്റെ വാഗ്ദാനം യേശു പല സ്ഥലത്തും ആവർത്തിച്ചിട്ടുണ്ട്. ലൂക്കാ 11, 13-ൽ പറയുന്നു സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക്, എത്രയധികമായി, പരിശുദ്ധാത്മാവിനെ നല്കുകയില്ല? ലൂക്കാ 24-49 ൽ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ അയക്കുന്നു എന്ന് യേശു ശിഷ്യരോടു പറയുന്നു. അതുപോലെ അപ്പസ്തോല പ്രവർത്തനങ്ങളിൽ പരിശുദ്ധാ

രൂപിയുടെ ആഗമനത്തെക്കുറിച്ചു പറയുന്നു (1-8). അതായത് പന്തക്കുസ്താദിനത്തിൽ അന്ന് വിശുദ്ധീകരിക്കുന്ന തീനാക്കുകൾ ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിവന്നപ്പോൾ ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടു. നമുക്ക് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. അവിടുത്തെ നിമന്ത്രണങ്ങൾ ഹൃദയത്തിൽ ശ്രവിക്കാം. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം. പുതുജന്മം പ്രാപിക്കുന്നില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല (യോഹന്നാൻ 3:5). ജലത്താലും പരിശുദ്ധാരൂപിയാലുമുള്ള ജനനം മുകളിൽനിന്നുള്ള പുനർജന്മമാണ്. നമ്മൾ വീണ്ടും മുകളിൽനിന്ന് ജനിക്കണമെന്നാണ്, ഇതിന്റെ അർത്ഥം. രക്ഷകനിൽ നിറഞ്ഞുനില്ക്കുന്ന പരിശുദ്ധാരൂപിയാലാണ്, നാം വീണ്ടും ജനിക്കുന്നത്. ആ പരിശുദ്ധാരൂപികൊണ്ട് വരുന്നത് വിധിയുടെ അഗ്നിനാളങ്ങളും, വിശുദ്ധീകരണവും ശിക്ഷാവിധിയുമാണ്. ഈ അഗ്നിയുടെ മാമ്മോദീസാ അശുദ്ധമായതിനെ നശിപ്പിച്ചുകളയുന്നു. അഗ്നി സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നതുപോലെ: “അല്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾ വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തെക്കാൾ, വിലയേറിയതായിരിക്കും. പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അതു യേശു ക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും” (1 പത്രോസ് 1:6).

## 68

# ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും

**മത്തായി 4:19**

*“അവൻ ഗലീലിക്കടൽത്തീരത്തു നടക്കുമ്പോൾ കടലിൽ വല വീശിക്കൊണ്ടിരുന്ന രണ്ടു സഹോദരന്മാരെ കണ്ടു. പത്രോസ് എന്നു വിളിക്കപ്പെടുന്ന ശിമയോനെയും, സഹോദരൻ അന്ത്രയോസിനെയും അവർ മീൻപിടുത്തക്കാരായിരുന്നു. അവൻ അവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും.*

*തൽക്ഷണം അവർ വലകളുപേക്ഷിച്ച് അവനെ അനുഗമിച്ചു. മുന്നോട്ടു നീങ്ങിയപ്പോൾ, വേറെ രണ്ടു സഹോദരന്മാരെ കണ്ടു – യാക്കോബും സഹോദരൻ യോഹന്നാനും – അവരെയും അവൻ വിളിച്ചു. തത്ക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച് പിതാവിനെയുംവിട്ട്, അവനെ അനുഗമിച്ചു" (മത്തായി 4:18–22).*

കർത്താവ് ശിഷ്യന്മാരെ വിളിക്കുന്ന ചരിത്രം നാലു സുവിശേഷ ങ്ങളിലും അല്പസ്വല്പം വ്യത്യാസത്തോടെ, രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായിയും മർക്കോസും എഴുതിവച്ചിരിക്കുന്നത്, ഏകദേശം ഒരു പോലെയാണ്. എന്നാൽ യോഹന്നാന്റെ പാഠം വ്യത്യസ്തമാണ്. അതിൽ ശിഷ്യന്മാർ ആദ്യമേ, ഗുരുവിനെ തേടിപ്പോകുന്നതായി വിവരിക്കുന്നുണ്ട്. ഒരു അത്ഭുതകരമായ മീൻപിടുത്തത്തിന് ശേഷമാണ്, യേശുശിഷ്യ ന്മാരെ വിളിക്കുന്നതെന്ന്, ലൂക്കാ വിവരിക്കുന്നു.

യേശു വ്യക്തിപരമായി ശിഷ്യന്മാരെ കണ്ടുമുട്ടുന്നത് അവരുടെ പണിസ്ഥലത്താണ്. അവർ ജോലിയോടു കൂറുള്ളവരായിരുന്നു. അവ രുടെ മുമ്പിൽ യേശു തുറന്നിടുന്നത് ഒരു പുതിയ ചക്രവാളമാണ് – ദൈവരാജ്യത്തിന്റെ ഉദയം. ആ വിളി ഒരു വെല്ലുവിളിയായിരുന്നു. ഒരു പുതിയ രാജ്യത്തിന്റെ പ്രതിനിധികളും ഏജന്റുമാരുമാകേണ്ട ഒരു വിളി യാണ് അവർക്ക് കിട്ടിയത്. യേശുവിനോടൊപ്പം ലോകത്തിലേക്ക് കടന്നു വന്ന ഒരു പുതിയ അസ്തിത്വമാണ്, ദൈവരാജ്യം. വിദൂരചക്രവാളത്തിൽ അത് ഉദിച്ചു തുടങ്ങിയപ്പോഴാണ്, യേശുവിന്റെ കനമുള്ള വിളിയുടെ ശബ്ദം മുഴങ്ങുന്നത്: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പശ്ചാത്ത പിക്കുക, ആ രാജ്യത്തിൽ വിശ്വസിക്കുക" ദൈവരാജ്യം കെട്ടിപ്പടുക്കു ന്നതിൽ പങ്കാളികളാകുന്നവർ. ഇവിടെ പ്രാധാന്യം കൊടുക്കുന്നത് രണ്ടു ക്രിയകൾക്കാണ്. അവർ എല്ലാം 'ഉപേക്ഷിച്ചു' അതിനുശേഷം അവർ യേശുവിനെ 'അനുഗമിച്ചു' യേശു അവരെ ഏത് അറ്റംവരെ, എങ്ങനെ എന്തിന് കൊണ്ടുപോകുമെന്ന് അവർക്ക് ഒരു ഊഹവും കിട്ടിയിരുന്നില്ല. അവർ പരിപൂർണ്ണമായി യേശുവിനെ വിശ്വസിച്ച്, യേശുവിന്റെ പിന്നാലെ ഇറങ്ങിപുറപ്പെട്ടു.

യേശു ഇന്നും ദൈവരാജ്യത്തിനുവേണ്ടി മനുഷ്യരെ പിടിക്കാൻ നമ്മളെ വിളിക്കുന്നു. ലോകത്തിൽ ദൈവത്തിന്റെ ഭരണത്തിന്റെ നിറ സാന്നിധ്യം പ്രഖ്യാപിക്കാൻ നമ്മൾ വിളിക്കപ്പെട്ടവരാണ്. അതുപോലെ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ അനുസരിച്ച് ജീവിക്കാനുമാണ്, യേശുവിന്റെ വിളി. നമ്മുടെ ജീവിതത്തിലും പ്രവൃത്തിയിലും സംഭാ ഷണത്തിലും വാക്കിലും ആ മൂല്യമാണ് നാം പ്രഘോഷിക്കേണ്ടത്. ആ വിളിക്ക് ഒത്തിരി ഒരുങ്ങണം. അതിന് അപകടങ്ങളും വെല്ലുവിളികളും

ഉണ്ട്. പക്ഷേ, എന്തു തന്നെ നേരിടേണ്ടി വന്നാലും ഈ വിളിക്ക് ഒരു മഹത്വമുണ്ട്, മൂല്യമുണ്ട്. ഇപ്പോൾ ഓരോ പ്രഭാതത്തിലും, ഹൃദയത്തിൽ ആനന്ദവും പ്രതീക്ഷയുമായി, ഒരു പുതിയ യാത്ര തുടങ്ങാൻ, നമുക്ക് വിളി കിട്ടുന്നു. യേശുവിന്റെ പങ്കാളികളും കൂട്ടാളികളുമാകാനാണ്, അതി വിശിഷ്ടമായ ഈ വിളി.

## 69

# നിങ്ങൾ ദൈവത്തെക്കാണും

**മത്തായി 5:8**

*"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവ രുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും. നീതിക്കു വേണ്ടി വിശക്കുകയും ദാഹിക്കകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. അവർക്ക് സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെകാണും" (മത്തായി 5:1–11).*

യേശുവിന്റെ മലയിലെ പ്രസംഗത്തിന്റെ മുഖവുരയായി സൗഭാഗ്യ ങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. സുവിശേഷങ്ങൾ ചുരുക്കി ഒതുക്കുന്ന ഒരു ചെപ്പാണിത്. "ഭാഗ്യവാന്മാർ" എന്ന പ്രഘോഷണം (Horkarioi) അർത്ഥ മാക്കുന്നത്. "നിങ്ങൾ എത്രയോ ആനന്ദമുള്ളവർ" എന്നാണ് ഇവിടെ ദൈവം കൊടുക്കുന്ന അനുഗ്രഹങ്ങളും അതു സ്വീകരിക്കാൻ മനുഷ്യ നുവേണ്ട മനോഭാവവും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ആറാമത്തെ സൗഭാഗ്യത്തിൽ നമുക്ക് വ്യക്തമായി പറഞ്ഞുതരു ന്നത്: "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെക്കാണും" ദൈവത്തെക്കാണുക, എന്ന് കേൾക്കുമ്പോൾ, അതിൽനിന്ന് ഭയ ത്തിന്റെയും പരമാനന്ദത്തിന്റെയും പ്രതികരണങ്ങൾ ഉരുത്തിരിയുന്നു, ഉതിരുന്നു. ഒരു വശത്ത് ദൈവത്തെ കാണാൻ മനുഷ്യൻ ഭയപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തെ കണ്ടാൽപിന്നെ മനുഷ്യർ ജീവിക്കു കയില്ലെന്ന് എഴുതപ്പെട്ടിരിക്കുന്നു. ദൈവത്തെക്കാണാനുള്ള മനുഷ്യന്റെ ഭയം താഴെക്കൊടുത്തിരിക്കുന്ന വചനങ്ങളിൽ നമുക്ക് കാണാം:– "മോശ മുഖം മറച്ചു. ദൈവത്തെ കാണാൻ അവനു ഭയമായിരുന്നു" (പുറപ്പാട്

3:6). “മനോവ ഭാര്യയോടു പറഞ്ഞു: ദൈവത്തെ കണ്ടതുകൊണ്ട് നാം തീർച്ചയായും മരിക്കും” (ന്യായാധിപർ 13:22). “എനിക്ക് ദുരിതം! ഞാൻ നശിച്ചു... എന്തെന്നാൽ സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എന്റെ നയനങ്ങൾ ദർശിച്ചിരിക്കുന്നു” (ഏശയ്യാ 6:5). ഏശയ്യായെ ദൈവം വിളിക്കുമ്പോഴാണ് ഈ വിഷമം.

മറുവശത്ത് ജനങ്ങൾ ദൈവത്തിന്റെ മുഖം കാണാൻ ആകാംക്ഷയോടെ ആഗ്രഹിച്ചിരുന്നു. മനുഷ്യന്റെ ആത്യന്തികമായ ആഗ്രഹവും ദാഹവും അതിനുവേണ്ടിയാണ്. മോശ ദൈവത്തോടു പറഞ്ഞു. “അങ്ങയുടെ മഹത്വം എനിക്ക് കാണിച്ചുതരണമെന്ന്, ഞാൻ അപേക്ഷിക്കുന്നു” “എന്റെ മഹത്വം നിന്റെ മുമ്പിലൂടെ കടന്നുപോകും... നീ എന്റെ മുഖം കണ്ടുകൂടാ, എന്തെന്നാൽ, എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടെ ഇരിക്കുകയില്ല”. മോശക്ക് ദൈവത്തിന്റെ മറുപടി. നിരാശനായ ഏലിയാ 40 ദിവസങ്ങൾ തുടർച്ചയായി ഹൊറബ് മലയിലേക്ക് പാലായനം ചെയ്യുകയായിരുന്നു. അവസാനം അദ്ദേഹം ദൈവത്തിന്റെ മുമ്പിൽ എത്തിനിന്നു. മനുഷ്യന്റെ എല്ലാ ആഗ്രഹത്തിന്റെയും അഭിലാഷങ്ങളുടെയും ആത്യന്തികലക്ഷ്യം ദൈവത്തിന്റെ മുഖദർശനമാണ്. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും അതു തന്നെയാണ്. “പ്രിയപ്പെട്ടവരെ നാം ദൈവത്തിന്റെ മക്കളാണ്... നാം എന്തായിത്തീരുമെന്ന് ഇതുവരെ വെളിവാക്കപ്പെട്ടിട്ടില്ല... അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെകാണും” (യോഹന്നാൻ 3:27).

ദൈവത്തെ കാണാനുള്ള ഒരേ ഒരു വ്യവസ്ഥ ഹൃദയശുദ്ധിയാണ്. കറയില്ലാത്ത ഹൃദയമുള്ളവർ ചതിവും വഞ്ചനയുമില്ലാത്തവർ വക്രതയും ഭീരുത്വവും ഇല്ലാത്തവർ ദൈവത്തെക്കാണും. അവരാണ് വിനീതവും എളിമയുള്ളതുമായ ഹൃദയമുള്ളവർ. അവർ നിയമത്തെ അനുസരിക്കുന്നവരും സ്നേഹമുള്ളവരുമാണ്. നമ്മുടെ ഹൃദയം ശിശുക്കളുടെ ഹൃദയം പോലെയായിരിക്കണം. ദൈവം ശിശുക്കൾക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. കർത്താവു പ്രഘോഷിക്കുന്നു. “സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ, ബുദ്ധിമാന്മാരിൽ നിന്നും വിവേകികളിലും നിന്ന് മറച്ച്, ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ, ഞാൻ നിന്നെ സ്തുതിക്കുന്നു” (മത്തായി 11:25).

ഹൃദയശുദ്ധിയുള്ള ഒരു ഹൃദയം ഉണ്ടാകാൻ, ഹൃദയത്തിൽ, വിശ്വാസവും, സ്നേഹവും എളിമയും നിറയണം. അങ്ങനെയെങ്കിൽ, ദൈവത്തിന്റെ മുഖം എവിടെയും നമുക്ക് കാണാൻ കഴിയും. മരണത്തിനുമുമ്പ് തന്നെ ആ മുഖം നമ്മൾ കാണും. ദൈവത്തിന്റെ മുഖം ഓരോ

മനുഷ്യജീവിയിലും പ്രതിഫലിക്കുന്നു. പ്രത്യേകിച്ച്, ഇല്ലായ്മയുടെയും ദാരിദ്ര്യത്തിന്റെയും നടുവിൽ നട്ടം തിരിയുന്നവരിൽ. "ഞാൻ വിശക്കുന്നവനായി വന്നു. നീ എനിക്ക് ഭക്ഷണം തന്നു" ഇതു പറഞ്ഞത് കർത്താവ് തന്നെയാണ് (മത്തായി 25:35).

നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കാനും ഹൃദയത്തിന്റെ കണ്ണുകൾ തുറക്കാനും നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം. കർത്താവ് നമ്മുടെ സമീപത്ത് വരുമ്പോൾ അവിടുത്തെ കാണാൻ നമ്മുടെ കണ്ണുകൾ അവിടുന്നു തുറക്കട്ടെ. നമുക്ക് കർത്താവിനെ കാണാൻ, ഒരു പുതിയ കാഴ്ചപ്പാടും പുതിയ വീക്ഷണവും ലഭിക്കാൻ വേണ്ടിയും പ്രാർത്ഥിക്കാം. അങ്ങനെ അവിടുത്തെ നന്മയും സമാധാനവും ശാന്തിയും നമ്മിൽ നിറയട്ടെ. കണ്ണാടിയിലും നിശ്ചലജലത്തിലും പ്രതിഫലിക്കുന്നതുപോലെ ഹൃദയ ശുദ്ധിയുള്ളവരിൽ ദൈവത്തിന്റെ മുഖമാണ് പ്രതിഫലിക്കുന്നത്.

## 70

# നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും

**മത്തായി 5:45**

*"അയല്ക്കാരനെ സ്നേഹിക്കുക. ശത്രുവിനെ ദ്വേഷിക്കുക എന്ന് പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. അവിടുന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു" (മത്തായി 5: 38–48).*

യേശുവിനോടൊപ്പം ദൈവരാജ്യം ഒരു യഥാർത്ഥ്യമായിത്തീർന്നു. ദൈവരാജ്യത്തിന്റെ സാന്നിധ്യത്തിന്റെ വെളിച്ചത്തിൽ യേശു അവതരിപ്പിക്കുന്നത്, ഒരു പുതിയ ധാർമ്മികതയാണ്. പഴയനിയമത്തിൽ,

തന്നെപ്പോലെ തന്നെ അയല്ക്കാരനെയും സ്നേഹിക്കണം, എന്ന് അനുശാസിക്കുന്നുണ്ട് (ലേവിയർ 19:18). എന്നാൽ, അയല്ക്കാരൻ ആരെന്ന്, ജനം നിർവചിച്ചിരുന്നത്, രാജ്യവും മതവും നോക്കിയാണ്. യൂതന്റെ അയൽക്കാരൻ യൂതൻ തന്നെ. ഒരു പക്ഷേ, അവൻ ആയിരം കിലോമീറ്റർ അകലെയായിരിക്കും. തൊട്ടടുത്തു താമസിക്കുന്ന അന്യമത ക്കാരൻ അയല്ക്കാരനല്ലപോലും അവൻ സ്നേഹത്തിന്റെയും സഹായ ത്തിന്റെയും പരിധിക്ക് പുറത്താണ്.

ഖുമറാനിലെ നിയമാവലിയനുസരിച്ച് ഒരാൾ സ്നേഹിക്കേണ്ടത് പ്രകാശത്തിന്റെ മക്കളെമാത്രം. അന്ധകാരത്തിന്റെ മക്കളെ അവൻ വെറു ക്കണം. കണ്ണിനു പകരം കണ്ണാണ് പഴയനിയമം (പുറ: 21:24). ആ നിയമം സുവിശേഷത്തിൽ പഴകിതേഞ്ഞതായി തള്ളപ്പെട്ടു. ദൈവരാജ്യത്തിന്റെ സാന്നിധ്യം അതിനെ മറികടന്ന്, അതിനപ്പുറത്തേക്ക് പോകുന്നു. പഴയ നിയമത്തിൽ ലക്ഷ്യം വച്ചിരുന്നത് ബലപ്രയോഗങ്ങളെ ഒതുക്കാനും, സുരക്ഷിതത്വം ഏവർക്കും ഉറപ്പാക്കാനുമാണ്. ബലപ്രയോഗത്തിന്റെ ഭീഷണിയെ ഒഴിവാക്കി നിർത്താനും നിയമം ഉപയോഗപ്പെടുത്തിയിരുന്നു. യേശു മുന്നോട്ടു വയ്ക്കുന്നത് സമ്പൂർണ്ണമായി വേറിട്ട ഒരു കാഴ്ചപ്പാ ടാണ്.

ദൈവം പിതാവാണ്. ആ പിതൃത്വത്തിന്റെ പ്രകൃതിയാൽ ദൈവം എല്ലാ മക്കളെയും സ്നേഹിക്കുന്നു. അതുപോലെ സ്രഷ്ടാവെന്ന നില യിൽ, എല്ലാ സൃഷ്ടികൾക്കും ആവശ്യമുള്ളത് എന്തും കൊടുക്കുന്നു. ദൈവത്തിന്റെ ഈ സ്വാഭാവിക പ്രകൃതിയുടെ അടിസ്ഥാനത്തിലാണ് യേശുവിന്റെ നിയമങ്ങൾ അടിയുറപ്പിച്ചിരിക്കുന്നത്. നിങ്ങൾ ദൈവ മക്കളായതുകൊണ്ട് നിങ്ങളുടെ പിതാവിനെ അനുകരിക്കണം. അങ്ങനെ യാണെന്ന്, ജീവിതത്തിൽ കാണിക്കണം. ദൈവാരൂപിയുടെ സ്നേഹ ത്തിന്റെയും മനോഭാവത്തിന്റെയും നിമന്ത്രണങ്ങൾ അനുസരിച്ചുവേണം നിങ്ങൾ തീരുമാനങ്ങൾ എടുക്കാൻ. നമ്മൾ പോകേണ്ടത് നിയമത്തിന്റെ പരിധികൾക്കപ്പുറത്തേക്കാണ്. ഒരു കിലോമീറ്റർ കൂട്ടത്തിൽ യാത്ര ചെയ്യാൻ ആവശ്യപ്പെട്ടാൽ, അതിന്റെ അപ്പുറത്തേക്ക് നീളണം നമ്മുടെ സഹയാത്രയും സഹായവും. നിങ്ങൾ ശത്രുക്കളെ സ്നേഹിക്കണം. അതാണ് യേശുവിന്റെ നിയമം. ഈ സന്ദർഭത്തിൽ സ്നേഹത്തെ സൂചി പ്പിക്കുന്ന പദം (Hagapao-agape) സൂചിപ്പിക്കുന്നത് നിസ്വാർത്ഥമായ ദൈവിക സ്നേഹമാണ്. പ്രകൃത്യായുള്ള സ്വാഭാവികസ്നേഹത്തിൽ (Philimen-Philia) നിന്ന് അതു വ്യത്യസ്തമാണ്. പിതാവായ ദൈവ ത്തിന്റെ മാതൃകയനുസരിച്ചുള്ള ഒരു സ്നേഹമാണ്, യേശു നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

"നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് പരിപൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്താണിതിന്റെ അർത്ഥം? ലൂക്കായുടെ വ്യാഖ്യാനത്തിൽ അതിന്റെ അർത്ഥം കരുണയുള്ളവരായിരക്കണമെന്നാണ്. കരുണയും അനുകമ്പയും കാണിക്കുകയെന്നത് പരിപൂർണ്ണതയാണ്. പിതാവിന്റെ കരുണയും അനുകമ്പയും പ്രകൃതിയിൽ എവിടെയും പ്രകാശിച്ചുനില്ക്കുന്നു. മഴപെയ്യുന്നത് യാതൊരു വിവേചനയും ഇല്ലാതെ എല്ലാവർക്കും വേണ്ടിയാണ്. ദൈവം സ്നേഹമാണ്, സ്നേഹം തന്നെയാണ്. അവിടുന്ന് ആരെയും വെറുക്കുന്നില്ല. അതുപോലെ ദൈവമക്കൾ എല്ലാവരെയും സ്നേഹിക്കണം. നമുക്ക് കിട്ടാവുന്ന ഏറ്റം വലിയ ബഹുമാനം, നമ്മൾ ദൈവമക്കളാകുന്നതാണ്.

ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കണം എന്നു പറയുമ്പോൾ, എന്താണ് അർത്ഥമാക്കുന്നത്? നമ്മൾ സ്നേഹിക്കുന്നവരിൽ നിന്ന് തിരിച്ചുകിട്ടുന്ന പ്രതിഫലവും പ്രതികരണവും എന്തുതന്നെയായാലും, നമ്മൾ തുടർന്ന് സ്നേഹിക്കണം. ഒരു ഉപദ്രവവും ഉണ്ടാകാൻ ആഗ്രഹിക്കരുത്. മനുഷ്യന്റെ ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്കും, മുകളിലാണിത്. നിങ്ങളുടെ ചെയ്തികൾ എന്തുതന്നെയായാലും നിങ്ങളെ സ്നേഹിക്കും. ഇതാണ് ദൈവത്തിന്റെ സ്നേഹം. ഒന്നും തിരിച്ചു പ്രതീക്ഷിക്കുന്നുമില്ല. മറ്റുള്ളവർക്ക് നന്മമാത്രം ആഗ്രഹിക്കുക. ഈ ദൈവിക ഗുണവിശേഷം, മനുഷ്യന്റെ പ്രവണതകൾക്ക് മുകളിൽ നില്ക്കുന്നു. കർത്താവ് തന്റെ ശിഷ്യന്മാരിൽനിന്ന് ആവശ്യപ്പെടുന്നത് ക്രിസ്തുവിന്റെ ശിഷ്യത്വത്തിന് നാം കൊടുക്കേണ്ട ഈ വിലയാണ്.

## 71

# മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും

**മത്തായി 6:33**

*"എന്തു ഭക്ഷിക്കും, എന്ത് പാനം ചെയ്യും എന്ന് ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ, നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട... ആകാശത്തിലെ പക്ഷികളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നില്ല. എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു... നിങ്ങളുടെ*

*സ്വർഗ്ഗസ്ഥനായ പിതാവ്, നിങ്ങൾക്കിവയെല്ലാമാവശ്യമാണെന്ന്, അറിയുന്നു. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്തായി 6:25-39).*

അത്ഭുതകരമായ പുതിയ കണ്ടുപിടുത്തങ്ങളാണ്, ലോകത്തിൽ എന്നും നടക്കുന്നത്. അതുപോലെ സകല മേഖലകളിലും എന്നും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതൊക്കെയാണെങ്കിലും മനുഷ്യർ ഇന്നും അങ്കലാപ്പിലാണ്, ഉത്കണ്ഠയിലുമാണ്. അതു വ്യക്തികളിലും സമൂഹങ്ങളിലും ലോകം മുഴുവനിലും ഒരു പകർച്ചവ്യാധിപോലെ പടർന്നു പിടിച്ചിരിക്കുന്നു.

കർത്താവ് ഇവിടെ പഠിപ്പിക്കുന്നത്, മനുഷ്യന്റെ ഏറ്റം അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ പ്രശ്നങ്ങളെക്കുറിച്ചാണ്:- എങ്ങനെ ജീവിക്കും? നമ്മുടെ ജീവിതത്തെക്കുറിച്ചും, ഭാവിയെക്കുറിച്ചും, ആരോഗ്യത്തെക്കുറിച്ചും, വസ്ത്രത്തെക്കുറിച്ചും, പാർപ്പിടത്തെക്കുറിച്ചും എപ്പോഴും മനുഷ്യർ ഉത്കണ്ഠാകുലരാണ്. ഉത്കണ്ഠകളും ആകുലതകളും ആരോഗ്യത്തെ നശിപ്പിക്കുന്നു. ആനന്ദം അന്യമാക്കിതീർക്കുന്നു. ഹൃദയം ഭയപൂരിതമാക്കുന്നു. ആകെ, മനുഷ്യർക്ക് ഭാവിയെക്കുറിച്ച് ഉത്കണ്ഠ ഉറഞ്ഞുകൂടുന്നു.

ഉത്കണ്ഠയുടെ നാരായവേര് ഭയമാണ്. ദൈവത്തിൽ വിശ്വാസമില്ലാത്തതിന്റെ ഒരടയാളമാണിത്. ദൈവത്തിന്റെ ശക്തിയിലും നന്മയിലും ശരണം വച്ച് ശിശു സഹജമായ വിധം സ്വയം വിട്ടുകൊടുക്കുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുകയാണ്, ഭയത്തിനു വേണ്ട മരുന്ന്. എന്നാൽ ആരാണ് നമ്മുടെ ദൈവം? നമ്മുടെ ഉള്ളിൽ വരച്ചിരിക്കുന്ന ദൈവത്തിന്റെ ചിത്രം എങ്ങനെയാണ്? ഒരു ന്യായാധിപന്റെയോ പ്രതികാരദാഹിയുടെയോ ചിത്രമാണോ അത്? അതോ, നമ്മുടെമേല് കരുതലും കാവലുമുള്ള സർവ്വശക്തനും സ്നേഹസമ്പന്നനുമായ പിതാവിന്റെ ചിത്രമാണോ? നമുക്ക് എന്തു ചെയ്യാൻ കഴിയും? അതിനു മറുപടി കർത്താവിന്റെ ഉപദേശമാണ്: ദൈവരാജ്യം അന്വേഷിക്കുക, നമ്മുടെ പ്ലാനും, പദ്ധതിയും, സ്വപ്നങ്ങളും, ഉത്കണ്ഠകളും ഭയവുമെല്ലാം വിശ്വാസപൂർവ്വം ദൈവത്തിന് വിട്ടുകൊടുക്കുക, സമർപ്പിക്കുക. ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ സ്വീകരിക്കുക, ദൈവത്തിന്റെ വിശ്വസ്നേഹത്തെയും, ശക്തിയെയും അംഗീകരിക്കുക. സ്നേഹത്തിന്റെ കല്പനകൾ അനുസരിക്കുക. അവയാണ്, സ്നേഹം, സ്വാതന്ത്ര്യം, തുല്യത, വിശ്വസാഹോദര്യം. ആന്തരിക ജീവിതപരിവർത്തനത്തിന് ഉതകുന്ന ഒരു വിശ്വാസം കണ്ടെത്താൻ നാം ശ്രമിക്കേണ്ടതാണ്.

കർത്താവ്, ഊന്നൽ കൊടുത്ത് ഉറപ്പിച്ചു പറയുന്നു: നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അറിയുന്നു. "എല്ലാ സൃഷ്ടികൾക്കും കരുതലും കാവലും കൊടുക്കുന്ന ഒരു നല്ല പിതാവാണ് ദൈവം. യേശു പ്രകൃതിയിൽ നിന്നാണ്, ഇതിന് ഉദാഹരണങ്ങൾ ഉയർത്തിക്കാണിക്കുന്നത്. പക്ഷികളെയും പൂക്കളെയും കാണിച്ചുകൊണ്ട്, മനുഷ്യന്റെ ഉത്കണ്ഠയുടെയും ആകുലതയുടെയും അർത്ഥശൂന്യത വ്യക്തമാക്കുന്നു. അടിസ്ഥാനപരമായി ആവശ്യമുള്ളത് ദൈവത്തിൽ ഉള്ള വിശ്വാസമാണ്– ദൈവപരിപാലനയിൽ ഉള്ള ഉറച്ചവിശ്വാസം. നമുക്ക് എന്തു വേണമെന്ന് ദൈവത്തിന് അറിയാം. അവിടുന്ന്, അതു തരും. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന്, ദൈവഭക്തി ഒരു വലിയ നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്ക് സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം" (1 തിമോത്തി 6:6–8). "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത നീതിയും സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമാ 14:17).

"ദൈവരാജ്യം അന്വേഷിക്കുക എന്നാൽ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ അനുസരിച്ച് ജീവിക്കുകയാണ്. ഈ ലോകം നമ്മുടെ സ്ഥിരമായ താമസസ്ഥലമല്ല. നമ്മുടെ സ്ഥിരതാമസ സ്ഥലത്തേക്കുള്ള ഒരു തീർത്ഥാടനത്തിലാണ്, നമ്മൾ. അതിന്റെ ആത്യന്തികലക്ഷ്യം ദൈവം തന്നെയാണ്" നമ്മുടെ എല്ലാ ആവശ്യങ്ങളും ദൈവം നിർവഹിച്ചു തരും. ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവിടുത്തെ രാജ്യം അന്വേഷിക്കുകയും ചെയ്യുന്നതുപോലെ അത്യാവശ്യമായതാണ്, സഹോദരീസഹോദരങ്ങളെക്കുറിച്ചുള്ള നമ്മുടെ കരുതലുകളും.

## 72

# ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും

**മത്തായി 7:7**

*"ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്നുകിട്ടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുന്ന*

*ആരെങ്കിലും നിങ്ങളിലുണ്ടോ? അഥവാ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്ക് നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ട രായ നിങ്ങൾക്ക് അറിയാമെങ്കിൽ, നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നല്കും" (മത്തായി 7:7–11).*

ഇവിടെ കർത്താവ് പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിക്കുന്നു. പ്രാർത്ഥന ആത്മാവിന്റെ ജീവശ്വാസമാണ്. അരൂപിയുടെ ഭക്ഷണമാണ്. പലർക്കും പ്രാർത്ഥിക്കാൻ ഒത്തിരി ബുദ്ധിമുട്ടുകൾ തോന്നാറുണ്ട്. പ്രത്യേകിച്ച് നമ്മുടെ പ്രാർത്ഥനകൾ കേൾക്കാതെ വരുമ്പോൾ നമുക്ക് നിരാശ തോന്നാറുണ്ട്. ഞാൻ എന്തിന് ഇങ്ങനെ പ്രാർത്ഥിക്കണം? ദൈവം അതു പരിഗണിക്കുന്നില്ലല്ലോ. എനിക്ക് ഒരു മറുപടിയും കിട്ടുന്നില്ല. പക്ഷേ, കർത്താവ് തറപ്പിച്ചു പറയുന്നു; നിങ്ങൾ പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് ലഭിക്കും. മുട്ടി വിളിച്ചാൽ തുറന്നുകിട്ടും. അന്വേഷിച്ചാൽ കണ്ടെത്തും.

നമ്മൾ പ്രതീക്ഷിക്കുന്നതുപോലെയോ ആവശ്യപ്പെടുന്നതു പോലെയോ ആയിരിക്കുകയില്ല, ദൈവത്തിന്റെ മറുപടി. അവിടുന്ന്, സ്നേഹപിതാവാണ്. നമുക്ക് വേണ്ടത് എന്താണെന്ന്, നമ്മളെക്കാൾ മെച്ച മായിട്ട് ആ പിതാവിനറിയാം. അവിടുന്ന് തരുന്നത് കല്ലും പാമ്പുമല്ല. പ്രത്യുതാ നല്ലതുമാത്രം. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നത് പ്രകാരം നല്ല കാര്യങ്ങൾക്കു പകരമായി ദൈവം തരുന്നത് പരിശുദ്ധാ രൂപിയെയാണ്.

അതുകൊണ്ട് കതക് തുറന്നു കിട്ടുന്നതുവരെ മുട്ടിവിളിക്കുക. ഉപേ ക്ഷിച്ചു പോകരുത്. അന്യായം കാണിക്കുന്ന ന്യായാധിപന്റെ അടുക്കൽ പോയി, പരാതി പറയുന്ന വിധവ, നീതി ലഭിക്കുന്നതുവരെ, അപേക്ഷിച്ചു കൊണ്ടിരുന്നു. അവസാനം അവൾക്ക് ന്യായാധിപൻ നീതി ചെയ്തു കൊടുത്തു. രാത്രിയിൽ കുടുംബസഹിതം ഉറങ്ങിക്കിടന്നവനെ വിളിച്ചു ണർത്തിയ അയല്ക്കാരൻ അപ്പം കടം ചോദിച്ചു. ഉറക്കം നഷ്ടപ്പെട്ടവന് അത് ഇഷ്ടപ്പെട്ടില്ല. എന്നിട്ടും ആ ശല്യം ഒഴിവാക്കാൻ വീട്ടുടമസ്ഥൻ അപ്പം കടം കൊടുത്തു അവനെ ഒഴിവാക്കി. രണ്ടുകൂട്ടർക്കും സന്തോ ഷവും സമാധാനവും. അതുകൊണ്ട് ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക. അവിടുന്ന് അപേക്ഷകന് ഉത്തരവുമായി അടുത്തുവരും.

# 73

# കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വരും

**മത്തായി 8:11**

*"കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിരിക്കും. രാജ്യത്തിന്റെ മക്കളാകട്ടെ, പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും" (മത്തായി 8:11–12).*

റോമൻ ശതാധിപൻ യേശുവിന്റെ അടുക്കൽ വന്നത് വലയ വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെയാണ്. അദ്ദേഹം വളരെ സ്നേഹിച്ചിരുന്ന ഭൃത്യനെ രോഗത്തിൽനിന്ന് രക്ഷിക്കാനുള്ള അപേക്ഷയുമായിട്ടാണ്, ശതാധിപൻ വന്നത്. യേശുവിന്റെ ശക്തിയിലും കരുണയിലും ഉറച്ചു വിശ്വസിക്കുന്ന, ഒരു റോമൻ പട്ടാള ഉദ്യോഗസ്ഥനെയാണ്, നമ്മൾ ഇവിടെ കാണുന്നത്; ഒരു യൂദന്റെ അടുക്കൽ വരാനും അപേക്ഷിക്കാനും മാത്രം എളിമ അയാൾക്കുണ്ടായിരുന്നു. ശതാധിപന്റെ അധികാരത്തിന്റെയും ശക്തിയുടെയും ശൈലിയിലാണ്, തന്റെ ഭൃത്യരോടും ജോലിക്കാരോടും കരുണ കാണിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുകളിൽ പല അധികാര സ്ഥാപനങ്ങളും ഉണ്ട്. അദ്ദേഹത്തിന്റെ താഴെ നിരവധി പട്ടാളക്കാർ, പണിയെടുക്കുന്നു. ഇതെല്ലാം അദ്ദേഹത്തിന് നന്നായിട്ടറിയാം. അധികാര ശ്രേണിയിൽ താഴെയുള്ളവർ അവരുടെ മുകളിലുള്ളവരെ അനുസരിച്ചേ തീരു. അതിന് ഒരു ഇളവുമില്ല. മാറ്റമില്ല. അതിൽ ഒരു സംശയവും ഇല്ല. ഭൂമിയിൽ സാധാരണ നിലയിൽ ഇങ്ങനെയാണെങ്കിൽ പ്രകൃത്യാതീത മണ്ഡലത്തിൽ ഇതിൽ എത്രയോ കൂടുതലായിരിക്കണം. ഇത്രയ്ക്ക് അത്രയാണെങ്കിൽ അത്രയ്ക്ക് എത്രയായിരിക്കും, ഇതായിരുന്നു അയാളുടെ ചിന്ത. അന്യമതസ്ഥനായ ശതാധിപൻ യേശുവിന്റെ ഉത്ഭവവും അധികാരവും അംഗീകരിച്ച് ഏറ്റു പറയുന്നു. യേശുവിനെ തന്റെ വീട്ടിൽ സ്വീകരിക്കാൻ, താൻ അയോഗ്യനാണെന്ന് ഏറ്റുപറഞ്ഞ്, ശതാധിപൻ വീണ്ടും അപേക്ഷിക്കുന്നു. യേശുവിന്റെ ശക്തിയെ വിശ്വസിക്കുന്നു. 'ഒരു വാക്ക് ഉച്ചരിച്ചാൽ' മതിയെന്നാണ്,

അയാളുടെ ആവശ്യം. പരിധിയും പരിമിതിയുമില്ലാതെ ദൈവവചനത്തിന്റെ ശക്തിയിൽ അയാൾ വിശ്വാസമർപ്പിച്ചിരുന്നു.

കർത്താവിന്റെ പ്രതികരണം, ഒരു താരതമ്യത്തിൽ നിന്ന് തുടങ്ങുന്നു. അജ്ഞാനിയായ ശതാധിപനെ, തന്നെ വിശ്വസിക്കാത്ത ഇസ്രായേൽക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ അജ്ഞാനി എത്രയോ ശ്രേഷ്ഠൻ. കാലവും സമയവും അവയുടെ പരിസമാപ്തിയിൽ എത്തുമ്പോൾ, അപ്രതീക്ഷിതമായ രീതിയിലായിരിക്കും പലതും നടക്കുക. എന്നാണ് യേശുവിന്റെ മുന്നറിയിപ്പ്. അബ്രാഹത്തിന്റെയും യാക്കോബിന്റെയും അടുത്ത ആളുകളാണെന്ന് അഭിമാനിച്ചു നടക്കുന്ന പലരും അവരോടൊപ്പം എത്തിപ്പെടുകയില്ല. അവിടെ ഒരിക്കലും അവർ പ്രതീക്ഷിക്കാത്തവരെ കണ്ടുമുട്ടുകയും ചെയ്യും. ആത്യന്തികമായി വരാനിരിക്കുന്ന രാജ്യത്തിലെ, അനുഭവം എന്തായിരിക്കുമെന്നാണ് കർത്താവ് ഇവിടെ സൂചിപ്പിക്കുന്നത്.

സഭയുടെ കാണപ്പെടുന്ന അതിർത്തികൾക്കും അതിർവരമ്പുകൾക്കും അപ്പുറത്ത് യേശുവിൽ വിശ്വസിക്കുന്ന ലക്ഷങ്ങൾ ഉണ്ട്. കൺമുമ്പിൽ സഭയിൽ സ്വന്തമെന്ന് കരുതിക്കഴിയുന്നവരെക്കാൾ എത്രയോ കൂടുതൽ വിശ്വാസമുള്ളവരാണവർ. എല്ലാവരും ദൈവരാജ്യത്തിലേക്ക് ക്ഷണിക്കപ്പെട്ടവരാണ്. ശരിയായ വിശ്വാസവും വിശ്വാസത്താൽ നയിക്കപ്പെടുന്ന ഉത്തമ ജീവിതവുമാണ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് ആവശ്യം വേണ്ടത്.

## 74

# എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും

**മത്തായി 10:32**

*"അന്ധകാരത്തിൽ നിങ്ങളോട് ഞാൻ പറയുന്നവ, പ്രകാശത്തിൽ പറയുവിൻ, ചെവിയിൽ മന്ത്രിച്ചത്, പുര മുകളിൽ നിന്ന് ഘോഷിക്കുവിൻ. ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവനെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവരെ ഭയപ്പെടുവിൻ....*

*അതിനാൽ, ഭയപ്പെടേണ്ട - മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന വനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റു പറയും" (മത്തായി 10:26-33).*

പലപ്പോഴും ഭയം പലരെയും തളർത്തിക്കളയുന്നു. തങ്ങളുടെ ചുമതല ചെയ്യുന്നതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങൾ ഒറ്റപ്പെട്ടുപോയി എന്ന തോന്നൽ ഭീതിതമാണ്. അപരിചിതമായ സ്ഥല ങ്ങളിൽ ഒറ്റപ്പെട്ടാൽ, അത് ഭയാനകമായ ഒരു അവസ്ഥയാണ്. അതു പോലെയാണ്, മരണത്തെക്കുറിച്ചുള്ള ഭയം, അജ്ഞാതമായ ഭാവിയെ ക്കുറിച്ചുള്ള ഭയം, മരണത്തിനുശേഷം എന്തു സംഭവിക്കുമെന്ന് അറിയാത്ത സ്ഥിതി വിശേഷം, എന്നിവയെല്ലാം പേടിപ്പെടുത്തുന്നവയാണ്. ഞാൻ എങ്ങോട്ടുപോകുന്നു? കുഴിമാടത്തിനുശേഷം ആരു കൂട്ടിനുണ്ടാകും?

യേശു ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ, ശിഷ്യന്മാർക്ക് ഉപദേശങ്ങൾ കൊടുക്കുന്നതാണ്, മേല്പ്പറഞ്ഞ വചന ങ്ങളിൽ നാം വായിക്കുന്നത്. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം അറിയപ്പെടുന്നത് യേശുവിന്റെ മിഷൻ പ്രഭാഷണം എന്നാണ്. മത്തായിയുടെ സുവിശേഷത്തിൽ 5 പ്രഭാഷണങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് മിഷൻ പ്രഭാഷണം. യേശു ശിഷ്യന്മാരെ അയയ്ക്കുന്നത് ഒരു സദ്‌വാർത്തയുമായിട്ടാണ്. അതും ശത്രുമനോഭാവം ഉള്ളവരുടെ ഇടയിലേക്കാണ് അയയ്ക്കുന്നത്. യേശു അവരോടൊപ്പം അവരെ പ്രകാശിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് എപ്പോഴും സന്നിഹിതനാണ്. അവരുടെ കൂടെ നടക്കുന്ന, പ്രത്യേകിച്ച് പീഡന ങ്ങളുടെ കാലത്ത്. കർത്താവ് അവരോട് പറയുന്നു: "മരണത്തെയോ, ശരീരത്തെ കൊല്ലുന്നവരെയോ നിങ്ങൾ ഭയപ്പെടരുത്" രക്തസാ ക്ഷികളുടെ ധൈര്യം ഉത്ഭവിക്കുന്നത് യേശുവിന്റെ അവരോടൊപ്പമുള്ള സാന്നിധ്യത്തിൽനിന്നാണ്, ശരീരത്തിന്റെ മരണം ഒരു അവസാനമല്ല. ശാരീരിക മരണത്തിന്റെ അപ്പുറത്തേക്കാണ്, ജീവിതത്തിന്റെ യാത്ര. സൗഭാഗ്യകരമായ ഒരു ജീവിതമാണ്, നമുക്കുവേണ്ടി കർത്താവ് ഒരുക്കി വച്ചിരിക്കുന്നത്. "എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവത്തെ സ്നേഹി ച്ചിരിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ, കണ്ണുകാണുകയോ, ചെവികൾ കേൾക്കുകയോ, മനുഷ്യമനസ്സു ഗ്രഹിക്കുകയോ ചെയ്തി ട്ടില്ല" (2. കൊറി 2:9). അതുപോലെ കൊറിന്ത്യക്കാർക്ക് വീണ്ടും പൗലോസ് എഴുതുന്നു: "ഞങ്ങൾ വസിക്കുന്ന ഭൗതികഭവനം നശിച്ചു പോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും, ശാശ്വതവും ദൈവ ത്തിൽനിന്നുള്ളതുമായ ഭവനം ഞങ്ങൾക്ക് ഉണ്ടെന്ന് ഞങ്ങൾ അറിയുന്നു" (2. കൊറി. 5:1).

വിധിയാളനായ പിതാവിന്റെ സിംഹാസനത്തിന് മുമ്പിൽ, യേശു നമ്മളെ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യും. ഇവിടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് വിധിയിലാണ്. ഓരോരുത്തരും ദൈവ തിരുമുമ്പാകെനിന്ന് ഈ വിധി വാചകം കേൾക്കണം. അതുകൊണ്ട് നമ്മളെ നരകത്തിലേക്ക് തള്ളാൻ ശക്തിയുള്ളവനെയാണ് ഭയപ്പെടേണ്ടത്. ശുഭാപ്തിവിശ്വാസത്തോടെ തികഞ്ഞ ആത്മവിശ്വാസത്തോടെ പോകുക, യേശുവാണ്, നമുക്കുവേണ്ടി വാദിക്കുന്ന വക്കീൽ. അവസാനം വിധി വാചകം കേൾക്കാൻ നില്ക്കുന്നതുപോലെയാണ് നമ്മൾ ഇന്നു തീരുമാനങ്ങൾ എടുക്കേണ്ടത്. നീതിപൂർവ്വമായ പ്രവർത്തികളും കരുണയും വഴി യേശുവിനെ നിത്യജീവിതത്തിൽ, ഏറ്റു പറയുകയും അംഗീകരിക്കുകയും ചെയ്യാം.

നമ്മുടെ മുൻഗണനാക്രമം നമ്മൾ പരിശോധിക്കണം. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കാണ്, നാം മുൻഗണന കൊടുക്കേണ്ടത്. അതാണ് നിത്യജീവിതത്തിനു വേണ്ടത്, നമ്മൾ എപ്പോഴും ഓർമ്മയിൽ സൂക്ഷിക്കേണ്ട കാര്യം, ഭൂമിയും, ശരീരവും അതിന്റെ സുഖങ്ങളും എല്ലാം കടന്നുപോകുന്നവയാണെന്ന സത്യമാണ്. “നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്, അവിടെനിന്ന് ഒരു രക്ഷകനെ കർത്താവായ യേശുക്രിസ്തുവിനെ, നാം കാത്തിരിക്കുന്നു” (1 ഫിലിപ്പിയർ 3:20).

ആരെയാണ് നാം ഭയപ്പെടേണ്ടത്. സാത്താനെ നാം ഭയപ്പെടേണ്ട. പക്ഷേ, ദൈവത്തെ ഭയപ്പെടണം. ദൈവഭയം ദൈവത്തോടുള്ള വിസ്മയകരമായ ഒരു വിഭ്രാന്തിയാണ്. പഴയനിയമത്തിൽ മോശക്ക് ഈ അനുഭവം ഉണ്ടായിരുന്നു. മനോവയും പ്രവാചകരും ദൈവത്തെ അഭിമുഖം ദർശിച്ച മറ്റുള്ളവർക്കും ഈ ഭയമായിരുന്നു. ദൈവത്തിന്റെ മുമ്പിൽ പാപിയായ മനുഷ്യൻ നില്ക്കുമ്പോഴും ഇതു സ്വാഭാവിക പ്രതികരണമാണ്.

നമ്മുടെ ആത്മാവിനെ പരിശോധിച്ചു വിലയിരുത്തുന്നതും എന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രവർത്തികളും മനോഭാവങ്ങളും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് അനുസരിച്ചാണോ? എന്റെ പ്രവർത്തന മേഖലകളിൽ യേശുവിനെ ഏറ്റുപറയുന്നുണ്ടോ? എന്റെ പ്രവർത്തി വഴി നീതിയുടെയും വിശ്വാസത്തിന്റെയും കാര്യത്തിൽ നമ്മുടെ തിരെഞ്ഞെടുപ്പുകളും തീരുമാനങ്ങളും യേശുവിനെ അംഗീകരിക്കുന്നവയാണോ? ഇവയ്ക്കാണ് നമ്മൾ ഉത്തരം കണ്ടെത്തേണ്ടത്.

## 75

# നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും

**മത്തായി 10:42**

*"നിങ്ങളെ സ്വീകരിക്കുന്നവർ എന്നെ സ്വീകരിക്കുന്നു, എന്നെ സ്വീകരിക്കുന്നവൻ, എന്നെ അയച്ചവനെ സ്വീകരിക്കുന്നു... ഈ ചെറിയവരിൽ ഒരുവന് ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ള മെങ്കിലും കൊടുക്കുന്നവന്, പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്ന്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 10:40-42).*

ഒരു രാജാവിന്റെയോ, രാഷ്ട്രത്തിന്റെയോ ദൂതനെ ബഹുമാനി ക്കുന്നത്, അയാളെ അയച്ചവനെ ബഹുമാനിക്കുന്നതുപോലെയാണ്. അതുപോലെ ദൂതനെ അവഹേളിച്ച് നിരാകരിച്ചാൽ, അത് അവനെ അയച്ചവനോട് ചെയ്യുന്നതുപോലെയാണ്, ഇത് ലോകത്തിൽ എവി ടെയും നിലനില്ക്കുന്ന സാമാന്യ മര്യാദയുടെ നിയമമാണ്. ഈ സാധാ രണ ധാരണയനുസരിച്ചുള്ള ബഹുമാനം, ദൈവത്തിൽനിന്ന് സന്ദേശ വുമായി വരുന്നവർക്കും വേണ്ടതാണെന്ന്, യേശു പറയുന്നു. പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, ദൈവത്തിൽനിന്ന് സദ്വാർത്ത യുമായി വരുന്ന സന്ദേശവാഹകരും, ദൈവത്തിന്റെ പ്രതിപുരുഷ ന്മാരുമാണ്.

ആ സന്ദേശം ഒഴുകിയെത്തുന്നത് പിതാവായ ദൈവത്തിൽനിന്ന് യേശുവിലേക്ക്, അതു പ്രവാചകന്മാരും അപ്പസ്തോലന്മാരും വഴി വിശ്വാസികളിൽ എത്തുന്നു. എല്ലാവർക്കും ദൈവത്തിന്റെ പ്രതിപുരുഷ ന്മാരും ദൂതന്മാരുമായ സന്ദേശവാഹകരെ സ്വീകരിക്കാം. ഏവർക്കും അവരെ ബഹുമാനിക്കാനും, പ്രോത്സാഹിപ്പിക്കാനും കടമയുണ്ട്. പ്രവാ ചകന്മാർക്കും അപ്പസ്തോലന്മാർക്കും സമൂഹത്തിന്റെ സഹായവും താങ്ങും തണലും വേണം. ആദ്യ നൂറ്റാണ്ടുകളിലെ ആദിമക്രിസ്താ നികൾ ഇങ്ങനെ സഹായം ചെയ്തുകൊണ്ടിരുന്നു. അടിത്തട്ടും അടിത്ത റയുമുള്ള പ്രാദേശിക സഹായം ഇന്നും പ്രേഷിത പ്രവർത്തനത്തിന് ആവശ്യമാണ്.

ദാവീദിന്റെ നിയമത്തിന്റെ നിബന്ധന വായിക്കുക: "യുദ്ധത്തിനു

പോകുന്നവന്റെയും ഭാണ്ഡം സൂക്ഷിക്കുന്നവന്റെയും ഓഹരി സമമായിരിക്കണം. അന്നുമുതൽ ഇന്നുവരെ ഇസ്രായേലിൽ ഇതൊരു ചട്ടവും നിയമവുമാണ്" (1 സാമുവൽ 20:24). മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തിക സഹായം, പ്രാർത്ഥന മുതലായി നിരവധി രീതിയിൽ സഹായിക്കുന്നവർ, ആ പ്രവർത്തനങ്ങളിൽ പങ്കുകാരാണ്. അവർക്കും തുല്യപ്രതിഫലമായിരിക്കും ലഭിക്കുന്നത്. മുൻനിരയിൽ നിന്ന്, പ്രവർത്തനമേഖലകളിൽ ജോലി ചെയ്യുന്നതുപോലെ പ്രാധാന്യം ഉള്ളതാണ് മറ്റു സഹകാരികളും. ജോഷ്വായും പടയാളികളും യുദ്ധക്കളത്തിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ മോശ മലയുടെ മുകളിൽ കൈവിരിച്ചു പിടിച്ചുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കരങ്ങൾ തളരാതിരിക്കാൻ ആരോനും ഹൂറും ആ കരങ്ങൾ താങ്ങിനിർത്തിയിരുന്നു. മോശയുടെയും കൂട്ടരുടെയും പ്രാർത്ഥനയില്ലാതിരുന്നെങ്കിൽ, ജോഷ്വ വിജയിച്ചുവരുകയില്ലായിരുന്നു. ഇന്നും ഇതു പ്രസക്തമാണ്. മുന്തിരിത്തോട്ടത്തിൽ ജോലിക്ക് ആദ്യം വന്നവർക്കും പണി നടക്കുമ്പോൾ വന്നവർക്കും, അവസാനം വന്നവർക്കും കർത്താവ് ഓരോ ദനാറ പ്രതിഫലം കൊടുക്കുന്നു. എളിയവരും, ചെറിയവരുമായ യേശുവിന്റെ ശിഷ്യർക്ക് എന്തുകൊടുത്താലും അതു യേശുവിന് കൊടുക്കുന്നതുപോലെയാണ്. ആ പരിഗണനയിൽ അവർക്ക് കിട്ടുന്നത് നിത്യജീവനാണ്.

യേശുക്രിസ്തുവിനും സഭക്കും ഇന്ന് പ്രഭാഷകരെയും അദ്ധ്യാപകരെയും മിഷനറിമാരെയും വേണം. അതുപോലെ അവർക്ക് ആതിഥ്യം കൊടുക്കാൻ, സഹായം കൊടുക്കാൻ, സാധാരണ മനുഷ്യരെയും വേണം. ഇങ്ങനെ മനുഷ്യരുടെ സേവനം നിരവധി മേഖലകളിലാണ്. പ്രേഷിത പ്രവർത്തനത്തിന്റെ വിജയത്തിന് ഇവയെല്ലാം ആവശ്യമാണ്. ദൈവത്തിന്റെ മുമ്പിൽ, അതിനെല്ലാം ഒരേ സ്ഥാനവും ഒരേ മഹത്വവുമാണ്.

## 76

# ഞാൻ നിങ്ങൾക്ക് ആശ്വാസം തരും

**മത്തായി 11:28**

*"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ, എന്റെ നുകം*

*വഹിക്കുകയും എന്നിൽനിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്തായി 11:28-30).*

യേശുവിന്റെ ഈ വാഗ്ദാനത്തിന് ഉപാധികളോ ഉപാഖ്യാനമോ ഇല്ലാത്തതും പരിപൂർണ്ണവുമാണ്. ഈ വാഗ്ദാനം ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലേക്കു മാത്രമോ, പ്രത്യേക ആവശ്യത്തിലേക്കു മാത്രമോ അല്ല. കർത്താവിന്റെ ഈ വാഗ്ദാനം പൂർണ്ണമാണ്. "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" ജീവിതഭാരത്താൽ അവശരും ആർത്തരും ഭാരം വഹിക്കുന്നവരും, കഷ്ടപ്പാടിലും പ്രശ്നങ്ങളിലും ബലപരീക്ഷണങ്ങളിലും, പരീക്ഷണങ്ങളിലും കിടന്ന് ഉഴലുന്നവർക്കും ഈ ആശ്വാസം ലഭ്യമാണ്. അതിവിസ്മയകരമായ ഈ വചനങ്ങൾ ഉദ്ദീരണം ചെയ്യാൻ ദൈവത്തിനു മാത്രമേ കഴിയുകയൊള്ളൂ. യേശു ഇതു പറയുന്നത്, അവിടുന്ന് ദൈവപുത്രനായതുകൊണ്ടും, മനുഷ്യത്വം സ്വീകരിച്ച ദൈവ കാരുണ്യം ആയതുകൊണ്ടാണ്. യേശുവിന്റെ യഥാർത്ഥ വ്യക്തിത്വവും അനന്യതയും മറഞ്ഞിരിക്കുന്നു. എളിമയുള്ളവർക്ക് ദൈവം അതു വെളിപ്പെടുത്തിക്കൊടുക്കുന്നു. എല്ലാം തനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നതായി കർത്താവ് വീണ്ടും പറയുന്നു. അവിടുന്ന് സർവ്വശക്തനും കരുണയുടെ നിറവുമാണ്. യേശുവിന്റെ പ്രഭാഷണങ്ങളും പഠനങ്ങളും രോഗശാന്തികളും അവിടുത്തെ കരുണയുടെ ബഹിസ്ഫുരണങ്ങളാണ്.

യേശുവിന്റെ ആശ്വാസവും ശാന്തിയും സമാധാനവും സ്വാതന്ത്ര്യവും അനുഭവിക്കാൻ നമ്മൾ ഒരു കാര്യം ചെയ്യേണ്ടതുണ്ട്. നമ്മൾ യേശുവിന്റെ നുകം വഹിക്കുകയും യേശുവിൽ നിന്ന് പഠിക്കുകയും ചെയ്യണം. യേശുവിന്റെ കാലത്ത് ജനങ്ങൾ 'നുകത്തിനു' കൊടുത്തിരുന്ന അർത്ഥം നിയമസംഹിത എന്നാണ്. അതാണ് പഞ്ചഗ്രന്ഥി അഥവാ തോറ. സത്യത്തിൽ യഹൂദ റബ്ബായിമാർ ചികഞ്ഞും, നിർദ്ധാരണം ചെയ്തും തോറ വ്യാഖ്യാനിച്ച്, മനുഷ്യന് വഹിക്കാൻ പറ്റാത്ത വിധം ഭാരമേറിയ ഒരു ചുമടാക്കിതീർത്തു. അതിനെതിരെ യേശു നിശിതമായി പ്രതികരിച്ചിരുന്നു. അന്നത്തെ ഉപാദ്ധ്യായ നിയമ നിബന്ധനങ്ങൾക്ക് ബദലായി യേശുവിന്റെ നിയമം സ്വാതന്ത്ര്യത്തിന്റെ നിയമമായിരുന്നു. അതു സ്നേഹത്തിന്റെ നിയമമാണ്. അതു നടപ്പിലാക്കേണ്ടത് മൃദുലവും വിനീതവുമായ ഒരു മനോഭാവത്തിലാണ്. ചെറിയ കുട്ടിയെ വഹിച്ചു കൊണ്ടുപോകുന്ന ഒരു കൊച്ചു കുട്ടി പറയുന്നു: "പിതാവേ, ഇവൻ ഒരു ഭാരമുള്ള ചുമടല്ല, ഇവൻ എന്റെ സഹോദരനാണ്."

യേശു ശാന്തശീലനും വിനീത ഹൃദയനുമാണ്. അതുകൊണ്ട് യേശുവിനെ ആർക്കും സമീപിക്കാം. എപ്പോഴും യേശു നമുക്ക് പ്രാപ്യ

നാണ്. അവിടുന്ന് ക്ഷമിക്കുന്നവനും കരുണയുള്ളവനും, മനസ്സിലാക്കുന്നവനും കരുതൽ ഉള്ളവനുമാണ്. അവിടുത്തെ അനുകമ്പയുടെ മടിത്തട്ടിൽ, നമ്മുടെ ആത്മാക്കൾക്ക് ആശ്വാസവും വിശ്രമവും കിട്ടും. അതുവഴി നമ്മുടെ സഹജീവികൾക്കും ശാന്തിയും ആശ്വാസവും വിശ്രമവും കിട്ടുകയും ചെയ്യും.

## 77

# പ്രതിഫലം സ്വർഗ്ഗത്തിൽ

**മത്തായി 16:27**

*"ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത്, എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ, അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും, എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ, അവൻ അതു കണ്ടെത്തും... മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ, തന്റെ ദൂതൻമാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നല്കും" (മത്തായി 16:24-27).*

യേശുവിന്റെ പ്രബോധനങ്ങളിലെ ഒരു സ്ഥിരം വിഷയം സ്വയം നിരാസവും, ദൈവരാജ്യത്തിനുവേണ്ടിയുള്ള സ്വയം മരണവുമാണ്. (മത്തായി 10:37-39, മർക്കോസ് 8:34-37, ലൂക്കാ 9:23-27, 14:25-27), "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ, നിത്യജീവനിലേക്ക് അതിനെ കാത്തു സൂക്ഷിക്കുന്നു" (യോഹന്നാൻ 12:25).

സ്വർഗ്ഗത്തിൽ നമുക്ക് ലഭിക്കാൻ പോകുന്ന പ്രതിഫലത്തെ പ്രതി, സ്വയം നിരസിക്കലാണ് ക്രൈസ്തവജീവിതത്തിന്റെ വെല്ലുവിളി. ആ വലിയ പ്രതിഫലത്തിനുവേണ്ടി മൂന്നു കാര്യങ്ങൾ ചെയ്യാനാണ്, കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്.

1. ആത്മനിരാസം: കുറെ സുഖഭോഗങ്ങളും ആഗ്രഹങ്ങളും നിരാകരിക്കുന്നതു മാത്രമല്ല, ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മറിച്ച്, ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കാൻ ഒരാൾ തന്റെ സ്വത്വം തന്നെ നിരസിക്കണമെന്നാണ്, ഇതിൽ ഉൾക്കൊള്ളുന്ന ആശയം.

എന്റെയിഷ്ടമല്ല, എന്നാൽ, എപ്പോഴും അങ്ങയുടെ ഇഷ്ടം നടപ്പിലാകണം. 'തവേച്ഛാഭവതു' ആത്മനിരാസത്തിന്റെ മാതൃകയാണ് യേശു. യേശുവിന്റേത് നിരന്തരമായ ഒരു നിരാസമായിരുന്നു. ആത്മനിരാസത്തിന്റെ നിരന്തര പ്രക്രിയ. 'തവേച്ഛാഭവതു' നിന്റെയിഷ്ടം ഭവിക്കട്ടെയെന്ന് നിരന്തരമായ ഒരു സമ്മതം പറച്ചിൽ.

2. സ്വന്തം കുരിശെടുക്കൽ: ഒരാൾ സുവിശേഷാനുസൃതമായി ജീവിക്കുമ്പോൾ, സമർപ്പണത്തിന്റേതായ ഒരു സേവനമാണ്, അയാളുടെ ജീവിതം. ആ ജീവിതവഴിയിൽ എല്ലാ സഹനങ്ങളും സ്വീകരിക്കാൻ അയാൾ തയ്യാറാവണം. ഇത് ഒരു രക്തസാക്ഷിത്വമാണ്. ഇതൊക്കെയാണ്, സ്വന്തം കുരിശെടുക്കൽകൊണ്ട് ഉദ്ദേശിക്കുന്നത്, ദൈവരാജ്യത്തിനും, മറ്റുള്ളവർക്കുംവേണ്ടി, സമയവും ഊർജ്ജവും, പണവും, സമ്പാദ്യങ്ങളും, കഴിവുകളും തന്റെ ജീവൻ തന്നെയും ചെലവഴിക്കാൻ നാം തയ്യാറാകണം.

3. യേശുവിനെ അനുഗമിക്കുക: യേശുവിനെ അനുകരിക്കുക. യേശു ചെയ്തതുപോലെ ചെയ്തും പറഞ്ഞതുപോലെ പറഞ്ഞും, അവിടുത്തെ കാലടികൾ പിഞ്ചെല്ലുക.

എല്ലാത്തിന്റെയും അവസാനം പ്രതിഫലം തീർച്ചയാണ്. തനതു വിധിയും പൊതുവിധിയും നമ്മുടെ മുമ്പിൽ. എന്നാൽ വിധിയുടെ മാനദണ്ഡം എന്താണ്? അതു മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. നമ്മൾ എത്രമാത്രം സ്നേഹിച്ചു? ആരെ സ്നേഹിച്ചു? ഇതാണ് ആ വിധിയുടെ അളവുകോൽ. നമ്മുടെ മനോഭാവവും പ്രവർത്തനങ്ങളും പ്രവണതകളും അടിസ്ഥാനപ്പെടുത്തി ആ വിധി ഇവിടെത്തന്നെ തുടർച്ചയായി എഴുതപ്പെട്ടുകൊണ്ടിരിക്കുന്നു.

## 78

# നിങ്ങളുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും

**മത്തായി 18:20**

*"വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു. ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ്, നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോ പേർ*

*എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത്, അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്തായി 19:20).*

ഈ വചനങ്ങളിലൂടെ യേശു നമുക്ക് തരുന്നത് രണ്ടു വാഗ്ദാനങ്ങളാണ്:- 1. യേശു നമ്മുടെ പ്രാർത്ഥനകൾ കേട്ട് അവ നിർവഹിച്ചുതരും. 2. യേശു നമ്മുടെ മധ്യത്തിൽ ഉണ്ടായിരിക്കും. എന്നാൽ പലപ്പോഴും നമ്മുടെ അനുഭവം ഇതിന് വിപരീതമാണ്. പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നില്ലായെന്ന തോന്നൽ നമ്മളെ അലട്ടുന്നു. നമ്മൾ സ്വയം ഒറ്റപ്പെട്ടു പോകുന്നുവെന്ന തോന്നലും ഉണ്ടാകുന്നു. ഈ വാഗ്ദാനങ്ങൾകൊണ്ട് യേശു എന്താണ് അർത്ഥമാക്കുന്നതെന്ന്, നമ്മൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

1. പ്രാർത്ഥന: പ്രാർത്ഥനയെപ്പറ്റിപ്പറയുന്ന ഈ വാഗ്ദാനം കേവലവും നിരുപാധികവുമാണെന്ന ധ്വനിയാണ്, നമ്മൾക്ക് തോന്നുന്നത്. "നിങ്ങൾ പ്രാർത്ഥിക്കുന്നതെന്തും" നിങ്ങൾക്ക് ലഭിക്കും. "നിങ്ങളിൽ രണ്ടുപേര് ഒരുമിച്ചു ഒരേകാര്യം തന്നെ പ്രാർത്ഥിക്കുമ്പോൾ, അതു നിറവേറ്റപ്പെടും" ഈ വചനങ്ങൾ പറയുമ്പോൾ യേശു ഊന്നിപ്പറയുന്നത് സമൂഹത്തിന്റെ ഐക്യത്തെയാണ്. തന്റെ ശിഷ്യന്മാർക്ക് ഒരേ മനസ്സും, ഒരേ ഹൃദയവും ആയിരിക്കണം. ഗുരുവായ യേശുവിന് ഒരു സാക്ഷിപത്രമാണ്, ഈ ഐക്യം. ദൈവം നമ്മുടെ പിതാവാണ്. ഒരു നല്ല പിതാവ് മക്കൾക്ക് നല്ലതുമാത്രമേ തരുകയൊള്ളൂ. ഏറ്റം നല്ലതു മാത്രമേ തരുകയൊള്ളൂ. അതാണ് നമ്മൾ അംഗീകരിക്കേണ്ട സത്യം. മീനിനു പകരം പിതാവ് തന്റെ മകന് പാമ്പിനെ കൊടുക്കുകയില്ല. അപ്പത്തിനു പകരം കല്ല് കൊടുക്കുകയില്ല. എപ്പോൾ നമുക്ക്എന്തുതരണമെന്നും, ആ പിതാവിനറിയാം. അപ്പോൾ സകല പ്രാർത്ഥനകൾക്കും അവസാനം ഒരു വാചകം കൂട്ടിച്ചേർക്കണം. എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം ഭവിക്കട്ടെ. അതായിരുന്നു യേശുവിന്റെ പ്രാർത്ഥനയും.

2. യേശുവിന്റെ സാന്നിധ്യം ദൈവരാജ്യവും ദൈവവും നമ്മോടൊപ്പമുണ്ട്. പ്രത്യേകിച്ച് നമ്മൾ ഒന്നിച്ചു പ്രാർത്ഥിക്കുമ്പോൾ, അവിടുത്തെ സാന്നിധ്യം ഉണ്ടാകുമെന്നും യേശു ഉറപ്പു നൽകുന്നു. ഈ വാഗ്ദാനം നമ്മൾക്ക്, ആശ്വാസകരമാണ്. യേശുവിന്റെ സാന്നിധ്യം അനുഭവിച്ചറിയുവാൻ, നാം വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കണം. തിരുസ്സഭയിലും ചെറിയ പ്രാർത്ഥനാ കൂട്ടായ്മയിലും കുടുംബങ്ങളിലും എല്ലാം ദൈവത്തിന്റെ സാന്നിധ്യം ഉണ്ട്. ജനങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ ഇഷ്ടമാണ്, നാം അന്വേഷിക്കേണ്ടത്. അതുചെയ്യാൻ നാം തയ്യാറാകണം. യേശു നമ്മോടൊപ്പമാണ്. നമ്മൾ തനിച്ചല്ല.

## 79

# സ്വർഗ്ഗത്തിലുള്ള നിക്ഷേപം

**മത്തായി 19:21**

*"നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ള തെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്തായി 19:16–22).*

ഇവിടെ നമ്മൾ വായിക്കുന്നത് ഒരു നല്ല ചെറുപ്പക്കാരന്റെ കഥ യാണ്. അയാൾ സത്യസന്ധനും, നിഷ്കപടനും, കഠിനാദ്ധ്വാനിയുമാണ്. നിയമങ്ങൾ പാലിക്കുന്നവനും ദൈവത്തോട് വിശ്വാസമുള്ളവനുമാണ്. പക്ഷേ, എന്തോ ഒരു കുറവുണ്ട്. നിത്യജീവിതം നേടാൻ ഇനിയും എന്തെ ങ്കിലും ചെയ്യാനുണ്ടോ എന്നാണ് അയാൾക്ക് അറിയേണ്ടത്. ഈ ലോക ജീവിതത്തിന് അർത്ഥം കൊടുക്കുന്നതിന്, കുഴിമാടത്തിനപ്പുറത്തേ ക്കുള്ള ഒരു ജീവിതത്തിലേക്കാണ്, അയാൾ നോക്കുന്നത്. അവിടെ എത്താൻ ഇനി എന്തുവേണം.? അയാളുടെ അന്വേഷണം അതിനുവേണ്ടി യാണ്.

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അയാൾ കൃത്യമായി പാലി ച്ചിരുന്നു. എങ്കിലും എന്തോ ഒരു കുറവുള്ളതുപോലെ അയാൾക്ക് തോന്നിയിരുന്നു. അയാളുടെ ഹൃദയം കൊതിച്ചിരുന്നത്, എന്തെങ്കിലും കൂടുതൽ ചെയ്യാനാണ്. ദൈവത്തിനുവേണ്ടിയുള്ള തീക്ഷണമായ ഒരു ആഗ്രഹമാണിത്. വി. ആഗസ്തീനോസ് പറയുന്നു "ദൈവമേ, നീ ഞങ്ങളെ സൃഷ്ടിച്ചത് നിനക്കുവേണ്ടിയാണ്. നിന്നിൽ വിലയം പ്രാപി ക്കുന്നതുവരെ ഞങ്ങൾ അസ്വസ്ഥരാണ്."

നിത്യജീവൻ അഭൗമികമായ അമർത്യത മാത്രമല്ല, അതായത് അന്ത്യമില്ലാത്ത ഒരു ജീവിതം മാത്രമല്ല. അതു ദൈവവുമായിട്ടുള്ള ഒരു ജീവിതമാണ്. ദൈവിക ജീവനിൽ പങ്കുപറ്റുന്ന ഒരു ജീവിതമാണ്. ഇവിടെ ഗുണപരമായ ഒരു വ്യത്യാസമാണ്. ഇതു ദൈവത്തിന്റെ ഒരു ദാനമാണ്. ദൈവം തന്നെയാണ് ഈ ദാനം. അതിന് വേണ്ടി നമ്മളെത്തന്നെ ഒരു ക്കുക എന്നതുമാത്രമാണ് നമുക്ക് കരണീയം. നമ്മുടെ ആത്യന്തിക ലക്ഷ്യവും മുൻഗണനയും അതുതന്നെയാണ്. ഒരേ ഒരു ലക്ഷ്യത്തിലേക്ക് നീങ്ങുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്ന എല്ലാത്തിനെയും നമ്മൾ

ഉപേക്ഷിച്ചു കളയണം. സ്വർഗ്ഗത്തിലുള്ള നമ്മുടെ നിധി ദൈവം തന്നെയാണ്. അതിന്റെ താഴെ ഒരു ലക്ഷ്യവും നമുക്കില്ല. ദൈവം തരുന്നത് ഒരു ദാനമായി തന്നെത്തന്നെയാണ് വെളിപാടിന്റെ പുസ്തകത്തിൽ പറയുന്നു: "ദൈവത്തിന്റെ പറുദീസായിലെ ജീവവൃക്ഷവും നിഗൂഢ മന്നയും, വെള്ളക്കല്ലും, പുലർകാല നക്ഷത്രവും എല്ലാം ദൈവം തന്നെയാണ്" (വെളിപാട് 2:7, 7–28).

ഈ ദാനം സ്വീകരിക്കാൻ നമ്മൾ ദൈവത്തിനുമുമ്പിൽ മുഴുവനായും സമർപ്പിക്കണം, അടിയറവു പറയണം. സകലതും വിറ്റ് ദരിദ്രർക്ക് കൊടുക്കാൻ പറയുന്നതിന്റെ അർത്ഥം ഇതാണ്. പരിപൂർണ്ണ സമർപ്പണത്തിന്റെ വഴിയിൽ തടസ്സമായി മറ്റൊന്നും ഉണ്ടായിരിക്കരുത്.

## 80

# നിങ്ങൾ സ്വർഗ്ഗദൂതന്മാരെപ്പോലെ ആകും

**മത്തായി 22:30**

*"പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗ്ഗദൂതന്മാരെപ്പോലെയായിരിക്കും. ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണ്. എന്ന് മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി, ദൈവം നിങ്ങളോട് അരുളിച്ചെയ്തിരിക്കുന്നത് വായിച്ചിട്ടില്ലേ? അവിടുന്ന് മരിച്ചവരുടെയല്ല, ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ്" (മത്തായി 22:23–30).*

മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തെക്കുറിച്ച് യഹൂദന്മാരുടെയിടയിൽ രണ്ടു വ്യത്യസ്ത അഭിപ്രായങ്ങൾ പ്രബലപ്പെട്ടിരുന്നു. സദുക്കായർ ഉത്ഥാനത്തെ നിഷേധിച്ചിരുന്നു. എന്നാൽ പരിശേയർ ശരീരത്തിന്റെ ഉയിർപ്പ് അംഗീകരിച്ചിരുന്നു (അപ്പസ്തോലർ 23:6–9). ശരീരങ്ങളുടെ ഉത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസം, ബൈബിളിൽ വന്നത് വളരെ വൈകിയാണ്.

ഉത്ഥാനത്തെക്കുറിച്ച് ജോബിന് നല്ല ബോധ്യവും പ്രതീക്ഷയും ഉണ്ടായിരുന്നു. "എന്റെ വാക്കുകൾ എഴുതപ്പെട്ടിരുന്നെങ്കിൽ അവൻ പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നെങ്കിൽ ഇരുമ്പു നാരായവും

ഈയവുംകൊണ്ട് അവ എന്നേക്കുമായി പാറയിൽ ആലേഖനം ചെയ്തിരുന്നുവെങ്കിൽ, എനിക്കു ന്യായം നടത്തിത്തരുന്നവർ ജീവിക്കുന്നെന്നും, അവസാനം അവിടുന്ന് എനിക്കുവേണ്ടി നിലകൊള്ളുന്നുവെന്നും ഞാൻ അറിയുന്നു. എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽനിന്ന് ഞാൻ ദൈവത്തെക്കാണും. മറ്റാരെയുമല്ല അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ ദർശിക്കും" (ജോബ് 19:23–27).

ഏശയ്യായുടെ 24 മുതൽ 27 വരെയുള്ള അദ്ധ്യായങ്ങൾ ഒരു ചെറിയ വെളിപാടുപുസ്തകമാണ്. അതിൽ ഉത്ഥാനത്തെക്കുറിച്ചു പ്രതീക്ഷയുടെ ചില കിരണങ്ങൾ നമുക്ക് കാണാം. "അവിടുന്ന് മരണത്തെ എന്നേക്കുമായി ഗ്രസിക്കും. സകലരുടെയും കണ്ണുനീർ അവിടുന്ന് തുടച്ചുമാറ്റും. തന്റെ ജനത്തിന്റെ അവമാനം ഭൂമിയിൽ എല്ലായിടത്തുനിന്നും അവിടുന്ന് നീക്കിക്കളയും. കർത്താവാണ് ഇത് അരുളിചെയ്തിരിക്കുന്നത്" (ഏശയ്യാ 25:7–8). മക്കബായക്കാരുടെ പുസ്തകത്തിൽ വളരെ വ്യക്തമായി ഉത്ഥാനത്തിന്റെ ആശയം പ്രഖ്യാപിക്കപ്പെടുന്നുണ്ട്. "അന്ത്യശ്വാസം വലിക്കുമ്പോൾ അവൻ പറഞ്ഞു: ശപിക്കപ്പെട്ട നീചാ ഈ ജീവിതത്തിൽനിന്ന്, നീ ഞങ്ങളെ പുറത്താക്കുന്നു. എന്നാൽ പ്രപഞ്ചത്തിന്റെ അധിപൻ, ഞങ്ങളെ അനശ്വരജീവിതത്തിലേക്ക് ഉയിർപ്പിക്കും. അവിടുത്തെ നിയമങ്ങൾക്കുവേണ്ടിയാണ്, ഞങ്ങൾ ജീവിക്കുന്നത്" (2മക്കബായർ 7:9).

സദുക്കായർ ഉത്ഥാനത്തെക്കുറിച്ചുള്ള പഠനത്തെ ഭാവനാത്മകമായ സങ്കല്പത്തിന്റെ വെറും ആഗ്രഹമായിട്ടാണ്, ചിത്രീകരിക്കുന്നത്. അതുകൊണ്ട് അവർ ഭാവനയിൽ മെനെഞ്ഞെടുത്തുണ്ടാക്കിയ കഥയാണ്, ഒരു സ്ത്രീയും ഏഴു ഭർത്താക്കന്മാരുമെന്ന സാങ്കല്പികകഥ. അതിൽ ഏഴു സഹോദരന്മാർ ഒന്നിനുശേഷം വേറൊരാൾ എന്ന ക്രമത്തിൽ തുടർച്ചയായി ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നു. ഒരാൾ മരിച്ചു കഴിഞ്ഞപ്പോൾ അടുത്ത സഹോദരൻ ആ സ്ത്രീയെ ഭാര്യയാക്കിയിരുന്നു. ഉത്ഥാനത്തിൽ ഈ സ്ത്രീ ആരുടെ ഭാര്യയായിരിക്കുമെന്നാണ് സദുക്കായർ ചോദിക്കുന്നത്? യേശുവിനെയും ഉത്ഥാനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തെയും പുച്ഛിച്ചു തള്ളാനുള്ള ഒരു തന്ത്രമായിരുന്നു ഇത്. ഇന്നും ഇതെല്ലാം പ്രസക്തമാണ്. ഭൗതികവാദികൾ എന്ന് വിളിക്കപ്പെടുന്നവർ, കുഴിമാടത്തിനപ്പുറത്ത് ഒരു ജീവിതമില്ലെന്ന് പ്രചരിപ്പിക്കുന്നവരാണ്. ഇതാണ് ചാർവ്വാകസിദ്ധാന്തം (എപ്പിക്കൂറിയനിസം). ഇപ്പോൾ തിന്നുക, കുടിക്കുക, സുഖിക്കുക. എന്തുകൊണ്ടെന്നാൽ നാളെ നിങ്ങളുണ്ടാവില്ല.

കുഴിമാടത്തിനപ്പുറത്തേക്കാണ് യേശു നമ്മുടെ ചിന്തകൾകൊണ്ടുപോകുന്നത്. വരാനിരിക്കുന്ന ഭാവിയിലേക്ക്. യേശു അവതരിപ്പിക്കുന്നത്

വെറും മൂല്യരഹിത ശാരീരിക സുഖങ്ങളായ, തീനും കുടിയും ശരീരിക വേഴ്ചകളുമല്ല. നമ്മുടെ ശരീരങ്ങളുടെ രൂപാന്തരപ്പെടൽ എന്നതാണ് യേശു കാണിച്ചുതരുന്നത്. നമ്മുടെ ശരീരങ്ങൾ രൂപാന്തരപ്പെടും. നമ്മൾ മാലാഖമാരെപ്പോലെ ആയിത്തീരും. അപ്പോൾ എല്ലാവരും പ്രകാശി തരാകും. അഴിവില്ലാത്തവരായിത്തീരും. അപ്പോൾ വിശപ്പില്ല, ദാഹമില്ല, ദുഃഖമില്ല. കണ്ണീരും കരച്ചിലും ഇല്ല. ആ സ്ഥിതിയിൽ വിവാഹമില്ല. സ്ത്രീപുരുഷഭേദമില്ല. ഭാര്യാഭർത്താക്കന്മാരില്ല. ഇവയെല്ലാം ഈ ലോകത്തിലെ സമയബന്ധിതമായ തരംതിരിവുകളാണ്. അതെല്ലാം അപ്രത്യക്ഷമാവും. എല്ലാവരും അപ്പോൾ ദൈവത്തിന്റെ സാന്നിധ്യ ത്തിലാണ്. ദൈവത്തിന്റെ മഹത്വം അവരെ രൂപാന്തരപ്പെടുത്തുന്നു. അതാണ് നിത്യമായ നിർവൃതി. ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചു ധ്യാനിച്ചു അതിൽ പങ്കുപറ്റി എല്ലാവരും അവിടെ കഴിയുന്നു. അവിടെ ദൈവത്തെ നിത്യമായി സ്തുതിച്ചുകൊണ്ട് ആനന്ദനിർവൃതിയിൽ ലയിക്കുന്നു.

ഈ സന്ദർഭത്തിന് യോജിക്കുന്നതാണ് വി. പൗലോസിന്റെ ഉത്ഥാന ത്തെക്കുറിച്ചുള്ള പഠനങ്ങൾ. കൊറിന്ത്യാക്കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ 15-ാം അദ്ധ്യായത്തിൽ പറയുന്നു: “മരണം തോല്പി ക്കപ്പെടും, ശരീരം മഹത്വീകരിക്കപ്പെടും. കണ്ണുനീർ തുടച്ചുമാറ്റപ്പെടും. പിന്നീട് വേദനയില്ല. നിത്യാനന്ദം മാത്രം. നമ്മൾ എല്ലാവരും ആ രൂപാ ന്തരത്തിനും അനശ്വരമായ മഹത്വത്തിനും കാത്തിരിക്കുന്നു”

വി. പൗലോസ് ഉത്ഥാനത്തോടൊപ്പം സംഭവിക്കുന്ന രൂപാന്തരണ ത്തെക്കുറിച്ച് വിശദീകരിക്കുന്നത് വായിക്കുക. “ഇപ്രകാരംതന്നെയാണ് മരിച്ചവരുടെ പുനരുത്ഥാനവും നശ്വരമായത് വിതയ്ക്കപ്പെടുന്നു. അനശ്വരമായത് ഉയിർപ്പിക്കപ്പെടുന്നു. അവമാനത്തിൽ വിതയ്ക്ക പ്പെടുന്നു, മഹിമയിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്ക പ്പെടുന്നു. ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. വിതയ്ക്കപ്പെടുന്നത് ഭൗതിക ശരീരം പുനർജ്ജീവിക്കുന്നത് ആത്മീയ ശരീരം” (1 കൊറി 15:42-44). ഇതു മരണത്തിൽ മേലുള്ള വിജയമാണെന്ന് വി. പൗലോസ് പറയുന്നു: “അങ്ങനെ നശ്വരമായത് അനശ്വരതയും, മർത്യമായത് അമർത്യതയും പ്രാപിച്ചുകഴിയുമ്പോൾ, മരണത്തെ വിജയം ഗ്രസിച്ചുവെന്ന് എഴുത പ്പെട്ടത് യാഥാർത്ഥ്യമാവും. മരണമേ നിന്റെ വിജയം എവിടെ? മരണമേ നിന്റെ ദംശനം എവിടെ?” (1 കൊറിന്ത്യർ 15:54-55).

# 81

# നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക

**മത്തായി 25:21**

*"യജമാനൻ പറഞ്ഞു: കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ, അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക" (മത്തായി 25:14-21).*

ഈ വചനങ്ങളിൽ കർത്താവു വളരെ ഭംഗിയായി താലന്തുകളുടെ ഉപമ ഒരു മനോഹര കഥയായി അവതരിപ്പിക്കുന്നു. താലന്ത് ഒരു വലിയ തുകയാണ്. തൂക്കത്തിൽ ഏകദേശം 34 കിലോയിൽ അല്പം കൂടുതലാണ്. പതിനഞ്ചുകൊല്ലം ഒരു ദിവസക്കൂലിക്കാരൻ പണിയെടുത്താലെ ഇത്രയും സമ്പാദിക്കാൻ കഴിയുകയൊള്ളൂ. ഒരു യജമാനൻ ദൂരെ യാത്രയ്ക്കുപോകുന്നതിന് മുമ്പ്, തന്റെ ഭൃത്യന്മാരെ വിളിച്ച് കുറെ താലന്തുകൾ വീതം അവർക്ക് വീതിച്ചുകൊടുത്തു. ഓരോരുത്തരുടെയും കഴിവനുസരിച്ചാണ് യജമാനൻ കൊടുക്കുന്നത്. തുല്യമായിട്ടല്ല വിതരണം. ഇതു ദൈവത്തിന്റെ ദാനമാണ്. ഓരോരുത്തർക്കും ദൈവം കൊടുത്തത് ഒരു പോലെയല്ല. ഓരോരുത്തർക്കും കൊടുക്കുന്നത് ഓരോ ദാനം.

യജമാനൻ മൂലധനം നിക്ഷേപിക്കുന്നത് ലാഭത്തിനുവേണ്ടിയാണ്. കൂടുതൽ ലാഭം കിട്ടുന്നുവോ, അത്രമാത്രം അയാൾക്ക് നല്ലത്. ഇവിടെ മറ്റൊരു ചോദ്യം ന്യായമായി ഉയർന്നുവരുന്നു? കർത്താവ് അന്യായ പ്പലിശയും, ചൂഷണവും മാന്യമല്ലാത്ത ലാഭവും അംഗീകരിക്കുന്നുണ്ടോ? ഈ കഥയെക്കുറിച്ച് പഠിക്കുമ്പോൾ. ഇതിന്റെ കേന്ദ്രാശയം എന്താണെന്ന് ആദ്യമേ, അന്വേഷിക്കണം. തന്ന കഴിവുകളും നൈപുണ്യങ്ങളും സ്വത്തും, സമയവും, സാഹചര്യങ്ങളും, എങ്ങനെയാണ് നമ്മൾ ഉപയോഗിക്കേണ്ടതെന്ന്, ഈ ഉപമ വഴി കർത്താവ് നമ്മളെ പഠിപ്പിക്കുന്നു. അല്ലാതെ ബ്ലേയിഡ് പലിശക്ക് പണം കടംകൊടുക്കുന്ന രീതി പഠിപ്പിക്കുകയല്ല, ഇതിന്റെ ലക്ഷ്യം. ഇതിലെ വിവിധ വ്യക്തികളെ വിലയിരുത്തുന്നതു ഒരേ മാനദണ്ഡം ഉപയോഗിച്ചാണ്. വ്യത്യസ്ത കളവുകോൽ വച്ചല്ല. പലിശ വാങ്ങുന്ന കാര്യവും ലാഭം കൊയ്യുന്ന കാര്യമൊന്നും ഇവിടെ പ്രസക്തമല്ല. ആരും കർത്താവ് തന്നെ ദാനങ്ങൾ സ്വീകരിച്ച്

അലസരായിരിക്കാൻ പാടില്ല. ദൈവം തന്നെ കഴിവുകൾ പാഴാക്കി ക്കളയുമരുത്. ദൈവം തരുന്ന ദാനം ചെറുതോ വലുതോ ആകട്ടെ, അതു സ്വീകരിക്കുന്നവൻ ഉപയോഗിക്കണം. അവയെ അഭിവൃദ്ധിപ്പെടുത്തണം. ദൈവരാജ്യത്തനുവേണ്ടി ധീരമായിത്തന്നെ കഴിവുകളും സമ്പത്തും ഉപയോഗിക്കണം.

ഇതിനു സമാന്തരമായി ലൂക്കായുടെ സുവിശേഷം 19-ാം അദ്ധ്യായ ത്തിൽ മറ്റൊരു കഥ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ഭൃത്യന്മാർക്ക് പ്രതിഫലം കൊടുക്കുന്നത് നഗരങ്ങളുടെ മേലുള്ള അധികാരമായിട്ടാണ്. ഒരാൾക്ക് 10 നഗരങ്ങളും വേറൊരാൾക്ക് 5 നഗരങ്ങളും കൊടുക്കുന്നു. അവർ യജമാനന്റെ ആനന്ദത്തിൽ ഭാഗഭാക്കാവുകയാണ്. സ്വർഗ്ഗരാജ്യ ത്തിൽ ആയിരിക്കുകയെന്നാൽ, അവിടെ രാജകുമാരന്മാരും രാജ്ഞിമാരു മായി, ദൈവരാജ്യത്തിലെ രാജകീയ ഭരണത്തിൽ പങ്കുപറ്റുകയെന്നാണ്.

തന്റെ നാണയം പാഴാക്കി ഉപയോഗിക്കാതെ സൂക്ഷിച്ചവനെ യജമാനൻ ശിക്ഷിക്കുന്നു. അന്ധകാരത്തിലേക്ക് അവനെ തട്ടിക്കളയുന്നു. അതാണ് നിത്യശിക്ഷ. ദൈവം തന്നെയാണ്, ആത്യന്തികമായി നമ്മുടെ പ്രതിഫലം. ദൈവത്തോടൊപ്പമാണോ, അല്ലയോ എന്നതാണ് പ്രസക്ത മായ കാര്യം. ഒരു മനുഷ്യൻ ലോകത്തിൽ വച്ച് തന്റെ കഴിവുകളും സമയവും സമ്പത്തും അവസരങ്ങളും എങ്ങനെ ഉപയോഗിക്കുന്നുവെന്ന തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വച്ചുതന്നെ പ്രതിഫലം തീരുമാനിക്ക പ്പെട്ടു കഴിയും.

## 82

# വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ

**മത്തായി 25:84**

*"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുകൂടെ മഹത്വത്തിൽ എഴുന്ന ള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ട നാകും. അനന്തരം രാജാവ് തന്റെ വലതു ഭാഗത്തുള്ളവരോട് അരുളി ച്ചെയ്യും. വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കി യിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ - എന്തെന്നാൽ, എനിക്കു*

*വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു..." (മത്തായി 25:31–40).*

ചരിത്രത്തിൽ ഒരു ലക്ഷ്യമുണ്ടോ? അതിന് ഒരു ദിശാബോധമുണ്ടോ? ആരെങ്കിലും ചരിത്രത്തെ നിയന്ത്രിക്കുന്നുണ്ടോ? ലോകത്തിന്റെ തുടക്കം എങ്ങനെയെന്ന് ശാസ്ത്രജ്ഞന്മാർ വിശദീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു? ചിലർ അതിന്റെ തുടക്കം പുനർസൃഷ്ടിക്കാൻ പ്രതിബദ്ധതയോടെ ശ്രമിക്കുന്നു. ഈ പ്രപഞ്ചം മുഴുവനും, ഒരു വലിയ സ്ഫോടനത്താൽ ഉണ്ടായതാണെങ്കിൽ ഒരു മഹാ വിസ്ഫോടനത്താൽ അവസാനിക്കുകയും ചെയ്യാം. ഈ ലോകം മുഴുവൻ വിഘടിച്ച് അലിഞ്ഞ് ഇല്ലാതാകുമോ? പരിപൂർണ്ണ നിശബ്ദതയിലേക്കും ഇല്ലായ്മയിലേക്കും ഇടിഞ്ഞ് ഇല്ലാതാകുമോ? അഥവാ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന, ഒരു ചാക്രിക പ്രക്രിയ അവസാനിക്കാത്തവിധത്തിൽ പുനരാവർത്തിക്കപ്പെടുമോ? ഇത്തരം ചോദ്യങ്ങൾ ഇനിയും ഉത്തരം കിട്ടാതെ അവശേഷിക്കപ്പെടുന്നു.

എന്നാൽ ബൈബിൾ വരച്ചുകാണിക്കുന്ന ചിത്രം മറ്റൊന്നാണ്. ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. അതിന് നിശ്ചിതമായ ഉദ്ദേശ്യവും ലക്ഷ്യവും ഉണ്ട്. അതു വെളിപാട് 21–ൽ പറയുന്നു: "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നു പോയി. കടലും അപ്രത്യക്ഷമായി വിശുദ്ധനഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു. സിംഹാസനത്തിൽനിന്ന് വലിയൊരു സ്വരം കേട്ടു. ഇതാ ദൈവത്തന്റെ കൂടാരം മനുഷ്യരോടു കൂടെ അവിടുന്ന് അവരോടു കൂടെ വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണുനീർ തുടച്ചുമാറ്റും. ഇനി മരണം ഉണ്ടാവില്ല. ഇനിമേൽ ദുഃഖവും മുറവിളിയും വേദനയും ഉണ്ടാവില്ല. പഴയതെല്ലാം കടന്നുപോയി" (1–4). സകലസൃഷ്ടികളും പുതുതാക്കപ്പെടും. ദൈവം തന്റെ കൂടാരം അവരുടെ മദ്ധ്യേ സ്ഥാപിക്കും. അതായത് മർത്യരുടെ മദ്ധ്യേ.

സൃഷ്ടിയുടെ പരമ ലക്ഷ്യം നശിപ്പിക്കലല്ല. പുനർരൂപാന്തരപ്പെടുത്തലാണ്. മത്തായിയുടെ സുവിശേഷത്തിൽ അവതരിക്കപ്പെടുന്നത് പ്രപഞ്ചത്തിന്റെ ആത്യന്തികലക്ഷ്യമാണ്. അത് യേശുക്രിസ്തുവിന്റെ വാക്കുകളിൽ പ്രകടിക്കപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെ അന്ത്യം മനുഷ്യപുത്രന്റെ മഹത്വപൂർണ്ണമായ പുനരാഗമനത്തോടെ സംഭവിക്കും.

അവിടുന്ന് സൃഷ്ടിയെ അതിന്റെ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിലേക്ക് എത്തിക്കും. അപ്പോൾ ഓരോരുത്തർക്കും അവരുടെ പ്രവർത്തനത്തിനനുസരിച്ച് പ്രതിഫലം ലഭിക്കും.

മഹത്വപൂർണ്ണനായ യേശു അപ്പോൾ ഒരു നീതിമാനായ വിധിയാളനാകും. അതേ സമയം കാരുണ്യവാനായ ഒരു വിധി കർത്താവുമായിരിക്കും. അപ്പോൾ തന്റെ വിശ്വസ്തർക്ക് രാജ്യം കൊടുക്കുന്നു. അതിൽ അവർ രാജകുമാരന്മാരായിരിക്കും. ദൈവവുമായുള്ള ഒരു ജീവിതമാണ് അവിടുന്ന് വാഗ്ദാനം ചെയ്യുന്നത്. തന്നോടു വിശ്വസ്തരായിരുന്നവർക്ക്, അവിടുന്നു കൊടുക്കുന്ന വിധിവാചകം ഒരു വിളിയാണ്: “വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ” ആ വിധിക്ക് ഒരേയൊരു വ്യവസ്ഥമാത്രം. അയൽക്കാരോടുള്ള സജീവവും ഫലപ്രദവുമായ സ്നേഹം. “ഞാൻ വിശക്കുന്നവനും ദാഹിക്കുന്നവനുമായിരുന്നു. നിങ്ങൾ എനിക്ക് ഭക്ഷിക്കാനും കുടിക്കാനും തന്നു. ഞൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു...” നമ്മൾ പാവപ്പെട്ടവരിലും ദരിദ്രരിലും ബലഹീനരിലും ഇപ്പോൾ ദൈവത്തെ കണ്ട് അവരെ സ്നേഹിക്കണം.

എവിടെ ദൈവം? എവിടെ ഉത്ഥിതനായ കർത്താവ്? എന്നിങ്ങനെ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിനുത്തരം കർത്താവുതന്നെ തന്നിട്ടുണ്ട്. സഹിക്കുന്ന മനുഷ്യരിലാണ് ദൈവം. അത് അംഗീകരിച്ചുകൊണ്ട് അവരുടെ സഹായത്തിന് തയ്യാറാകുക. “വരുവിൻ നിങ്ങൾക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ” എന്ന കർത്താവിന്റെ ക്ഷണം കേൾക്കാനുള്ള കൃപ നമ്മൾ ഏവർക്കും ഉണ്ടാകട്ടെ.

## 83

# യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

**മത്തായി 28:20**

*“യേശു നിർദ്ദേശിച്ചതുപോലെ പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്ക് പോയി... യേശു അവരെ സമീപിച്ച് അരുളിച്ചെയ്തു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെ*

*ട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം അനുസരിക്കുവിൻ, അവരെ പഠിപ്പിക്കുവിൻ, യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്തായി 28:16-20).*

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പായി അവിടുന്ന് തന്റെ ഭൗതികജീവിതത്തിൽ, നല്കിയ അവസാനത്തെ വാഗ്ദാനമാണിത്. മത്തായി ശ്ലീഹാ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ഉത്ഥിതനായ കർത്താവ് ഗലീലിയായിലെ മലമുകളിൽ വച്ചാണ് ഈ വാഗ്ദാനം നല്കുന്നത്. ആ മലമുകളിൽ പല പ്രധാന സംഭവങ്ങളും അരങ്ങേറിയിട്ടുണ്ട്. വെളിപാടിന്റെയും സൗഭാഗ്യങ്ങളുടെയും മലയാണിത്. അവിടെയാണ് കർത്താവ് സുവിശേഷ സൗഭാഗ്യങ്ങൾ പ്രഖ്യാപിച്ചത്.

ഇവിടെ കർത്താവ് തന്റെ ശിഷ്യന്മാരെ സുവിശേഷം പ്രഘോഷിക്കാൻ പറഞ്ഞയക്കുന്നതാണ് സന്ദർഭം. അതേ ലോകത്തിന്റെ അതിർത്തികൾ വരെ, അവർക്ക് പോകേണ്ട ദൂരത്തിനും ദേശങ്ങൾക്കും പരിധിയില്ല. കർത്താവ് അവർക്ക് കൊടുക്കുന്നത് ശക്തമായ ഒരു ഉറപ്പാണ്: "കണ്ടാലും എന്നും യുഗാന്തം വരെ ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ഈ വാഗ്ദാനം കൊടുക്കുന്നത് ഉത്ഥാനം ചെയ്ത മഹത്വപൂർണ്ണനായ യേശുവാണ്. ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവു തന്നെ. ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുക എന്നതിന്റെ അർത്ഥം എന്താണ്? അതിനു കർത്താവ് തന്നെ വിശദീകരണം നല്കുന്നുണ്ട്. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരങ്ങളും എനിക്ക് നല്കപ്പെട്ടിരിക്കുന്നു" (മത്തായി 28:19). ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുക എന്നു പറയുന്നത് സകല അധികാരങ്ങളും നല്കപ്പെട്ടതുപോലെയാണ് (2 അപ്പസ്തോലർ 2:38). അതു തന്നെയാണ് പൗലോസ്ശ്ലീഹാ പറയുന്നത്: "ദൈവം അവനെ അത്യധികം ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു" (ഫിലിപ്പിയർ 2:9).

ഉയർത്തപ്പെട്ട, മഹത്വീകരിക്കപ്പെട്ട കർത്താവ് എവിടെയാണ്? എവിടെ നമ്മൾ കർത്താവിനെ കണ്ടുമുട്ടുന്നു? അവിടുന്ന് പരിശുദ്ധ കുർബാനയിൽ ഉണ്ട്. ബൈബിളിൽ ഉണ്ട്. അതാണ് ദൈവവചനം. സമൂഹത്തിൽ ഉണ്ട്. വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉണ്ട്. ഇല്ലായ്മയിൽ കഴിയുന്നവരിൽ ഉണ്ട് (മത്തായി 25:40). കർത്താവ് നമ്മുടെ

യിടയിൽ സന്നിഹിതനാണെന്ന അവബോധം നമുക്ക് ഉണ്ടാകുമ്പോൾ നമ്മൾ ഒറ്റപ്പെട്ടവരാണെന്ന ഭയം ഒരിക്കലും ഉണ്ടാകില്ല. കുർബ്ബാനയിൽ ഈ സത്യം ആവർത്തിക്കപ്പെടുന്നു. "കർത്താവ് നിങ്ങളുടെ കൂടെ"– Dominus Vobiscum - The Lord is with You ഈ സന്ദേശം കുർബ്ബാനയിൽ വിശ്വാസികൾക്ക് കൊടുക്കുന്നു. അവിടുന്ന് നിങ്ങളോടു കൂടെയും നമ്മളോടുകൂടെയും ഉണ്ട്. ഒരിക്കലും മറക്കാനാവാത്ത സത്യമാണിത്. ഈ സത്യമാണ് കർത്താവിന്റെ വാഗ്ദാനഫലം. നിങ്ങളും ശരീരികവും ആത്മീയവും ആന്തരീകവുമായ മിഴികൾ തുറന്ന്, യേശുവിനെ നിങ്ങളുടെ ഹൃദയത്തിന്റെ കേന്ദ്രത്തിൽത്തന്നെ കാണുക.

## 84

# നിങ്ങൾ നൂറുമേനി ഫലം പുറപ്പെടുവിക്കും

**മർക്കോസ് 4:20**

*"നല്ല മണ്ണിൽ വിതയ്ക്കപ്പെട്ട വിത്താകട്ടെ, വചനം ശ്രവിക്കുകയും, സ്വീകരിക്കുകയും ചെയ്യുന്നവരാണ്. അവർ മുപ്പതുമേനിയും അറുപതു മേനിയും, നൂറുമേനിയും ഫലം പുറപ്പെടുവിക്കുന്നു" (മർക്കോസ് 4:20).*

വിതക്കാരന്റെ ഉപമ നമുക്ക് സുപരിചതമായ ഒരു കഥയാണ്, അവതരിപ്പിക്കുന്നത്. ഈ ഉപമയിൽ, യേശു അന്നാട്ടിൽ സാധാരണ നടക്കുന്ന ഒരു യാഥാർത്ഥ്യമാണ് എടുത്തു ഉപയോഗിക്കുന്നത്. വിത ക്കാരൻ വിത്തുവിതയ്ക്കുന്നത്, സാധാരണ നടക്കുന്ന ഒരു കാര്യം. ആ വിത്തുകളിൽ ചിലതു വഴിയരികിൽ വീണു. പക്ഷികൾ വന്ന് അവ തിന്നു കളഞ്ഞു. ചിലത് പാറപ്പുറത്തുവീണു, അവ പെട്ടെന്ന് മുളച്ചു. സൂര്യന്റെ ചൂടുകൊണ്ട് വാടിക്കരിഞ്ഞുപോയി. വേറെ ചിലത് മുൾച്ചെടികൾക്ക് ഇടയിൽവീണു, മുൾച്ചെടികൾ വളർന്ന് അവയെ ഞെക്കിക്കളഞ്ഞു. അവ ഫലം പുറപ്പെടുവിച്ചില്ല. ശേഷിച്ചവ നല്ല നിലത്തുവീണു. അവ മുപ്പതു മേനിയും, അറുപതുമേനിയും നൂറുമേനിയും ഫലം പുറപ്പെടുവിച്ചു. വിത്തുകൾ വിവിധ സ്ഥലങ്ങളിൽ വീഴുന്നതും ഫലം തരാതെ നശിക്കു ന്നതും പല മേനി ഫലം വിളയിക്കുന്നതുമെല്ലാം പ്രകൃതിയിൽ നടക്കുന്ന യാഥാർത്ഥ്യമാണ്. അവയെ എടുത്ത് അതിനു സമാന്തരമായി ഒരു സ്വർഗ്ഗീയ യാഥാർത്ഥ്യം അവിടുന്ന് വിശദീകരിക്കുന്നു. ഇതിലെ കേന്ദ്ര

സന്ദേശം ദൈവവചനത്തിന്റെ ഗതിവിഗതികളാണ്. ദൈവരാജ്യം ഭൂമിയിൽ രൂപംകൊണ്ട് വളർന്നുവരുമ്പോൾ, നിരവധി പ്രതിബന്ധങ്ങൾക്കിടയിൽ നൂറുമേനി ഫലം പുറപ്പെടുവിക്കും.

ഈ കഥ രണ്ടു തലത്തിൽ നമ്മുടെ പരിഗണനയിൽ വരുന്നു. ചരിത്ര പുരുഷനായ യേശുവാണ് ഈ കഥ പറഞ്ഞത്. യേശു വചനം പ്രഘോഷിച്ച ചരിത്രപശ്ചാത്തലത്തിൽ, അതിനെതിരെ പല ശത്രുക്കളും പ്രബലപ്പെട്ടുകൊണ്ടിരുന്നു. യഹൂദനേതാക്കൾ യേശുവിനെയും യേശുവിന്റെ പ്രബോധനങ്ങളെയും തിരസ്കരിച്ചിരുന്നു. യേശു വിതച്ച ദൈവവചനമായ വിത്ത് വളർന്ന് ഫലം തരാതെ, പല വിധത്തിൽ നശിക്കാനിടയായി. ദൈവരാജ്യം പ്രത്യക്ഷത്തിൽ ഒരു പരാജയമാണെന്ന് തോന്നിയാലും നല്ല നിലത്തുവീണവ വളർന്ന്, നൂറുമേനി വിളയുമെന്നാണ്, യേശുവിന്റെ ശുഭാപ്തി വിശ്വാസം.

ഈ ഉപമ തന്നെ സഭയുടെ വളർച്ചയെക്കാണിക്കുന്നവിധം വ്യാഖ്യാനിക്കാവുന്നതാണ്. അപ്പോൾ വചനത്തിന്റെ ഗതിവിഗതികളിൽനിന്ന് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അവയുടെ ശ്രോതാക്കൾ, അല്ലെങ്കിൽ സ്വീകർത്താക്കളിലേക്കാണ്. ദൈവവചനം സ്വീകരിക്കുന്നവർ വിവിധ മനോഭാവവും പ്രവണതകളും ഉള്ളവരാണ്. വിവിധ വ്യക്തികൾ ദൈവവചനത്തോട് പ്രതികരിക്കുന്നതും പ്രത്യുത്തരം നല്കുന്നതും വിവിധ രീതിയിലാണ്. ഒരാൾ എങ്ങനെ വചനം സ്വീകരിച്ചു. പ്രയോഗത്തിൽ നടപ്പിലാക്കും എന്നതിന്റെ അടിസ്ഥാനത്തിലാണ് ഫലങ്ങൾ പുറപ്പെടുവിക്കുന്നത്. ഇങ്ങനെ ചിന്തിക്കുമ്പോൾ ഈ കഥയുടെ കേന്ദ്രബിന്ദുവായി നില്ക്കുന്നത്, ശ്രോതാക്കളുടെ ഹൃദയമാണ്. വിശുദ്ധവും മാന്യവുമായ ഒരു ഹൃദയത്തോടെ വചനം ശ്രവിച്ചു. ഫലം പുറപ്പെടുവിക്കാനുള്ള ഒരു വിളിയാണ് ഈ ഉപമ.

“നല്ല നിലത്തുവീണതോ, വചനം കേട്ടു ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ചു, ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ്” (ലൂക്കാ 8:15). ശുഭാപ്തി വിശ്വാസത്തിലേക്കും വിശ്വസ്തയിലേക്കും, ക്ഷമാപൂർണ്ണമായ നിലനില്പിലേക്കും ഈ ഉപമ നമ്മളെ ആഹ്വാനം ചെയ്യുന്നു. ഇതിൽനിന്ന് വരുന്ന ഫലങ്ങൾ ഏതെല്ലാമെന്ന് വി. പൗലോസ് വിശദീകരിക്കുന്നു. “എന്നാൽ ആത്മാവിന്റെ ഫലങ്ങൾ, സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം” എന്നിവയാണ്. (ഗലാത്തിയർ 5:22).

# 85

# നിങ്ങൾക്ക് കൂടുതലും ലഭിക്കും

**മർക്കോസ് 4:25**

*"നിങ്ങൾ അളക്കുന്ന അളവിൽത്തന്നെ നിങ്ങൾക്ക് അളന്നുകിട്ടും, കൂടുതലും ലഭിക്കും. ഉള്ളവനു നല്കപ്പെടും. ഇല്ലാത്തവരിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും" (മർക്കോസ് 4:21-25).*

ഈ വചനങ്ങളുടെ അവസാനം വായിക്കുമ്പോൾ, നീതിരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതി പഠിപ്പിക്കാനാണ് ബൈബിൾ ശ്രമിക്കുന്നതെന്ന് പ്രത്യക്ഷത്തിൽ തോന്നും. ഇതുവായിക്കുമ്പോൾ, പൊതുവേ വായനക്കാർക്ക് പെട്ടെന്ന് തോന്നുന്നത് ഈ അഭിപ്രായമാകും: "ഉള്ളവന് നല്കപ്പെടും ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും" കർത്താവിന്, ഇങ്ങനെ നീതിരഹിതമായ ഒരു പ്രസ്താവന എങ്ങനെ ചെയ്യാൻ കഴിയും? കർത്താവ് അനീതി നിറഞ്ഞ ഒരു സാമൂഹ്യവ്യവസ്ഥയെ അംഗീകരിക്കുകയാണോ? പാവപ്പെട്ടവരിൽനിന്ന് ഉള്ളതുപോലും എടുത്ത് ഉള്ളവനെ സഹായിക്കുകയാണോ? ധനികരെ വീണ്ടും ധനികരാക്കാൻ ശ്രമിക്കുകയാണോ? എന്നാൽ, ഇവിടെ ലോകത്തിൽ സാധാരണയായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യം ഒരുപമയായിട്ട് ഉപയോഗിച്ചുകൊണ്ട് മറ്റൊരു യാഥാർത്ഥ്യം വിശദമാക്കുന്നു. കാണപ്പെടാത്ത ഒരു സ്വർഗ്ഗീയ യാഥാർത്ഥ്യമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ഒരുപമയിൽ പ്രധാനപ്പെട്ടത് അതിന്റെ കേന്ദ്രസന്ദേശമാണ്. ഭൂമിയിലെ നമ്മുടെ അനുഭവം എങ്ങനെയോ അങ്ങനെതന്നെയാണ് സ്വർഗ്ഗത്തിലും എന്നാണ് അർത്ഥമാക്കുന്നത്. ഇവിടെ കർത്താവ് സാമൂഹ്യനീതിയെക്കുറിച്ചല്ല പഠിപ്പിക്കുന്നത്. സാധാരണ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് ഒത്തിരി സമ്പത്തുള്ളവർക്ക് പിന്നെയും കൂടുതൽ കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ്. ഒന്നുമില്ലാത്തവന് ഉള്ളതുപോലും നഷ്ടമാകുന്ന ദൈവരാജ്യത്തിന്റെ സ്വഭാവവും ഇങ്ങനെതന്നെയെന്ന് ഈ ഉപമ വഴി വിശദമാക്കപ്പെടുന്നു.

ഈ സുവിശേഷ വചനങ്ങളിൽ മൂന്ന് ഉപമകൾ ഒന്നിനുപുറകേ മറ്റൊന്നായി രേഖപ്പെടുത്തിയിരിക്കുന്നു: "വിളക്ക് കൊണ്ടുവരുന്നത് പറയുടെ കീഴിലോ, കട്ടിലിന്റെ അടിയിലോ വയ്ക്കാനല്ല" വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്ന ഒന്നുമില്ല. വെളിച്ചത്തുവരാതെ രഹസ്യമായിരി

ക്കുന്നത് ഒന്നുമില്ല. സാധാരണ കണ്ടുവരുന്ന നിയമമനുസരിച്ച് മനുഷ്യർ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നത് ലാഭത്തിനുവേണ്ടിയാണ്. അതുകൊണ്ട് സാധാരണ കണ്ടുവരുന്നത് "ഉള്ളവനു വീണ്ടും കൂടുതൽ കിട്ടിക്കൊണ്ടിരിക്കുന്ന സംവിധാനമാണ്" ബിസിനസ്സിൽ മാത്രമല്ല, മറ്റു പല മേഖലകളിലും ഇതു തന്നെയാണ് നടക്കുന്നത്. കായികമത്സരങ്ങളിൽ, കളികളിൽ, ശാരീരികവും ബൗദ്ധികമായ പ്രവർത്തനമേഖലകളിൽ എല്ലാം ഉള്ളവനാണ് കൂടുതൽ കിട്ടുന്നത്. ആദ്ധ്യാത്മികതലത്തിലും വിശ്വാസമുള്ളവനും വിശ്വാസത്തിൽ വളരുന്നവനും ദൈവരാജ്യത്തിൽ കൂടുതൽ ഭാഗഭാഗിത്തം ലഭിക്കുന്നു. അവർക്ക് ദൈവസ്നേഹം അനുഭവിക്കാൻ കഴിയുന്നു. അത് അവരുടെ ജീവിതത്തിലെ മാറ്റിമറിച്ച് കൂടുതൽ ആനന്ദപൂർണ്ണമാക്കുന്നു. വിശ്വാസവും അനുസരണവും ഇല്ലാത്തവന്, ദൈവസ്നേഹം അനുഭവിക്കാൻ കഴിയാതെ വരുന്നു. അതിന്റെ ഫലമായി മന്ദതയും നിസ്സംഗതയും ഉണ്ടാകുന്നു. അത് ക്രമേണ വിശ്വാസത്തെത്തന്നെ കെടുത്തിക്കളയുന്നു. ഇങ്ങനെയാണ് ഈ ജീവിതാന്ത്യവിധി ഉണ്ടാകുന്നത്: "അവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും" ലൂക്കായുടെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ പറയുന്നതും ഇതിനോടു ചേർത്തുവായിക്കണം: "ഇല്ലാത്തവനിൽനിന്ന് അവൻ ഉണ്ടെന്ന് വിചാരിക്കുന്നതുകൂടെയും എടുക്കപ്പെടും. ഇല്ലായ്മയിൽ ആയിരുന്നാൽ ഉണ്ടാകാവുന്ന ഭവിഷത്ത് വിശ്വാസമില്ലായ്മയുടെ വിപത്തും ഇവിടെ വ്യക്തമാണ്."

## 86

# സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും

**(മർക്കോസ് 8:35)**

*"സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്ന അവൻ അതു നഷ്ടപ്പെടുത്തും. ആരെങ്കിലും എനിക്കു വേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും. ഒരുവൻ ലോകം മുഴുവൻ നേടിയാലും, തന്റെ ആത്മാവിനെ*

*നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട്, അവന് എന്തു പ്രയോജനം?" (മർക്കോസ് 8:34-37).*

യേശുവിന്റെ ഈ വാഗ്ദാനത്തിൽ, ഒരു വൈരുദ്ധ്യം ധ്വനിക്കുന്നു. സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു രക്ഷിക്കും. ഈ വാഗ്ദാനത്തിന്റെയും വചനത്തിന്റെയും ഉള്ളിൽ അന്തർലീനമായ അർത്ഥം മനസ്സിലാക്കാൻ, യേശു ഇതു പറഞ്ഞ സന്ദർഭം എന്താണെന്ന് പഠിക്കണം. യേശു തന്റെ ഗലീലിയിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ട്, ജറുസലെമിലേക്ക് യാത്ര തിരിക്കുന്നു. അതൊരു തീർത്ഥാടനമാണ് – കുരിശുമരണത്തിലേക്കുള്ള തീർത്ഥാടനം. എങ്കിലും അതിനുശേഷം അതിജീവനുമായി ഉത്ഥാനം, സംശയരഹിതമായി മുമ്പിൽ. ആ യാത്രക്കിടയിൽ യേശു തന്റെ ശിഷ്യന്മാരുടെ വിശ്വാസം പരീക്ഷിക്കുന്നു:

അവരോട് ചോദിക്കുന്നു: "ഞാൻ ആരെന്നാണ് ആളുകൾ പറയുന്നത്? ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? അതിനു മറുപടി പറയുന്നത് പത്രോസ് എന്ന ശിഷ്യപ്രമുഖൻ: "നീ ക്രിസ്തുവാണ്". പത്രോസിന്റെ ഈ ഏറ്റുപറച്ചിൽ ശിഷ്യസമൂഹത്തിന്റെ ഏറ്റു പറച്ചിലാണ്. ഉടനെ യേശു തന്റെ പീഡാനുഭവത്തെക്കുറിച്ചാണ് പ്രവചിക്കുന്നത്.

ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ട് യേശു തന്റെ ശിഷ്യത്വത്തിന് കൊടുക്കേണ്ടിവരുന്ന വിലയെന്തെന്ന് ശിഷ്യന്മാരെ പഠിപ്പിക്കുന്നു. തങ്ങളുടെ ഗുരുവിന് നേരിടേണ്ടിവരുന്നത് ഏറ്റം ലജ്ജാകരവും വേദനാജനകവുമായ ഒരു മരണം – കുരിശുമരണം. പ്രത്യക്ഷത്തിൽ വലിയ പരാജയത്തിന്റേതായ പര്യവസാനം. ഇവിടെ കർത്താവ് ജീവനെയും മരണത്തെയും കുറിച്ച് ഒരു പുതിയ ദർശനം ഉദീരണം ചെയ്യുന്നു. ജീവൻ നഷ്ടപ്പെടുത്തുന്നതിനും, അതു നേടുന്നതിനുമെല്ലാം ഒരു പുതിയ കാഴ്ചപ്പാട് അവിടുന്ന് അവതരിപ്പിക്കുന്നു. കർത്താവ് ഇവിടെ മുമ്പോട്ടുവയ്ക്കുന്നത്. ജീവിതത്തെക്കുറിച്ചും അതിന്റെ മൂല്യത്തെക്കുറിച്ചും അർത്ഥത്തെക്കുറിച്ചും വളരെ മൗലികമായ ഒരു ചോദ്യമാണ്. തന്റെ ഒരു ശിഷ്യന് അർത്ഥവും മൂല്യവുമുള്ളത് എന്തായിരിക്കണം? എപ്പോഴും എവിടെയും ഒരു നഷ്ടപ്പെടലിന് ഒരു വീണ്ടെടുക്കൽ ഉണ്ട് – അതായത് ഒരു നേട്ടം. ഒന്നും നഷ്ടപ്പെടുത്താതെ ആർക്കും ഒന്നും നേടാനാവില്ല. നിങ്ങളുടെ കൈകളിലുള്ളത് താഴെയിറക്കിവച്ചാലെ, പുതിയത് കൈവശമാക്കാൻ കഴിയുകയൊള്ളു. ഒരു കപ്പ് ശൂന്യമാണെങ്കിലെ അതിന്റെ ഉള്ളിൽ, പുതിയതു നിറക്കാൻ കഴിയുകയൊള്ളു. നിങ്ങൾക്ക് മുന്നോട്ടു പോകണമെങ്കിൽ, നില്ക്കുന്ന മണ്ണ് ഉപേക്ഷിച്ചിട്ട് മുന്നോട്ടു പോകണം. നമ്മൾക്ക് പുതിയ നേട്ടങ്ങൾ ഉണ്ടാകണമെങ്കിൽ. ഉള്ളതു പലതും ഉപേ

ക്ഷിച്ചേതീരൂ. ജീവനെ സംബന്ധിച്ചും ഇതുതന്നെയാണ് സ്ഥിതി. മാതാവിന്റെ ഉദരം ഉപേക്ഷിച്ചു പുറത്തുവന്നാലെ ഒരു ശിശുവിന് പ്രകാശം കാണാൻ കഴിയുകയുള്ളു. ഈ ജീവിതം വെടിഞ്ഞാലെ സ്വർഗ്ഗത്തിൽ പുതുജീവൻ ലഭ്യമാവുകയുള്ളു.

സ്നേഹം, നീതി, സമാധാനം സന്തോഷം എന്നീ മൂല്യങ്ങൾ നേടിയെടുക്കാൻ സാധാരണ വിലപ്പെട്ടതെന്ന് കരുതപ്പെടുന്ന, സുഖങ്ങൾ, സമ്പത്ത്, അധികാരം, അന്തസ്സ് മുതലായവയെല്ലാം നമ്മൾ ഉപേക്ഷിക്കേണ്ടിവരും. ഈ മൂല്യങ്ങളാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ നിധിപോലെ സൂക്ഷിക്കേണ്ടത്. അതോടൊപ്പം അവർ തങ്ങളുടെ കുരിശും എടുക്കണം. അതാണ്, ജീവന്റെ നഷ്ടപ്പെടുത്തലും നേടിയെടുക്കലും. യേശു ക്രിസ്തുവിന്റെ കുരിശുമരണവും തൊട്ടടുത്തുണ്ടായ എസ്തപ്പോനേസിന്റെ ധീരമരണവും തൊട്ട്, എത്രയോ ലക്ഷങ്ങൾ ലോകത്തിൽ എമ്പാടും രക്തസാക്ഷികളായി മരിച്ചവർ. ഇന്നും അതു തുടരുന്നു. ഇവയെല്ലാം യേശുവിന്റെ വാഗ്ദാനത്തിന് അർത്ഥവും അർത്ഥബന്ധങ്ങളും കൊടുക്കുന്നു.

## 87

# ഇവിടെ വച്ചുതന്നെ നൂറിരിട്ടി ലഭിക്കും

**(മർക്കോസ് 10:30)**

*"പത്രോസ് പറഞ്ഞു, ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. യേശു പ്രതിവചിച്ചു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്നെ പ്രതിയും സുവിശേഷത്തെപ്രതിയും, സഹോദരന്മാരെയോ, സഹോദരിമാരെയോ, മാതാവിനെയോ, പിതാവിനെയോ, മക്കളെയോ, വയലുകളയോ ത്യജിക്കുന്നുവർക്കും ഇവിടെ വച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കുകയില്ല" (മർക്കോസ് 10: 28–30).*

സകല നിയമങ്ങളും ചട്ടങ്ങളും പാലിച്ചു ജീവിക്കുന്ന ഒരു ചെറുപ്പക്കാരൻ യേശുവിന്റെ അടുക്കൽ വന്ന് ചോദിക്കുന്നു: "നിത്യജീവൻ അവകാശപ്പെടുത്താൻ ഞാൻ എന്തുചെയ്യണം"? യേശു അവൻ പ്രമാണങ്ങൾ എല്ലാം വിശദീകരിച്ചുകൊടുക്കുന്നു. അവയെല്ലാം അവൻ ചെറുപ്പം മുതലെ അനുസരിച്ചു നടക്കുന്നവനാണെന്ന് മനസ്സിലായപ്പോൾ യേശു പറഞ്ഞു: "നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റ് ദരി

ദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും പിന്നെ വന്ന് എന്നെ അനുഗമിക്കുക". ഈ വചനം കേട്ട്, വിഷാദിച്ച് സങ്കടത്തോടെ അവൻ തിരിച്ചു പോയി. കാരണം, അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു. യേശു പറഞ്ഞു: സമ്പന്നൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം! ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുകയാണ്. ഈ ഉപമ കേട്ടപ്പോൾ വി. പത്രോസ് ഒന്നു സന്തോഷിച്ച് യേശുവിനോട് ചോദിക്കുന്നു: "ഞങ്ങളുടെ കാര്യം എങ്ങനെയാണ്"? ഈ ചോദ്യത്തിനുത്തരമായിട്ടാണ് യേശു ഈ വാഗ്ദാനം ഉരുവിടുന്നത്. നൂറുമടങ്ങ് പ്രതിഫലമാണ്, യേശു വാഗ്ദാനം ചെയ്യുന്നത്. കുറെ നഷ്ടപ്പെടുത്തിയിട്ട്, വൻനേട്ടമുണ്ടാക്കുന്ന, ഒരു സാമ്പത്തിക വൈദഗ്ധ്യം പോലെയാണ്, ഇതെന്ന് തോന്നുന്നു.

കർത്താവ് വിഭാവന ചെയ്യുന്നതും വാഗ്ദാനം ചെയ്യുന്നതും ഒരു പുതിയ ബന്ധമാണ് – ഒരു കുടുംബബന്ധം. തന്റെ ശിഷ്യന്മാരും ദൈവജനവും എല്ലാം ഉൾപ്പെട്ട ഒരു വലിയ കുടുംബം. അതാണ് സഭ. ഈ ബന്ധം കുരിശിന്റെ അടിത്തറയിൽ അടിസ്ഥാനമിട്ടിരിക്കുകയാണ്. അവിടെ കർത്താവ് തന്റെ മാതാവിനെയും പ്രിയ ശിഷ്യനെയും പരസ്പരം ഉത്തരവാദിത്വം ഏല്പിച്ചുകൊടുത്തു: "കണ്ടാലും നിന്റെ മകൻ. കണ്ടാലും നിന്റെ അമ്മ" (യോഹന്നാൻ 19: 26–27).

ഇവിടെ രണ്ടു പ്രതിഫലമാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഒന്ന് ഇവിടെയും മറ്റൊന്ന് നിത്യതയിൽ നിത്യമായും. നമ്മൾ എല്ലാം ഒരു പുതിയ കുടുംബത്തിലെ അംഗങ്ങളാണ്. അതുകൊണ്ട് നമ്മൾക്കും പീഡനങ്ങൾ അനുഭവിക്കേണ്ടിവരും. പക്ഷേ, നിങ്ങൾ ലോകത്തിന്റെ ഏതു കോണിലാണെങ്കിലും, നിങ്ങൾ ഒറ്റപ്പെട്ടവനല്ല. ഒരു ബൃഹത്തായ കുടുംബത്തിലെ അംഗങ്ങളാണ് – സാർവ്വത്രീകസഭയിലെ അംഗങ്ങൾ. അതു വിശ്വം നിറഞ്ഞ് വിശാലമാണ്. മിഷനറിമാർ ലോകം മുഴുവൻ സ്വീകരിക്കപ്പെടുമ്പോൾ ആ ബന്ധം സമൂർത്തമായിത്തീരുന്നു. പടിഞ്ഞാറുനിന്ന് കിഴക്കോട്ടും കിഴക്കുനിന്ന് പടിഞ്ഞാറോട്ടും പ്രേഷിതപ്രവർത്തനങ്ങൾക്ക് വരുന്നവർ യേശുവിന്റെ കുടുംബബന്ധത്തിന്റെ സമൂർത്തഭാവങ്ങളാണ്. 'മിസരെയോർ', 'കാരിത്താസ്' മുതലായ അന്താരാഷ്ട്ര മിഷൻ പ്രവർത്തനങ്ങളും യേശുവിന്റെ കുടുംബത്തിന്റെ ഭാഗമാണ്. അതുപോലെ ലോകത്തിന്റെ ഒരു ഭാഗത്തുനിന്ന് മിഷനറിമാർ, ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നു.

അവയുടെ എല്ലാം പ്രതിഫലം ഇവിടെവച്ച് അവസാനിക്കുന്നില്ല. കുഴിമാടങ്ങൾക്കും കല്ലറകൾക്കും അപ്പുറത്ത് നിത്യതയിൽ എത്തുന്ന

താണ് ഇതിന്റെ പ്രതിഫലങ്ങൾ. അവിടെ ദൈവത്തോടൊപ്പം നിത്യാനന്ദമാണ്. നമ്മുടെ പ്രതീക്ഷകളുടെയെല്ലാം അടിസ്ഥാനം ഈ വാഗ്ദാനങ്ങളാണ്.

## 88

# മലമാറി കടലിൽ നിപതിക്കും

### (മർക്കോസ് 11:23)

*"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും ഈ മലയോട്, ഇവിടെ നിന്ന് മാറി കടലിൽച്ചെന്നു വീഴുക എന്നു പറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നതു സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്താൽ, അതു സാധിച്ചുകിട്ടും" (മർക്കോസ് 11: 20–25).*

ബഥാനിയായിൽ നിന്ന് യേശു നടന്നുവരുമ്പോൾ, നല്ല വിശപ്പുതോന്നി. ഭക്ഷിക്കാൻ എന്തെങ്കിലും കിട്ടുമോ എന്ന് അന്വേഷിച്ചുകൊണ്ടുവരുമ്പോൾ, തളിരിട്ടു നില്ക്കുന്ന, ഒരു അത്തിവൃക്ഷം അവിടെ കണ്ടു. യേശു അതിനു ചുറ്റും നടന്നുനോക്കി, എന്നാൽ ഒരു പഴവും കണ്ടില്ല. വെറും കമ്പുകളും ഇലകളും മാത്രം. യേശു വിഷമംകൊണ്ട് പറഞ്ഞു: "ആരും ഇനി ഒരിക്കലും ഇതിൽനിന്ന് പഴം തിന്നാതിരിക്കട്ടെ". പിറ്റേദിവസം രാവിലെ യേശുവും ശിഷ്യന്മാരും ആ വഴിയെതന്നെ തിരിച്ചുവരുമ്പോൾ, ആ അത്തിവൃക്ഷം സമൂലം ഉണങ്ങിക്കരിഞ്ഞിരുന്നു. ശിഷ്യന്മാർ അതുകണ്ട് അത്ഭുതപ്പെട്ടു. അവർ യേശുവിനോട് പറയുകയാണ്: "നീ ശപിച്ച അത്തിവൃക്ഷം അതാ നില്ക്കുന്നു, ഉണങ്ങിക്കരിഞ്ഞ്". ഈ സന്ദർഭത്തിൽ പ്രാർത്ഥനകൾ ഫലവത്തായിത്തീരാൻ വേണ്ട വ്യവസ്ഥകളെയാണ്, യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്നത്.

ആദ്യത്തെ വ്യവസ്ഥക്കടിയുറച്ച വിശ്വാസമാണ് – ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസം. പ്രാർത്ഥിക്കുന്നവന് യേശുവിന്റെ വാഗ്ദാനമാകുന്ന അടിസ്ഥാനശിലയിൽ, കാലുറപ്പിച്ചുനില്ക്കുന്ന വിശ്വാസമാണ് വേണ്ടത്. ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന് ഉറച്ചു വിശ്വസിക്കണം. നമ്മുടെ യാചനകൾ, സാധിച്ചുതരാൻ ദൈവം തയ്യാറാണെന്ന്, വിശ്വസിക്കണം. നമ്മൾ പ്രാർത്ഥിക്കുന്ന കാര്യം പിതാവായ ദൈവത്തിന് നന്നായി

അറിയാം. അതുശ്രവിച്ച് അവിടുന്നു സാധിച്ചുതരും. ഈ ഉത്തമ ബോധ്യത്തോടെ വേണം നമ്മൾ പ്രാർത്ഥിക്കാൻ.

രണ്ടാമത്തെ വ്യവസ്ഥ വിശ്വാസപൂർവ്വമുള്ള പ്രതീക്ഷയാണ്: “അതിനാൽ, ഞാൻ പറയുന്നു. പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ. നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും” (11: 24). ഹൃദയത്തിൽ ശങ്കിക്കാതെ താൻ പറയുന്നത് സംഭവിക്കുമെന്ന്, വിശ്വസിക്കുകയും ചെയ്യണം. എങ്കിലേ, യാചനകൾ സാധിച്ചു കിട്ടുകയുള്ളു. ദൈവത്തിന്റെ ഭണ്ഡാരം തുറക്കുന്ന താക്കോലാണ് വിശ്വാസം.

നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. പാതിരാത്രിയിൽ കടന്നുവന്ന് ശല്യം ചെയ്ത അയല്ക്കാരന്റെ ആവശ്യം സാധിച്ചുകൊടുത്തതുപോലെയും, നീതിരഹിതനായ ന്യായാധിപൻ വിധവയുടെ നിരന്തര ശല്യവും അസഹ്യപ്പെടുത്തലും ഒഴിവാക്കാൻ, നീതി പ്രവർത്തിച്ചുകൊടുത്തതുപോലെയും നിരന്തരമായ യാചനയുടെ ഫലമാണ് പ്രാർത്ഥനയുടെ ഫലപ്രാപ്തി.

വീണ്ടും വരുന്ന മറ്റൊരു വ്യവസ്ഥ, എല്ലാ ഉപദ്രവങ്ങളും നിരുപാധികം ക്ഷമിക്കുകയാണ്: “നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും” (മർക്കോസ് 11: 25).

# 89

# നിങ്ങളല്ല, പരിശുദ്ധാത്മാവ് നിങ്ങളിലൂടെ സംസാരിക്കും

**(മർക്കോസ് 13:11)**

*“അവർ നിങ്ങളെ ഏല്പിച്ചുകൊടുക്കാൻ കൊണ്ടുപോകുമ്പോൾ, എന്തുപറയണം എന്ന് വിചാരിച്ച് ഉത്കണ്ഠാകുലരാകേണ്ട. ആ സമയത്ത് നിങ്ങൾക്ക് ലഭിക്കുന്നതെന്തോ അതു സംസാരിക്കുവിൻ. നിങ്ങളല്ല പരിശുദ്ധാത്മാവായിരിക്കും സംസാരിക്കുക” (മർക്കോസ് 13:9-13).*

യേശു തന്റെ ശിഷ്യന്മാരെ, വരാനിരിക്കുന്ന പീഡാനുഭവത്തിന് ഒരുക്കുന്ന ഭാഗമാണ്, ഈ വചനങ്ങളിൽ. പരിശുദ്ധാത്മാവിന്റെ സഹായമാണ്, യേശുവിന്റെ വാഗ്ദാനം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ ഒന്നാണ്, വിശ്വാസികളെ സഹായിച്ച് ശക്തരാക്കുന്നത്. തന്റെ അനുയായികൾ നേരിടേണ്ടി വരുന്ന പീഡനങ്ങളും വിഷമങ്ങളും മുന്നറിയിപ്പായി യേശു നല്കുന്നു. അത് ഇന്നും പ്രസക്തമാണ് പ്രധാനപ്പെട്ടതാണ്.

സുവിശേഷം ലോകത്തിലെ സകല അതിർത്തികളിലും പ്രസംഗിക്കപ്പെടണം. ലോകം അതിനെ എതിർക്കും, നിരസിക്കും, മിഷനറിമാരെ കുറ്റ വിചാരണ ചെയ്യും, പീഡിപ്പിക്കും. വധിക്കും. അങ്ങനെ വളരെ പ്രതീക്ഷാരഹിതവും, ഭീകരവും ഭീതിദവുമായ ഒരു ചിത്രമാണ്, യേശു വരച്ചു കാണിക്കുന്നത്. അനുയായികളെ ആകർഷിക്കാൻ പറ്റുന്ന ഒരു നയതന്ത്രമല്ലിത്. എന്നാൽ കർത്താവ് സത്യം തുറന്നു പറയുന്നു. ഇത് തന്റെ അനുയായികളായി വരുന്നവർക്ക് കൊടുക്കുന്നത്. ഒരു വലിയ അപായ സൂചനയാണ്.

തന്റെ ശിഷ്യസമൂഹം എപ്പോഴും ഒരു ചെറു കൂട്ടായ്മയായിരിക്കും. ഭൗതികശക്തികൾ അതിനെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്യും. എങ്കിലും ഭയപ്പെടരുത്. അവർ മുൻക്കൂട്ടി പ്രതിരോധിക്കാൻ ഉപാധികളും ഉപപത്തികളും കരുതിവയ്ക്കേണ്ടതില്ല. പ്രതിസന്ധികളും വിചാരണകളും നേരിടുമ്പോൾ പരിശുദ്ധാരൂപി അവരെ പ്രചോദിപ്പിക്കും. അവർ പരിശുദ്ധാരൂപിയുടെ വക്താക്കൾ മാത്രം. അതിന്റെ തുടക്കം എസ്തപ്പാനേസിൽ ആരംഭിക്കുന്നു. അദ്ദേഹം അന്നു പറഞ്ഞ പ്രസംഗം ഏവരേയും പ്രചോദിപ്പിക്കുന്നതാണ്. കോരിത്തരിപ്പിക്കുന്നതാണ്. ചരിത്രത്തിൽ ഉടനീളെ ഈ വാഗ്ദാനം പ്രായോഗികമായി നടന്നുകൊണ്ടിരിക്കുന്നു.

പരസ്യമായ വിചാരണകൾ നടക്കുമ്പോൾ അവിടെ യഥാർത്ഥത്തിൽ നടക്കുന്നത്, സദ്വാർത്ത ലോകത്തിൽ പ്രഘോഷിക്കപ്പെടുകയാണ്. ഇന്ന് വിവിധ രാജ്യങ്ങളിൽ ക്രിസ്ത്യാനികൾ വേട്ടയാടപ്പെടുന്നു. കള്ളവിചാരണകളിൽ കുടുക്കി കഷ്ടപ്പെടുത്തുന്നു. കുറ്റം ആരോപിക്കപ്പെടുന്നു. അങ്ങനെ യേശുവിലുള്ള വിശ്വാസം ഒന്നുകൂടെ പരക്കെ പരസ്യമാക്കപ്പെടുകയും പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. വിധി നടത്തുന്ന ആരാച്ചാരന്മാരും, കൊലയാളികളും മാനസ്സാന്തരപ്പെടുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്. അതുകൊണ്ട് ഒരിക്കലും ഭയപ്പെടരുത്. പിൻമാറാൻ പാടില്ല. വാക്കുകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും യേശുവിലുള്ള വിശ്വാസം നമുക്ക് പ്രഘോഷിക്കാം.

# 90

# ദൈവരാജ്യം നിങ്ങളുടേതാണ്

## (ലൂക്കാ 6:20)

*"ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്. ഇപ്പോൾ വിശപ്പ് സഹിക്കുന്നവരേ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ തൃപ്തരാക്കപ്പെടും ഇപ്പോൾ കരയുന്നവരെ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ചിരിക്കും..." (ലൂക്കാ 6:20–26).*

സുവിശേഷ ഭാഗ്യങ്ങളെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ 5–ാം അദ്ധ്യായത്തിൽ 3 മുതൽ 12 വരെയുള്ള വചനങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പാഠഭേദമാണ്, ലൂക്കായുടെ സുവിശേഷത്തിൽ നാം വായിക്കുന്നത്. മത്തായി നിരത്തിവയ്ക്കുന്നത് ഒമ്പത് സൗഭാഗ്യങ്ങളാണ്. അതേ സമയം ലൂക്കാ നാലു ഭാഗ്യങ്ങൾ മാത്രം എടുത്തുപറയുന്നു. അതേസമയം തുടർച്ചയായി നാലു ശാപങ്ങൾ അഥവാ ദുരിതങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ സൗഭാഗ്യങ്ങളും വിരൽചൂണ്ടുന്നത് ഒരേയൊരു ദിശയിലേക്കാണ്. ദൈവരാജ്യത്തിലേക്ക്. യേശുവിനോടൊപ്പം ഭൂമിയിൽ അസ്തിത്തമെടുത്ത പുതിയൊരു യാഥാർത്ഥ്യമാണത്. ഇവിടെ എല്ലാ വാഗ്ദാനം കൊടുക്കുന്നത് മനുഷ്യപുത്രനായി അവതരിച്ച ദൈവപുത്രനാണ്. ദൈവപുത്രനായ യേശു മനുഷ്യവർഗ്ഗത്തിനുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സമൂർത്തീകരണമാണ്. ദൈവരാജ്യത്തിൽ, ആനന്ദവും സമാധാനവും, സംതൃപ്തിയും വമ്പിച്ച പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെടുന്നു. എന്നാൽ എല്ലാം ബാഹ്യമായി കാണപ്പെടുന്ന യാഥാർത്ഥ്യങ്ങൾക്ക് വിപരീതമായിട്ടാണ്.

ദൈവരാജ്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതും, അവകാശമായി തീറെഴുതി കിട്ടുന്നതും ആർക്കാണ്? ദൈവത്തിന്റെ ആവശ്യങ്ങളെ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്നവർക്കാണ്, അതിന്റെ അവകാശം. അവർ തീക്ഷ്ണതയോടെയും, ശുഷ്കാന്തിയോടെയും ദൈവരാജ്യത്തിന്റെ ഭരണം ആഗ്രഹിക്കുന്നവരും പാവപ്പെട്ടവരുമാണ്. അതിനുവേണ്ടി അവർ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. കണ്ണുനീരിന്റെയും മർദ്ദനങ്ങളുടെയുമിടയിൽ, അതിനുവേണ്ടി കഷ്ടപ്പെടുകയും സഹിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ വിശ്വാസത്തിന്റെ അകക്കണ്ണുകൾ തുറന്ന്, നമ്മിൽ പ്രവർത്തിക്കുന്ന ദൈവത്തെ കാണുക. ലോകത്തിൽ നിറഞ്ഞു നില്ക്കുന്ന ദൈവത്തെ കാണുക: ദൈവം നമ്മളിൽ പ്രവർത്തനനിരത നായതുകൊണ്ടാണ് നമ്മൾ ആനന്ദിക്കുന്നത്. നമുക്ക് വേണ്ടത് ഒരു പുതിയ സമീപനവും, ഒരു പുതിയ കാഴ്ചപ്പാടും ഒരു പുതിയ സാക്ഷാൽക്കാരവുമാണ്. ഇങ്ങനെ ലഭിക്കുന്ന ആനന്ദത്തിന് അന്തമില്ല. ഇവടെ അതു തുടങ്ങുന്നു. വരാനിരിക്കുന്ന ലോകത്തിൽ പൂർത്തീകരിക്കപ്പെടുന്നു. നിത്യമായി നിലനില്ക്കുകയും ചെയ്യും.

"മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിക്കുകയും പുറന്തള്ളുകയും, അവഹേളിക്കുകയും, നിങ്ങളുടെ പേര് ദുഷിച്ചതായി കരുതി തിരസ്കരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആഹ്ലാദിക്കുവിൻ സന്തോഷിച്ചു കുതിച്ചുചാടുവിൻ, സ്വർഗ്ഗരാജ്യത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും" (ലൂക്കാ. 6:23).

സ്വർഗ്ഗരാജ്യം ഇവിടെ വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത് സമയബന്ധിത കണക്കുകൂട്ടലുകൾക്കും വർത്തമാനകാലത്തിനും അപ്പുറത്ത് വരാനിരിക്കുന്ന ഒരു യാഥാർത്ഥ്യമായിട്ടാണ്, നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും ജീവിതത്തിന്റെയും ആത്യന്തികലക്ഷ്യം, സ്ഥലകാലപരിമിതികൾക്കപ്പുറത്താണ്. അതാണ് ആത്യന്തികപ്രതിഫലം. അതു ദൈവത്തിന്റെ ഒരു സമ്മാനമല്ല. അതു ദൈവം തന്നെയാണ്. ഈ ദാനം പുതിയ നിയമത്തിൽ പല പ്രതിരൂപങ്ങളിൽ പ്രകടിതമാക്കപ്പെട്ടിട്ടുണ്ട്.

1. എന്നും ദൈവത്തോടൊപ്പം ആയിരിക്കുക "അങ്ങനെ എന്നും കർത്താവിനോട് കൂടെ ആയിരിക്കും" (1 തെസ. 4:17).
2. ദൈവത്തെ അഭിമുഖമായിക്കാണാം. അവിടുത്തെപ്പോലെ ആകും". "അവിടന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും" (1 യോഹന്നാൻ 3:2).
3. യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക (മത്തായി 25:21).
4. സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുക (മത്തായി, 25:34).
5. വെള്ളവസ്ത്രം ധരിക്കുക (വെളിപാട് 7:9).
6. ഗാനമാലപിച്ചുകൊണ്ട് കുഞ്ഞാടിനെ അനുഗമിക്കുക, (വെളിപാട്: 14:1:4).
7. പുലർകാലനക്ഷത്രം സ്വീകരിക്കുക (വെളിപാട് 2:28).
8. ജീവവൃക്ഷത്തിൽ നിന്ന് ഭക്ഷിക്കുക (വെളിപാട് 2:7).

9. രാജകുരന്മാരെപ്പോലെ സിംഹാസനത്തിൽ ഇരിക്കുക (വെളിപാട് 3:21).

10. പരിപൂർണ്ണമായി രൂപാന്തരപ്പെടുക (1 കൊറി 15:19).

നമ്മുടെ പ്രതീക്ഷ നിത്യതയ്ക്കു വേണ്ടിയാണ് കടന്നുപോകുന്ന യാഥാർത്ഥ്യങ്ങൾക്കുവേണ്ടിയല്ല.

## 91

# നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കും

(ലൂക്കാ 10:20)

*"എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു: കർത്താവെ, നിന്റെ നാമത്തിൽ, പിശാചുക്കൾപോലും ഞങ്ങൾക്ക് കീഴ്പ്പെടുന്നു. അവൻ പറഞ്ഞു: സാത്താൻ ഇടിമിന്നൽപോലെ സ്വർഗ്ഗത്തിൽനിന്ന് നിപതിക്കുന്നത് ഞാൻ കണ്ടു... എന്നാൽ പിശാചുക്കൾ നിങ്ങൾക്ക് കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട: മറിച്ച്, നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ" (ലൂക്കാ 10:17-20).*

യേശുവിന്റെ 72 ശിഷ്യന്മാരും അവരുടെ ആദ്യത്തെ മിഷൻ പര്യടനത്തിന് അയയ്ക്കപ്പെട്ടപ്പോൾ, അതൊരു സാഹസിക യാത്രയായിരുന്നു. അവർ വഴിക്ക് മടിശ്ശീലയോ, സഞ്ചിയോ, ചെരിപ്പോ ഇല്ലാതെയാണ് യാത്ര ചെയ്തത്. രണ്ട് ഉടുപ്പുപോലും അവർ എടുത്തിരുന്നില്ല. ചെന്നായ്ക്കളുടെ ഇടയിലേക്ക് ഇറങ്ങിയ കുഞ്ഞാടുകളെപ്പോലെ അവർ പ്രേഷിതപ്രവർത്തനത്തിന് പുറപ്പെട്ടു. തിരിച്ചുവന്നപ്പോൾ അവർക്ക് പങ്കുവയ്ക്കാനുണ്ടായിരുന്നത് വിജയത്തിന്റെ വിവിധ അനുഭവങ്ങൾ. അത്ഭുതകരമായി, ദൈവം അവിടെ ഇടപെട്ടു. രോഗശാന്തികൾ നടന്നു. പിശാചുക്കൾ ഭയന്നോടി. എല്ലാം യേശുവിന്റെ നാമത്തിൽ. ശിഷ്യന്മാർ ഏറ്റം സന്തോഷിച്ചത്, പിശാചുക്കളുടെ മേലുള്ള അവരുടെ വിജയത്തിൽ. അവരുടെ സന്തോഷത്തിന്റെ അതിപ്രസരത്തിൽ അവർ ഒരു കാര്യം മറന്നു. ഭരണകാര്യമായിരുന്നു, കേന്ദ്രബിന്ദു. ദൈവരാജ്യത്തിന്റെ ഭരണം, അവിടെ

അവരുടെ ഇടയിൽ സാന്നിധ്യം ഉറപ്പിച്ചു. അതായിരുന്നു വിട്ടുപോയ കാര്യം. അത്ഭുതകരമായ രോഗശാന്തികളും പിശാചുക്കളുടെ പലായനവും എല്ലാം അതിന്റെ അടയാളങ്ങൾ മാത്രം. ദൈവരാജ്യം കടന്ന് കയറിയത്, സാത്താന്റെയും തിന്മയുടെയും അധികാരത്തിന്റെ നടുവിലേക്ക്. രോഗങ്ങളെയും മരണത്തെയും ദൈവരാജ്യത്തിന്റെ ഭരണം, തകർത്തുകളഞ്ഞു. സാത്താന്റെയും അവന്റെ രാജ്യത്തിന്റെയും തകർച്ച തുടങ്ങിക്കഴിഞ്ഞുവെന്നതിന്റെ അടയാളമായിരുന്നു, അവർ വഴിവന്ന അത്ഭുതങ്ങൾ. സാത്താൻ ഇടിമിന്നൽപ്പോലെ താഴേക്ക് നിപതിച്ചു. ആലങ്കാരികമായ ഈ ഭാഷാപ്രയോഗത്തിൽ സാത്താന്റെ പതനം, മനോഹരമായി വരച്ചുകാണിച്ചിരിക്കുന്നു. അതിൽ ശിഷ്യന്മാർ ഹർഷപുളകിതരായി. സന്തോഷിച്ചു.

യേശു അവരോട് പറയുന്നു: സാത്താന്റെ പതനവും, പരാജയവും രോഗശാന്തിയുമൊന്നുമല്ല പ്രധാനം. ദൈവരാജ്യത്തിൽ പങ്കാളികളാകാൻ അവർക്ക് കഴിഞ്ഞതാണ്. അവരുടെ നേട്ടം. അതാണ് അവരെ പുളകം കൊള്ളിക്കേണ്ടത്. അവർ ശരിക്കും ദൈവരാജ്യത്തിന്റെ പൗരന്മാരായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. അവർ ദൈവത്തിന്റെ ദത്തുപുത്രന്മാരും പുത്രിമാരുമാണ്. അവരുടെ പേരുകൾ സ്വർഗ്ഗരാജ്യത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. ഇനി അവർ വിദേശികളോ അടിമകളോ അല്ല. ദൈവരാജ്യത്തിലെ സകല അധികാരവും ഉള്ള പൗരന്മാരാണ്.

ഇവിടെ കർത്താവ് ഒരു മുന്നറിയിപ്പ് നല്കുന്നുണ്ട്. വിജയത്തിൽ മതിമറന്ന് അഹങ്കരിക്കരുത്. സാത്താൻ വീണത് ഇടിമിന്നൽ പോലെയാണ്. എല്ലാവർക്കും ഇതൊരു താക്കീതാണ്. സാത്താൻ പണ്ട്, ദൈവത്തിന്റെ ഒരു മഹനീയ സൃഷ്ടിയായിരുന്നു. ഒരു പ്രമുഖ മാലാഖ. അവർ വീണത് സ്വർഗ്ഗത്തിൽ നിന്ന്. ഇപ്പോൾ ദൈവത്തിന്റെ മുഖ്യശത്രുവായി പ്രവർത്തിക്കുന്നു. സകല തിന്മകളുടെയും ഉറവിടമാണ്. അവൻ വീണത് ബാബിലോൺ വീണതുപോലെയായിരുന്നു. അതുകൊണ്ട് വളരെ സൂക്ഷിക്കണം. അതാണ്, കർത്താവിന്റെ താക്കീത്. അതുകൊണ്ട് നമ്മുടെ മുൻഗണനകൾ നഷ്ടപ്പെട്ടു പോകരുത്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് ദൈവമാണ്. അത് ആർക്കും സ്വന്തമാണെന്ന രീതിയിൽ അഹങ്കരിക്കരുത്.

## 92

# ഭയപ്പെടേണ്ട, അനേകം കുരുവികളെ ക്കാൾ എത്രയോ വിലപ്പെട്ടവരാണ്, നിങ്ങൾ

(ലൂക്കാ 12:7)

*"ശരീരത്തെ കൊല്ലുന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട. എന്നാൽ, നിങ്ങൾ ആരെ ഭയപ്പെടണമെന്ന്, ഞാൻ മുന്നറിയിപ്പു തരാം. കൊന്നതിനുശേഷം നിങ്ങളെ നരകത്തിലേക്ക് തള്ളിക്കളയാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ... അഞ്ചു കുരുവികൾ രണ്ടു നാണയതുട്ടിന് വില്ക്കപ്പെടുന്നില്ലേ? അവയിൽ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നില്ല. നിങ്ങളുടെ തലമുടിയിഴപോലും എണ്ണപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ട, നിങ്ങൾ അനേകം കുരുവികളെക്കാൾ വിലയുള്ളവരാണ്" (ലൂക്കാ 12:4-7).*

ഭയം മനുഷ്യനെ തളർത്തിക്കളയുന്നു. നമ്മുടെ ശക്തി ചോർത്തിക്കളയുന്നു. എന്നാൽ, ചിലപ്പോൾ, അപകടകരമായ സ്ഥിതിവിശേഷത്തിൽ ചെന്ന് വീഴാതിരിക്കാൻ, ഭയം മനുഷ്യനെ പിന്നോട്ടു വലിക്കുന്നു. അങ്ങനെ ഭയം തന്നെ, ഒരു പരിരക്ഷയുടെ കവചമായിത്തീരുന്നു. ഒരു കരാളസർപ്പത്തിന്റെയോ, കാട്ടുമൃഗത്തിന്റെയോ മുമ്പിൽ അകപ്പെടുന്ന മനുഷ്യന്, ആ അപകടകരമായ സ്ഥിതിയിൽ നിന്ന് ഓടിയകലാൻ പ്രേരിപ്പിക്കുന്നതും ഉത്തേജനം കൊടുക്കുന്നതും, ഭയമെന്ന വികാരമാണ്.

പക്ഷേ, അജ്ഞാതമായ ഭാവിയെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന ചിന്തയും ചില വ്യക്തികളെക്കുറിച്ചുള്ള പേടിയും മനുഷ്യജീവികൾക്ക് ഒത്തിരി ഉൽക്കണ്ഠയും ഉപദ്രവും ഉണ്ടാക്കാറുണ്ട്. ഇത്തരം ഭയപ്പെടുത്തലുകൾ, പലപ്പോഴും, ഒരു രക്ഷാകരമായ പരിരക്ഷയല്ല. മറിച്ച്, അവ മനുഷ്യരെ ഭീരുക്കളും അലസരും നിഷ്ക്രിയരും നിർഗ്ഗുണരും ആക്കിത്തീർക്കുന്നു. നമ്മൾ ഭയത്തെ നേരിടുമ്പോൾ ഏതു തരം ഭയമാണ് നമ്മളെ അലട്ടുന്നതെന്ന്, വിവേചന ബുദ്ധിയോടെ അന്വേഷിക്കുണം. എന്തുകൊണ്ട് നമ്മൾ ഭയക്കുന്നു. അതിന് അടിസ്ഥാനമുണ്ടോ? എന്നൊക്കെ പരിശോധിക്കണം.

ക്രൈസ്തവവിരുദ്ധരുടെയിടയിൽ ജീവിക്കുന്ന, ക്രൈസ്തവരെ, അവരുടെ വിശ്വാസം ഏറ്റുപറയുന്നതിൽനിന്നും, ക്രൈസ്തവജീവിതം നയിക്കുന്നതിൽനിന്നും, ഭയം ശക്തമായി തടസ്സപ്പെടുത്തുന്നു. അത്തരം ഭയം വളർന്ന് ഭീകരരൂപം പ്രാപിക്കുന്നു. മർദ്ദനവും, പീഡനവും, എളിമപ്പെടുത്തലുകളും, ഒറ്റപ്പെടുത്തലും, പാർശ്വവൽക്കരിക്കലും, അവജ്ഞയുടെ അനുഭവവും നേരിടേണ്ടിവരുമെന്ന ഭയം ഭീകരം തന്നെ. സാധാരണ മനുഷ്യർക്ക് അതു താങ്ങാനാവില്ല. മേല്പറഞ്ഞ വചനങ്ങളിൽ, കർത്താവ് നമ്മോടു പറയുന്നത്, ഒട്ടും ഭയപ്പെടരുതേ, എന്നാണ്. ദൈവത്തിന്റെ പരിരക്ഷയുടെ കീഴിൽ നില്ക്കുന്ന നമ്മളെ, ആർക്കും ഒന്നും ചെയ്യാനാവില്ല. ക്രിസ്തുവിലുള്ള നമ്മുടെ ദൈവസ്നേഹത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ഒന്നിനും കഴിയുകയില്ല (റോമാ 8:35-38).

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. ദൈവപുത്രന്റെ രക്തത്താൽ നമ്മളെ രക്ഷിച്ചു പരിശുദ്ധാരൂപിയാൽ നമ്മളെ അഭിഷേകം ചെയ്തു. അതുകൊണ്ട്, നമ്മളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. അതാണ്, ആത്യന്തികമായ നമ്മുടെ പ്രതീക്ഷ. അതുകൊണ്ട് പ്രസരിപ്പുള്ള ഹൃദയത്തോടെ, നമുക്ക് ഇപ്പോൾ, ഇവിടെ തുടങ്ങാം. നമ്മുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാം. ദൈവത്തിന്റെ വാഗ്ദാനത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന, ആനന്ദം മറ്റുള്ളവരിലേക്കും പരിസരങ്ങളിലേക്കും പ്രസരിക്കട്ടെ.

## 93

# അവൻ അവരെ ഭക്ഷണത്തിനിരുത്തി പരിചരിക്കും

(ലൂക്കാ 12:37)

*"നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ. തങ്ങളുടെ യജമാനൻ കല്യാണവിരുന്നു കഴിഞ്ഞ് മടങ്ങിവന്ന്, മുട്ടുന്ന ഉടനെ തുറന്നുകൊടുക്കാൻ അവന്റെ വരവും കാത്തിരിക്കുന്നപോലെ ആയിരിക്കുവിൻ. യജമാനൻ വരുമ്പോൾ, ഉണർന്നിരിക്കുന്നവരായി കാണുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവൻ അരമുറുക്കി, അവരെ ഭക്ഷണത്തിനിരുത്തുകയും, അടുത്തു*

*ചെന്ന് അവരെ പരിചരിക്കുകയും ചെയ്യും. അവൻ രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും അവരെ ഒരുക്കമുള്ളവ രായിക്കണ്ടാൽ, ആ ഭൃത്യന്മാർ ഭാഗ്യവാന്മാർ" (ലൂക്കാ 12:35-40).*

ഭൂമിയിൽ മനുഷ്യജീവിതത്തിന്റെ അർത്ഥം എന്താണ്? ജനനം കൊണ്ട് ആരംഭിക്കുന്ന ജീവിതം മരണംകൊണ്ട് അവസാനിക്കുമോ? മര ണത്തിനപ്പുറത്തേക്ക് മറ്റ് എന്തെങ്കിലും ഉണ്ടോ? അങ്ങനെ ഒന്നും ഇല്ലെ ങ്കിൽ, ഇപ്പോൾ തിന്നുക, കുടിക്കുക, ആഘോഷിക്കുക, ആനന്ദിക്കുക, എന്തുകൊണ്ടെന്നാൽ നാളെ നമ്മൾ മരിക്കും. ഈ സന്ദർഭത്തിൽ വി. പൗലോസ് അപ്പസ്തോലനെ ഇവിടെ ഉദ്ധരിക്കാം: "ഈ ജീവിതത്തിനു വേണ്ടി മാത്രം, ക്രിസ്തുവിൽ പ്രത്യാശവച്ചിട്ടുള്ളവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെക്കാൾ നിർഭാഗ്യരാണ്" (1 കൊറിന്ത്യർ 15:19).

എന്നാൽ, യേശു പഠിപ്പിക്കുന്നത് നിത്യമായ ഒരു മനോഹരജീ വിതം നമുക്ക് മുമ്പിൽ വരാനിരിക്കുന്നുവെന്നാണ്. അത് അവിടുന്ന് തന്റെ ഉത്ഥാനം വഴി തെളിയിച്ചു. കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത് അതി നുവേണ്ടി ക്ഷമയോടെ കാത്തിരിക്കാനാണ്. നമുക്കുവേണ്ടി ഒരു ഭവനം ഒരുക്കിയിട്ട് അവിടുന്ന് തിരിച്ചുവരും, എന്നാണ് അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്നത്.

നമ്മുടെ യഥാർത്ഥ ഭവനം ഇവിടെയല്ല. ശരിയായ ആ ഭവനം പിതാ വിന്റെ വീടാണ്, അല്ലെങ്കിൽ അതു പിതാവിന്റെ ഹൃദയത്തിലാണ്. നമ്മൾ അതിൽ പ്രവേശിക്കാനാണ്, തയ്യാറെടുക്കുന്നത്. മരണത്തിനും അതി നുശേഷം ശൂന്യതക്കുമല്ല. മറിച്ച്, കർത്താവിനുവേണ്ടിയാണ് - തന്റെ ഭവനത്തിലേക്ക് കൊണ്ടുപോകുന്ന കർത്താവിനുവേണ്ടി. അവിടുന്ന് ആവശ്യപ്പെടുന്നത്, വിളക്കുകൾ അണയാതെ, കണ്ണിലെണ്ണയൊഴിച്ച്, ക്ഷമയോടെ കാത്തിരിക്കാനാണ്. എപ്പോഴും ജാഗ്രരൂകരായിരിക്കണം - അതുപോലെ കരുതലോടും വിശ്വസ്തതയോടും കൂടെ കാത്തിരിക്കണം. ഓരോരുത്തരെയും ഏല്പിച്ച ചുമതല ചെയ്തുതീർക്കണം. നിത്യജീ വൻ അവതരിക്കപ്പെട്ടിരിക്കുന്നത് ഒരു മഹാവിരുന്നായിട്ടാണ്. അതാണ് ജീവിതത്തിലെ സന്തോഷകരവും മനോഹരവുമായ അവസരം. അവിടെ നമ്മൾ ബഹുമാന്യ അതിഥികൾ ആയിരിക്കും. ഭക്ഷണമേശയ്ക്കരികെ യേശു നമ്മെ ഇരുത്തി പരിചരിക്കും. അവസാന അത്താഴത്തിൽ അവി ടുന്ന് ചെയ്തു കാണിച്ചത് ഇതുതന്നെയാണ്. ഇതുതന്നെയാണ്, ഓരോ കുർബ്ബാനയിലും അവിടുന്ന് ചെയ്തുകൊണ്ടിരിക്കുന്നത്.

അതുകൊണ്ട് ശരിയായ ദൈവമക്കളാണ്, നമ്മളെന്ന നമ്മുടെ അനന്യതയെകുറിച്ച്, നമുക്ക് എപ്പോഴും ബോധ്യമുള്ളവരായിരിക്കാം. ആ പദവിക്കനുസരിച്ച് ജീവിക്കാം. കർത്താവ് വന്ന് നമ്മളെ അവിടുത്തെ

ഭവനത്തിലേക്ക് കൊണ്ടുപോകുമെന്ന് പരിപൂർണമായി വിശ്വസിക്കാം. ഏതു കഷ്ടതയെയും സഹനത്തെയും നേരിടാനും അതിജീവിക്കാനും അവിടുത്തെ വാഗ്ദാനം നമുക്ക് ശക്തി നല്കുന്നു.

## 94

# പുനരുത്ഥാനത്തിൽ നിനക്ക് പ്രതിഫലം തരും

(ലൂക്കാ 14:14)

*"നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരരെയോ, ബന്ധുക്കളെയോ, ധനികരായ അയല്ക്കാരെയോ വിളിക്കരുത്. ഒരുപക്ഷേ, അവർ നിന്നെ പകരം ക്ഷണിക്കുകയും, അതു നിനക്കു പ്രതിഫലമാവുകയും ചെയ്യും. എന്നാൽ, നീ സദ്യ നടത്തുമ്പോൾ, ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നാൽ പകരം തരാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാൻമാരുടെ പുനരുത്ഥാനത്തിൽ നിനക്ക് പ്രതിഫലം ലഭിക്കും (ലൂക്കാ 14:12-14).*

ജനം എപ്പോഴും ആഗ്രഹിക്കുന്നത് ഉടനടിയുള്ള തീരുമാനവും പ്രതിഫലവുമാണ്. അതിവേഗഭക്ഷണ സംസ്കാരത്തിലെപോലെ, (Fast Food Cultre) ജനത്തിന്റെ താല്പര്യം അപ്പപ്പോൾ കിട്ടുന്ന സമ്മാനത്തിനും പ്രതിഫലനത്തിനുമാണ്. ആർക്കും കാത്തുനില്ക്കാനുള്ള ക്ഷമയില്ല, സമയമില്ല, അതിവേഗ ബസ്സ്സർവ്വീസ്, അതിവേഗ റെയിൽവേ, അതിവേഗ വിദ്യാഭ്യാസം, അതിവേഗ സമ്പാദ്യവഴികൾ, അതിവേഗ കമ്പ്യൂട്ടറുകൾ എന്നിവയെല്ലാം ഇക്കാലഘട്ടത്തിന്റെ അടയാളങ്ങളും അഭിനിവേശങ്ങളുമാണ്. എന്നും എവിടെയും, വേഗത്തിൽ, അതിവേഗത്തിൽ, അതിവേഗപാതയിലാണ്. ഇത്തരം അതിവേഗ സംവിധാനങ്ങൾകൊണ്ട് ലാഭിക്കുന്ന സമയംകൊണ്ട് നമ്മൾ എന്താണ് ചെയ്യുന്നത്. ആത്യന്തികമായി അവനവൻ ഉണ്ടാക്കിയെടുത്ത കണ്ടുപിടുത്തങ്ങളുടെ അടിമയായി അവൻ തന്നെ തീരുന്നു.

പ്രകൃതി നമ്മളെ പഠിപ്പിക്കുന്നതും കാത്തിരിക്കാനാണ്. ഏതിനും അതിന്റേതായ സമയം ഉണ്ട്. ഒരുകുഞ്ഞ് അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തുവരാൻ അതിന്റേതായ സമയം ഉണ്ട്. വൃക്ഷങ്ങളിൽ പഴങ്ങൾ

പാകമാകാൻ സമയം വേണം. സസ്യങ്ങൾ വേരുപിടിച്ചു വളരാൻ, ഏറെ സമയമെടുക്കും. ഉടനടി ഫലം ഒന്നിനും ഉണ്ടാവില്ല. എല്ലാത്തിന്റെയും ഗതി പ്രകൃതിയിൽ ഇതുതന്നെ. ചില അസുഖങ്ങൾ ഭേദമാകാൻ ഒത്തിരിയേറെ സമയം വേണം. തിരക്കടിച്ചിട്ട് ഒരു കാര്യവും ഇല്ല. നിരന്തരം നീണ്ട പരിശീലനത്തിനുശേഷമേ ഏതു വിദ്യയിലും ഒരാൾ വിദഗ്ധനാവുകയൊള്ളു. ഒരു കുഞ്ഞിന്റെ തലയിലേക്ക് നിക്ഷേപിക്കുന്ന അറിവുകൾ ആഗിരണം ചെയ്ത് ഉറപ്പിക്കാൻ അവനു സമയം വേണം.

അതുപോലെ നമ്മുടെ എല്ലാ നന്മപ്രവർത്തികൾക്കും ദൈവം പ്രതിഫലം തരും. അതു ദൈവത്തിന്റെ സമയത്താണ്. അല്ലാതെ, എപ്പോഴും നമ്മൾ പ്രതീക്ഷിക്കുന്ന സമയത്തായിരിക്കുകയില്ല. നമ്മൾ പ്രതീക്ഷിക്കുന്ന രീതിയിലും ആയിരിക്കുകയില്ല. ആത്യന്തികമായി ദൈവം തരുന്ന പ്രതിഫലം അവിടുത്തോടൊപ്പമുള്ള ജീവിതമാണ്. അതിന്റെ ഒരു മുന്നാസ്വാദനം ഇവിടെ ആകാം. എന്നാൽ, അതിന്റെ പൂർണ്ണാനന്ദം മരണത്തിനുശേഷമേ ആസ്വദിക്കാൻ ഒക്കുകയുള്ളു. മരിച്ചവരുടെ ഉത്ഥാനത്തിനുശേഷമേ, അതിന്റെ പരിപൂർണ്ണ സാക്ഷാൽക്കാരം നടക്കുകയുള്ളു.

നമ്മൾ പാവപ്പെട്ടവർക്കും ദരിദ്രർക്കും കൊടുക്കുന്ന സഹായത്തിനും സേവനത്തിനും പകരം നമ്മൾ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. അവർക്ക് തിരിച്ചുതരാൻ ഒന്നും ഇല്ല. അതിന് പകരം പ്രതിസമ്മാനം തരുന്നത് ദൈവമാണ്. നമ്മൾ പാവങ്ങൾക്ക് കൊടുക്കുമ്പോൾ ദൈവത്തിന് കടം കൊടുക്കുന്നതുപോലെയാണ്. "നിങ്ങൾ എനിക്കുവേണ്ടിയാണ് ചെയ്തുതരുന്നത്" (മത്തായി. 25:40). ദൈവം തന്റേതായ സമയത്ത് എല്ലാത്തിനും പ്രതിഫലം തീർച്ചയായും തരും. അതിനുവേണ്ടി ക്ഷമാപൂർവ്വം കാത്തിരിക്കാം.

## 95

# അവർ നിങ്ങളെ നിത്യകൂടാരത്തിൽ സ്വീകരിക്കും

(ലൂക്കാ 16:9)

*"എന്തെന്നാൽ, ഈ യുഗത്തിന്റെ മക്കൾ, തങ്ങളുടെ തലമുറയിൽ, വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധിശാലികളാണ്. ഞാൻ നിങ്ങളോടു പറയുന്നു. അധാർമ്മിക സമ്പത്തുകൊണ്ട്, നിങ്ങൾക്കായി സ്നേഹി*

*തരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരത്തിൽ സ്വീകരിക്കും" (ലൂക്കാ 16:1-9).*

ഒരു ധനവാന് ഒരു കാര്യസ്ഥൻ ഉണ്ടായിരുന്നു. അവൻ യജമാനന്റെ സ്വത്ത് ധൂർത്തടിച്ചു. അവനെപ്പറ്റി പരാതി ലഭിച്ചപ്പോൾ, യജമാനൻ അവനെ വിളിച്ച് കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കാൻ ആവശ്യപ്പെട്ടു. അവനെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. അവൻ യജമാനന്റെ കടക്കാരുടെ ഇടയിലേക്ക് ഇറങ്ങി. കടക്കാർ ഓരോരുത്തരെ വിളിച്ച്, അവരുടെ പ്രമാണങ്ങൾ തിരിച്ചുകൊടുത്തു. നൂറുബത്ത എണ്ണ വാങ്ങിയവനോട്, പ്രമാണം തിരുത്തി, അമ്പതാക്കാൻ പറഞ്ഞു. നൂറുകോർ ഗോതമ്പ് വാങ്ങിയവനോട് പ്രമാണം തിരുത്തി എൺപതാക്കാൻ പറഞ്ഞു. അങ്ങനെ എല്ലാം തിരുത്തി വാങ്ങി. എന്നാൽ ഇങ്ങനെ കൗശലം കാണിച്ച നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു. തന്റെ പണിപോകുമ്പോൾ കടക്കാർ തന്നെ വീടുകളിൽ സ്വീകരിക്കാനാണ് അയാൾ ഈ സൂത്രം ചെയ്തുവച്ചത്.

ഭൂമിയിൽ, മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമേതെന്ന്, ഈ കഥ വഴി യേശു വിശദീകരിക്കുന്നു. അതു ദൈവത്തോടൊപ്പം ആകുക എന്നതാണ്. അതായത് ദൈവിക ജീവനിൽ പങ്കുകാരായായിത്തീരുക എന്നതാണ്. പിതാവിന്റെയും പുത്രന്റെയും ഇടയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന സ്നേഹപ്രവാഹത്തിൽ അലിഞ്ഞു ചേരുന്നതാണത്. അതാണ് ആത്യന്തികലക്ഷ്യം. അവിടെ നമ്മൾ ദൈവവുമായി ഒന്നായിച്ചേരുന്നു. നമ്മൾ ദൈവത്തോടൊപ്പവും ദൈവം നമ്മോടൊപ്പവുമാകുന്നു. പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആയിരിക്കുന്നതുപോലെയാണിത്.

ദൈവവുമായി ഐക്യപ്പെട്ടു ഒന്നായിത്തീരുന്ന കൂട്ടായ്മയിൽ എത്തിച്ചേരാൻ ഒരാൾ ഭൂമിയിൽ എന്തുചെയ്യണം? അതു പല ഉപമകൾ വഴി കർത്താവ് വിശദീകരിച്ചിട്ടുണ്ട്. അതിൽ ഒരു ഉപമയാണ്, നമ്മൾ ഇപ്പോൾ പരിഗണിക്കുന്നത്. ധനം ധൂർത്തടിച്ച കാര്യസ്ഥന്റെ കഥയാണിത്.

ഉടനടി വരാൻ പോകുന്ന ഒരു ദുരന്തത്തെ നേരിടാൻ, കാര്യസ്ഥൻ വളരെ ബുദ്ധിപൂർവ്വമായ ഒരു നീക്കമാണ് നടത്തിയത്. അയാളുടെ പണി നഷ്ടപ്പെടും. ജീവിതമാർഗ്ഗവും നഷ്ടപ്പെടും. ഈ പ്രതിസന്ധിയിൽ, അയാൾ ചെയ്തത് ഏവർക്കും ഒരു പാഠമാണ്. കടങ്ങൾ വെട്ടിക്കുറച്ച്, പ്രമാണങ്ങൾ തിരുത്തിയപ്പോൾ, യജമാനന്റെ സമ്പത്ത് വീണ്ടും അയാൾ ദുർവ്യയം ചെയ്യുകയാണെന്ന്, തോന്നിപ്പോകും. എന്നാൽ ഇതു മറ്റൊരു തരത്തിലും മനസ്സിലാക്കാം. ഒരുപക്ഷേ അയാൾ പ്രമാണം തിരുത്തി

വാങ്ങിയപ്പോൾ കുറവുവന്നതു പലിശയ്ക്കായിരിക്കാം. കടം വാങ്ങിയ മുതൽ കുറവില്ലാതെ യജമാനനു കിട്ടുമ്പോൾ, പലിശ മാത്രമേ നഷ്ടമാവുകയുള്ളു. അപ്പോൾ കടക്കാർക്കും കിട്ടുന്നത്, വലിയ ആശ്വാസമാണ്. ഒരു കോടതിയിൽനിന്ന് കിട്ടിയ വിധി തീർപ്പുപോലെ.

ഇതിലെ പാഠം കൗശലവും സൂത്രവും തിരിമറിയും പഠിപ്പിക്കുകയല്ല. ഈ കഥയുടെ ലക്ഷ്യം മറ്റൊന്നാണ്. ഈ ഉപമയിലെ കേന്ദ്രബിന്ദുവായി വരുന്ന ആശയം ഭൂമിയിൽ, ഒരുവൻ തന്റെ സ്വത്ത് എങ്ങനെ വിനിയോഗിക്കണമെന്ന പാഠമാണ്. പാവങ്ങൾക്ക് ഭിക്ഷകൊടുക്കുക, ദരിദ്രരും ഇല്ലാത്തവരുമായി തന്റെ സ്വത്ത് പങ്കുവയ്ക്കുക, എന്നതൊക്കെയാണ്, ഏറ്റം നല്ല മാർഗ്ഗങ്ങൾ. അതാണ് ഭാവിയിലേക്കുള്ള സുരക്ഷിതമായ നിക്ഷേപം. യേശു ഉറപ്പുകൊടുക്കുന്നത് നിത്യമായ ജീവിതമാണ്. അവസാനവിധിയുടെ മാനദണ്ഡം യേശു വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. "ഞാൻ വിശക്കുന്നവനായി വന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു. ഞാൻ ദാഹിക്കുന്നവനായി വന്നു; നിങ്ങൾ എനിക്ക് കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരഗ്രഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്തുവന്നു (മത്തായി 26:35–38).

## 96

# ദൈവം അവർക്ക് വേഗത്തിൽ നീതി നടത്തിക്കൊടുക്കും

(ലൂക്കാ 18:8)

*"അങ്ങനെ എങ്കിൽ, രാവും പകലും തന്നെ വിളിച്ചു കരയുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക്, ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അതിന് അവിടുന്ന് കാലവിളംബം വരുത്തുമോ? അവർക്ക് വേഗം നീതി നടത്തിക്കൊടുക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ? (ലൂക്കാ 18:1–8).*

വിധവയും നീതിരഹിതനായ ന്യായാധിപനും എന്ന ഉപമയിൽ,

നിരന്തരം ന്യായാധിപന്റെ പക്കൽചെന്ന് നീതിക്കുവേണ്ടി കേണപേക്ഷിക്കുന്ന വിധവയും നീതിരഹിതനായ ന്യായാധിപനും മുഖ്യ കഥാപാത്രങ്ങളാണ്. ഈ ഉപമയിൽക്കൂടെ കർത്താവ് പഠിപ്പിക്കുന്നത് ഭഗ്നാശരാകാതെ എന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്നാണ്. വിധവയുടെ ശല്യംകൊണ്ടാണ് ന്യായാധിപൻ അവസാനം വിധവയുടെ പരാതി സ്വീകരിച്ച് അവൾക്ക് നീതി നടത്തിക്കൊടുത്തത്. ഈ ഉപമ പലരും തെറ്റായി ധരിക്കാൻ ഇടയുണ്ട്. ദൈവത്തെ കരുണയറ്റവനും, ക്രൂരനും, കരുതൽ ഇല്ലാത്തവനുമായ ന്യായാധിപനായി ചിത്രീകരിക്കപ്പെടാൻ ഇടയുണ്ട്. ദൈവം നമ്മുടെ പ്രാർത്ഥനയാൽ നിർബന്ധിതനായി നടപടി സ്വീകരിക്കുന്നതായും തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയും ഉണ്ട്. ഈ ന്യായാധിപതൻ ചെയ്തതു അങ്ങനെയാണല്ലോ. ആരെങ്കിലും ഇങ്ങനെ തെറ്റായി മനസ്സിലാക്കുന്നെങ്കിൽ അവൻ തീർച്ചയായും സത്യത്തിൽ നിന്ന് അകലെയാണ്. യേശു ഇവിടെ ദൈവത്തെ ന്യായാധിപനുമായി തുലനം ചെയ്യുകയല്ല ചെയ്യുന്നത്. മറിച്ച് ഒരു വൈരുദ്ധ്യം എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്. ഉപമയിൽ പറയുന്ന ന്യായാധിപൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യനെ മാനിക്കുകയോ ചെയ്യാത്തവനാണ്. നിരന്തരം തളരാതെ പരാതിപറയുന്ന വിധവക്ക് നീതി നടത്തിക്കൊടുത്തുവെങ്കിൽ, അതിൽ എത്രയോ കൂടുതലായി, നമ്മുടെ പിതാവായ ദൈവം നമുക്ക് വേണ്ടതു ചെയ്തുതരും.

അതുകൊണ്ട് നമ്മൾ പഠിക്കേണ്ട പാഠം മടികൂടാതെ നിരാശപ്പെടാതെ, നിരന്തരം പ്രാർത്ഥിക്കണം എന്നാണ്. നമ്മൾ കതകിൽ മുട്ടിക്കൊണ്ടിരിക്കുകയും യാചിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നമ്മൾക്ക് തുറന്നുകിട്ടുകതന്നെ ചെയ്യും. നമുക്ക് അടിയുറച്ച വിശ്വാസവും പ്രതീക്ഷയും ഉണ്ടെങ്കിൽ, ദൈവം നമുക്ക് നീതി നടത്തിത്തരും. നമ്മൾ ചോദിക്കുന്നത് യഥാർത്ഥ നന്മയാണെങ്കിൽ, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും.

ഈ ഉപമയുടെ അവസാനം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം ഉണ്ടാകുമോ? ആ ചോദ്യം നമ്മളോടുതന്നെ ചോദിക്കാം. നമ്മൾ ശരിക്കും ദൈവത്തോട് വിശ്വസ്തത പുലർത്തുന്നുണ്ടോ? നിരീശ്വരവാദവും ദൈവത്തെ വേണ്ടാത്ത മതനിരപേക്ഷതയും ഭൗതികവാദവും നമ്മളെ സ്വാധീനിക്കുന്നുണ്ടോ? നമ്മുടെ വിശ്വാസത്തെ നഷ്ടപ്പെടുത്തുകയാണോ? നമ്മൾ ഓരോരുത്തരിൽ നിന്നും യേശു ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നു.

97

# ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും

(ലൂക്കാ 23:43)

*"നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്ക് തക്ക പ്രതിഫലം നമുക്ക് ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തി ട്ടില്ല. അവൻ തുടർന്നു: യേശുവേ, നീ നിന്റെ രാജ്യത്ത് പ്രവേശിക്കു മ്പോൾ എന്നെയും ഓർക്കണമേ! യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ഇന്ന് എന്നോടുകൂടെ പറു ദീസായിൽ ആയിരിക്കും" (ലൂക്കാ 23:39-43).*

രണ്ടു കള്ളന്മാരുടെ അഥവാ രണ്ടു തീവ്രവാദികളുടെ നടുക്ക് ക്രൂശിത കുരിശിൽ വേദന അനുഭവിക്കുന്ന യേശു. സകലരാലും ഉപേ ക്ഷിക്കപ്പെട്ടവനെപ്പോലെ നിസ്സഹായൻ. വിപ്ലവകാരിയായ ആ രാജാവ് പരിഹാസത്തിന്റെയും നിരസിക്കലിന്റെയും നടുവിൽ. കുരിശിൽക്കിട ക്കുന്ന രണ്ടു കള്ളന്മാരും പുച്ഛത്തോടെ യേശുവിന് വെല്ലുവിളികൾ ഉയർത്തുന്ന രംഗം. ആറുമണി മുതൽ ഭൂമിയിൽ അന്ധകാരം നിറഞ്ഞ് നിന്ന അന്തരീക്ഷം. മൂടിക്കെട്ടിയ കാൽവരി മല. ലൂക്കായുടെ സുവിശേ ഷത്തിൽ കള്ളന്മാരുടെ കഥയ്ക്ക് ഒരു പാഠഭേദമുണ്ട്. ഒരാൾ ഈശോയേ, അധിക്ഷേപിക്കുന്നു. എന്നാൽ മറ്റവൻ സഹകുറ്റവാളിയെ ശകാരിക്കുന്നു. പ്രാർത്ഥനാപൂർവ്വം യേശുവിലേക്ക് തിരിയുന്നു. അവൻ രക്ഷപ്പെടുന്നു.

മാനസ്സാന്തരപ്പെട്ട കള്ളനെക്കുറിച്ച് രണ്ട് ഐതിഹ്യം നിലനില്ക്കു ന്നുണ്ട്. അയാൾ കുഞ്ഞായിരുന്നപ്പോൾ, വളരെ ഗുരുതരമായ ചർമ്മ രോഗം ബാധിച്ചിരുന്നു. മാതാവും യൗസേപ്പിതാവും ഉണ്ണിയേശുവിനെ യുംകൊണ്ട് ഈജിപ്തിലേക്ക് പലായനം ചെയ്യുന്ന സമയം. ഒരു അരു വിയിൽ മാതാവ് ഉണ്ണിയേശുവിനെ കുളിപ്പിച്ചു. ആ വെള്ളത്തിൽത്തന്നെ യാണ് ഈ കൊച്ചുകള്ളനെയും കുളിപ്പിച്ചത്. അപ്പോൾ മുതൽ അവൻ സൗഖ്യം പ്രാപിച്ചു. അതാണ് ഒരു കഥ. മറ്റൊരു കഥയിൽ ഇയാൾ, ഒരു കള്ളസംഘത്തിന്റെ നേതാവാണ്. ഈജിപ്തിലേക്ക് ഓടുന്ന തിരുക്കു ടുംബത്തെ അവൻ ഉപദ്രവിക്കാതെ വെറുതെവിട്ടു. അപ്പോൾ ആ കൊള്ള

ത്തലവൻ ഉണ്ണിയേശുവിനോട് പ്രാർത്ഥിച്ചു: "ഓ, ഏറ്റം അനുഗ്രഹീത നായ കുഞ്ഞേ, ഏതെങ്കിലും ഒരു ദിവസം എനിക്ക് അങ്ങയുടെ കാരുണ്യം ആവശ്യമായിവന്നാൽ, എന്നെയും ഈ നിമിഷങ്ങളെയും മറക്കരുതേ!" കെട്ടുകഥകളും കേട്ടുകേൾവികളും ഒരിക്കൽ ചരിത്രമായി വരണമെന്നില്ല. എന്നാൽ, ഈ കഥകൾ ഒരു കാര്യം വ്യക്തമാക്കുന്നു. ഏറ്റം ചെറിയ ഒരു പരസ്നേഹപ്രവർത്തിപോലും ദൈവം മറക്കില്ല. ഒരു പാത്രം പച്ചവെള്ളത്തിനുപോലും പ്രതിഫലം വാഗ്ദാനം ചെയ്തവനാണ്, യേശു.

ഈശോ നല്ല കള്ളനോട്, വാഗ്ദാനം ചെയ്യുന്നു: "ഇന്നു നീ എന്നോടൊപ്പം പറുദീസായിൽ ഉണ്ടാകും". പറുദീസാ അല്ലെങ്കിൽ പരദേയിസോസ് (paredeisos) എന്ന വാക്കു വരുന്നതും പേർഷ്യൻ ഭാഷയിൽ "pairidaesa" എന്ന വാക്കിൽനിന്നാണ്. അതിന്റെ അർത്ഥം, ചുറ്റുമതിൽ കെട്ടിത്തിരിച്ച രാജകീയോദ്യാനം എന്നാണ്. ഈ രാജകീയോദ്യാനത്തിൽ രാജാവിനൊപ്പം ഉലാത്തിക്കൊണ്ട് സംസാരിക്കാനുള്ള ക്ഷണം കിട്ടുന്നതുതന്നെ, വലിയ ഒരു ബഹുമതിയാണ്. അത് പണ്ട് പേർഷ്യയിൽ. അതിന് എത്രയോ മുമ്പ് ദൈവം ആദവും ഹവ്വയും ഒപ്പം പറുദീസായിലെ പച്ചപ്പിൽ അനായാസം അലസമായി നടന്നിരുന്ന സങ്കല്പവുമായി, ഈ പേർഷ്യൻ സമ്പ്രദായത്തിന് സമാനത ഉണ്ട്.

കർത്താവിലേക്ക് തിരിയുവാൻ ഏതു സമയവും എത്ര വൈകിയാലും, അതൊരു സമയം കഴിഞ്ഞ സമയമല്ല. അതാണ് നല്ല കള്ളന്റെ കഥ നമ്മളെ പഠിപ്പിക്കുന്നത്. മരണത്തിനു മുമ്പുള്ള അവസാനശ്വാസം വരെ മാനസ്സാന്തരത്തിന് സമയമുണ്ട്. അനുതപിച്ചുവരുന്ന പാപിയോട് ദൈവം ഒന്നും ചോദിക്കുന്നില്ല. ഒരു ശകാരവും ശാസനയുമില്ല. ധൂർത്തപുത്രനെ സ്വീകരിക്കുന്ന, സ്നേഹപിതാവിന്റെ സ്വീകരണംപോലെ, ആനന്ദവും ആഹ്ലാദവും നിറഞ്ഞ അംഗീകാരവും സ്വീകാര്യതയും.

എങ്കിലും അവസാനനിമിഷംവരെ മാനസ്സാന്തരത്തിന് കാത്തിരിക്കരുത്. അങ്ങനെ അവസാനനിമിഷം നമുക്ക് ഉണ്ടാകുമെന്ന് ഒരുറപ്പും ഇല്ല. ഇപ്പോൾ ഈ നിമിഷങ്ങളിൽ ആണ്, പരിവർത്തനത്തിനു വേണ്ട സമയം. അതായത് വർത്തമാനകാലത്തിന്റെ ഈ നിമിഷം. സ്നേഹപൂർവ്വമായ വിളികേട്ട്, ഒരു പുതിയ പ്രഭാതത്തിനും ജീവിതത്തിനും തുടക്കം കുറിക്കാം.

# 98

# ഉന്നതത്തിൽനിന്ന് നിങ്ങൾ ശക്തി ധരിക്കും

(ലൂക്കാ 24:49)

*"ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണം; പാപ മോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലെമിൽ ആരം ഭിച്ച്, എല്ലാ ജനതകളോടും, പ്രോഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്. ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്ന് ശക്തി ധരി ക്കുന്നതുവരെ, നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24:44–49).*

ലൂക്കായുടെ സുവിശേഷമനുസരിച്ച് കർത്താവിന്റെ സ്വർഗ്ഗാരോ ഹണത്തിന്, മുമ്പായി അവസാനമായിത്തരുന്ന വാഗ്ദാനമാണ്, നമുക്ക് ഈ വചനങ്ങളിൽ നിന്ന് ലഭിക്കുന്നത്. യേശുവിന്റെ ജീവിതത്തിൽ സംഭ വിച്ചവയെല്ലാം, മുൻകൂട്ടി തീരുമാനിക്കപ്പെട്ടവയും, മുൻകൂട്ടി പ്രവചിക്ക പ്പെട്ടവയുമായിരുന്നു. അത് ദൈവത്തിന്റെ പ്ലാനും പദ്ധതിയുമനുസരിച്ച് നടപ്പിലാക്കപ്പെട്ടു. ശിഷ്യന്മാർക്ക് ഈ സത്യം മനസ്സിലായിരുന്നില്ല. ദൈവ വചനം മനസ്സിലാക്കാൻ യേശു അവരുടെ ഹൃദയംതുറന്നു. നമ്മുടെ ജീവി തത്തിൽ നടക്കുന്നതിലെല്ലാം ദൈവത്തിന്റെ അദൃശ്യകരങ്ങളുണ്ട്. അതു മനസ്സിലാക്കാൻ നമ്മുടെ മനസ്സും തുറന്നുകിട്ടണം. അതിന് ദൈവത്തിന്റെ ഒരു പ്രത്യേക സ്പർശനം നമുക്ക് ലഭിക്കും.

തങ്ങൾ കണ്ടതും അനുഭവിച്ചറിഞ്ഞതുമായ ക്രിസ്തു സംഭവത്തിന് സാക്ഷ്യം വഹിക്കാനാണ് ശിഷ്യന്മാർ വിളിക്കപ്പെട്ടത്. അതുകൊണ്ട് ക്രിസ്തു സംഭവത്തിന് സാക്ഷികളാകാൻ, മുഴുവൻ ലോകത്തിലേക്കും അവരെ കർത്താവ് അയക്കുന്നു. ആ സദ്വാർത്തയുടെ സന്ദേശവാഹക രായി പുറപ്പെടുംമുമ്പ്, അവർക്ക് പരിശുദ്ധാത്മാവിന്റെ നിറവും അഭിഷേ കവും വേണം. പിതാവിന്റെ വാഗ്ദാനമാണ്, ഈ പരിശുദ്ധാത്മാവ്. ആ വാഗ്ദാനം പൂർത്തിയാക്കിക്കിട്ടാൻ അവർ കാത്തിരിക്കണം.

നമുക്കും പരിശുദ്ധാത്മാവ് കിട്ടുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരി

ക്കുന്നു. നമ്മളും പരിശുദ്ധഅമ്മയുടെയും അപ്പസ്തോലന്മാരുടെയും കൂട്ടായ്മയിൽ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. ബലഹീനരും, ഭീരുക്കളുമായിരുന്ന ശിഷ്യന്മാരെ മാറ്റിമറിച്ച് വലിയ ധീരതയുള്ള, വീര മുന്നണിനേതാക്കന്മാരും, വാഗ്ചാതുര്യമുള്ള സുവിശേഷപ്രഘോഷകരുമായി തീർത്തത് പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. ഉന്നതത്തിൽ നിന്നുള്ള ശക്തി. അത്ഭുതത്തോടെ അതു ലോകം മുഴുവൻ കണ്ടതാണ്. ആ ശക്തിയാണ്, നമ്മളെ രൂപാന്തരീകരിച്ച്, യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരാക്കേണ്ടത്. വലിയ ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടെ ഈ ശക്തിക്കു വേണ്ടി നമുക്ക് കാത്തിരിക്കാം.

## 99

# ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല

**(യോഹന്നാൻ 4:14)**

*"ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ, ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന ജലം അവരിൽ നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും" (യോഹന്നാൻ 4:7-15).*

ആ സമറായക്കാരി സ്ത്രീ വെള്ളം കോരാൻ വന്നത്, കുടവുമായി തനിച്ചായിരുന്നു. നട്ടുച്ചനേരത്ത്. പൊതുജനത്തെ അവൾക്ക് ഭയമായിരുന്നു. അതുകൊണ്ട് പുറംലോകവുമായിട്ടുള്ള അവളുടെ സമ്പർക്കം തന്നെ കുറവായിരുന്നു. എന്നാൽ, കിണറിന്റെ കരയിൽ ദാഹിച്ചുപൊരിഞ്ഞ് തളർന്നിരിക്കുന്ന യേശുവിനെ കണ്ടതിനുശേഷം കുടം അവിടെ ഉപേക്ഷിച്ചിട്ട്, നേരെ ഓടിയത് പട്ടണത്തിലേക്ക്. അവൾ യേശുവിനെ കണ്ട വിവരം ആവേശത്തോടെ വിളിച്ചുപറഞ്ഞു. അതു കേട്ട ജനം യാക്കോബിന്റെ കിണറിനെ ലക്ഷ്യമാക്കി ഓടി. യേശുവിന്റെ ദർശനവും സംവാദവും ആ സ്ത്രീയിൽ ഒരു സമൂലപരിവർത്തനമാണ് ഉണ്ടാക്കിയത്. പാപിനിയായിരുന്ന ആ സ്ത്രീ യേശുവിന്റെ ആദ്യത്തെ മിഷനറിയായിത്തീർന്നു. എങ്ങനെ ഇതു സംഭവിച്ചു? അവൾ യേശുവിനെ കണ്ടുമുട്ടി സംസാരിച്ചു. ഇതുമാത്രമാണ് അവളുടെ സമൂലപരിവർത്തനത്തിന്റെ കാരണം.

യേശു ദീർഘമായ ഒരു യാത്രക്കുശേഷം കിണറ്റിൻകരയിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ സമയം ഉച്ചയായിരുന്നു. ശിഷ്യന്മാർ ഭക്ഷണം വാങ്ങാൻ പട്ടണത്തിലേക്ക് പോയിരുന്നു. അപ്പോഴാണ്, സമറിയാപട്ടണത്തിൽനിന്ന്, ഒരു സ്ത്രീ വെള്ളമെടുക്കാൻ കുടവുമായി വരുന്നത്. യേശു അവളോട് സംസാരിക്കാൻ തുടങ്ങി: "എനിക്കു കുടിക്കാൻ തരുക". "നീ ഒരു യഹൂദനായിരിക്കെ, സമരിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദിക്കുന്നതെന്ത്? യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്കം ഒന്നും ഇല്ലല്ലോ". സ്ത്രീയുടെ മറുപടി. ആ സംഭാഷണം നീണ്ടുപോയി. അതിനിടെ യേശു ചോദിച്ചത് ഏഴു ചോദ്യങ്ങളും, ഏഴു പ്രസ്താവനകളും നടത്തി. ആറു മറുപടികൾ അവൾ പറഞ്ഞു. ഏഴാമത്തെ പ്രത്യുത്തരം ഒരു പ്രഖ്യാപനമായിരുന്നു. ആ പട്ടണനിവാസികളോട് "ഞാൻ ചെയ്ത കാര്യങ്ങൾ എല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്ന് കാണുവിൻ. ഇവൻ തന്നെ ആയിരിക്കുമോ ക്രിസ്തു?

യേശു യാക്കോബിന്റെ കിണറ്റിലെ വെള്ളത്തെ, താൻ വന്ന് പകർന്നുകൊടുക്കാൻ പോകുന്ന ജലവുമായി താരതമ്യപ്പെടുത്തുന്നു. താൻ കൊടുക്കുന്ന ജലം ഹൃദയത്തിൽ "നിത്യജീവനിലേക്ക് നിർഗ്ഗളിക്കുന്ന അരുവിയാകും". പദാർത്ഥപരവും ഭൗതികവും ഭൗമികവുമായ ജലം ശരീരത്തിന്റെ ദാഹം തീർക്കുമ്പോൾ, യേശു പകർന്നു തരുന്ന ജലം ആത്മാവിന്റെ ദാഹം തീർക്കുന്നു. ഇതാണ് അവ തമ്മിലുള്ള വ്യത്യാസം. വെള്ളം കോരാൻ വന്ന സ്ത്രീക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. എന്നാൽ, അവരെയെല്ലാം വിട്ട്, വേറൊരുവന്റെ കൂടെയാണ് ഇപ്പോൾ താമസിക്കുന്നത്. ഇവളുടെ ഇത്തരം പെരുമാറ്റം ആത്മാവിന്റെ ദാഹത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആ ദാഹം ഈ ലോകത്തിൽ ഉള്ള ഒന്നുകൊണ്ടും ശമിപ്പിക്കാനാവുകയില്ല.

"ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ആത്മാവ്, ദൈവത്തിൽ വിലയം പ്രാപിക്കുന്നിടംവരെ വിശ്രമമില്ല". വി. അഗസ്തിനോസാണ്, ഇതു പറഞ്ഞത്. യേശു തരുന്ന ജലം പരിശുദ്ധാത്മാവ് അല്ലാതെ മറ്റൊന്നുമല്ല. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിച്ചുകൊണ്ട് നിരന്തരം ഒഴുകുന്ന ഒരു നിർത്ധരിയായി നമ്മുടെ ദാഹം ശമിപ്പിക്കുന്നു. നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും സംതൃപ്തി നല്കുന്നു.

"കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ ഹൃദയത്തിൽനിന്ന് രക്തവും വെള്ളവും ഒഴുകിയതുപോലെ, നമ്മുടെ ഹൃദയത്തിൽനിന്ന് പരിശുദ്ധാരൂപി നിർഗ്ഗളിക്കുന്നു! (യോഹന്നാൻ 7:37).

യോഹന്നാന്റെ സുവിശേഷത്തിൽ, വീണ്ടും പരിശുദ്ധാരൂപിയുടെ

ആശയത്തിലേക്ക് തിരിച്ചുവരുന്നുണ്ട്. അതു ക്രൂശിതനായ യേശുവിന്റെ ദാനമായിട്ടാണ്: “തിരുന്നാളിന്റെ അവസാനത്തെ മഹാദിനത്തിൽ, യേശു എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തി പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ, അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവൻ ഇതു പറഞ്ഞത് തന്നിൽ, വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവുനല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, യേശു അതുവരെ മഹത്വീകരിക്കപ്പെട്ടിരുന്നില്ല” (യോഹന്നാൻ 7:37–38).

യേശുവുമായി കണ്ടുമുട്ടി സംവാദം നടത്തിയപ്പോൾ യേശു സമറിയാക്കാരിയുടെ ദാഹം തീർത്തു. അവളുടെ ലജ്ജയും ഭയവും വിട്ടുമാറി. അവളുടെ ഒറ്റപ്പെടൽ അവസാനിച്ചു. സംതൃപ്തിക്കുവേണ്ടി വൃഥാവിലുള്ള ഓട്ടം അവസാനിച്ചു. വെള്ളത്തിന്റെ പാത്രംവരെ എറിഞ്ഞിട്ടാണ്, അവൾ ഓടുന്നത്. അവൾ കിണറ്റിൻകരയിൽ ഉപേക്ഷിച്ച കുടം, നിലയ്ക്കാത്ത ദാഹത്തിന്റെ പ്രതീകമായിരുന്നു. ജീവജലത്തിന്റെ അരുവി അവൾ സ്വന്തഹൃദയത്തിൽ കണ്ടപ്പോൾ, അതു മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ അവൾ തിടുക്കം കൂട്ടി.

നമ്മുടെ ഹൃദയത്തിൽ ഉള്ള ദാഹം ശമിപ്പിക്കാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. ദൈവത്തിൽ മാത്രമേ, നമുക്ക് ആശ്വാസവും വിശ്രമവും വിശ്രാന്തിയും സമാധാനവും നിലനില്ക്കുന്ന ആനന്ദവും ഉണ്ടാവുകയുള്ളു. കുന്നുകൂട്ടുന്ന, ഭൗതികസ്വത്തുക്കളോ, അധികാരമോ, അന്തസ്സോ, സുഖങ്ങളോ ഒന്നും നമ്മളെ യഥാർത്ഥത്തിൽ തൃപ്തിപ്പെടുത്തുകയില്ല. നമ്മുടെ അന്വേഷണത്തിന്റെ ഉത്തരം ദൈവവും അവിടുത്തെ അരൂപിയുമാണ്. യേശുവിൽനിന്ന് വാങ്ങിക്കുടിക്കുക, അവിടുത്തെ വിശ്വസിക്കുക. നിത്യമായി നിലനില്ക്കുന്ന സമാധാനത്തിലേക്കും ആനന്ദത്തിലേക്കും ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു അരുവിയായി നിങ്ങളുടെ ഹൃദയത്തിൽ പരിശുദ്ധാരൂപിയെ അനുഭവിച്ച് അറിയുക.

## 100

# കല്ലറകളിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിച്ച് പുറത്തുവരും

(യോഹന്നാൻ 5: 25–29)

*"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാവുകയില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അല്ല വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവൻ ജീവിക്കും. ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ട. എന്തെന്നാൽ കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (യോഹന്നാൻ 5:25–29).*

യേശുവിന്റെ ഈ വാഗ്ദാനം ദൈവത്തോടൊപ്പമുള്ള ഒരു പുതുജീവിതം, ഇവിടെ ഭൂമിയിലും ഉത്ഥാനത്തിനുശേഷം സ്വർഗ്ഗത്തിലും മനുഷ്യർക്ക് ലഭിക്കുമെന്നാണ്. മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കും. ആരാണ് ഈ മരിച്ചവർ? പ്രഥമ ദൃഷ്ടിയാൽ നോക്കുമ്പോൾ, അവർ ശാരീരികമായി മരിച്ചവരാണെന്നു തോന്നും. എന്നാൽ, അതുമാത്രമല്ല. മറ്റെന്തോ ആണ്. യേശു പറയുന്നു:

"മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അല്ലാ വന്നുകഴിഞ്ഞു". സമയം വന്നുകഴിഞ്ഞു എന്നു പറയുമ്പോൾ, അതിന്റെ അർത്ഥം യേശുവിന്റെ വരവ് എത്തിക്കഴിഞ്ഞു എന്നാണ്. അതൊരു പുതിയ യാഥാർത്ഥ്യമാണ്. അതു ദൈവത്തിന്റെ ഭരണമാണ്. ആ ഭരണം ലോകചരിത്രത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു.

ഈ പുതുജീവൻ എന്ന് പറയുന്നത് ആത്മാവിന്റെ ജീവിതമാണ്– ദൈവാരൂപിയിലുള്ള ജീവിതം. ഉന്നതത്തിൽനിന്ന്, ആത്മാവിനാലും ജലത്താലും നവമായി ജനിച്ച ദൈവപുത്രസ്ഥാനത്തിന്റെ ജീവിതമാണ് അത്. നമ്മൾ ദൈവപുത്രന്റെ സ്വരം കേട്ട് ജീവിക്കും. ആത്മീയമായി മരിച്ചവർ

ജീവിക്കും. യോഹന്നാന്റെ സുവിശേഷത്തിൽ വളരെ ഭംഗിയായി അവതരിപ്പിക്കപ്പെട്ട, സമറായക്കാരിയെപ്പോലെ, പാപമോചനം വഴി ഒരു പുതു ജീവിതത്തിലേക്ക്, നമ്മൾ ഉയിർത്തെഴുന്നേല്ക്കും.

വീണ്ടും ജീവിതത്തിന്റെ മറ്റൊരു വഴിത്തിരിവ് കുഴിമാടങ്ങളിൽ നിന്ന് പുറത്തുവരുന്ന ശരീരങ്ങളുടെ പുനരുത്ഥാനമാണ്. പുനരുത്ഥാനത്തിന്റെയും നിത്യജീവിതത്തിന്റെയും ഉറപ്പും അച്ചാരവും കർത്താവിന്റെ മരണവും ഉത്ഥാനവുമാണ്. അതിനുള്ള വ്യവസ്ഥ ഒന്നു മാത്രം. നമ്മൾ ദൈവപുത്രന്റെ സ്വരം ശ്രവിക്കണം. ദൈവപുത്രന്റെ സ്വരം, ശ്രവിച്ച്, സ്വീകരിച്ച്, അതിൽ വിശ്വസിച്ച്, അതനുസരിച്ച്, പൂർണ്ണമായി ദൈവത്തിന് കീഴ്പ്പെടുന്നതും സമർപ്പിക്കുന്നതുമാണ്, ദൈവപുത്രന്റെ സ്വരം ശ്രവിക്കുക എന്നതിന്റെ അർത്ഥം.

ഇവിടെയും നമുക്ക് ഒരു മുന്നറിയിപ്പുണ്ട്. അതൊരു വിധിയാണ്. അതിന് നമ്മൾ വിധേയരാകണം. ഓരോരുത്തരും ചെയ്ത നന്മ തിന്മകളുടെ അടിസ്ഥാനത്തിൽ നിത്യസമ്മാനത്തിനോ, ശിക്ഷക്കോ വിധിക്കപ്പെടും. "നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനും, തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (5-29). യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച്, നമ്മൾ ജീവിക്കണം. അവിടുന്നു സ്നേഹിച്ചതുപോലെ സ്നേഹിക്കണം. അതാണ് പുതിയ കല്പന.

## 101

# എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല

**(യോഹന്നാൻ 6:35)**

*"അപ്പോൾ അവർ അവനോട് അപേക്ഷിച്ചു: ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നല്കണമേ. യേശു അവരോടു പറഞ്ഞു. ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ, വിശ്വസിക്കുന്നവന്, ദാഹിക്കുകയുമില്ല" (യോഹന്നാൻ 6:35).*

വിശുദ്ധ കുർബാനയെക്കുറിച്ചുള്ള യേശുവിന്റെ സംവാദം യോഹന്നാന്റെ സുവിശേഷത്തിൽ 6-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതു തുടങ്ങുന്നതുതന്നെ, അപ്പം വർദ്ധിപ്പിക്കുന്ന യേശുവിന്റെ

അത്ഭുതപ്രവർത്തനത്തോടെയാണ്. (യോഹന്നാൻ 6:1–15). അത് നടന്നത് തിബേരിയാസ് കടൽത്തീരത്ത്. ഭക്ഷിച്ചത് അയ്യായിരം പേർ, പുരുഷന്മാർ മാത്രം. പിന്നീട് അർദ്ധരാത്രിക്ക് യേശു കടിലിനുമീതെ നടന്ന് ശിഷ്യന്മാരെ പിന്തുടർന്നു ചെല്ലുന്നു. അതും അവർക്ക് അത്ഭുതകരമായ അനുഭവമായി. രാവിലെ, യേശുവിനെയും അപ്പവും തിരക്കിവന്ന ജനത്തോട് യേശു ഒരു നീണ്ട സംവാദം തുടങ്ങി. അത് അവസാനം കുർബാനയെക്കുറിച്ചുള്ള ഒരു ചർച്ചയായിത്തീർന്നു. പക്ഷേ, അതവസാനിച്ചപ്പോൾ, പലർക്കും അത് ഒരു ഉതപ്പിനു കാരണമായി. പല ശിഷ്യന്മാരും യേശുവിനെ ഉപേക്ഷിച്ചു വിട്ടുപിരിഞ്ഞു.

യോഹന്നാൻ അവസാന അത്താഴത്തിൽ നടന്ന വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. അതിനു പകരമായി, അവസാനാത്താഴത്തിന് മുമ്പായി ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്ന ഭാഗം വിശദീകരിക്കുന്നു. പരിഹാരബലിയായ യേശുവിന്റെ മരണത്തിന്റെ അടയാളമാണിത്. ഈ അദ്ധ്യായത്തിൽ, യേശു. വി. കുർബാന വിശദമാക്കുന്നു. ഈ സംവാദത്തിൽ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പമായി യേശു തന്നെത്തന്നെ അവതരിപ്പിക്കുന്നു. ജീവനും സ്നേഹത്തിനും വേണ്ടിയുള്ള മനുഷ്യകുലത്തിന്റെ വിശപ്പിനും ദാഹത്തിനും സംതൃപ്തി നല്കുന്ന യഥാർത്ഥ അപ്പമാണ് യേശു.

സമരിയാക്കാരി സ്ത്രീയോട് സംഭാഷണം നടത്തുമ്പോൾ യേശു അവതരിപ്പിക്കുന്ന വിഷയം ദാഹവും ജീവജലവുമാണ്. അതിന് സമമായി ഇവിടെ യേശു സംവദിക്കുന്നത് ജനങ്ങളോടാണ്. ഇവിടെ വിശപ്പും അപ്പവുമാണ് പ്രമേയം. മരുഭൂമിയിൽ ഇസ്രായേൽക്കാർ, അലഞ്ഞുനടന്നപ്പോൾ വിശപ്പു ശമിപ്പിക്കാൻ ദൈവം മന്നാ പൊഴിച്ചുകൊടുത്തു. അന്ന് ഇസ്രായേക്കാർ പ്രവാസികളായി മരുഭൂമിയിൽകൂടെ പ്രയാണം ചെയ്യുകയായിരുന്നു. അതിനുപകരമായി ഇവിടെ യേശു തന്നെയാണ് അപ്പം. ഏലിയാക്ക് ഒരു മാലാഖ കൊടുത്ത അപ്പം ഭക്ഷിച്ചതിനുശേഷം, അദ്ദേഹം തുടർച്ചയായി 40 ദിവസം നടന്നു. നടന്ന് നടന്ന് ദൈവത്തിന്റെ മലയായ ഹൊറബ് മലമുകളിൽ എത്തി. അതുപോലെ, ഇവിടെ യേശു തരുന്ന, അപ്പം ഭക്ഷിക്കാനാണ് നമ്മളോട് ആവശ്യപ്പെടുന്നത്. ആ അപ്പം യേശു തന്നെയാണ്. അതായത് യേശുവിന്റെ ശരീരം – അതു ഭക്ഷിച്ചാൽ, പിതൃഭവനം വരെ നമ്മൾ നടന്നെത്തും. അതാണ് ശരിയായ ഹൊറബ് മല.

ഈ സംവാദത്തിൽ അപ്പം ഭക്ഷിക്കുന്നതിൽ, രണ്ടു വശങ്ങൾ വ്യക്തമാക്കുന്നുണ്ട്:

1. യേശുവിന്റെ അടുക്കലേക്ക് വന്നെത്തൽ അതാണ് യേശുവിലുള്ള വിശ്വാസം.


2. അവിടുത്തെ ശരീരം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക. പരിശുദ്ധ കുർബാനയെന്ന കൂദാശയിൽ ഭക്ഷിക്കുന്നതിലും പാനം ചെയ്യുന്നതിലുമുള്ള വിശ്വാസത്തിന്റെ പ്രകടനമാണിത്.

അനശ്വരമായ ദൈവസ്നേഹത്തിന്റെ പ്രകടനമായിട്ടാണ്, യേശു അപ്പവും പാനീയവുമായി മനുഷ്യർക്ക് തന്നെത്തന്നെ നല്കുന്നത്. നമ്മൾക്ക് എല്ലാവർക്കും അടുത്തുചെന്ന്, യേശുവിൽ നിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യാം. ഏറ്റം പ്രധാനമായി, ഇതിൽ ഉൾക്കൊണ്ടിരിക്കുന്ന ഒരു കാര്യം, യേശുവിൽ വിശ്വസിക്കുകയും അവിടുത്തെ ഇഷ്ടം നിർവഹിക്കുകയും ചെയ്യുന്നതാണ്. അതു നിയമത്തിൽനിന്ന് നമുക്ക് പ്രകടമായികിട്ടുന്നു. എല്ലാത്തിലും ഉപരിയായി യേശുവിന്റെ നിയമം ദൈവത്തിന്റെ ഇഷ്ടം വ്യക്തമാക്കുന്നുണ്ട്. അതു മറ്റൊന്നുമല്ല. "ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുക."

●


Media House


ആകാശം ഭൂമിയെ പ്രണയിച്ചപ്പോൾ
ജോസഫ് കടുകൻമാക്കൽ



ക്രിസ്തുമസ് പ്രസംഗങ്ങൾ
ഫാ. വർഗീസ് സാമുവൽ
mediahousecalicut.com


സഭാമക്കൾ ചിന്തിക്കുമോ?
ഡോ. സിപ്രിയൻ ഇല്ലിക്കമുറി
mediahousecalicut.com


ആഗണി
ജിൻസൺ കപ്പുച്ചിൻ
mediahousecalicut.com


101 വാഗ്ദാനങ്ങൾ
മൈക്കിൾ കാര്യമാറ്റം
PROMISES
GOD'S
mediahousecalicut.com


നിന്റെ പിറവിക്കായ്
വിനായക് നിർമ്മൽ
24 ദിവസത്തെ ഒരുക്ക ധ്യാന ചിന്തകളുടെ സമാഹാരം.
mediahousecalicut.com


PHOBIAS AND PANIC DISORDER
Dr. Shalu Koikara
mediahousecalicut.com


ശിക്ഷയും ശിക്ഷണവും
എഡിറ്റർ
ഡോ. ഡാൻ തോട്ടക്കര
mediahousecalicut.com


വിവാഹം ദാമ്പത്യം കുടുംബം
വിവാഹിതരാകുന്നവർക്ക് പരിശീലകർക്ക് ഒരു സഹായി
mediahousecalicut.com

To buy books
Log on to:
**mediahousecalicut.com**